PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Wednesday, the 16th July, 1952.

Vol. VI OFFICIAL REPORT No. 15

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 16th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Multipurpose Co-operative Societies.

✻ 754. (3) **Shri P. S. Nataraja Pillai:** Will the Minister for Controls be pleased to state whether the Co-operative Societies which hold licences for the distribution of yarn, produce and sell handloom products; if so the number of societies which produce and sell handloom products and the number of societies that sell yarn to consumers?

Minister for Local Self-Government (**Shri K. Kochukuttan**): Certain societies which hold licences produce and sell handloom products and their number comes to about 120. The number of societies which sell yarn to consumers will come to 266.

Agriculture Statistics.

✻ 755. (5) **Shri P. S. Nataraja Pillai:** Will the Minister for Agriculture be pleased to state:

(*a*) whether Government are collecting Agriculture Statistics;

(*b*) if so whether any of the statistics so far collected was published;

(*c*) whether any report or study on the statistics has been made; and

(*d*) whether there is any directing agency to control and direct the work of field workers?

Minister for Works and Transport **(Shri Kalathil Velayudhan Nair):** May I answer this question on behalf of the Chief Minister?

Mr. Speaker: Yes.

Shri Kalathil Velayudhan Nair: (a) Yes.

(b) and (c) Reports on all the crop cutting surveys so far conducted have been printed and distributed for official use.

(d) Yes. The Board of Statistics consisting of the Director of Research, the Professor of Statistics and the Food Secretary to Government is directing the work of the field staff.

Shri P. S. Nataraja Pillai: Will the Government consider the necessity of publishing these statistics for general use?

Shri Kalathil Velayudhan Nair: That shall be considered.

Shri P. S. Nataraja Pillai: Has any report been prepared by any officer concerned in the collating of these statistics?

Shri Kalathil Velayudhan Nair: Yes, a report has been prepared. That has been printed and made available to the department.

Shri P. S. Nataraja Pillai: Will the department be pleased to publish it at least in the Gazette?

Shri Kalathil Velayudhan Nair: That shall be considered.

Shri A. Thanu Pillai: When did the work of collection of agricultural statistics begin?

Shri Kalathil Velayudhan Nair: I want notice.

Shri A. Thanu Pillai: I wish to know whether it is due to the fact that sufficient statistics have not been collected or that the work has not been done for a long time that they are not made available to the public, or is it the view of the Government that the statistics are only for the use of the departments concerned.

Shri Kalathil Velayudhan Nair: That was the idea. The statistics were printed and made available to the departments. It was not considered necessary to publish it. But now that question has been raised, it shall be considered.

Shri P. S. Nataraja Pillai: What is the purpose for which these statistics are collected?

Shri Kalathil Velayudhan Nair: So that agriculture may be improved on the basis of the statistics collected.

Shri A. Thanu Pillai: May I have some idea of the statistics collected, the areas to which they relate, the items, etc.?

Shri Kalathil Velayudhan Nair: I want notice.

Post-War Rehabilitation Fund.

❋ 756. (6) **Shri P. S. Nataraja Pillai:** Will the Minister for Finance be pleased to state:

(*a*) the amount granted or contributed by the Government of India for Soldiers' Post-War Rehabilitation Fund;

(*b*) the amount available with Government on 1st April 1952;

(*c*) whether there is an Advisory Committee to advise on the administration of this fund and who are the members of it; and

(*d*) whether any steps have been taken to rehabilitate the Ex-service men; if so, what are the steps so taken?

Minister for Medicine and Public Health **(Shri V. Madhavan):**

(a) Share paid to Travancore: Rs. 33,41,696
Do. to Cochin: Rs. 7,91,115.

(b) Amount available with Government on 1-4-1952: Rs. 25,21,523.

(c) Yes. The members are the following:

1. The Minister for Resettlement (Chairman);
2. The G. O. C., Madras Area;
3. The Finance Secretary to Government;
4. The Registrar of Co-operative Societies;
5. Shri K. P. S. Nair, B. A., B. L., President, the Collective Farming Co-operative Society No. 2789, Trivandrum; and
6. Shri N. J. Cheriyan (Secretary).

(d) Yes. By grant of loan from the S. P. W. R. Fund to Ex-servicemen's Co-operative Societies and by grant of land to the societies and individuals for cultivation and colonisation wherever possible. Educational concessions have also been given to ex-servicemen and their dependants. But fresh awards of educational concessions have been stopped now.

Shri P. S. Nataraja Pillai: In reference to part (a) of the question, may I know whether the societies for which advances were made are functioning now?

Shri V. Madhavan: They are functioning.

Shri P. S. Nataraja Pillai: Are they making repayments in time?

ശ്രീ. വി. മാധവൻ: ചില സൊസൈററികളെല്ലാം പണം ശരിയായി അടച്ചുകൊണ്ടിരുന്നില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അലോട്ടു ചെയ്തിരുന്ന പണം തന്നെ ഈ സൊസൈററി ശരിയായി ഉപയോഗിച്ചിട്ടില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു സംബന്ധിച്ച് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അന്വേഷണം നടത്തി വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോൾ ഇവർക്ക് വേണ്ടിയുള്ള പണം നിക്ഷേപിച്ചിരിക്കുന്നതു് ഇവർക്ക് യാതൊരു പ്രയോജനവും ഉണ്ടാകാത്ത രീതിയിലല്ലേ?

ശ്രീ. വി. മാധവൻ: പണം വെറുതെ നിക്ഷേപിച്ചിരിക്കുകയല്ല. അവർക്കുവേണ്ടി ചില സ്കീമുകളെല്ലാം തയ്യാറാക്കിക്കൊണ്ടിരിക്കയാണ്. അതിനുവേണ്ടി പണം ചിലവു ചെയ്തുകൊണ്ടുമിരിക്കുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അവരുടെ കോളനൈസേഷനു വേണ്ടി വല്ല പ്രവർത്തനവും ഇപ്പോൾ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഉണ്ട്. അവയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കയാണ്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ൨൫ ലക്ഷം രൂപാ അനുവദിച്ചതിൽ നിന്നും അവർക്ക് പ്രയോജനപ്പെടത്തക്കവണ്ണം വല്ല നടപടികളും അതിനകം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഉണ്ട്. റാന്നി എക്സ്റ്റൻഷൻ സ്കീംമുതലായവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കുവേണ്ടിയും പണം അലാട്ടു ചെയ്തു കൊടുത്തിട്ടുണ്ട്. അവയിൽ ചിലതിനെപ്പറ്റിയാണ് മുമ്പു പ്രസ്താവിച്ചുകഴിഞ്ഞതു്.

ശ്രീ. എ. താണുപിള്ള: ഈ ഫണ്ട് ഓപ്പറേറ്റ ചെയ്യാൻ തുടങ്ങിയതു് എന്നുമുതലാണ്?

ശ്രീ. വി. മാധവൻ: അതിന്റെ ശരിയായ തീയതി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇവിടെ ആകെയുള്ള എക്സ്സർവ്വീസുകാരുടെ സംഖ്യ എത്രയാണെന്നു ഗവണ്മെന്റ് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇവർക്കുവേണ്ടി വല്ല സ്കീമുകളും തയ്യാറാക്കുന്നതിന് കമ്മിറ്റികളെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി എന്തുപ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നതെന്നു് അന്വേഷണം നടത്തിയിട്ടേ ഉത്തരം പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ബഡ്ജററ മെമ്മോറാണ്ഡം പാർട്ട് രണ്ടിൽ പോസ്റ്റ്‌വാർ rehabilitation-നു വേണ്ടി പണം ഡെബിററ ചെയ്തതായി കാണുന്നുണ്ടു്. അതെല്ലാം ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ബഡ്ജററിൽ എന്തെല്ലാം നിർദ്ദേശങ്ങളാണു് ഉള്ളതെന്നു് നോക്കി ഇവിടെ ഇപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല. അതിലേയ്ക്കു ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ ഞാൻ മറുപടി പറയാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ബഡ്ജററിൽ ഇപ്രകാരം ചെയ്തിരിക്കുന്നതു് തുകകൾ ടാലി ചെയ്യുവാൻ വേണ്ടിയല്ലേ?

ശ്രീ. വി. മാധവൻ: അല്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ തുകകൾ സ്റ്റാഫിന്റെ എസ്റ്റാബ്ലിഷ്‌മെൻറ് ചെലവിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ?

ശ്രീ. വി മാധവൻ: അതിനൊരു സെക്രട്ടറി ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ: അദ്ദേഹത്തിനു ശമ്പളംകൊടുക്കുന്നതു് ഈ ഫണ്ടിൽ നിന്നല്ലേ?

ശ്രീ. വി. മാധവൻ: അതു് നോട്ടീസു് കൂടാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ൨ ൫ ലക്ഷംരൂപാ ഇപ്പോൾ ഗവണ്മെൻറിന്റെ കൈയിലുള്ളതിൽ പോസ്റ്റ്‌വാർ rehabilitation-നു വേണ്ടി ചെലവാക്കിയിട്ടുള്ളതിൽ കൂടുതൽ എസ്റ്റാബ്ലിഷ്‌മെൻറുവകയിൽ ചെലവാക്കിയിട്ടുണ്ടെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഒരിക്കലും അങ്ങനെ വരുവാൻ ഇടയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര കോവാപ്പറേറീവ് സൊസൈററികൾ ഇവക്കുവേണ്ടി ഇവിടെ സ്ഥാപിച്ചിട്ടുണ്ടു്.

ശ്രീ. വി. മാധവൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അതിനു മറുപടി പറയാം.

ശ്രീ. ആർ. കേശവപിള്ള: ഈ സംഗതിയിൽ ഗവണ്മെൻറ് ആരുടെയെങ്കിലും നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഉപയോഗപ്രദമായ നിർദ്ദേശം തന്നാൽ അതനുസരിച്ചു് പ്രവർത്തിക്കാവുന്നതാണു്.

ശ്രീ. ആർ. കേശവപിള്ള: അങ്ങനെ വല്ല നിർദ്ദേശവും ഇ കമ്മിററി തന്നിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. പി. വി. അവിരാതരകൻ: ഈ ഫണ്ടു് ചെലവാക്കുന്നതു് അഡ്വൈസറി കമ്മിററിയുടെ ഉപദേശമനുസരിച്ചാണോ?

ശ്രീ. വി. മാധവൻ: കമ്മിററിയുടെ തീരുമാനമനുസരിച്ചാണു് കഴിയുന്നതു്.

ശ്രീ. പി. വി. അവിരാതരകൻ: അങ്ങനെയാണെങ്കിൽ ഈ പണം നഷ്ടപ്പെടുന്നതിന്റെ ഉത്തരവാദിത്വം ഈ കമ്മിററി വഹിക്കുമോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: എക്സ്സർവ്വീസ്മെൻകാർക്കു് ഭൂമിവാങ്ങുന്നതിനായി പണം കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: റാന്നിഎക്സ്റ്റൻഷൻ സ്കീമും മററും അവർക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ടു്. അവിടെ നിന്നും ഭൂമിയും ലഭിക്കുന്നതാണു്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: റീസെററിൽമെൻറ വകുപ്പുമായി അനുവദിച്ചിട്ടുള്ള ൭,൫൦൦ ഏക്കർ സ്ഥലത്തിൽ കുറെ മററു ജാതിക്കാർക്കു് കൊടുക്കുവാൻ ആർഡർ ഉള്ളതായി കേൾക്കുന്നതു് ശരിയാണോ?

ശ്രീ. വി. മാധവൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കയർ വ്യവസായം.

*൧൫൬ [൭൦] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ എടുത്തു റിപ്പോർട്ടു സമർപ്പിക്കാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നോ;

(ബി) എന്നാണു നിയമിച്ചതു്;

(സി) എത്രനാൾ പ്രവർത്തനം നടത്തി;

(ഡി) എത്ര രൂപ പ്രവർത്തനങ്ങൾക്കായി ചെലവായി;

(ഇ) കമ്മിററി റിപ്പോർട്ടു സമർപ്പിച്ചോ;

(എഫ്) ഇപ്പോൾ ആ കമ്മിററി പ്രവർത്തനം നടത്തുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ കാരണമെന്തു്;

(എച്ച്) തുടർന്നു പ്രവർത്തനം നടത്തിക്കാൻ ആലോചനയുണ്ടോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇല്ല.

(ബി), (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

Shri Joseph Vazhappilly : A point of order, Sir.

ഓരോ ദിവസവും ഈ അസംബ്ലിയിൽ കൊണ്ടുവരുന്ന പല കാര്യങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ സ്റ്റാർഡ് ചോദ്യങ്ങളായി ഇവിടെ തന്നിരിക്കുന്ന സ്ഥിതിക്ക് ഒരിക്കൽ ചോദിച്ച ചോദ്യം വീണ്ടും ചോദിക്കാമോ എന്ന് ഒരു റൂളിംഗ് തന്നാൽ കൊള്ളാം.

Mr. Speaker: That depends upon so many things. There may be slight variations between the two questions. The wording of the questions may differ, although in effect they may be similar. In that case, it is open to the Minister to refer to a previous question which has been answered. Under such circumstances it is not possible for the Speaker to disallow such questions.

കുടിൽവ്യവസായബോർഡ്.

* ൧൫൮ [൭൭] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നാണു സ്ഥാപിച്ചത്;

(ബി) ഇതിൽ കയറ് വ്യവസായത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) കയർ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഒരു പ്രത്യേകബോർഡ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) (എ) ൧൯൫൭ ജൂൺ ൨൭-ാം തീയതി.

(ബി) ഇല്ല.

(സി) കയർവ്യവസായോദ്ധാരണത്തിനു ഒരുപ്രത്യേകപദ്ധതി ഉള്ളതുകൊണ്ട്.

(ഡി) ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ പ്രത്യേകപദ്ധതിയെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു മറുപടി ഡിയുടെ ഉത്തരത്തിലുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് സ്ഥാപിക്കുന്ന അവസരത്തിൽ ഇതിന് ഒരു പ്രത്യേക പദ്ധതിയുണ്ടെന്നു പറഞ്ഞു. എന്നാൽ കയറുവ്യവസായത്തിനു വല്ല ബോർഡും ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് ഉണ്ടാക്കിയ അവസരത്തിൽ കയർവ്യവസായം പോലെയുള്ള ഒരു വിപുലമായ സംഗതി അതിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ട എന്നു വിചാരിച്ചാണ് അങ്ങിനെ ചെയ്തത്.

ശ്രീ. ആർ. ഗംഗാധരൻ: ഇത്ര വിപുലമായ ഒരു വ്യവസായമായതുകൊണ്ടാണോ അതിന്റെ പ്രവർത്തനത്തിനു് ഒരു ബോർഡു് ഉണ്ടാക്കാതിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ പരിധിയിൽപെടുത്താതിരിക്കാനുള്ള കാരണമാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. ഗംഗാധരൻ: ഇതിനു പ്രത്യേകം ഒരു ബോർഡുണ്ടാക്കാതിരിക്കുന്നതു് ഇതിന്റെ പ്രവർത്തനത്തെ പരിഗണിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിന്റെ പ്രവർത്തനത്തെ പരിഗണിച്ചാണു് പല നടപടികളും എടുത്തിട്ടുള്ളതു്.

ശ്രീ. സി. സി സദാശിവൻ: ഒരു കയർ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു പത്താമത്തെ ചോദ്യത്തിനുത്തരമായി ഇല്ല എന്നു പറഞ്ഞതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡു് പുനരുദ്ധാരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: അതു് എന്നത്തേയ്ക്കു് ആകുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻനിവൃത്തിയില്ല.

റാട്ടു ലൈസൻസു്.

*൧൫൯. [൧൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു കയർ പിരിക്കുന്ന റാട്ടുകൾ എത്ര;

(ബി) റാട്ടുകളുടെ ലൈസൻസു ഫീസിനത്തിൽ, ൧൯൫൧-൫൨-ൽ എത്രരൂപ വരവുണ്ടായിരുന്നു;

(സി) രണ്ടു റാട്ടിനു മുകളിലുള്ളവർക്കു മാത്രമേ ലൈസൻസു കൊടുക്കുകയുള്ളു എന്നു വ്യവസ്ഥയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) സൂക്ഷ്മമായി കണക്കെടുത്തിട്ടില്ല. ഉദ്ദേശം ൩൦,൦൦൦-നും ൪൦,൦൦൦-നും മദ്ധ്യേ കാണുമെന്നാണു കണക്കാക്കിയിരിക്കുന്നതു്.

(ബി) വരവു് ഒന്നുമില്ല.

(സി) ഇല്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: രണ്ടു റാട്ട് ഉള്ളവക്കും ലൈസൻസു കൊടുക്കുന്നുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു റാട്ടിനു മുകളിൽ ഉള്ളവക്കു മാത്രമേ ലൈസൻസു കൊടുക്കു എന്നു വ്യവസ്ഥയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ലൈസൻസു കൊടുക്കുന്ന ഏർപ്പാട് എന്നാണു നടപ്പിൽ വന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൧ മേയ് മാസം ൬-ാംതീയതി.

ശ്രീ. ടി. കെ. ദിവാകരൻ: അതിനുശേഷം ലൈസൻസുഫീസ് ഒന്നും കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

കോട്ടുകാൽ തോട്.

* ൭൩൦. [൧൩൫] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതും ഏകദേശം ൫ മൈൽ നീളമുള്ളതുമായ നെയ്യാററിൻകര താലൂക്കിലെ കോട്ടുകാൽ തോട് വെട്ടി നന്നാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലവാസികളിൽനിന്നും എന്തെങ്കിലും അപേക്ഷയോ നിവേദനമോ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ആദ്യമായി അപേക്ഷ ലഭിച്ചതു് എന്നാണ്;

(ഡി) ഈ തോടുവെട്ടി ശരിപ്പെടുത്തുകയാണെങ്കിൽ ൫൦൦ ഏക്കറിൽപ്പരം നിലങ്ങൾക്ക് ജലസേചനത്തിനുള്ള സൗകര്യം ലഭിക്കുമെന്നുള്ള വിവരം ശരിയാണോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) ഒരു എസ്റ്റിമേററ് തയാറാക്കിയിട്ടുണ്ട്. പക്ഷെ കൂടുതൽ അന്വേഷണം നടത്തി ആ എസ്റ്റിമേററ പുതുക്കേണ്ടിയിരിക്കുന്നു.

(സി) ൧൯൪൮-ൽ.

(ഡി) ഏകദേശം ൨൧൩ ഏക്കർ നിലങ്ങൾക്ക് ഈ തോടുകൊണ്ട് പ്രയോജനമുണ്ടാകും.

ശ്രീ. വി. ശ്രീധരൻ: ഈ തോട് ഉപയോഗശൂന്യമായി കിടന്നിട്ട് ഇപ്പോൾ എത്രകൊല്ലങ്ങളായി എന്നു് പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എത്രകൊല്ലമായി എന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ തോട് വെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് ൨൧ കൊല്ലങ്ങൾക്കു മുമ്പ് സാംക്ഷനായിട്ടുണ്ടെന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ തോട് ഉപയോഗശൂന്യമായിട്ട് ൩൦-൩൫ കൊല്ലങ്ങളായി എന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അയൽവാസിയായ ഒരു മെമ്പർ പറയുന്നതു് വിശ്വസിക്കാം.

കടത്തുവള്ളത്തൊഴിലാളികൾ.

*൧൩൭. [൭൪] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര ഗവണ്മെന്റുവക കടത്തുവള്ളങ്ങളുണ്ട്;

(ബി) ഈ വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംഖ്യയെത്ര;

(സി) അവർക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം എത്ര;

(ഡി) ഇവരുടെ ജോലിസമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇവർക്ക് ലീവ് അനുവദിക്കാറുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) തിരുവിതാംകൂർ ഭാഗത്തു് ൪൦൧ കടത്തുവള്ളങ്ങളും ൭൩ ചങ്ങാടങ്ങളും ഉണ്ട്. കൊച്ചി ഭാഗത്തു് കടത്തുകൾ ലേലക്കാർ നടത്തിക്കൊണ്ടിരിക്കയാണ്.

(ബി) ൪൧൪.

(സി) ൨൦ രൂപ.

(ഡി) ക്ലിപ്തപ്പെടുത്തിയിട്ടില്ല. മിക്കവാറും രാവിലെ ആറു മണി മുതൽ രാത്രി എട്ടു മണിവരെ.

(ഇ) ശമ്പളത്തോടുകൂടിയുള്ള ക്യാഷ്വൽ അവധി അനുവദിക്കാറുണ്ട്.

ശ്രീ. വി. ശ്രീധരൻ: ഇവരുടെ ജോലിസമയം ക്ലിപ്തപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് എടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ; അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ഇവർക്ക് ശമ്പളം ശരിയായി കിട്ടുന്നില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. സി. ജി. സദാശിവൻ: ഗവണ്മെൻറ വകയല്ലാതെ ഈ കടത്തുകാർ കൂലിക്ക് വള്ളമെടുത്തു കടത്തുനടത്തുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ഗവണ്മെൻറിന് അറിവില്ല.

ശ്രീ. കെ. ജെ. താമസ്: ഗ്രാൻറ് നൽകുന്ന കടത്തുവള്ളക്കാരേയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ഈ. കൃഷ്ണൻ നായർ: കടത്തുവള്ളക്കാർക്ക് ആണ്ടിൽ പ്ര മാസവും ശമ്പളം കൊടുക്കാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലങ്ങളിൽ പ്ര മാസവും കടത്തിൻെറ ആവശ്യമില്ല. നാലു മാസം മാത്രം ആവശ്യമുള്ള സ്ഥലങ്ങളിൽ അങ്ങനെ ശമ്പളം കൊടുക്കാറില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഈ കടത്തിന് പ്രയോഗിക്കുന്ന വള്ളങ്ങൾ ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതാണോ അതോ കടത്തുകാരുടെ സ്വന്തം വള്ളങ്ങളാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറവക വള്ളങ്ങളാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സക്കാർ കടത്തുവള്ളം ഉള്ളിടത്ത് പ്രൈവററ വള്ളങ്ങളും അനുവദിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലത്ത് അങ്ങനേയും കാണും.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: കടത്തുവള്ളക്കാർ യാത്രക്കാരിൽ നിന്നും കൂലിവാങ്ങിവരുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ പരാതി കിട്ടിയിട്ടുള്ളതായി അറിവില്ല.

മിനിമം വേജസ്.

* ൧൩൨. [൧൫] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ലേബർ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:

തിരുവിതാംകൂർ — കൊച്ചിയിലെ തൊഴിലാളികളിൽ ഏററവും ഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളുടെ കുറഞ്ഞകൂലി എത്രയായിരിക്കണമെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല. കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് മിനിമം വേജസ് നിയമപ്രകാരമുള്ള നടപടികൾ ഗവണ്മെന്റ് ഏതാനും എടുത്തുകഴിഞ്ഞിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല.

Extension of Electricity.

✻ 763. [18] **Shri P. V. Avira Tharakan:** Will the Minister for Agriculture be pleased to state:

(*a*) have the Government received any representation in 1950 from the Shertala Taluk Karshaka Samajam requesting the extension of electricity to the karinilams of Shertala taluk; and

(*b*) if received what steps have been taken?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) No.

(*b*) Does not arise in view of answer to (*a*).

Industrial Loans.

✻ 764. [19] **Shri P. V. Avira Tharakan:** Will the Minister for Industries be pleased to state:

(*a*) the terms and conditions for giving industrial loans;

(*b*) whether industrial loans are long term or short term;

(*c*) the number of persons and firms who have received this kind of loan; and

(*d*) the maximum amount given to one industrialist or a firm?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) and (*b*) The attention of the hon. Member is drawn to the terms and conditions for industrial loans as laid down in the Travancore-Cochin State Aid to Industries Act and the rules thereunder.

(*c*) It is not possible to give an answer as the period for which the information is required has not been supplied.

(*d*) Rs. 96 lakhs.

ശ്രീ. പി. വി. അവിരാ തരകൻ: ഈ ൯൬ ലക്ഷം കൊടുത്തു എന്നു പറഞ്ഞതു് ഈ നാട്ടിലെ വ്യവസായങ്ങൾക്കാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ഇ. പി. വർഗീസ്: ഏതു ഫേമിനാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ട്രാവൻകൂർ റയൺസ് ലിമിറ്റഡിന്.

തോട്ടങ്ങളിലെ സ്കൂളുകൾ.

❋ ൧൩൫ [൨൦] ശ്രീ. പി. ഭാസ്കരൻനായർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ തേയില, റബ്ബർതോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി നടത്തപ്പെടുന്ന പല പ്രൈമറിസ്കൂളുകളിലും തമിഴും മലയാളവും അഞ്ചു ക്ലാസ്സുകളിൽ വരെ പഠിപ്പിക്കുവാൻ കേവലം ഒന്നോ രണ്ടോ അദ്ധ്യാപകന്മാർ മാത്രമേ നിയോഗിക്കപ്പെട്ടിട്ടുള്ളു എന്ന വസ്തുത പരമാർത്ഥമാണോ;

(ബി) ആണെങ്കിൽ ഈ ദുഃസ്ഥിതി മാറുവാൻ എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ): (എ) അല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ഇതിനെപ്പറ്റി ശരിയായി അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽവേലായുധൻനായർ: അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണ് ഈ ഉത്തരം പറഞ്ഞതു്. ഏതെങ്കിലും ഒരു സ്കൂളിന്റെ കാര്യം പ്രത്യേകം പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ഭാസ്കരൻനായർ: ലക്ഷ്മികോവിൽ എസ്റ്റേറ്റിൽ ൫ ക്ലാസ്സുള്ള ഒരു സ്കൂളിൽ ഒരൊററ അദ്ധ്യാപകൻ മാത്രമേ ഉള്ളു. അതുപോലെ തന്നെ ചെറുവള്ളി എസ്റ്റേററിലുള്ള സ്കൂളിൽ ൩ ക്ലാസ്സിനു രണ്ടു് അദ്ധ്യാപകന്മാരേയുള്ളു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ചെറുവള്ളി എസ്റ്റേററ സ്കൂളിൽ ൩ അദ്ധ്യാപകന്മാരുണ്ടു്. പക്ഷെ ക്ലാസ്സു രണ്ടേയുള്ളു എന്നാണു് അറിവു്.

ശ്രീ. പി. ഭാസ്കരൻനായർ: അങ്ങനെയല്ലെന്നു പറഞ്ഞാൽ അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അന്വേഷിക്കാം.

കുന്നത്തുനാട്, പറവൂർ താലൂക്കുകൾ.

❋ ൧൩൩. [൨൧] ശ്രീ. എം. എം. അബ്ദുൽഖാദർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഡിസ്ത്രിക്ടിൽ ഉൾപ്പെട്ട കുന്നത്തുനാട്, പറവൂർ താലൂക്കുകൾ ടി ഡിസ്ത്രിക്ടിലെ Land Mortgage Bank-ന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തണമെന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

[ശ്രീ. എം. എം. അബ്ദുൽഖാദർ]

(ബി) എന്തു നടപടി സ്വീകരിച്ചു? അഥവാ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ) ഉണ്ടു്.

(ബി) തൃശ്ശൂർ ലാൻഡു് മോർട്ടുഗേജു് ബാങ്കിൻെറ വ്യാപകാതൃത്തിയിൽ കുന്നത്തുനാട്ടു് പറവൂർ എന്നീ താലൂക്കുകളെക്കൂടി ഉൾപ്പെടുത്തുന്നതിനു പര്യാപ്തമായ ഒരു അനന്തര്യോജനസ്ഥ ബിൽ അസംബ്ലിയിൽ അവതരിപ്പിക്കുകയും ന. ഠ- ഌ- ഫൻ ഌ ഫ.ൽ സെലക്ടു് കമ്മററിക്കു് അയക്കുകയും ചെയ്തിരുന്നു. എന്നാൽ പുതിയ നിയമസഭയുടെ രൂപീകരണത്തോടുകൂടി പ്രസ്തുത ബിൽ നിയമപ്രകാരം ലാപ്സായിപ്പോകാൻ കാരണമായി. ഈ സംഗതിയെപ്പററി ഗവണ്മെൻറു് ആലോചിക്കുന്നതാണു്.

ശ്രീ. എം. എം. അബ്ദുൾഖാദർ: അതുപോലെയുള്ള മറെറാരു ബിൽ അടുത്ത സെഷനിൽ ഗവണ്മെൻറ കൊണ്ടുവരുമെന്നു വിചാരിക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ലാപ്സായിപ്പോയതു് ഒരു അനന്തര്യോജനസ്ഥബില്ലാണു്. ആവശ്യമെങ്കിലും ആ ബിൽ കൊണ്ടുവരാം.

ശ്രീ. എം. എം. അബ്ദുൾഖാദർ: ഈ രണ്ടു താലൂക്കുകളെക്കൂടി ലാൻഡു് മോർട്ടുഗേജു് ബാങ്കിൻെറ പരിധിയിൽപെടുത്തണമെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടെങ്കിൽ ഗവണ്മെൻറുതന്നെ അങ്ങനെ ഒരു ബിൽ കൊണ്ടുവരാൻ ശ്രമിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറു് അതിനെപ്പററി ആലോചിക്കുന്നതാണു്.

ഫിഷറി സ്കൂളുകൾ.

* ൧൩൧. [൨൨] ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ ചെലവിന്മേൽ സംസ്ഥാനത്തു് എത്ര ഫിഷറിസ്കൂളുകൾ നടത്തിപ്പോരുന്നുണ്ടു്; പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം വിഷയങ്ങളാണു് പഠിപ്പിക്കുന്നതു്;

(ബി) ഇടക്കൊച്ചിയിൽ ഗവണ്മെൻറുവക ഒരു ഫിഷറി സ്കൂൾ ഉണ്ടോ; ആ സ്കൂളിൽ എത്ര ക്ലാസ്സുകൾ ഉണ്ടു്; ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കുന്നു; ഏതെല്ലാം സമുദായത്തിലെ കുട്ടികൾ പഠിക്കുന്നുണ്ടു്;

(സി) ഈ ഫിഷറി സ്കൂളിനടുത്തു് പ്രൈവററ ഏജൻസികളുടെ വക ഒരു മിഡിൽസ്കൂൾ ഉണ്ടോ; അവിടെ പഠിപ്പിക്കുന്ന വിഷയങ്ങളെന്തു്;

(ഡി) ഫിഷറി സ്കൂളിലെ ഫീസു നിരക്കെന്തു്; സമീപസ്ഥമായ മിഡിൽ സ്കൂളിലെ ഫീസ് നിരക്കെന്തു്;

(ഇ) ൧൯൫൬ മേയ് ൧൧-ാം തീയതിയിലെ മലബാർ മെയിലിൽ, 'വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയ്ക്ക്' എന്ന തലക്കെട്ടിൽ ഇടക്കൊച്ചി ഫിഷറിസ്കൂളിനെപ്പറ്റി ചേർത്തിരുന്ന ലേഖനം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതേപ്പറ്റി എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : (എ) ൧൩ ഫിഷറി സ്കൂളുകൾ ഉണ്ട്. സാധാരണ സ്കൂളിൽ പഠിപ്പിക്കുന്ന വിഷയങ്ങളും അവയ്ക്കു പുറമെ മത്സ്യശാസ്ത്രവും പഠിപ്പിക്കുന്നു.

(ബി) ഇടക്കൊച്ചിയിൽ ഒരു ഗവണ്മെന്റ ഫിഷറി സ്കൂൾ ഉണ്ട്. ഒന്നാംക്ലാസ്സുതൊട്ട് മൂന്നാംഫാറംവരെയുള്ള ക്ലാസ്സുകൾ അവിടെ ഉണ്ട്. സാധാരണ പാഠപദ്ധതിയിലുള്ള എല്ലാ വിഷയങ്ങളും മത്സ്യശാസ്ത്രവും പഠിപ്പിക്കുന്നു. വാലന്മാർ, ഈഴവർ, വേലന്മാർ, പുലയർ, കൃസ്ത്യാനികൾ എന്ന സമുദായങ്ങളിലെ കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്.

(സി) അടുത്ത് ഒരു പ്രൈവററ സ്കൂൾ ഉള്ളതായി അറിയുന്നു. സാധാരണ പാഠപദ്ധതിയനുസരിച്ചുള്ള വിഷയങ്ങൾ അവിടെ പഠിപ്പിക്കുന്നു.

(ഡി) ഇടക്കൊച്ചി ഫിഷറിസ്കൂളിൽ ഫീസ് ഇല്ല. ഈഴവർ, പട്ടാര്യർ, കൃസ്ത്യാനികൾ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികളിൽനിന്നു പ്രവേശനഫീസ് മാത്രം പിരിക്കുന്നുണ്ട്. അടുത്തുള്ള മിഡിൽ സ്കൂളിൽ സാധാരണ സ്കൂൾ നിരക്കനുസരിച്ചുള്ള ഫീസ് പിരിക്കുന്നു. അതായതു് പ്രവേശനഫീസും, മാസഫീസ് ൧ രൂപാവച്ചു എട്ടു മാസത്തേക്കുള്ളതും.

(ഇ) ആ ലേഖനം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനെപ്പററി അന്വേഷണം നടത്തുന്നതാണ്.

ശ്രീ. എ. എൽ. ജേക്കബ്: മത്സ്യവ്യവസായം സംബന്ധിച്ച് അവിടെ എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മത്സ്യശാസ്ത്രത്തിൽ അതു് ഉൾപ്പെടുമെങ്കിൽ അതും പഠിപ്പിക്കുന്നുണ്ടെന്നു പറയാം.

ശ്രീ. ആർ. കേശവപിള്ള: അവിടെ പ്രായോഗിക പരിശീലനം നൽകുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് എനിക്കു് നിശ്ചയമില്ല.

ഫീസുനിരക്ക്.

* ൭൬൫. [൨൩] ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലും തിരുവിതാംകൂറിലും ലോവർ സെക്കൻഡറി ക്ലാസ്സുകളിലും, ഹൈസ്കൂൾ ക്ലാസ്സുകളിലും ഇപ്പോൾ നിലവിലിരിക്കുന്ന ഫീസുനിരക്ക് എന്താണ്;

[ശ്രീ. എ. എൽ. ജേക്കബ്]

(ബി) ഈ നിരക്കുകൾ ഏകീകരിക്കേണ്ടതാണെന്ന് എന്തെങ്കിലും നിവേദനമോ പരാതിയോ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ; അതെപ്പറ്റി എന്തു നടപടി നടത്തി;

(സി) ഒരേ പാഠ്യപദ്ധതി സ്വീകരിച്ച്, ഒരേ പരീക്ഷയ്ക്കു് ഇരുത്തുന്ന വിദ്യാർത്ഥികൾ, വിവിധ സ്കൂളുകളിൽ വിവിധ നിരക്കിൽ ഫീസു കൊടുക്കുന്നതായി ഇൻഡ്യയിൽ വേറെ ഏതെങ്കിലും സംസ്ഥാനമുണ്ടോ; ഉണ്ടെങ്കിൽ ഏതാണെന്ന്?

Minister for Works and Transport **(Shri Kalathil Velayudhan Nair)** : With regard to (*a*), a statement is placed on the Table.† It is only one page giving different rates of fees for different classes. Shall I read the whole statement, Sir ?

Mr. Speaker : Will the hon. Member be satisfied if the statement is laid on the Table ?

Shri A. L. Jacob : Yes.

ശ്രീ. കളത്തിൽ വേലായുധൻനായർ: (ബി) ഉണ്ട്. രണ്ടു വിഭാഗങ്ങളിലെയും ഫീസ് നിരക്ക് സമീകരിക്കുന്നതിനു നടപടിയെടുത്തുവരുന്നുണ്ട്.

(സി) അറിവില്ല.

Departmental teachers recruited from Private Schools.

*** 769. [24] Shri N. P. Varghese :** Will the Minister for Education be pleased to state :

(*a*) are Government in receipt of representations from the teachers recruited to Government Schools from Private Schools requesting to give them rank, salary and pension in lieu of their long service in Private Schools ; and

(*b*) have Government taken any action in the matter?

Minister for Works and Transport **(Shri Kalathil Velayudhan Nair)** : (*a*) Yes.

(*b*) The matter is under consideration.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഏതു ശമ്പളത്തിലാണ് ഇവരെ ഗവണ്മെന്റ് സർവ്വീസിലേക്കു എടുത്തതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പല ശമ്പളത്തിൽ എടുത്തിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇവരുടെ സർവ്വീസ് പരിഗണിച്ചാണോ സർവ്വീസിൽ എടുത്തിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയാണ് എടുത്തിട്ടുള്ളത്.

---

† Please see Appendix I,

ശ്രീ. എൻ. പി. വർഗീസ്: പത്തുകൊല്ലം സർവീസുള്ളവരെ എത്രൂപാ ശമ്പളത്തിലാണ് എടുത്തിട്ടുള്ളതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അവർ സമ്മതിച്ചായിരിക്കാം ഗവൺമെൻറ സർവീസിൽ പ്രവേശിച്ചത്.

ശ്രീ. എൻ. പി. വർഗീസ്: അവരുടെ സമ്മതമനുസരിച്ചാണോ ശമ്പളം കൊടുക്കുന്നത്? അതാണോ ഗവൺമെൻറിന്റെ ചുമതല?

ശ്രീ. കളത്തിൽ വേലായുധൻനായർ: നിയമന സമയത്ത് കൂടുതലായ പരിഗണന ആവശ്യമായിരുന്നുവെങ്കിൽ അപ്പോൾ ആലോചിക്കാമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ സ്കൂളുകളിൽനിന്നും ഗവൺമെൻറസ്കൂളുകളിലേക്ക് എടുത്തിട്ടുള്ള അദ്ധ്യാപകന്മാർ ഈ കഴിഞ്ഞ സ്കൂൾവർഷത്തിൽ സർവീസിൽനിന്നും പിരിഞ്ഞിട്ട് യാതൊരു പെൻഷനും കിട്ടാതെവന്നു എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പെൻഷന് അവകാശമില്ലാത്തവരെല്ലാവരും അങ്ങനെ പിരിഞ്ഞുപോയിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ സ്കൂളുകളിലെ സർവീസ് കൂടി കണക്കാക്കി പെൻഷൻ കൊടുക്കാൻ ആലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ അതിനെപ്പററി ആലോചിച്ചില്ല.

ശ്രീ. എ. താണുപിള്ള: പ്രൈവററസ്കൂൾ വാദ്ധ്യാന്മാർക്ക് ഗവൺമെൻറ നിശ്ചയിച്ച ശമ്പളം കൊടുത്തിരിക്കുന്ന സ്ഥിതിക്ക് പ്രൈവററ സ്കൂളുകളിൽനിന്നും ഡിപ്പാർട്ടുമെൻറ് സ്കൂളുകളിലേക്ക് എടുത്തിട്ടുള്ള വാദ്ധ്യാന്മാർക്ക് അവരുടെ മുൻസർവീസ് കൂടി കണക്കാക്കി ശമ്പളം നിശ്ചയിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈവക കാര്യങ്ങൾ ആലോചനയിൽ ഇരിക്കുകയാണ്.

G. M. F. Schemes.

*** 770. [26] Shri N. P. Varghese :** Will the Chief Minister be pleased to state :

(*a*) the number of minor G. M. F. Schemes in Muvattupuzha Irrigation Sub-Division taken up in 1951-52;

(*b*) the amount spent for G. M. F. Schemes in 1951-52 in Muvattupuzha Irrigation Sub-Division ;

(*c*) the amount that was allowed to be lapsed in 1951-52 in Muvattupuzha Irrigation Sub-Division ; and

(*d*) the number of schemes which are yet to be completed among those included in the list A-E?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : (*a*) 13.

(*b*) Rs. 52,753.

(*c*) Rs. 1,61,258.

(*d*) 38.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇത്രയധികം തുക ലാപ്സാകുന്നതിനു കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ശരിയായ എസ്റ്റിമേററ തയാറാക്കാതെയും ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യാതെയും ബഡ്ജററിൽ തുക കൊള്ളിച്ചിരുന്നു. പിന്നീടു അതു ചെയ്യാൻ നിവൃത്തിയില്ലാതെ വരുന്നതുകൊണ്ടാണ് അതു ലാപ്സായതു്.

ശ്രീ. എൻ. പി. വർഗീസ്: എസ്റ്റിമേററ സാംക്ഷൻചെയ്ത പല സ്കീമുകൾ നടത്താതിരുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ചില സ്കീമുകൾ അങ്ങനെ നടത്താതിരുന്നിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ചില ഐററങ്ങൾക്കു് പണം ചെലവാക്കരുതെന്നു് എക്സിക്യൂട്ടീവ് എൻജിനീയർമാക്കു് oral ആയി ആർഡർകൊടുക്കുന്ന പതിവുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആവശ്യമുള്ള സന്ദർഭങ്ങളിൽ oral ആയിട്ടു് ആർഡർകൊടുക്കാറുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: അതല്ല ഞാൻ പറയുന്നതു്. തുക ലാപ്സാക്കണമെന്നു് ഗവണ്മെൻറ് നിർദ്ദേശങ്ങൾ നേരിട്ടു നൽകാറുണ്ടോയെന്നാണു് ചോദിച്ചതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ആർഡർ കൊടുക്കാറില്ല.

Unemployment.

*771. [27] **Dr. M. Sivaraman Nair** : Will the Chief Minister be pleased to state :

(*a*) whether the Government have any scheme to deal with the Cvergrowing unemployment of the educated in the State ; and

(*b*) do the Government propose to correlate this scheme with the Educational policy ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : (*a*) Government have no such scheme at present;

(*b*) There was no occasion to consider any such questions.

ഡാക്ടർ എം. ശിവരാമൻ നായർ: വിദ്യാഭ്യാസത്തിന്റെ തകരാറു നിമിത്തം ഉണ്ടാകുന്ന കുഴപ്പങ്ങളെ പരിഗണിച്ച് ഇരിക്കുന്ന ഒരു സ്കീം ആലോചനയ്ക്ക് എടുക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ഡാക്ടർ എം. ശിവരാമൻ നായർ: അങ്ങനെ ആലോചിക്കുന്ന അവസരത്തിൽ ടെക്നിക്കൽ ട്രയിനിംഗ് ഉള്ളവരെയും മററും പ്രത്യേകം പരിഗണിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതും ആലോചിക്കാവുന്നതാണ്.

ശ്രീ. പരീതു റാവുത്തർ: നാലഞ്ചു കൊല്ലം പ്രൈവററു സ്കൂളിൽ സേവനം നടത്തിയതിനുശേഷം ഗവണ്മെൻറിൽ വന്നിട്ടുള്ള ചില വാദ്ധ്യാന്മാരെ പിരിച്ചുവിട്ടിട്ടുള്ളതായറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഉണ്ടായിരിക്കാം.

ശ്രീ. പരീതു റാവുത്തർ: ഗവണ്മെൻറിൽനിന്നു റിട്ടയർചെയ്തതിനുശേഷം പ്രൈവററു സ്കൂളുകളിൽപോയി കുറേനാൾ സേവനം അനുഷ്ഠിച്ചിട്ട്, ഹൈസ്കൂളുകളിലെയും കാളേജിലെയും പ്രൊഫസ്സർമാർ വെറുതെ നടക്കുന്നതായി അറിയാമോ?

Mr. Speaker: You are straying away from the point.

ശ്രീ. പി. വി. അവിരാതരകൻ: തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാണോ വിജയശതമാനം കുറച്ചിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല.

Shri C. Sankar: Sir, on a point of order. I had sent up a starred question about the District Collector, Trivandrum, and now I find that it has been relegated to the list of unstarred questions. Sir, I wish to know under what rules this has been done.

Mr. Speaker: The hon. Member might have been absent when I made the position clear with regard to starred and unstarred questions. The Speaker has got certain discretionary powers which he exercises in allowing, editing, changing and correcting questions that are sent up. And in this particular case also he must have exercised his right.

Handloom Industry.

✻ 772. [28.] **Shri C. Sankar:** Will the Minister for Industries and Commerce be pleased to state:

(*a*) whether any representations have been made to the Government by any Handloom Weavers' Unions for taking necessary measures to safeguard the industry from the destructive

competition of the mill goods and to provide the handloom weavers with adequate work and living wages; and

(b) if so, what steps have been taken by the Government to redress the grievances of the handloom weavers ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (a) The Handloom Weavers' Union submitted a memorandum on 25-3-1952 in which they made several representations including protection from competition of the mill goods.

(b) Government are actively considering the question.

Shri C. Sankar : Will the Government appoint a Committee consisting of Members of this House as well as representatives of the Weavers' Union to study the question and make recommendations ?

Shri Panampilli Govinda Menon : That may take a long time. The Government's intention is to do things more quickly.

Shri N. Rajagopalan Nair : Are the Government aware that in Madras they have fixed ceiling prices and floor prices for yarn ?

Shri Panampilli Govinda Menon : I know something about what is done in Madras regarding this. Besides, two officers have been sent out to Madras to study the organisation of the handloom industry there.

ഭക്ഷ്യോൽപ്പാദനം.

*൧൧൩. (൨൩) ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) അധിക ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ കഴിഞ്ഞ മൂന്നു കൊല്ലത്തിൽ എന്തു ചെലവായിട്ടുണ്ട്?

(ബി) അതുകൊണ്ട് എത്ര നെല്ലു വിളയിക്കാൻ കഴിഞ്ഞിട്ടുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി: ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ൧൱൨൰–൫൦-ൽ ൪൭·൩൧ ലക്ഷം രൂപാ. ൫൦–൫൧-ൽ ൫൨·൧൩ ലക്ഷം രൂപാ. ൫൧–൫൨-ൽ ൫൧·൮൩ ലക്ഷം രൂപാ.

(ബി) സൂക്ഷ്മമായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിട്ടില്ല. പൊതുവെ ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഭക്ഷ്യോൽപ്പാദന സംബന്ധമായി ഏതെല്ലാം പ്രവൃത്തനങ്ങൾക്കു വേണ്ടിയാണ് ഈ സംഖ്യ ചെലവാക്കിയിട്ടുള്ളത്?

Mr. Speaker : How could that be answered on the floor of the House within the time at our disposal? The hon. Member may put his question with a view to elicit definite information on a particular aspect.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ സംഖ്യയിൽ കൊച്ചിക്കാൎക്കു സഹായധനമായി എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ തരം തിരിച്ചിട്ടില്ല.

ശ്രീ. കെ. ജെ. താമസ്സ്: കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ചെലവാക്കിയിട്ടുള്ളതല്ലാതെ മലനാടുകളിൽ ഇതിനുവേണ്ടി എന്തെങ്കിലും പണം ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനു നോട്ടീസു വേണം.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഇങ്ങനെ പണം ചെലവാക്കിയതു നിമിത്തം എത്ര നെല്ലു കൂടുതൽ കിട്ടി എന്നുള്ളതിനു കണക്കു വെച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ കണക്ക് എടുത്തിട്ടില്ല. ആവശ്യമുണ്ടെങ്കിൽ എടുക്കാവുന്നതാണ്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : ചെലവാക്കിയ തുകയിൽ എത്ര ശതമാനം നെല്ലു കൂടുതൽ കിട്ടിയെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അറിയാൻ പാടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : ചെലവാക്കിയ തുകയ്ക്കൊപ്പം നെല്ലു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : തുകയ്ക്കൊപ്പം നെല്ലു കിട്ടുന്നതു് എങ്ങനെയാണ്?

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : അതല്ല ഞാൻ പറഞ്ഞതു്. മന്ത്രിക്ക് അറിയാൻ കഴിഞ്ഞില്ലെങ്കിൽ മുട്ടു ചോദ്യം ചോദിക്കുന്നതു ശരിയല്ല. അതായതു് ൪൯–൫൦-ൽ കുറെ രൂപാ ചെലവാക്കി. അതനുസരിച്ച് ൫൦–൫൧-ലും ൫൧–൫൨-ലും ചെലവാക്കി. അതിനു തക്കവണ്ണമുള്ള നെല്ലു കിട്ടിയിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai : May I know, Sir, whether the statistics collected do not contain information about the production of paddy in the State ?

Mr. Speaker : That is about the question which has already been answered half an hour ago.

Shri P. S. Nataraja Pillai : Not that question, Sir. There are figures of production given in our statistics. I want to know whether the statistics prepared by our officers include this or not.

Shri Kalathil Velayudhan Nair : There are no statistics to show what exactly is raised.

Shri P. S. Nataraja Pillai: May I know the extent of the additional area brought under cultivation under the Grow More Food Scheme?

Mr. Speaker: The answer is evident.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ശ്രീ. കേശവൻ നായർ ചോദിച്ച ചോദ്യത്തെ തുടർന്ന് ഒരു ചോദ്യം. അതായത് ചെലവാക്കിയ തുകയുടെ അനുപാതക്രമമനുസരിച്ച് വിളവ് വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: കണക്കെടുക്കാതെ എങ്ങനെയാണ് പിന്നെയും പിന്നെയും ചെലവാക്കിക്കൊണ്ടിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂടുതൽ പ്രയോജനമുണ്ടെന്നു കണ്ടിട്ടാണ് ചെലവാക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: അതിന് കണക്കെടുത്തിട്ടില്ലായെന്നു പറഞ്ഞു. കണക്കെടുക്കാതെ കൂടുതൽ പ്രയോജനമുണ്ടെന്ന് എങ്ങനെ മനസ്സിലായി?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രയോജനമുണ്ടെന്ന് കരുതിയാണ് ചെലവാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. കുഞ്ഞൻനാടാർ: നെല്ലു കൂടാതെ മററ് ആഹാരസാധനങ്ങൾ വിളയിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഏതെല്ലാം?

ശ്രീ. കളത്തിൽ വേലായുധൻനായർ: കപ്പമുതലായ സാധനങ്ങൾ.

ശ്രീ. സി. അച്യുതമേനോൻ: പ്രൊഡക്ഷന് ഒരു ടാർജററ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ടാർജററ നിശ്ചയിക്കാൻ ഒക്കുകയില്ല. പണം ചെലവാക്കുന്നത് ചിലപ്പോൾ ഒരു കുളം കുഴിക്കാനായിരിക്കും. ചിലപ്പോൾ വളത്തിനു സബ്സിഡി കൊടുക്കാനായിരിക്കും. അതുകൊണ്ട് ചെലവാക്കിയ പണം അനുസരിച്ച് ഒരു ടാർജററ നിശ്ചയിക്കാൻ ഒക്കുകയില്ല.

കൃഷി.

* ൧൧൪. [൩൦] ശ്രീ. കെ. പി. പ്രഭാകരൻ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടു കോൾകൃഷി സംഘത്തിന് ഗവണ്മെൻറിൽനിന്ന് നൽകിവരുന്ന സഹായങ്ങൾ ഏതെല്ലാം;

(ബി) അവിടെ കൃഷിക്കാർക്ക് നൽകുന്ന പമ്പിംഗ് സബ്സിഡിയുടെ തോതെന്ത്;

(സി) തൃശ്ശൂർ കോൾകൃഷി സംഘത്തിനു നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(ഡി) തൃശ്ശൂരിലെ കോൾകൃഷിക്കാർക്ക് എന്തു തോതുവച്ച് പമ്പിംഗ് സബ്സിഡി നൽകുന്നു?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) കുട്ടനാട്ട് കോൾകൃഷി സംഘം എന്നൊരു സംഘത്തെപ്പററി അറിവില്ല.

(ബി) സംസ്ഥാനത്തെ കർഷകർക്ക് സാധാരണ ലഭിക്കുന്ന സൗജന്യങ്ങൾക്ക് പുറമെ പമ്പിംഗ് ചെലവിന്റെ ൨൫ ശതമാനം പമ്പിംഗ് സബ്സിഡിയായി കുട്ടനാട്ടിലെ കർഷകർക്ക് നൾകുന്നുണ്ട്.

(സി) പമ്പിംഗിനു ആവശ്യമുള്ള ഇൻജിൻ, വളം, കൃഷി സംഹാരി മുതലായവയെല്ലാം കഴിഞ്ഞ കൊല്ലം ഗവണ്മെൻറിൽനിന്നും തൃശ്ശൂർ കോൾകൃഷിസംഘത്തിനു നൽകിയിട്ടുണ്ട്.

(ഡി) കോൾകൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി നൽകുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നതേയുള്ളു.

ശ്രീ. കെ. പി. പ്രഭാകരൻ: കുട്ടനാട്ടിലെ പുഞ്ചകൃഷിക്കാർക്ക് നൽകുന്ന സഹായങ്ങൾ തൃശ്ശൂരിലെ കോൾകൃഷിക്കാർക്കും നൽകാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി ആലോചിക്കാം.

കൃഷിനാശം.

❋ ൭൭൫. [൨൧] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇക്കൊല്ലം അന്തിക്കാട്ടുഭാഗത്തുള്ള കോളുകളിൽ പുഴക്കെട്ടുമൂലവും മററും കൃഷിക്കു വലിയ നാശം സംഭവിച്ചിട്ടുണ്ടോ;

(ബി) കൃഷി നാശം പററിയ നിലങ്ങൾക്ക് നികുതി ഇളവു നൽകാൻ ആവശ്യപ്പെടുന്ന ഹർജികളോ നിവേദനങ്ങളോ ഗവണ്മെൻറിലേക്കു ലഭിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഇല്ല.

(ബി) ഹർജികൾ കളക്ടർക്ക് കിട്ടിയിട്ടുണ്ട്.

(സി) അന്വേഷണം നടത്തി. നികുതി ഇളവുചെയ്യേണ്ടതായി കണ്ടില്ല.

ശ്രീ. കെ. ജെ. താമസ്: കർഷകരെ ഇറക്കിവിട്ടതുമൂലം അയ്യപ്പൻകോവിലിലെ കൃഷി നാശപ്പെട്ടതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി അന്വേഷിച്ചില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കോറംകൃഷി എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് ബഹുമാനപ്പെട്ട മെമ്പറോടു ചോദിച്ചാൽ മനസ്സിലാകും.

സ്റ്റഡി ലീവ്.

* ൩൨ ന്നു. [ന. ച.] ശ്രീ. കെ. സദാനന്ദൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ;

എൻ. ജി. ഓ. മാർക്ക് സ്റ്റഡി ലീവ് അനുവദിക്കാതിരിക്കുന്നതിൻെറ കാരണം എന്തു്?

Shri P. Govinda Pillai: I put Question No. 32.

Mr. Speaker: Are you Mr. Sadanandan ? Courtesy demands that I should be informed beforehand that you are going to put the question. Any how, I permit you this time.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി. (ശ്രീ. കളത്തിൽ വേലായുധൻനായർ): എൻ. ജി. ഓ. മാർക്ക് സ്റ്റഡി ലീവ് പൊതുവെ അനുവദിക്കാതിരിക്കുന്നില്ല. ഇപ്പോൾ പ്രത്യേകിച്ചു അനുവദിക്കാമെന്നു് ഉത്തരവും പാസാക്കിയിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഏതെല്ലാം വ്യവസ്ഥകളിലാണ് അങ്ങനെ അനുവദിക്കാമെന്നു് ഉത്തരവു പാസാക്കിയിട്ടുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിൻെറ സർക്കുലർ മേശപ്പുറത്തു വെച്ചിട്ടുണ്ടു്.†

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇൻറർമീഡിയററ് പരീക്ഷ പാസായവർക്ക് ബി. എ. ക്ലാസ്സ് പഠിക്കുന്നതിനും ബി. എ. പാസ്സായവർക്ക് ബി. എൽ.-നും പഠിക്കുന്നതിനും മാത്രമെ ഇപ്പോൾ സ്റ്റഡിലീവ് കൊടുക്കുവാൻ ഉത്തരവ് ഇട്ടിട്ടുള്ളതായി കേട്ടു. സ്കൂൾഫൈനൽകാർക്കു കൂടി സ്റ്റഡിലീവ് അനുവദിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി ആലോചിക്കാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: സ്റ്റഡി ലീവ് അനുവദിക്കുമ്പോൾ ശമ്പളത്തിൻെറ കാര്യത്തിലും മററും ഉള്ള നിഷ്കർഷകളിൽ അയവു വരുത്താമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി ആലോചിക്കാവുന്നതാണ്.

---

* Please see Appendix, II.

ശ്രീ. കെ. കരുണാകരൻ: സ്റ്റഡിലീവ് അനുവദിക്കാതെ കാളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ളതായറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയുള്ള കേസുകളിൽ ശരിയായിട്ടുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

ചാർജ്ജുചെയ്ത കേസ്സുകൾ.

* ൧൧൧. [൩൩] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦-ൽ തിരുവനന്തപുരം വിജയമോഹിനിമില്ലിൽ നടന്ന പണിമുടക്കത്തെ തുടന്ന് അവിടത്തെ തൊഴിലാളികളുടെ പേരിൽ പോലീസ് ചാർജ് ചെയ്തിട്ടുള്ള കേസുകൾ പിൻവലിച്ചിട്ടുണ്ടോ;

(ബി) ഈ കേസുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു അവിടത്തെ തൊഴിലാളികളിൽനിന്നും ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

അഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗീസ്): (എ) ഇല്ല

(ബി) ഇല്ല.

ശ്രീ. വി. ശ്രീധരൻ: പിൻവലിക്കാതെയുള്ള കേസുകൾ ഏതെല്ലാമാണ്.

ശ്രീ. ടി. എം. വർഗീസ്: ഒരു കേസും പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുമില്ല, പിൻവലിച്ചിട്ടുമില്ല. കേസുകൾ എതെല്ലാമാണ് എന്നു പറയുവാൻ ഈ ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടില്ലാത്തതുകൊണ്ടു അതിനെപ്പററിയുള്ള വിവരം അന്വേഷിച്ചിട്ടില്ല.

ശ്രീ. വി. ശ്രീധരൻ: പണിമുടക്കിനെ തുടർന്നുണ്ടായ കേസുകൾ വല്ലതും പിൻവലിച്ചിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: ചോദ്യത്തിൽ പറഞ്ഞിട്ടുള്ളതു് പണിമുടക്കിനെ തുടന്നുണ്ടായിട്ടുള്ള ഇന്നയിന്ന കേസ്സുകൾ പിൻവലിച്ചിട്ടുണ്ടോ എന്നല്ല. പണിമുടക്കിനെ തുടന്നാണ് കേസുണ്ടായതു്. ന്യായരഹിതമായി പ്രവത്തിച്ചതിന്റെ ഫലമായിട്ടുത്ഭവിച്ചതാണ് കേസ്. ഇതിനെ സംബന്ധിച്ച ഇപ്പോൾ ഇത്രയുമല്ലാതെ വേറെ അറിവില്ല.

സ്കൂളുകൾ വാടകകെട്ടിടത്തിൽ.

* ൧൧൨. [൩൪] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ ഹൈസ്കൂളുകൾ എവിടെയെങ്കിലും വാടകക്കെട്ടിടങ്ങളിൽ നടത്തിവരുന്നുണ്ടോ;

(ബി) ഇത്തരം വാടകക്കെട്ടിടങ്ങളിൽ വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതു നിമിത്തം ഷിഫ്‌റ്റ സമ്പ്രദായത്തിൽ എവിടെയെങ്കിലും സ്കൂൾ ക്ലാസ്സുകൾ നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഉണ്ട്.

(ബി) പ്രൈമറി സെക്ഷൻകൂടിയുള്ള ഒരു ഹൈസ്കൂളിലെ പ്രൈമറി ക്ലാസ്സുകൾ ഷിഫ്റ്റ സമ്പ്രദായം അനുസരിച്ചു നടത്തുന്നുണ്ട്. മിഡിൽസ്കൂൾ, ഹൈസ്കൂൾ ക്ലാസ്സുകൾ അങ്ങനെ നടത്തുന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൊഴിഞ്ഞാമ്പാറ ഹൈസ്കൂൾ കെട്ടിടം വാടകക്കെട്ടിടമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കൊഴിഞ്ഞാമ്പാറ ഹൈസ്കൂൾ ഗവണ്മെൻറവകയല്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: സ്കൂൾകെട്ടിടം പണിയുന്നതിനുള്ള സ്ഥലം നാട്ടുകാർ ദാനമായി ഗവണ്മെൻറിനു കൊടുക്കുകയും ആ സ്ഥലത്തു കെട്ടിടം കെട്ടാതെയിരിക്കുകയും ചെയ്യുന്നതിനെപ്പററി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങിനെ ഉള്ളതായിട്ട് ഇപ്പോൾ അറിവില്ല. അഥവാ അങ്ങിനെയുണ്ടെങ്കിൽ കെട്ടിടം കെട്ടാതിരിക്കുവാനുള്ള കാരണമെന്താണെന്നു അന്വേഷിക്കാം.

Food Advisory Council.

*779. [36] **Shri K. V. Krishnankutti Warrier:** Will the Minister for Food and Civil Supplies be pleased to state:

(*a*) how many meetings were held by the Irinjalakuda Town Food Advisory Council since is formation;

(*b*) what is the amount spent so far towards the allowances of the members of the said Council;

(*c*) how many recommendations have they made to the Government in the matter of food policy; and

(*d*) have the Government implemented any of these recommendations?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) Since the formation of the Food Advisory Committee at Irinjalakuda in August 1949, 31 meetings were held.

(*b*) An amount of Rs. 381 has been spent towards the expense of this Committee.

(*c*) This Committee has during its lifetime made 45 recommendations to Government.

(*d*) Most of the recommendations have been accepted.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഈ കമ്മിററിയുടെ പ്രവർത്തനത്തിൻെറ ഉദ്ദേശമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇരിങ്ങാലക്കുട പ്രദേശങ്ങളിൽ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യേണ്ട കാര്യത്തിൽ നാട്ടുകാരുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അന്വേഷിച്ചറിഞ്ഞു ഡിപ്പാർട്ടുമെൻറിനെ അറിയിക്കണമെന്നുള്ളതാണ് കമ്മിററിയുടെ പ്രവർത്തനത്തിൻെറ ഉദ്ദേശം.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ആ കമ്മിററിയിൽ നാട്ടുകാരുടെ പ്രതിനിധികൾ ആരെല്ലാമുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം. നാട്ടുകാരുടെ പ്രതിനിധികൾതന്നെയാണ് അതിലുള്ളതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: കമ്മിററി യോഗം ചേരുന്നതിന് ഒരു അജണ്ടാപോലും തയ്യാറാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചോദ്യം കമ്മററിയുടെ ശുപാർശകൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ എന്നാണ്. കമ്മററി യോഗം ചേർന്നതു് അജണ്ടാ കൂടാതെയാണോ അല്ലയോ എന്നറിവില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: കമ്മിററി അംഗങ്ങൾക്കു സിററിംഗ് ഫീസുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു കൂടാതെ പറയുവാൻ സാദ്ധ്യമല്ല. ൪൫ മീററിംഗുകൾ കൂടീട്ടുണ്ടു്. ൪ കൊല്ലമായി ൩൩൫ രൂപ ചെലവായിട്ടുണ്ടു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ആ കമ്മിററി നിറുത്തലാക്കിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇത്തരം കമ്മററികൾ തുടർന്നു നടത്തുവാൻ ഗവണ്മെൻറു തയ്യാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇരിങ്ങാലക്കുട ഫുഡ് അഡൈ്വസറി കമ്മിററിയിലെ അംഗങ്ങളെല്ലാം റേഷൻധാന്യങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അംഗങ്ങളുടെ പേരു പറഞ്ഞാൽ പറയാം.

ശ്രീ. സി. അച്യുതമേനോൻ: ഇത്തരം ഫുഡ് അഡൈ്വസറികമ്മിററികളിൽ ട്രേഡ് യൂണിയനിൽ നിന്നുമുള്ള കർഷകതൊഴിലാളികളുടെ അംഗങ്ങളെ എടുക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില അംഗങ്ങൾ ട്രേഡ് യൂണിയൻെറ കാര്യങ്ങളിൽ താല്പര്യമുള്ളവരായിരിക്കും. അങ്ങിനെയുള്ളവരെയാണ് ഇതിൽ നിയമിക്കുന്നതു്.

<u>ശ്രീ. സി. അച്യുതമേനോൻ:</u> ട്രേഡ് യൂണിയനിലെ അംഗങ്ങളെ എടുക്കുന്നതിൽ തെററുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ഇല്ല

War Materials.

*780. [37] **Shri P. V. Avira Tharakan:** Will the Minister for Industries be pleased to state whether the Government intend to start the manufacture of war materials including explosives?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** Government do not intend to start the manufacture of war materials.

ട്രേഡ് യൂണിയൻസംഘടന.

*൭൮൧. [൩൮] <u>ശ്രീ. ടി. കെ. ദിവാകരൻ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ദി ട്രാവൻകൂർ-കൊച്ചിൻ ഹാസ്പിററൽ കണ്ടിജൻസി എംപ്ലായീസ് യൂണിയൻ എന്ന പേരിൽ ഒരു ട്രേഡ് യൂണിയൻ സംഘടന രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതു്;

(സി) ഈ അപേക്ഷയ്ക്കുശേഷം ലഭിച്ചിട്ടുള്ള ഏതെങ്കിലും യൂണിയൻ രജിസ്റ്റർചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ യൂണിയൻ ഇതുവരെ രജിസ്റ്റർ ചെയ്യാതിരിക്കുവാൻ കാരണമെന്തു്?

<u>ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):</u>

(എ) ദി ട്രാവൻകൂർ-കൊച്ചിൻ ഹാസ്പിററൽ കണ്ടിജൻസി എംപ്ലോയീസ് യൂണിയൻ എന്ന പേരിൽ ഒരു ട്രേഡ് യൂണിയൻ സംഘടന രജിസ്റ്റർചെയ്യുന്നതിനു അപേക്ഷ ലഭിച്ചിട്ടുണ്ടു്.

(ബി) ഇങ്ങിനെ ഒരു അപേക്ഷ ലഭിച്ചതു് ൧൯൫൧ നവംബർ ൧൭-ാംനു- യാണ്.

(സി) ഈ അപേക്ഷയ്ക്കുശേഷം ലഭിച്ചിട്ടുള്ള അപേക്ഷകളും അനുവദിച്ചിട്ടുണ്ടു്.

(ഡി) ഈ യൂണിയൻ തിരുവിതാംകൂർ-കൊച്ചി ഹാസ്പിററൽ കണ്ടിജൻസി എംപ്ലോയീസ് ഇൻഡ്യൻ ട്രേഡ് യൂണിയൻ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വർക്കുമെൻ എന്ന കൂട്ടത്തിൽ ഉൾപ്പെടുമോ എന്ന കാര്യം പര്യാലോചനയിൽ ഇരിക്കുന്നുവെന്നാണ് ട്രേഡ് യൂണിയൻ രജിസ്ട്രാർ ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ളതു്.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> മദ്രാസ് സ്റ്റേററിൽ ഇതുപോലെ രജിസ്റ്റർ ചെയ്ത യൂണിയനുകൾ ഉള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യൂണിയൻ രജിസ്റ്റർചെയ്യേണ്ട കാര്യത്തിൽ ട്രേഡ്‌യൂണിയൻ രജിസ്ട്രാർ ഒരു അതോറിററിയാണ്. അദ്ദേഹം ചെയ്യുന്ന തീരുമാനങ്ങൾക്ക് ഹൈക്കോടതിയിൽ അപ്പീലുണ്ടെന്നാണറിയുന്നത്. അത് ഗവണ്മെൻറിൻെറ അഡ്മിനിസ്ട്രേററീവായിട്ടുള്ള പരിധിയിൽ പെടുന്നതല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ അപേക്ഷ രജിസ്റ്റർ ചെയ്യുവാൻ സാദ്ധ്യമല്ലെന്നുള്ള വിവരം അവരെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രജിസ്ട്രാർ തന്നിട്ടുള്ള അറിവാണിത്. നോട്ടീസു വേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: രജിസ്ട്രാർ തന്നിട്ടുള്ള വിവരങ്ങൾ ഗവണ്മെൻറിൻെറ ഉത്തരവാണെന്നു പറയുമ്പോൾ നോട്ടീസുകൊടുക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ട്രേഡ് യൂണിയൻ രജിസ്റ്റർചെയ്യണമെന്നാവശ്യപ്പെടുന്ന ആളുകൾക്ക തീർച്ചയായിട്ടും ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ ആൾക്ക് അങ്ങിനെ നോട്ടീസ് അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിഞ്ഞുകൂടാ.

ലേബർ വെൽഫെയർ സെൻററുകൾ.

* ൧൮൨. [൪൦] ശ്രീ. ടി. കെ. ദിവാകരൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ലേബർഡിപ്പാർട്ടുമെൻറിൻെറ കീഴിൽ എത്ര ലേബർ വെൽഫെയർസെൻററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എവിടെയെല്ലാം;

(സി) ഈ സെൻററുകൾ കൂടുതൽ സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ൧൧൨൫-൨൬-ൽ എത്ര പുതിയ സെൻററുകൾ തുടങ്ങുന്നുണ്ട്;

(ഇ) ൧൧൨൪-൨൫-ൽ ഈ സെൻററുകൾക്കായി എത്ര രൂപ ചെലവായി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഈ സംസ്ഥാനത്തു മൂന്നു വെൽഫെയർ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കൊല്ലത്തും, മങ്കൊമ്പിലും, ആലുവായിലുമാണ്.

(സി) ഇപ്പോൾ കൂടുതൽ സെൻററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഒന്നും ഗവണ്മെൻറിൻെറ കയ്യിലില്ല.

(ഡി) സി-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ൧൱൨൭-൨൮-ൽ ഈ മൂന്നു സെന്ററുകൾക്കുംകൂടി ൩൦൮൮ രൂപ ൧൮ അണ ചെലവായിട്ടുണ്ട്.

ശ്രീ. കെ. കുമാരപിള്ള: ഈ സെൻററുകളിൽ നടത്തുന്ന പ്രവത്തനങ്ങൾ എന്തൊക്കെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു പ്രധാനമായി നടത്തുന്നതു തൊഴിലാളികൾക്കു വായിക്കുന്നതിനുള്ള വായനശാലകളാണ് ഇതിൽ തൊഴിലാളികൾക്കു ഹിന്ദിയിലും ഇംഗ്ലീഷിലും വിദ്യാഭ്യാസത്തിനും, വാദപ്രതിവാദങ്ങൾക്കും സൌകര്യമുണ്ട്. അങ്ങിനെയുള്ള ഏർപ്പാടുകളാണ് ഈ സെൻററുകളിൽ നടത്തുന്നതു്.

ശ്രീ. കെ. കുമാരപിള്ള: ഈ കാര്യം അവിടെ ശരിയായി നടത്തുന്നുണ്ടോ എന്നു ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും പരിശോധിക്കാറുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: പരിശോധിക്കാറുണ്ട്. അങ്ങിനെ ശരിയായി നടക്കുന്നില്ലെന്നു് ആക്ഷേപമുണ്ടായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: മുതലാളിയുടെ സഹകരണത്തോടുകൂടിയാണോ സംഘടന സ്ഥാപിച്ചു നടത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിൻെറ ലേബർ നയമനുസരിച്ചു ചെയ്തിട്ടുള്ളതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: മുതലാളിയുടെകയ്യിൽനിന്നു അതിലേയ്ക്കു കാൺട്രിബ്യൂഷൻ കിട്ടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയൊരു കാൺട്രിബ്യൂഷൻ കിട്ടുന്നില്ല. അതു കിട്ടുന്നുണ്ടെങ്കിൽ ബഡ്ജററിൽ കാണാമായിരുന്നു.

മിനിമംവേജസ്കമ്മിററി.

❋ ൧൮൩ [൪൧] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് ആക്ററിൻപ്രകാരം ൧൱൨൮ മാർച്ച് ൩൧-ാം തീയതിക്കകം മിനിമം വേജസ് കമ്മിററി ഏതെല്ലാം വ്യവസായങ്ങൾക്ക് സംഘടിപ്പിക്കേണ്ടിയിരുന്നു;

(ബി) ഇതിൽ ഏതെല്ലാം വ്യവസായങ്ങൾക്ക് മിനിമംവേജസ്കമ്മിററി സംഘടിപ്പിച്ചിട്ടുണ്ട്;

(സി) ഏതെല്ലാം കമ്മിററിയുടെ റിപ്പോർട്ട് ഏതു തീയതികളിൽ ഗവണ്മെൻറിനു ലഭിച്ചു;

(ഡി) മുനിസിപ്പൽ മിനിമം വേജസ് കമ്മിററിയുടേയും പ്ലാന്റേഷൻ മിനിമം വേജസ് കമ്മിററിയുടേയും റിപ്പോർട്ട് ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തു്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമംവേജസ് ആക്ടിൽ മിനിമംവേജസ് കമ്മിററികളുടെ രൂപീകരണത്തിനു് കാലപരിധി നിശ്ചയിക്കുകയോ കമ്മിററികളുടെ രൂപീകരണം നിർബന്ധമാക്കുകയോ ചെയ്തിട്ടില്ല;

(ബി) താഴെ പറയുന്നവയ്ക്കു് കമ്മിററികൾ സംഘടിപ്പിച്ചിട്ടുണ്ടു്.

1. Employment in Plantations.
2. Employment in Oil Mills.
3. Employment under Local authority (Municipalities and Village Panchayats)
4. Employment in public Motor Transport.
5. Employment in the manufacture of Coir.
6. Employment in Cashew Industry.

(സി) പ്ലാൻറേഷൻ കമ്മിററിയുടെമാത്രം റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു്. അതു ലഭിച്ചതു് ൧൱൨൭ മാർച്ചുമാസം ൧൧-ാംനു-യാണു്.

(ഡി) പ്ലാൻറേഷൻ കമ്മിററിയുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനു് ഒരു കമ്മിററി ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനു് ഒരു എൻക്വയറി കമ്മിററി ഇൻഡ്യാ ഗവണ്മെൻറിൻെറ സഹകരണത്തോടുകൂടി ഏർപ്പെടുത്തുകയും ആ കമ്മിററിയുടെ റിപ്പോർട്ടു കിട്ടുകയും ചെയ്തിട്ടുണ്ടു്. ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മിനിമം വേജസ് നിശ്ചയിച്ചു് ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും തൽപ്പരകക്ഷികളുടെ ആക്ഷേപങ്ങൾ കേൾക്കുകയുംചെയ്തു മിനിമംവേജസ് നിശ്ചയിക്കുവാനാണു ഗവണ്മെൻറുദ്ദേശിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരു കമ്മിററിയല്ലാ ഒരു എൻക്വയറിയാണു്. അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നു പറയുവാൻ നോട്ടീസുവേണം.

ശ്രീ. ടി. കെ. ദിവാകരൻ: അവർ സംസ്ഥാനത്തിൻെറ ഏതെല്ലാം പ്രദേശങ്ങളിലാണു് അന്വേഷണം നടത്തിയതു്?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിലുമായി പത്തുപന്ത്രണ്ടു സ്ഥലങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നാണു് എൻെറ ഓർമ്മ. മിനിമംവേജസ

[Shri Panampilli Govinda Menon.]

നിശ്ചയിക്കുന്നതിന് മിനിമംവേജസ് ആക്ടിൽ രണ്ടു വ്യവസ്ഥകളുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഒന്നാമത്ത് കമ്മിററിയെ നിശ്ചയിച്ച് ആ കമ്മിററിയുടെ റിപ്പോർട്ടുവരുത്തുകയോ അല്ലെങ്കിൽ ഗവണ്മെൻറിൻെറ കൈവശമുള്ള വസ്തുതകൾ ഉപയോഗിച്ചുകൊണ്ടു പ്രൊപ്പോസൽ ഉണ്ടാക്കുകയോ ചെയ്യുക. രണ്ടാമത്ത് അതിൽ തൽപ്പരകക്ഷികളുടെ ആക്ഷേപംകേട്ടു തീരുമാനമെടുക്കുക, ഈ രണ്ടു മാർഗ്ഗങ്ങളാണ് അവ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കയറിൻെറ കാര്യത്തിൽ മിനിമം വേജസ് കമ്മിററിയുടെ പ്രവർത്തനം അടുത്തകാലത്തു നിറുത്തിവച്ചിരുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ അടുത്തകാലത്തു നിറുത്തിവച്ചിരുന്നതായി ആക്ഷേപമുണ്ടായിരുന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ എൻക്വയറികമ്മിററി റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻക്വയറി റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: കർഷകതൊഴിലാളികളുടെ മിനിമം വേജസ് പരിമിതമായ ഒരു അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിൽ അതിൽ കുട്ടനാടൻ പ്രദേശങ്ങളുംകൂടി ഉൾപ്പെടുത്തിക്കൂടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉൾപ്പെടുത്തിയിരുന്നുവെന്നാണ് എൻെറ ഓർമ്മ. സൂക്ഷ്മമായി പറയുവാൻ സാദ്ധ്യമല്ല.

Cattle.

✱784. [42] **Shri K. Madhavan Unnithan**: Will the Minister for Agriculture be pleased to state:

(*a*) whether milch cows and agricultural cattle are adequate enough in the State to meet normal requirements; and

(*b*) are any steps being taken to improve the breeds of cattle on scientific lines?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) No. Milch cows and agricultural cattle are not enough to meet the requirements of the State.

(*b*) Yes. The following schemes have been taken up for improvement of cattle on scientific lines:—

1. Pilot Key Village Scheme.
2. Key Farm Centres.

ശ്രീ. കെ. മാധവനുണ്ണിത്താൻ: കുന്നത്തൂർ താലൂക്കിൽ ഗവണ്മെൻറവക സ്ഥലം വിട്ടുകൊടുക്കുന്നതിന് ഏതെങ്കിലും സ്കീമുകൾ ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

WRITTEN ANSWERS.

Political Parties.

✻ 785. **[38] Shri P. V. Avira Tharakan :** Will the Minister for Political and External Affairs be pleased to state :

whether the Government are receiving any financial or intellectual help from any foreign country to suppress any of the political parties in this State ?

Minister for Home Affairs **(Shri T. M. Varghese) :** No.

Stenographers in Travancore-Cochin State.

✻ 786. **[43] Shri Chengarappally P. Narayanan Potti :** Will the Chief Minister be pleased to state :

(*a*) the scale of of pay of Stenographers in this State ;

(*b*) how does the scale of pay of Stenographers in this State compare with that of Stenographers in Part A and other Part B States in India ?

Chief Minister **(Shri A. J. John) :**

(*a*) Rs. 45-5-120.

(*b*) The scale of Steno-typists in the Madras State is Rs. 51-3-75-2½-100. In Mysore, they get the scales of Rs. 75-200 and Rs. 45-100, while in Hyderabad, the scales are Rs. 150-225 and Rs. 200-375. The scales of pay of all officers in Mysore and Hyderabad are much higher than the scales of pay in Travancore-Cochin.

Five Year Plan.

✻ 787. **[46] Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) what are the main features of the Five Year Plan so far as Travancore-Cochin State is concerned;

(*b*) what are the main industries that are going to be started ;

(*c*) what improvements to agriculture ;

(*d*) what further schemes for the solutions of the problem of unemployment are going to be launched during the coming year in our State ?

Chief Minister (Shri A. J. John): (*a*) The Draft Five Year Plan of the State covers development schemes costing Rs. 2,606·90 lakhs under the following heads:—

I.	Agriculture	Rs. 545·10 lakhs.
	Veterinary and Animal Husbandry	2·50 „
	Forests	60·00 „
	Co-operation	8·00 „
	Fisheries	15·00 „
		Rs. 630·60 „
II.	Major irrigation and Power Projects	1,463·50 „
III.	Cottage industries	25·00 „
	Other industries	15·80 „
		40·80 „
IV.	Roads	150·00 „
	Road Transport	42·00 „
	Ports and Harbours	30·00 „
		222·00 „
V.	Education	20·00 „
	Medicine and Public Health	170·00 „
	Amelioration of Backward Classes	60·00 „
		250·00 „
		2,606·90 „

(*b*) The allotment of Rs. 40·80 lakhs for industries is for:

(*i*)	Cottage industries	Rs. 25·00 lakhs.
(*ii*)	Other industries as indicated below:	
1.	Installation of an Electric double tunnel Kiln in the Ceramic Factory	Rs. 15·00 „
2.	Essential oil Pilot plant operations	Rs. 0·80 „

(*c*) The following improvements are contemplated:—

Education and training in agriculture.
Research on soil etc.
Land development and reclamation.
Minor irrigation.
Manures and fertilisers—supply of.
Seed Schemes.
Provision of implements.

(*d*) Broadly speaking, expansion of agriculture and development of industries are the two chief means of solving the problem of unemployment. Provision has been made for industries to the extent of Rs. 67,00,000 in the budget for the current year. Major irrigation works, power project, etc., are other schemes for development of agriculture and industries and consequent relief of unemployment.

ഹരിജൻ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* ൧൭൭. [൪൭] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കേരള ഹരിജൻ സേവാസംഘത്തിന്റെ മാനേജ്മെന്റിൽ നടത്തുന്ന ഹരിജൻ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് നൽകുന്ന ശമ്പളം എത്ര രൂപയാണ്;

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് മററു ഗ്രാൻറു സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു നൽകുന്ന ശമ്പളനിരക്ക് അനുവദിച്ചു കിട്ടണമെന്ന് കാണിച്ചു ഗവണ്മെൻറിനു അപേക്ഷ കിട്ടിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ൫ രൂപ സാലറി ഗ്രാൻറും ൫ രൂപ ക്ഷാമപ്പടിയും.

(ബി) ഇല്ല.

നാളികേര ഗവേഷണകേന്ദ്രം.

* ൧൭൮. [൪൮] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) നാളികേര ഗവേഷണ ഇൻസ്റ്റിററ്യൂട്ടിന്റെ ആവശ്യത്തിലേക്കു തൊടുപുഴ താലൂക്കിൽനിന്നും ഏതെങ്കിലും നാളികേരത്തോപ്പുകൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു വ്യവസ്ഥയിൽ എടുത്തിരിക്കുന്നു;

(ബി) അപ്രകാരം എടുത്തിട്ടുള്ള സ്ഥലം എത്ര ഏക്കർ വരും; അതു് ആരുടെ വകയാണ്;

(സി) തൊടുപുഴയുള്ള കേന്ദ്രത്തിനു പ്രതിവർഷം എന്തു ചിലവു വരും?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്.

ജന്മിയും ഗവണ്മെൻറും പരസ്പരം സമ്മതിച്ചിട്ടുള്ള ഒരു ഉടമ്പടിപ്രകാരമാണു നാളികേരത്തോപ്പ് എടുത്തിട്ടുള്ളതു്. ഉടമ്പടിപ്രകാരം ഗവണ്മെൻറിന് ആ വസ്തുവിൽ ഗവേഷണം നടത്തുവാൻ പരിപൂർണ്ണ അധികാരമുണ്ട്. വസ്തുക്കളിലെ വിളവിന്റെ അവകാശം ജന്മിക്കാകുന്നു. എന്നാൽ ജന്മിയുടെ സാന്നിദ്ധ്യത്തിൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ വിളവെടുപ്പിച്ച് ഏൽപ്പിക്കേണ്ടതാണ്.

(ബി) ൩൯·൨൫ ഏക്കർ മലങ്കര റബ്ബർ പ്രൊഡ്യൂസ് കമ്പനിക്കാരുടെ വകയാകുന്നു.

(സി) ൯,൧൦൦ രൂപ.

നിരോധന സർക്കുലർ.

❋ ൧൯൦. [൫൦] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെന്റിൽ നിന്നും അനുവദിച്ചിരിക്കുന്ന ഗ്രാന്റിന്റെ പ്രയോജനം ലഭിക്കുന്ന യാതൊരു ഗ്രന്ഥശാലകളും മാർക്സിസത്തെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും മാസികകളും വരുത്തരുതെന്ന ഒരു സർക്കുലർ എല്ലാ ഗ്രന്ഥശാലകൾക്കും അയക്കണമെന്നു മുഖ്യമന്ത്രി ഗ്രന്ഥശാലാസംഘം സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

സർക്കുലർ അയക്കണമെന്നു ആവശ്യപ്പെട്ടിട്ടില്ല. കമ്മ്യൂണിസം പ്രചരിക്കുന്നതിനു വളരെ സഹായം ചെയ്യുന്ന ഗ്രന്ഥങ്ങളും മാസികകളും ഗവണ്മെന്റ് നൽകുന്ന ഗ്രാന്റുപയോഗിച്ച് വാങ്ങുന്നതു ശരിയല്ലെന്നു ലൈബ്രറി പ്രവർത്തകന്മാരെ അറിയിച്ചിട്ടുണ്ട്.

സംഘം സർക്കുലർ അയച്ചിട്ടില്ലെന്നാണ് അറിയുന്നത്.

ഭക്ഷ്യധാന്യസംഭരണോദ്യോഗസ്ഥന്മാർ.

❋ ൧൯൧. [൫൧] ശ്രീ. ടി. എം. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ഡിപ്പാർട്ടുമെന്റിലെ ഭക്ഷ്യധാന്യസംഭരണ ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ഈ വിധത്തിൽ കുറവുചെയ്യാൻ ഉദ്ദേശിക്കുന്നു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

പത്രവാർത്ത.

❋ ൧൯൨. [൫൨] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

യൂറോപ്യന്മാർക്ക് കമ്പിയില്ലാക്കമ്പി സെററ കൈവശം വച്ചുകൊണ്ടിരിക്കാൻ അനുവാദം ഉണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

ലൈസൻസുകൂടാതെ വച്ചുകൊണ്ടിരിക്കാൻ അനുവാദമില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി.

*൧൯൩. [൭൩] ഡാക്ടർ എൻ. എസ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി ദയവായി ഉത്തരം പറയാമോ:

സ്കൂൾ തുറന്ന് എത്രകാലം കഴിഞ്ഞതിനുശേഷമാണ് പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കിയത്; ഇപ്പോൾതന്നെ എല്ലാ പാഠപുസ്തകങ്ങളുടെയും അച്ചടി പൂർത്തിയാക്കി വില്പന തുടങ്ങിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

സ്കൂൾ തുറന്നപ്പോൾതന്നെ അത്യാവശ്യമുള്ള എല്ലാ പുസ്തകങ്ങളുടെയും പ്രതികൾ അച്ചടിച്ചു വില്പനയ്ക്കു തയ്യാറാക്കിയിരുന്നു. ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തുന്ന ൧൪൩ പുസ്തകങ്ങളിൽ കണക്കു തുടങ്ങിയുള്ള വിഷയങ്ങളിൽ ഏഴു പുസ്തകങ്ങൾ മാത്രമേ അച്ചടി പൂർത്തിയാകാൻ അല്പം താമസം നേരിട്ടുള്ളു. അവയും ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കും.

പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ്.

*൧൯൪. [൭൪] ഡാക്ടർ എൻ. എസ്. പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി പറയുമോ:

൧൯൫൬-൫൭ സ്കൂൾ വർഷത്തേക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾ (നോൺഡിടെയിൽഡ്) തിരഞ്ഞെടുക്കുന്ന വ്യവസ്ഥകൾ കാണിച്ച് ൧൯൫൫ സെപ്ടംബർ ൧൩-ാം തീയതിയിലെ ഒരു ഗവണ്മെന്റ് പ്രൊസീഡിംഗ്സ് ഗസററിൽ പ്രസിദ്ധം ചെയ്തിരുന്നോ; ആ പ്രൊസീഡിംഗ്സ് അനുസരിച്ചാണോ ഈ സ്കൂൾ വർഷത്തെ പാഠപുസ്തകങ്ങൾ എല്ലാം തിരഞ്ഞെടുത്തിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ചെയ്തിരുന്നു. അതെ.

പാഠപുസ്തകങ്ങൾ തിരഞ്ഞെടുത്തത്.

*൧൯൫. [൭൫] ഡാക്ടർ എൻ. എസ്. പിള്ള: താഴെപറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

൧-൯-൧൯൫൫-ലെ ഇ. ഡി. ൩-൨൭൨൭൧ ഇ. എച്ച് എൽ-ാം നമ്പർ ജി. പി. അനുസരിച്ചാണോ ൧൯൫൫ നവംബർ ൫-ാം വിദ്യാഭ്യാസ ഡയറക്ടർ ഗ്രന്ഥകാരന്മാരോടും പ്രസാധകന്മാരോടും രൂ ൧൫ സ്ക്രൂട്ടിനിഫീസും പുസ്തകമൊന്നിനു വസൂലാക്കിയിട്ട് ടെക്സ്റ്റ് ബുക്ക് കമ്മററിയ്ക്കു പുസ്തകങ്ങൾ സമർപ്പിക്കാൻ ക്ഷണിക്കപ്പെട്ടിരുന്നത്. ടെക്സ്റ്റ് ബുക്ക് കമ്മററി അംഗീകരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഗവണ്മെന്റ് ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): അതേ. ഈ സ്കൂൾവർഷത്തിലെയ്ക്കു് ഗവൺമെൻറു് അംഗീകരിച്ചിട്ടുള്ളതും ഓരോ ക്ലാസുകളുടെയും ഉപയോഗത്തിന് നിശ്ചയിച്ചിട്ടുള്ളതുമായ പാഠപുസ്തകങ്ങളുടെ ലിസ്റ്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ക്ലാസ്സുപയോഗത്തിനും ലൈബ്രറികളുടെ ഉപയോഗത്തിനും കൊള്ളാമെന്നു് അംഗീകരിച്ച മററു പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു. അതു് താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.

എൻ. ജി. ഓ. മാരുടെ ശമ്പളം.

❋ ൧൯൩. [൭൩] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൨ മുതൽ കൊച്ചിയിൽ ഒരു ശമ്പളപരിഷ്കരണം നടപ്പാക്കിട്ടുണ്ടോ;

(ബി) തിരുവിതാംകൂറിൽ ൧൦൯൧-നു ശേഷം കാര്യമായ സർവ്വീസ് പരിഷ്കരണം സംയോജനത്തിനു് മുമ്പ് നടത്തിയിട്ടുണ്ടോ;

(സി) ൧൧൨൪-ൽ തിരുവിതാംകൂറിലുള്ള എൻ. ജി. ഓ. മാരുടെ ഇനംതിരിച്ചുള്ള ശമ്പളസ്കെയിൽ എന്തായിരുന്നു;

(ഡി) ൧൧൨൪-ൽ കൊച്ചിൻ സർവ്വീസിലുണ്ടായിരുന്ന എൻ. ജി. ഓ. മാരുടെ ശമ്പളസ്കെയിൽ എന്തായിരുന്നു;

(ഇ) സംയോജനത്തിനു് തൊട്ടുമുമ്പു് കൂടുതൽ ഉദ്യോഗങ്ങളും ഉയർന്നശമ്പളസ്കെയിലും കൊച്ചിയിൽ നടപ്പാക്കിയിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ൧൧൧൦-ൽ ശമ്പളക്രമീകരണവും ൧൧൧൯-ൽ ശമ്പളപരിഷ്കാരവും നടത്തിട്ടുണ്ട്.

(സി) ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട്. *

(ഡി) ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട് *

(ഇ) നടപ്പാക്കിയിരുന്നു.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.

❋ ൧൯൧. [൭൧] ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു- കൊച്ചിയിൽ തൊഴിലില്ലാത്ത എത്ര അഭ്യസ്തവിദ്യരായ യുവാക്കളുണ്ട്;

(ബി) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ഗവൺമെൻറു് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാം?

* Please see Appendix III

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇതിന്റെ സ്ഥിതി വിവരക്കണക്കുകൾ ഗവണ്മെന്റ് കൈവശം ഇല്ല.

(ബി) ഉണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം അവരുടെ തൊഴിലില്ലായ്മയെ കഴിവുള്ളിടത്തോളം പരിഹരിക്കുന്നുണ്ട്. ഗവണ്മെന്റ തുടങ്ങീട്ടുള്ള പല പദ്ധതികൾ മുഖാന്തിരവും തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നുണ്ട്.

പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ.

* ൧൮൮. [൭൮] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ കൊച്ചി ഗവണ്മെന്റ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ എന്ന പേരിൽ ഒരു സംഘടനയെ ഗവണ്മെന്റ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ആ സംഘടനയെ അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) അംഗീകരിക്കാതിരിപ്പാൻ വല്ല കാരണവുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) and (സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസുദ്യോഗസ്ഥന്മാരുടെ അവശത.

* ൧൮൯. [൭൯] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുഡിപ്പാർട്ടുമെന്റിലെ താണ ജീവനക്കാർക്കും അവരവരുടെ സ്വദേശത്തിനടുത്തു ഉദ്യോഗം നൽകാതിരിക്കുന്നതെന്തു്;

(ബി) വിദൂരങ്ങളിൽ ജോലി നോക്കേണ്ടിവരുന്നതിനാൽ തുച്ഛ ശമ്പളക്കാരായ പോലീസുകാർ അനുഭവിക്കുന്ന ദുരിതങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) പോലീസു ആർഡർ ൬൭ ഇത്തരം നിയമനങ്ങൾ നിഷേധിക്കുന്നു.

(ബി) ഈ വിഷമത എല്ലാ കീഴ്ജീവനക്കാരേയും ബാധിക്കുന്നതാകയാൽ പോലീസുകാർക്കുമാത്രം ഒരു പ്രത്യേകത കാണിക്കുന്നതു് ഉചിതമായിരിക്കുകയില്ല.

വിദ്യാഭ്യാസസൗജന്യങ്ങൾ.

* ൮൦൦. [൩൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വാത്തി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുമ്പ് അനുവദിച്ചിരുന്ന വിദ്യാഭ്യാസ സൗജന്യങ്ങൾ ഈ കൊല്ലം മുതൽ നിറുത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ നിറുത്തലാക്കാനുള്ള കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ബ്രൂക്കബാണ്ട് (ഇൻഡ്യാ) ലിമിറ്റഡ് കമ്പനി.

* ൮൦൧. [൩൧] ശ്രീ. സി. അച്ചുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രൂക്കബോണ്ട് ഇൻഡ്യാലിമിറ്റഡ് എന്ന കമ്പനിയെ Shops and Establishments Act സെക്ഷൻ ൧൪ (൧), സെക്ഷൻ ൧൫ എന്നീവകുപ്പുകളിൽ നിന്നു ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽഒഴിവാക്കാനുള്ള കാരണമെന്ത്;

(സി) ജോലി സമയ ക്ലിപ്തത്തെയും ഓവർടൈം അലവൻസിനെയും സംബന്ധിച്ച നിയമങ്ങൾ കമ്പനി ശരിക്ക് പാലിക്കുന്നില്ലെന്നു സെയിൽസ്മാൻമാരിൽനിന്നും മററ എംപ്ലോയീസിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു് നടപടി നടത്തി?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ചില വ്യവസ്ഥകളിന്മേൽ ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിയിലെ ജോലിക്കാരുടെ ജോലിസ്വഭാവത്തെ പരിഗണിച്ച്.

(സി) ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ഡി) അവയെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

தமிழ் ஹரிஜனங்களுக்கு போலீஸ் இலாகாவில் உத்தியோகம்.

*802 (62) ஸ்ரீ. கணபதி: கீழ்காணும் கேள்விக்கு கனம் போலீஸ் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

எத்தனை தமிழ் ஹரிஜனங்கள் போலீஸ் இன்ஸ்பெக்டர் உத்தியோகத்தில் இருக்கிறார்கள்?

உள்நாட்டு இலாகா - மந்திரி (ஸ்ரீ. டி. எம். வர்கீஸ்:) ஒருவரும் இல்லை.

ഗ്രോമോർ ഫുഡ് കാംപെയിൻ.

*൮൦൩. [൬൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രോമോർഫുഡ് കാംപെയിന്റെ ആവശ്യത്തിലേക്ക് കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിൽ യഥാക്രമം എത്ര ചെലവുചെയ്തിട്ടുണ്ട്;

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

൧൯൪൯-൫൦,	൩൯.൫൬	ലക്ഷം രൂപ.
൧൯൫൦-൫൧,	൬൩.൦൪	,,
൧൯൫൧-൫൨,	൫൧.൮൬	,,

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷ.

*൮൦൪. [൬൪] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൧-ൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷയിൽ എത്ര പേർ പാസ്സായി;

(ബി) പാസ്സായവരിൽ എത്ര പേർക്ക് ഉദ്യോഗം കൊടുത്തു;

(സി) ഉദ്യോഗം കിട്ടിയവരിൽ കൊച്ചി വിഭാഗത്തിൽപ്പെട്ടവർ എത്ര;

(ഡി) ൧൯൫൨-മാർച്ചിലെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷയ്ക്ക് എത്ര ആളുകൾ എഴുതി;

(ഇ) എത്ര പേർ പാസ്സായി?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ) ൧൯൫൧ സെപ്റ്റംബറിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ തെരഞ്ഞെടുപ്പു പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തീട്ടില്ല.

(ബി) ഏയുടെ ഉത്തരംകൊണ്ട് ഇതു് ഉദിക്കുന്നില്ല.

(സി) ഏയുടെ ഉത്തരംകൊണ്ട് ഇതു് ഉദിക്കുന്നില്ല.

(ഡി) ൧൯൫൨-ൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുപ്പു പരീക്ഷയൊന്നും നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെന്റ് പരീക്ഷകളാണ് നടത്തിയതു്.

(ഇ) ഇവയുടെ ഫലം ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

School Teachers.

✻805 (69) **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) whether the Government intend to ameliorate the conditions of the Primary, Middle and High School teachers;

(*b*) if so what measures do the Government propose to take?

Chief Minister **(Shri A. J. John)**: (*a*) Yes.

(*b*) Suitable measures have been taken.

Paddy.

✻806. (70) **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) in what short period varieties in paddy seed are distributed through the Agriculture Department;

(*b*) are these species developed in our State Farms, or are they developed by private cultivators;

(*c*) if by the former, which are the farms;

(*d*) if by the latter, what steps are taken to preserve the purity of the species;

(*e*) what are the species that are imported;

(*f*) of these, which is the best;

(*g*) did the Government receive and try the Chinese variety, if so, what are the results?

Chief Minister **(Shri A. J. John)**: (*a*) The paddy strains distributed by the Agricultural Department are Cochin 1, MO. 1, MO. 2, Adr. varieties, PTB. 10, CO2. and ASD5.

(*b*) Cochin 1, MO1. MO2, and ADr varieties have been developed in State Farms. PTB. 10, CO2, and ASD5 varieties are imported strains. There is no variety developed by Private cultivators.

(*c*) Cochin 1 was developed in the Government Central Farm, Ollukara, MO1, MO2 at the paddy breeding Station, Monkompu and the ADr varieties at the paddy breeding station, Adoor.

(*d*) Does not arise in view of answer to (*b*).

(*e*) PTB10, CO2, ASD5, Adr and also Chinese and Russian types.

(*f*) A definite answer cannot be given since each variety thrives well in certain localities.

(*g*) The Agriculture Department has tried the Chinese varieties. They are not found to do well in the plains and low lying areas. They have yet to be tried in the higher altitudes.

പകർപ്പുകൾ.

*൨൦൧. [൧൨] ശ്രീ. ഒ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ കോർട്ടിലും ക്രിമിനൽ കോർട്ടിലും പകർപ്പെഴുത്തു ഗുമസ്തന്മാരെ നിയമിക്കുന്നതാരാണ്;

(ബി) ശരിയായി വായിക്കത്തക്കവിധത്തിൽ ആണോ, പകർപ്പുകൾ കൊടുക്കുന്നതെന്നു പരിശോധിക്കുന്നതിനു ഇപ്പോൾ വല്ല ഏർപ്പാടും ഉണ്ടോ; ഏർപ്പാടു ചെയ്യുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) കൊച്ചിപ്രദേശത്തുള്ള കോടതികളിൽ അതാതു കോടതികളിലെ പ്രിസൈഡിങ്ങ് ആഫീസർമാർ പബ്ലിക്ക് സർവീസ് കമ്മീഷൻ തയ്യാറാക്കികൊടുക്കുന്ന ലിസ്റ്റിൽനിന്നും പകർപ്പ് ഗുമസ്തന്മാരെ നിയമിക്കുന്നു. തിരുവിതാംകൂർ പ്രദേശത്ത് അപ്രകാരമുള്ള ലിസ്റ്റിൽനിന്നു ഹൈക്കോടതി നിയമനം നടത്തുന്നു.

(ബി) പകർപ്പുകൾ അസ്സൽ കോപ്പിയായി എക്സാമിനർ ഒത്തുനോക്കുന്നു, ശരിയായി വായിക്കത്തക്ക വിധത്തിൽ അല്ലെങ്കിൽ ആ വസ്തുത എക്സാമിനർ പ്രിസൈഡിങ്ങ് ആഫീസരുടെ ശ്രദ്ധയിൽ കൊണ്ടുചെല്ലേണ്ടതാണ്.

ടെക്സ്റ്റ്ബുക്ക് അച്ചടി.

*൨൦൨. [൧൩] ശ്രീ. കെ. ജെ. താമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇക്കൊല്ലത്തെ ടെക്സ്റ്റ് ബുക്കുകൾ മുഴുവൻ ഗവണ്മെന്റ് പ്രസ്സിൽ തന്നെയാണോ അച്ചടിപ്പിച്ചത്;

(ബി) അല്ലെങ്കിൽ പിന്നെ ഏതെല്ലാം പ്രസ്സുകളിലാണ് അവ അടിപ്പിച്ചിട്ടുള്ളത്;

(സി) ടെൻഡർ വിളിച്ചാണോ ഈ പ്രസ്സുകൾക്ക് പ്രസ്തുത ജോലി കൊടുത്തത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) അല്ല.

(ബി) പ്രസ്സുകളുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. †

(സി) അതെ.

സർവ്വകലാശാല നിയമം.

*൨൦൩. [൧൪] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ സർവ്വകലാശാല നിയമം പരിഷ്കരിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടോ;

† Please see Appendix IV.

(ബി) ആരെല്ലാമാണതിലെ അംഗങ്ങൾ; അവരെ എന്തടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു;

(സി) അവർക്കെന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതു്; എന്നാണവർ റിപ്പോർട്ട് സമർപ്പിക്കേണ്ടതു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഇല്ല.

(ബി & സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

വയോജന വിദ്യാഭ്യാസ പരിശീലനം.

* വ. എ. ൧. [൧൪] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പട്ടം വയോജന വിദ്യാഭ്യാസ പരിശീലനകേന്ദ്രത്തിൽ കൂടിൽ വ്യവസായപരമായി എന്തെല്ലാം പരിശീലനങ്ങൾ നൽകുന്നുണ്ട്;

(ബി) പരിശീലനാദ്ധ്യാപകൻ ആരാണ്; വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ അദ്ദേഹത്തിനുള്ള യോഗ്യതകൾ എന്തെല്ലാം; ശമ്പളമെന്തു്; നിയമനം സർവീസ് കമ്മീഷനാണോ നടത്തിയതു്;

(സി) സംസ്ഥാനത്തിൽ ഒരു വയോജന വിദ്യാഭ്യാസ ബോർഡു് സ്ഥാപിച്ചിട്ടുണ്ടോ; അംഗങ്ങൾ ആരെല്ലാം; അവരെ എന്തടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിട്ടുള്ളതു്; അവർക്ക് പ്രത്യേക അലവൻസുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നൂൽനൂൽപ്പ്, നെയ്ത്തു്, നാടനെയ്ത്തു്, പുൽപ്പായനെയ്ത്തു്, സോപ്പുനിർമ്മാണം, തേനീച്ചവളർത്തൽ, കോഴിവളർത്തൽ, അടയ്ക്കതോട്ടനിർമ്മാണം, കുട്ടവളനിർമ്മാണം.

(ബി) പി. രാഘവൻനായർ, മാർത്താണ്ഡം വൈ. എം. സി. എ.-യിൽ വിജയകരമായ പരിശീനവും, പത്തു കൊല്ലത്തെ പ്രവർത്തനപരിചയവും, പേരൂർക്കട കുടിൽവ്യവസായ സഹകരണസംഘത്തിൽ കുടിൽവ്യവസായാദ്ധ്യാപകനായി രണ്ടുകൊല്ലത്തെ പരിചയവും കവിഡിയർ എമ്പയർ നെയ്ത്തുശാലയിൽ നെയ്ത്തു മാസ്റ്ററായി രണ്ടു കൊല്ലത്തെ പരിചയം.

൩൦ രൂപാ.

അല്ലാ.

(സി) ഉണ്ടു്.

വിദ്യാഭ്യാസ ഡയറക്ടർ,
പഞ്ചായത്തു ഡയറക്ടർ,
പിന്നോക്കസമുദായ കമ്മീഷണർ,
ഗവൺമെൻറ് സെക്രട്ടറി, വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ്,
ശ്രീ. സി. നാരായണപിള്ള,
ശ്രീ. എ. പി. ഉദയഭാനു,

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി,
ശ്രീ. പി. എൻ. പണിക്കർ,
എസ്. ശിവൻപിള്ള,
മിസ്സിസ്. എ. സ്. കെ. ജോർജ്ജ്,
ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി.

സാമൂഹ്യപ്രവർത്തനങ്ങളിലുള്ള കഴിവും താല്പര്യവും ആസ്പദമാക്കിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അവർക്ക് ദിനബത്തയും സഞ്ചാരപ്പടിയുമൊഴിച്ച് അലവൻസ് ഒന്നുമില്ല.

സംസ്കൃതപ്രൊഫസർ.

✻ ൧ ൮ ൮. [൧ ൩] ശ്രീ. ഡി. ൻ. രാജഗോപാലൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ ;

യൂണിവേഴ്സിററി കാളേജിലെ സംസ്കൃത പ്രൊഫസർ ഉദ്യോഗം നിറുത്തലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ആ കാര്യം ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

പ്രമോഷനം സസ്പെൻഷനം.

✻ ൧ ൮ ൯. [൧ ൧] ശ്രീ. രാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ :

പ്രമോഷനം സസ്പെഷനം സംബന്ധിച്ച് ൩. മാസത്തിൽ കൂടുതൽ പഴക്കമുള്ള എത്ര കേസുകൾ ഉപദേശം നല്കേണ്ടതായി പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ കൈവശമുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഒന്നുമില്ല.

മരച്ചീനി കമ്മിററി.

✻ ൧ ൯ ൦. [൭ ൻ] ശ്രീ. കെ. ജെ. താമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഗവണ്മെൻറിൽ നിന്നും ഒരു 'ടാപ്പിയോക്കാ' എൻക്വയറി കമ്മിററിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചത്; ആ കമ്മിററിയുടെ terms of reference എന്തൊക്കെയായിരുന്നു;

(സി) പ്രസ്തുതകമ്മിററി ഒരു ഇൻററിം റിപ്പോർട്ട ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ?

ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പറമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ൧൧൨൭ ചിങ്ങം ൨൯-ലെ കമ്മിററിയുടെ terms of reference താഴെപറയുന്നവയാണ്.

(൧) ഈ സംസ്ഥാനത്തെ ഭക്ഷ്യാവശ്യം കഴിഞ്ഞു് കൂടുതൽ മരച്ചീനി ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടോ?

(൨) ഇവിടെ ഉൽപാദിപ്പിക്കുന്ന മരച്ചീനിക്കു് കൃഷിക്കാൎക്കു ന്യായമായ വില കിട്ടുന്നുണ്ടോ?

(൩) ഇല്ലെങ്കിൽ ന്യായമായ വില എന്താണ്?

(൪) കൂടുതൽ ഉൽപാദനമുണ്ടെങ്കിൽ മിച്ചമുള്ളതിനെ എങ്ങിനെ ചിലവഴിക്കാം?

(൫) കൂടുതൽ ഉൽപാദനമില്ലെങ്കിൽ ഉൽപാദനം കൂട്ടുന്നതെങ്ങിനെ?

(൬) ഈ അന്വേഷണം സംബന്ധിച്ചോ അതിൽനിന്നുളവാകുന്നതോ ആയ മററു കാൎയ്യങ്ങൾ.

(സി) ഉണ്ട്; ഒരു പ്രതി മേശപ്പുറത്തുവച്ചിട്ടുണ്ട്. *

കപ്പയുടെ കയററുമതി നിരോധനം.

* ൮൭൪. [൪൨] ശ്രീ. കെ. ജെ. തോമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാൎയ്യവകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ :

(എ) കപ്പയുടെ കയററുമതി നിരോധനം ഗവണ്മെൻറിൽ നിന്നും നീക്കം ചെയ്യുകയുണ്ടായോ ; ഉണ്ടെങ്കിൽ അതു് എന്നായിരുന്നു;

(ബി) വീണ്ടും പ്രസ്തുത നിരോധനം ഏർപ്പെടുത്തുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നു്;

(സി) അങ്ങിനെ വീണ്ടും നിരോധനം ഏർപ്പെടുത്തുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണമെന്തു്?

ധനകാൎയ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പറമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടായി. ൧൧൨൭ ഏപ്രിൽ ൧൦-ാംനു.

(ബി) ഉണ്ടായി. ൧൧൨൭ ജൂൺ ൧-ാംനു.

(സി) സാധാരണയായി മിഥുനം, കൎക്കടകം എന്നീമാസങ്ങളിൽ ഭക്ഷ്യനില രാജ്യത്തു് അതൃപ്തികരമാണ്. ഈ സമയത്തു് സംസ്ഥാനത്തുള്ള മരച്ചീനി മുഴുവനും ഇവിടത്തെ ഉപയോഗത്തിനു് സംഭരിക്കുന്നതു ഉചിതമായിരിക്കുമെന്നു് ഗവണ്മെൻറിനു് തോന്നിയതുകൊണ്ടാണു് നിരോധനം വീണ്ടും ഏർപ്പെടുത്തിയതു്.

---

* Please see Appendix V.

കൃഷിത്തോട്ടങ്ങൾ.

*൮൧൫. [൮൧] ശ്രീ. ഏ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കാർഷികാഭിവൃദ്ധിക്കായി ഗവണ്മെൻറ് മാതൃകാ കൃഷിത്തോട്ടങ്ങളും അഗ്രികൾച്ചറൽ സ്കൂളും നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാം;

(സി) കോന്നിയിൽ സ്കൂൾ നിറുത്താനും, തോട്ടത്തിൻെറ പ്രവർത്തനം നിറുത്താനും കാരണമെന്താണ്;

(ഡി) കോന്നിയിലെ സ്കൂൾ കെട്ടിടങ്ങളും, ഹോസ്റ്റൽ കെട്ടിടങ്ങളും അനാഥമായി നശിച്ചുപോകുന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇല്ല. എന്നാൽ കൃഷിഡിപ്പാർട്ടുമെൻറിൻെറ കീഴിൽ 'എക്സ്പെരിമെൻറൽ തോട്ടങ്ങൾ' ഉണ്ട്.

(ബി) എക്സ്പെരിമെൻറൽ തോട്ടങ്ങൾ താഴെ പറയുന്നവയാണ്.

(൧) പഴത്തോട്ടം, നെല്ലിയാമ്പതി.
(൨) സക്കാർതോട്ടം, ഒല്ലുക്കര.
(൩) നെൽകൃഷിത്തോട്ടം, ആലുവാ.
(൪) ,, അടൂർ.
(൫) ,, മങ്കൊമ്പ്.
(൬) ,, നാഗർകോവിൽ.
(൭) സക്കാർതോട്ടം, പുളിയറ.
(൮) മലക്കറിതോട്ടം, ചെങ്കോട്ട.
(൯) സക്കാർതോട്ടം, പേച്ചിപ്പാറ.
(൧൦) പഴത്തോട്ടം, കന്യാകുമാരി.

(സി) വ്യയന്യൂനീകരണാർത്ഥം ഇവ നിർത്തൽ ചെയ്തു. പക്ഷേ തോട്ടത്തിൻെറ ഒരു ഭാഗം ഗ്രാമ്യവ് ഗവേഷണകേന്ദ്രമായി ഉപയോഗിക്കുന്നു.

(ഡി) ഇല്ല. സ്കൂൾകെട്ടിടം അനാഥമായിനശിച്ചു പോകാതെ സൂക്ഷിക്കുന്നുണ്ട്.

Iron Rods and Galvanised sheets.

*816 [82] Shri M. Gopalan Nair: Will the Minister for Finance be pleased to state:

(a) whether 10 tons of ½ inch iron rods and 10 tons of galvanised sheets have been allotted to Mather Stores in June 1952 out of the iron quota set apart for agricultural purposes for the year 1952-53; and

(b) what is the balance available for distribution on July 1st 1952?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** (*a*) No, Only 6 tons of ½" iron rods and 3 tons of galvanised sheets were issued to them in June 1952. The materials were issued for the manufacture of agricultural appliances.

(*b*) 48 tons of ½" Rods and 20 tons of galvanised sheets. The balance including all categories is 128 tons 11 cwts and 56 lbs.

UNSTARRED QUESTIONS

Revised Estimates

198 [1] Shri P. S. Nataraja Pillai: Will the Minister for Finance be pleased to state the details for Rs. 1,35,00,000 shown as Revenue under Revised Estimates 51-52 in (4) "other items" under Budget Heads XLVI—Miscellaneous (Vide page 23 Detailed Budget Estimates of Revenue 1952-53)?

Answer

The Revised Estimate of Revenue for 1951-52 under the head "XLVI—Miscellaneous 4. Other items" has been fixed at Rs. 1,35,00,000 taking into account the receipt during the year of amounts due from the Government of India by way of the State's share of match duty etc., which could not be taken cognisance of at the time of the preparation of the Budget Estimates as their realisation was mainly conditioned by the Federal Financial Integration Agreement, the details of which were finalised only during the course of the year. As explained in the Budget Memorandum (Vide page 44), the Details for Rs. 1,35,00,000 shown as revenue as per Revised Estimate for 1951-52 under this head are as follows:—

	Rs.
(i) States share of Match Duty for 1948-49 and 1949-50 adjusted during the year ..	21,88,000
(ii) Dues under the Cochin Harbour Agreement for 1948-49 and 1949-50 received during the year ..	91,00,000
(iii) Approximate earnings for the half-year ending September 1947 from the Shornur-Cochin Railway received during the year ..	4,56,000
(iv) State's share of excise duty on betel nuts, tea and coffee adjusted during the year ..	10,23,000
(v) Other miscellaneous items of revenue such as receipts under Weights and Measures Act, surplus of District Cattle Pound Fund, etc., etc. ..	7,33,000
Total	Rs. 1,35,00,000

പ്രൈമറിസ്കൂളും, സെക്കൻററിസ്കൂളും.

൧൯൯. [൨] ശ്രീ എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ നീലംപേരൂർ പകുതിയിൽ വാലടികരയിൽ ഒരു പ്രൈമറിസ്കൂളും, സെക്കൻററിസ്കൂളും സ്ഥാപിച്ചുകിട്ടുന്നതിനു നാട്ടുകാർ എന്തെങ്കിലും നിവേദനം ഗവണ്മെൻറിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്;

(സി) വാലടികരയിൽ നിന്നും അടുത്തുള്ള സ്കൂളുകളിലേക്ക് കുഞ്ഞുങ്ങൾ രണ്ടു് മൂന്നു് മൈൽ വീതം വള്ളത്തിൽ സഞ്ചരിക്കണമെന്നുള്ളതു് പരമാർത്ഥമാണോ?

ഉത്തരം.

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അല്ല. അര മൈലിനുള്ളിൽ വേറെ രണ്ടു മിഡിൽ സ്കൂളുകൾ ഉണ്ടു്.

Complaints against District Collector, Trivandrum.

200. [3] Shri C. Sankar: (*a*) Is it a fact that some complaints of a very serious nature have been levelled by Sri P. R. C. Ramaswami Nadar, Ex-M. L. A., of Nagercoil against Sri Ramanuja Aiyangar, District Collector, Trivandrum;

(*b*) if so, what are the complaints made and the date of the same ;

(*c*) whether the Government had taken any steps to institute an enquiry into the complaints;

(*d*) if so, what steps were taken and the result thereof; and

(*e*) if not, why?

Answer.

(*a*) A complaint petition was received from Sri P. R. C. Ramaswami Nadar, Ex-M. L. A., containing certain allegations against Sri Ramanuja Aiyangar, District Collector, Trivandrum.

(*b*) The complaint dated 16-12-51 alleges that Sri Ramanuja Aiyangar interfered in a car transaction, unlawfully detained the petitioner in the Fort Police Station on 6-12-51 abused & criminally intimidated him.

(*c*) Yes.

(*d*) Confidential enquiries were made and the allegations were found incorrect.

(*e*) The question does not arise in view of the answer to parts (*c*) & (*d*).

ഭക്ഷ്യസാധനങ്ങൾ.

൨൦൧. [൪] ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട സെൻട്രൽ ഫുഡ് ഡിപ്പോവിൽ ഭക്ഷണസാധനങ്ങൾ ലോറി മുഖേന ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ടെൻഡർ ആരാണ് വിളിച്ചെടുത്തു നടത്തിവരുന്നത്;

(ബി) ഇങ്ങിനെ ടെൻഡർ കൊടുത്തിട്ടുള്ളതിൽ അധികൃതന്മാർ വല്ല പ്രത്യേകമായ പരിഗണനകളും അടിസ്ഥാനമാക്കിയിട്ടുണ്ടോ;

(സി) ഈ ടെൻഡർ കൊടുക്കേണ്ട ആവശ്യം എന്തുകൊണ്ടു നേരിട്ടു?

ഉത്തരം.

(എ) ശ്രീ. സി. ഡി. അന്തോണി, ഇരിങ്ങാലക്കുട.

(ബി) കുറഞ്ഞ റേറ്റിൽ ദർഖാസ്റ്റ് സമർപ്പിച്ചിട്ടുള്ളവർക്കാണ് ജോലി സ്ഥിരപ്പെടുത്തിക്കൊടുത്തിട്ടുള്ളത്.

(സി) ഭക്ഷണസാധനങ്ങൾ ഒരു സ്ഥലത്തുനിന്നും ഡിപ്പാർട്ടുമെൻറിലെ നിർദ്ദേശപ്രകാരം മറുസ്ഥലങ്ങളിലേക്ക് കൊണ്ടുപോകേണ്ടത് ആവശ്യമായതുകൊണ്ടും ഒരു പ്രത്യേകവ്യക്തിക്ക് ഒരു നിശ്ചിതറേറ്റിൽ കൊടുക്കുന്നത് ശരിയല്ലാത്തതുകൊണ്ടും ദർഖാസ്തുകൾ വിളിച്ച് കുറഞ്ഞ റേറ്റ് തന്നിട്ടുള്ളവർക്ക് കൊടുക്കുന്നതാണ് നല്ലതെന്നു വിചാരിച്ചുമാണ് ഇങ്ങനെ ദർഖാസ്തുകൾ വിളിച്ചിട്ടുള്ളത്.

മാടായിക്കോണം റേഷൻ ഷാപ്പ്.

൨൦൨. [൫] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ മാടായിക്കോണം വില്ലേജിൽ ഇന്നുള്ള റേഷൻ ഷാപ്പിരിക്കുന്ന സ്ഥലം വില്ലേജിൻെറ മദ്ധ്യത്തിലുള്ള ശങ്കരമംഗലത്തേക്കു മാററണമെന്നു ഗവണ്മെൻറ് കൽപ്പന പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കൽപ്പന നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം.

(എ) താനിശ്ശേരി റൂറൽ കോവാപ്പറേറീവ് സ്റ്റോഴ്സ് ലിമിറഡ് നമ്പർ ൩൧൨ നടത്തിയിരുന്ന ഒരു റേഷൻ ഷാപ്പ് ശങ്കരമംഗലത്തേക്കു മാററി സ്ഥാപിക്കുവാൻ എറണാകുളം ഡപ്യൂട്ടി സിവിൽ സപ്ലൈസ് കമ്മീഷണർ ഒരു കൽപ്പന പുറപ്പെടുവിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) ഡെപ്യൂട്ടി കമ്മീഷണരുടെ ഉത്തരവിന്മേൽ കോവാപ്പറേറീവ് സ്റ്റോഴ്സിൻെറ ഭാരവാഹികൾ ഗവണ്മെൻറിലേക്ക് അപ്പീൽ

ബോധിപ്പിക്കുകയും അപ്പീൽകേട്ട് ഷാപ്പു മാറേണ്ട ആവശ്യമില്ലെന്നും വേണമെങ്കിൽ ഒരു പുതിയഷാപ്പ് ശങ്കരമംഗലത്തു സ്ഥാപിക്കുവാനും ഗവൺമെൻറ് ഉത്തരവായി. ഗവൺമെൻ ഉത്തരവനുസരിച്ചു ഒരു പുതിയഷാപ്പ് ശങ്കരമംഗലത്തു സ്ഥാപിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ.

൧൦൩. [൩] ശ്രീ. കൊച്ചുകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൭—൫൮ സ്കൂൾ വർഷത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്രവിദ്യാർത്ഥികൾ മിഡിൽ സ്കൂൾ ക്ലാസ്സുകളിൽ അദ്ധ്യയനം നടത്തിയിരുന്നു;

(ബി) ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ എത്ര?

ഉത്തരം.

(എ) ഉദ്ദേശം ൩,൫൦൦ വിദ്യാർത്ഥികൾ.

(ബി) ഉദ്ദേശം ൧,൫൦൦ വിദ്യാർത്ഥികൾ.

പ്രൈമറിസ്കൂൾ.

൧൦൪. [൭] ശ്രീ. കൊച്ചുകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസസൌകര്യത്തിനായി ചങ്ങനാശേരി താലൂക്കിൽ നെടുങ്കാവു വയൽ കോളനിയിൽ പിന്നോക്ക സമുദായക്കാരുടെ വകയായി ഒരു പ്രൈമറിസ്കൂൾ നടത്തുന്നതിന് ൧൯൫൭-ൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും അനുവാദം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ൧൯൫൮ സ്കൂൾ വർഷം മുതൽ ഉയർന്ന ക്ലാസ്സുകൾ നടത്തുന്നതിനുവേണ്ടി അനുവാദത്തിനായി സ്കൂൾ ഭാരവാഹികൾ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവാദം കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം.

(എ) ഇല്ല.

(ബി) അപേക്ഷിച്ചിട്ടുണ്ട്; അനുവാദംകൊടുത്തിട്ടില്ല.

(സി) പ്രസ്തുതസ്ഥലത്തു ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സുവരെയുള്ള ഒരു പ്രയൽ സ്കൂൾ നടത്തുന്നതിന് അനുവദിച്ചിട്ടുള്ളതുകൊണ്ടു.

Smuggling of rice.

205. [8] **Shri A. K. Chelliah:** Will the Chief Minister be pleased to state:

(*a*) what is the result of the enquiry made as per Government Press Note in regard to the report in the newspapers respecting the rice discovered in 11-1-1952 in the Chief Minister's car at Padmanabhapuram;

(*b*) if the enquiry has been completed at what spot the incident took place and who were the mischief makers; and

(c) has it been brought to the notice of the Government that those who supplied and those who received the rice were Government employees?

Answer.

(*a*) Enquiry has not been completed.

(*b*) & (*c*) In view of answer to (a), these do not arise.

<u>മാനേജ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാർ.</u>

൨൦൬. [൯] <u>ശ്രീ. എം. എൻ. ഗോവിന്ദൻ നായർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൭-ൽ സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതി നടപ്പിൽ വന്നതിനു ശേഷം ഫീസ് പിരിവിന്റെ എൺപതു ശതമാനം സർക്കാർ ഖജനാവിൽ അടയ്ക്കുന്ന ചില സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ആ പദ്ധതിയനുസരിച്ച് ന്യായമായി ലഭിക്കേണ്ട ശമ്പളക്കൂടുതൽ ലഭിക്കുന്നില്ലെന്നും ഇപ്പോഴും അടിസ്ഥാന ശമ്പളം മാത്രമേ അവർക്കു കിട്ടുന്നുള്ളുവെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റ് സ്കൂളുകളിൽ ക്വാഷൽ അവധി ഒഴികെ മറ്റ അവധികൾ ഒന്നും അനുവദിക്കാറില്ലെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) സർവ്വീസിൽ ഇരുന്നുകൊണ്ട് ട്രെയിനിംഗിന് പോയിട്ടുള്ളവരുടെ എല്ലാം ട്രെയിനിംഗ് കാലം സർവ്വീസിൽ ഉൾപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) പുതിയ പദ്ധതിയനുസരിച്ച് അനുവദിച്ചിട്ടുള്ള പ്രോവിഡന്റ് ഫണ്ടിനു വേണ്ടിയുള്ള മാനേജ്മെന്റിന്റെ കോട്ടാ എല്ലാ മാനേജ്മെന്റുകളും അടയ്ക്കാറുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യിക്കുന്നതിനു എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

<u>ഉത്തരം.</u>

(എ) പഴയപദ്ധതി അംഗീകരിച്ച അധികം സ്കൂളുകളിലേയും അദ്ധ്യാപകന്മാർക്കു പദ്ധതിപ്രകാരമുള്ള ശമ്പളം കൊടുത്തുവരുന്നുണ്ട്. ശേ

ഷം സ്കൂളുകളിലും കൊടുക്കുന്നതിനു് വേണ്ട നടപടികൾ ഊർജ്ജിതമായി നടന്നുവരുന്ന പദ്ധതിയിൽ ചേർന്ന ദിവസം മുതൽ പദ്ധതിപ്രകാരമുള്ള ശമ്പളം കൊടുക്കുന്നതാണു്.

(ബി) ഇല്ല.

(സി) സർവ്വീസിൽ ഇരുന്നുകൊണ്ടു് സ്റ്റൈപ്പൻഡറി ആയി ട്രെയിനിംഗിനു് പോയിട്ടുള്ളവരുടെ ട്രെയിനിംഗ് കാലം സർവ്വീസിൽ ഉൾപ്പെടുത്താറുണ്ടു്. സ്വന്തം ചെലവിലും സ്വന്തഉത്തരവാദിത്വത്തിലും ട്രെയിനിംഗിനു പോയിട്ടുള്ളവരുടെ ട്രെയിനിംഗ് കാലം സർവ്വീസിൽ ഉൾപ്പെടുത്താറില്ല.

(ഡി) പ്രോവിഡൻറ് ഫണ്ടിനെപ്പററിയുള്ള നിയമം പൂർത്തിയായിട്ടില്ല. അതു പൂർത്തിയായാലുടൻ പദ്ധതി നിരക്കനുസരിച്ചുള്ള തുക അടച്ചുതുടങ്ങും.

കായംകുളം കൃഷ്ണപുരം തോട്ടു്.

* ൨൦൩. [൭൦] ശ്രീ. സി. എൻ. ഗോവിന്ദൻ നായർ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം - കൃഷ്ണപുരം തോടു് ജലസേചനയോഗ്യമാക്കിത്തീർക്കുന്നതിനു് ഗവൺമെൻറ നടപടികൾ എടുത്തിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

ട്രെയിനിംഗ് പീരിയഡിലെ സ്റ്റൈപ്പൻറ്.

൨൦൪. [൭൭] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മുകുന്ദപുരം താലൂക്കിൽ ഇടവിലങ്ങ് വില്ലേജിൽ പതിനെട്ടരയാളം ജി. പി. സ്കൂളിലെ ടീച്ചറായ പി. എസ്. കൃഷ്ണനെ ൧൧൨൯-ൽ ട്രെയിനിംഗിനു ഗവൺമെൻറിൽ നിന്നു തെരഞ്ഞെടുക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിനു ട്രെയിനിംഗ് പീരിയഡ് സ്റ്റൈപ്പൻറ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനു കാരണമെന്താണു്?

ഉത്തരം.

(എ) ഉണ്ടായി.

(ബി) ട്രെയിനിംഗ് കാലത്തു മൂന്നു മാസത്തേക്ക സ്റ്റൈപ്പൻറ നൽകിയിട്ടുണ്ടു്.

(സി) മൂന്നുമാസത്തിനുശേഷം ശ്രീ. പി. എസ്. കൃഷ്ണൻ വെറും ആക്കിംഗ് അദ്ധ്യാപകനായിരുന്നു എന്നുള്ള വസ്തുത അറിവായപ്പോൾ ആക്ടിംഗ് അദ്ധ്യാപകന്മാർക്കു് നിയമപ്രകാരം സ്റ്റൈപ്പൻറിനു അർഹതയില്ലാത്തതുകൊണ്ടു് കൊടുത്തുവന്ന സ്റ്റൈപ്പൻറ നിറുത്തി. ശ്രീ. പി. എസ്. കൃഷ്ണൻറെ അപേക്ഷയനുസരിച്ചു് സ്വന്തംചിലവിൽ കോഴ്സ് പൂർത്തിയാക്കിക്കൊള്ളാൻ അനുവദിച്ചു.

ചാർജിങ്ങ് സ്റ്റേഷൻ.

൨൦൯. [൧൩] ശ്രീ. പി. എസ്. വാസുദേവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) മാവേലിക്കര താലൂക്കിൽ പന്തളത്തു ഒരു ചാർജിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അ പ്രകാരം ഒരു സ്റ്റേഷൻ സ്ഥാപിച്ചുകിട്ടണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ബി) ഉണ്ട്.

First Class Magistrate's Court, Kottar.

210 [14] **Sbri N. A. Noor Muhammad** : Will the Minister for Home Affairs be pleased to state:

(*a*) the total number of cases pending before the Stationary First Class Magistrate's Court, Kottar;

(*b*) the number of cases triable exclusively by a First Class Magistrate; and

(*c*) the number of cases triable by a Second Class Magistrate?

Answer.

(*a*) 1,767.

(*b*) 326.

(*c*) 1,441 of which 900 appear to be Petty cases.

Magistrate's Court.

211 [16] Shri. **R. Kesava Pillai** : Will the Minister for Home Affairs be pleased to state:

(*a*) whether there is any request from the inhabitants of Kottarakkara to convert the Magistrate's Court of Kottarakkara into a full time Court working on all days of the week;

(*b*) whether there is any request to raise the present court to a First Class Magistrate's court?

Answer.

(*a*) No.

(*b*) No.

Shares.

212. [19] **Shri O. C. Ninan :** Will the Minister for Finance be pleased to state:

(*a*) In what all companies working in this State, the Government have taken shares;

(*b*) what is the value of the shares taken in each;

(*c*) in what all companies the Government have nominated Directors;

(*d* who are the Directors thus nominated by the Government; and

(*e*) who are the non-officials thus nominated and how long they were serving.

Answer.

(*a*), (*b*), (*c*) and (*d*) * A statement showing the companies working in the State in which Government have taken shares, the number of shares taken in each, the amount invested by Government on shares, and the Directors nominated is placed on the table.

(*e*) Shri R. Madhavan Nair who has been nominated as a Director in the West Coast Fisheries (Travancore) Ltd. is the only non-official Government Director. He has been nominated from the 21st April 1952.

ADJOURNMENT MOTIONS.

12 noon]

Mr. Speaker : Have you got any information about the adjournment motion regarding some labour trouble in the plywood factory at Punalur, about which you promised to furnish the necessary facts today.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>) പുനലൂർ പ്ലൈവുഡ് ഫാക്ടറിയിലെ സ്ഥിരം തൊഴിലാളികളെ ആരേയും പിരിച്ചുവിട്ടിട്ടില്ല. അവിടെയുള്ള കാഷ്വൽ വർക്കേഴ്സിൽ ഏതാനും തൊഴിലാളികളെ പിരിച്ചു വിട്ടിട്ടുണ്ടെന്നാണ് പറയുന്നത്. അവിടെ ജോലി കുറവായതുകൊണ്ടാണ് അവരെ പിരിച്ചുവിടാൻ കാരണമെന്നും ഉടനെ തന്നെ പിരിച്ചുവിട്ടവരെയെല്ലാം തിരിച്ചെടുക്കുന്നതാണെന്നും മാനേജർ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

Mr. Speaker : The facts are before the House. It is a small incident which took place in a small factory, which is not a sufficient reason for the adjournment of the business of the House. Hence I rule this motion out of order.

---

*Please see Appendix VI.

Today I have received another motion for adjournment, regarding some lock-out in the Mineral Company at Chavara. The hon. Minister concerned will supply the information, if any.

Shri Panampilli Govinda Menon: Sir, I should have some notice to collect the information.

Mr. Speaker: Will you be able to get it tomorrow?

Shri Panampilli Govinda Menon: Most probably, Sir.

ANNOUNCEMENT RE--ELECTION TO CERTAIN COMMITTEES--ESTIMATES COMMITTEE: etc.

Mr. Speaker: On a scrutiny of the nomination papers filed by the candidates for election to the Committee on Estimates, the Committee on Public Accounts and the Legislative Library Advisory Committee, it was found that all the nominations were valid. As the number of candidates nominated to each of these Committees is equal to the number of Members to be elected, there is no necessity to take a poll. The following Members are accordingly declared elected to the respective Committees:—

COMMITTEE ON ESTIMATES.

Shri C. Achyutha Menon
" Cheriyan J. Kappan
" T. K. Divakaran
" P. S. Nataraja Pillai
" K. I. Velayudhan
" M. William

COMMITTEE ON PUBLIC ACCOUNTS.

Shri A. Achyuthan
" K. K. Chellappan Pillai
" M. N. Govindan Nair
" T. T. Kesavan Sastri
" A. Kunjan Nadar
" T. A. Majeed.

LEGISLATIVE LIBRARY ADVISORY COMMITTEE.

Shri M. V. Cheriyan
" R. Gangadharan
" R. Ponnappa Nadar
" K. Sadanandan
Dr. N. S. Pillai

One Member has to be elected to the Ex-South Indian Railway Local Advisory Committee. Nominations have been filed in respect of two Members, *viz.*, Shri R. Kesavan Nair and Shri E. P. Varghese. These nominations have been found to be valid. The election to choose one Member will be held tomorrow, the 17th July, 1952, after the normal business for the day is over.

Voting of Demands for Grants (*Contd.*)

DEMAND XXXIII—TRANSPORT SCHEMES (*Contd*)

Mr. Speaker: Shri T. V. Thomas will move his cut-motion.

Shri. T. V. Thomas: I move:

To reduce the total allotment of Rs. 96,88,400 under Demand XXXIII by one rupee.

സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു് ഇവിടത്തെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിനെപ്പററിയും അതിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാഫിന്റെ നേരെയും തൊഴിലാളികളുടെ നേരെയും ഡിപ്പാർട്ടുമെന്റ് അധികൃതർ സ്വീകരിച്ചിരിക്കുന്ന നയത്തെപ്പററിയും ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ്. സ്റ്റേററ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ ചരിത്രം നോക്കുകയാണെങ്കിൽ ആക്ഷേപം നിഷേധിക്കുവാൻ പാടില്ലാത്ത ചില പരമാർത്ഥങ്ങൾ അനുഭവപ്പെടുന്നുണ്ട്. സർക്കാരിന്റെ എല്ലാ വ്യവസായസംരംഭങ്ങളെപ്പോലെ തന്നെ ഇതും ഏററവും ഭീമമായ പരാജയത്തിൽ എത്തിയിരിക്കുകയാണ്. ഈക്കൊല്ലത്തെ ബഡ്ജററിൽ ഏകദേശം ൭ ലക്ഷം രൂപയോളം ട്രാൻസ്പോർട്ടിൽനിന്നു ഗവണ്മെന്റ് വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്നുള്ളതു ശരിയാണ്. ആ പ്രതീക്ഷ എത്രത്തോളം നടപ്പിലാകുമെന്നുള്ളതിനെപ്പററി ഞങ്ങൾക്ക് ആശങ്കയുണ്ട്. കഴിഞ്ഞ വർഷത്തിൽ ഏകദേശം രണ്ടേമുക്കാൽ ലക്ഷം രൂപാ വരുമാനമുണ്ടായിരുന്ന ആ ഡിപ്പാർട്ടുമെന്റിൽ ഇത്ര പെട്ടെന്നു ൭ ലക്ഷം രൂപാ വരുമാനമുണ്ടാകുവാൻ, വരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ, തക്ക ന്യായം ഈ ബഡ്ജററ് പരിശോധിച്ചാൽ കാണുന്നില്ല. ഇനി അങ്ങിനെ ആയാൽ തന്നെയും സർ, അതിൽ അഭിമാനിക്കാനൊന്നുമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള മുഖ്യ വരുമാനം രണ്ടു സോഴ്സിൽനിന്നാണ്. അതായതു് ഒന്ന് ഓവർലോഡിംഗ്, രണ്ടാമതു് ആ ഡിപ്പാർട്ടുമെന്റിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മേലുള്ള ക്രൂരമായ ചൂഷണം. ഈ രണ്ടു സോഴ്സിൽനിന്നാണ് ഈ വരുമാനമെന്നു കാണുവാൻ സാധിക്കുന്നതാണ്. ഓവർലോഡിംഗിനെപ്പററി ഈ അവസരത്തിൽ ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ വ്യക്തമായതിൽ കൂടുതൽ ഒന്നും വ്യക്തമാക്കുവാനോ അതിനെപ്പററി സംസാരിക്കുവാനോ ഞാൻ തയ്യാറാകുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സ്റ്റേററ് ട്രാൻസ്പോർട്ടു ബസ്സിൽ യാത്ര ചെയ്യുന്നതു് ഒരു ശിക്ഷയായി തീർന്നിരിക്കുകയാണ്. സർ, ഒരു സരസനായ യാത്രക്കാരൻ ഒരിക്കൽ പറഞ്ഞു ഒരുവിധം മേജർ ക്രിമിനൽ ഒഫൻസിനുപോലും ട്രാൻസ്പോർട്ടു ബസ്സിൽ യാത്രചെയ്യണമെന്ന വിധി തക്കതായ ശിക്ഷയായി കണക്കാക്കാമെന്ന്. കന്യാകുമാരിയിൽ നിന്നു എറണാകുളത്തേയ്ക്കു യാത്രചെയ്യുക എന്ന ഒരു ശിക്ഷ വിധിക്കുകയാണെങ്കിൽ വാസ്തവത്തിൽ രണ്ടോ മൂന്നോ മാസം ജയിലിൽ കിടക്കുന്നതിനെക്കാൾ നല്ലൊരു ശിക്ഷയായി കണക്കാക്കാവുന്നതാണ്. അത്രയ്ക്കു ക്രൂരമായ ഓവർലോഡിംഗാണ് ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്നതു്. അതിൽനിന്നുള്ള വരുമാനമാണ് ബഹുമാനപ്പെട്ട മന്ത്രി പ്രതീക്ഷിക്കുന്ന വരുമാനത്തിൽ ഒന്ന്. യാത്രക്കാരോട് ഇങ്ങനെയാണെങ്കിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് എന്തുനിലയാണ് സ്വീകരിച്ചിരിക്കുന്നതു്

[ശ്രീ. ടി. വി. താമസ്സ്.]

എന്നു നോക്കിയാൽ അതു ഞാൻ നേരത്തെ ഇവിടെ പറഞ്ഞതുപോലെ ക്രൂരമായ ചൂഷണമാണു് അവരെ സംബന്ധിച്ചു നടക്കുന്നതു്. ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. എസ്സ്. രാമസ്വാമി ഇവിടത്തെ തൊഴിലാളിക്കു കിട്ടുന്ന വരുമാനവും മററു സ്ഥലങ്ങളിലെ തൊഴിലാളിക്കു കിട്ടുന്ന വരുമാനവും തമ്മിൽ താരതമ്യപ്പെടുത്തി പറയുവാൻ ശ്രമിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തടസ്സവാദം ഉന്നയിക്കുകയുണ്ടായി. സർ, ട്രാൻസ്പോർട്ടു വ്യവസായം മററു സ്റ്റേററുകളുടെ കീഴിൽ, മററു ഗവണ്മെൻറുകളുടെ കീഴിൽ നടപ്പെടുന്നുണ്ടു്. ബാംബെയിലും, മദ്രാസിലും, മൈസൂരിലും, ഹൈദ്രബാദിലും ഇങ്ങനെ പലസ്ഥലങ്ങളിലും ഉണ്ടു്. ഇവയിൽ ഏററവും കുറഞ്ഞ വരുമാനം കൊടുക്കുന്ന ഹൈദ്രബാദിലെ സ്ഥിതിയും ഇവിടത്തെ സ്ഥിതിയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കാവുന്നതാണു്. കാളിൻസ് റിപ്പോർട്ടിൽതന്നെ പറഞ്ഞിരിക്കുന്നതു് അവിടെ ഒരു കണ്ടക്ടർക്കു് ൧൪ രൂപയോളം ശമ്പളം കിട്ടുമ്പോൾ ഇവിടെ ഒരു കണ്ടക്ടർക്കു കിട്ടുന്നതു ൩൦ രൂപാ മാത്രമാണെന്നാണു്. ഡിയർനസ്സ് അലവൻസും ബോണസും ഉൾപ്പെടെ ഇവിടെ ഒരു കണ്ടക്ടർക്കു ൬൩ രൂപ കിട്ടുന്നുണ്ടു് എന്നു പറയുന്നു. ആ പ്രസ്താവന തികച്ചും തെററാണു്. അതു സമ്മതിച്ചാൽ തന്നെയും ൬൩—൧൪൦ തമ്മിൽ വ്യത്യാസമുണ്ടു്. സർ, അതുപോലെ ഡ്രൈവരുടെ ശമ്പളം ൩൦ രൂപയാണു്. റോഡ് ട്രാൻസ്പോർട്ടു തൊഴിൽ വളരെ ശ്രമകരമായ ഒരു തൊഴിലാണെന്നു് എല്ലാവരും സമ്മതിച്ചിട്ടുള്ളതാണു്. കാളിൻസും ഈ വസ്തുത സമ്മതിച്ചിട്ടുണ്ടു്. കണ്ടക്ടർക്കു് ൩൦ രൂപ മിനിമം വേജസ്സ് ഏർപ്പെടുത്തിയിരിക്കുന്നു എന്നു പറഞ്ഞാൽ എന്തു ചൂഷണമാണു് തൊഴിലാളികളുടെമേൽ ഈ ഡിപ്പാർട്ടുമെൻറു് നടത്തുന്നതെന്നു വ്യക്തമാകുന്നതാണു്. അവരുടെ അദ്ധ്വാനശക്തി നിലനിർത്തുന്നതിനുപോലും പര്യാപ്തമായ ശമ്പളം അവർക്കു കൊടുക്കുന്നില്ല. സർ, ഈ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ഗവണ്മെൻറിൻെറ ഒരു വ്യവസായസംരംഭമാണു്. എല്ലാ വ്യാവസായിക സംരംഭങ്ങൾക്കും സ്ഥാപനങ്ങൾക്കും അംഗീകരിക്കാവുള്ളതുപോലെ ഒരു നിർദ്ദിഷ്ട പ്ലാൻ ഇതിനും ഉണ്ടായിരിക്കേണ്ടതാണു്.

ശ്രീ. ആർ. കേശവപിള്ള: ഈ തൊഴിലാളികൾക്കു കൂടുതൽ ശമ്പളം കൊടുക്കുന്നതിനു ബസ്ഫെയർ കൂട്ടുന്നതിനു് വിരോധമുണ്ടോ?

ശ്രീ. ടി. വി. താമസ്സ്: അങ്ങനെ ഒരു നിർദ്ദിഷ്ട പ്ലാൻ അംഗീകരിച്ചു് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം നടത്തേണ്ടതാണു്. വ്യാവസായിക സംരംഭങ്ങളിൽ ആദ്യമായി നടപ്പിൽ വരുത്തേണ്ടതു് ഒരു എസ്റ്റാബ്ലിഷ്മെൻറുകോഡാണു്. എസ്റ്റാബ്ലിഷ്മെൻറുകോഡുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു തൊഴിലാളികളുടെ ശമ്പളം, അലവൻസ്, ലീവ്, പ്രമോഷൻ, റിക്രൂട്ടുമെൻറു് ഇങ്ങനെയുള്ള വ്യവസ്ഥകൾ അടങ്ങിയ ഒരു പദ്ധതിയാണു് അതു തന്നെയും ചില അടിസ്ഥാനപരമായ തത്വത്തെ ആദരിച്ചായിരിക്കേണ്ടതുമാണു്. ഉദാഹരണമായി വിവിധസെക്ഷനുകളിലെയും തൊഴിലാളികൾക്കു് അവരുടെ അദ്ധ്വാനതീവ്രത കണക്കാക്കി അവരുടെ ശമ്പളം ഒരു ആനുപാതികക്രമം വച്ചു ചെയ്യേണ്ടതാണു്. ഉദാഹരണമായി ഡ്രൈവർക്കും കണ്ടക്ടർക്കും ഒരുപോലെ ശമ്പളം വയ്ക്കുകയാണെങ്കിൽ ഞാൻ പറഞ്ഞ അടിസ്ഥാനതത്വത്തെ ചോദ്യം ചെയ്യുകയായിരിക്കും. അതു

പോലെ കണ്ടക്ടറക്കും ഇൻസ്പെക്ടർക്കും ഒരുപോലെ ശമ്പളം കൊടുക്കുകയാണു വേണ്ടതു്. ഒരു കണ്ടക്ടറക്കു് ൩൦ രൂപാ കൊടുക്കുമ്പോൾ ഒരു ഇൻസ്പെക്ടർക്കു് ൭൦ രൂപ കൊടുക്കുന്നതു് ഏതു നീതിയുടെ പേരിലാണെന്നു ഞാൻ ചോദിക്കുന്നു. അടുത്ത ദിവസം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ വിധിച്ച ഒരു വിധിയിൽ കണ്ടക്ടർക്കും ഇൻസ്പെക്ടർക്കും ഒരുപോലെ ശമ്പളം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ജോലി ചെയ്യുന്ന ഒരു കണ്ടക്ടരെ ചെക്കുചെയ്യുവാൻ പോകുന്ന ഒരു ഇൻസ്പെക്ടർക്കു കണ്ടക്ടർക്കു കൊടുക്കുന്നതിനെക്കാൾ ൪൦ രൂപ കൂടുതൽ കൊടുക്കുക എന്നുള്ളതു് ഏതു നീതിയാണു് എന്നു ഞാൻ ചോദിക്കുന്നു. നീണ്ട ഒരു പട്ടിക ഇതിനെക്കുറിച്ചു് എനിക്കു ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ വെയ്ക്കുവാനുണ്ടു്. രണ്ടാമത്തു് കോണ്ടക്ടു് കോഡു് ഉണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാണു്. എന്തെല്ലാം പ്രവൃത്തികളാണു തൊഴിലാളികൾ ചെയ്യേണ്ടതു്, എന്തെല്ലാം പ്രവൃത്തികൾ ചെയ്യാതിരുന്നാലാണു ശിക്ഷ, ശിക്ഷതന്നെ വിധിക്കുന്നതു ഏതു് അടിസ്ഥാനത്തിലാണു് എന്നുള്ളതിനു് ഒരു കോഡു് അത്യാവശ്യമാണു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഇങ്ങനെ ഒരു കോഡു് ഇല്ല എന്നുള്ളതു് ഏററവും പരിതാപകരമായ ഒരു പരമാർത്ഥമാണു്. സർ, ഒരു കുററക്കാരനെ ശിക്ഷിക്കുന്നതിനു മുമ്പു് അയാൾക്കു പറയുവാനുള്ളതു് ഫലപ്രദമായി പറയാനുള്ള ഒരു സൌകര്യം കൊടുക്കുക എന്നുള്ളതു നീതിന്യായങ്ങളുടെ ഒരു അടിസ്ഥാനതത്വമാണു്. ഇന്നു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നു് ഒരു തൊഴിലാളിക്കു കൊടുക്കുന്ന എക്സ്പ്ലനേഷൻ വായിക്കുകയാണെങ്കിൽ നാം ഏതു നൂററാണ്ടിലാണു നില്ക്കുന്നതു് എന്നു സംശയിച്ചുപോകും. കഴിഞ്ഞ ആണ്ടിൽ ചെങ്ങന്നൂരിനും ചങ്ങനാശേരിക്കും ഇടയ്ക്കുവച്ചു് ഒരു യാത്രക്കാരനെ ബസ്സിൽ കയററാതിരുന്നതിനു നിങ്ങളെ ക്ലീനറായിട്ടു തരം താഴ്ത്താതിരിപ്പാൻ വല്ല കാരണവുമുണ്ടെങ്കിൽ ബോധിപ്പിക്കണം; ഇതാണു് എക്സ്പ്ലനേഷൻ കൊടുക്കുന്നതിന്റെ രീതി. ഇതിനു് എങ്ങനെയാണു പെട്ടെന്നൊരാൾക്കു സമാധാനം കൊടുക്കുവാൻ സാധിക്കുന്നതു്? അതിനു് അയാൾ വ്യക്തമായി സമാധാനം കൊടുത്താലും, വ്യക്തമായ സമാധാനം കിട്ടാത്തതുകൊണ്ടു നിങ്ങളെ ക്ലീനറായി തരം താഴ്ത്തിയിരിക്കുന്നു എന്നായിരിക്കും ഡിപ്പാർട്ടുമെൻറിൽ നിന്നും കിട്ടുന്ന കല്പന. ഇപ്രകാരമുള്ള ഒരു നടപടി നമ്മുടെ ററി. ഏ. സ്സു് ആർ. നു തന്നെ വിരുദ്ധമല്ലേ എന്നു ഞാൻ ചോദിക്കുന്നു. ശിക്ഷ നേരത്തേതന്നെ തീരുമാനിച്ചുകൊണ്ടാണു് എക്സ്പ്ലനേഷൻ കൊടുക്കുന്നതെന്നു് അതു നോക്കിയാൽ കാണാവുന്നതാണു്. ഇങ്ങനെയുള്ള സമ്പ്രദായങ്ങളെ തടയേണ്ടതാണു്. അതുപോലെതന്നെ അൺടിൽ ഫർദർ ആർഡേഴ്സായി ചില തൊഴിലാളികൾക്കു് ശിക്ഷ കൊടുക്കുന്നുണ്ടു്. ഒരു തൊഴിലാളി എന്തെങ്കിലും കുററം ചെയ്തു കഴിഞ്ഞാൽ അതിനെപ്പററി ഒരു തീരുമാനം ചെയ്യുന്നതിനു മുമ്പു് അയാളെ അൺടിൽ ഫർദർ ആർഡേഴ്സായി സസ്പെൻഷനിൽ നിറുത്തുന്നതു ശരിയാണോ, സർ, അയാൾ ചെയ്ത പ്രവൃത്തി ശിക്ഷാർഹമാണോ അല്ലയോ എന്നു തീരുമാനിക്കുന്നതുവരെ അയാൾ ജോലിയില്ലാതെ ഇരിക്കണമെന്നു പറയുന്നതു ശരിയാണോ എന്നു ഞാൻ ചോദിക്കുന്നു. ഈ അൺടിൽ ഫർദർ ആർഡേഴ്സായി, തൊഴിലാളികളെ സസ്പെൻറു ചെയ്യുന്ന സമ്പ്രദായം ഈ ഡിപ്പാർട്ടുമെൻറിൽനിന്നു മാറേറണ്ടതാണു്. അതു മാററിയില്ലെങ്കിൽ തൊഴിലാളികളും അൺടിൽ ഫർദർ ആർഡേഴ്സും പറഞ്ഞു തങ്ങൾ ജോലി ചെയ്യുവാൻ തയ്യാറില്ലെന്നു പറയേണ്ടിവരും.

[ശ്രീ. ടി. വി. തോമസ്സ്.]

യാത്രയ്ക്കിടയിൽ എന്തെങ്കിലും ഒരു ആക്സിഡന്റ് ഉണ്ടായെന്നിരിക്കട്ടെ. ഉടൻ സർവ്വവ്യാപിയായ പോലീസ് കേസെടുക്കുന്നു. അതിനെപ്പററി ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ഡിപ്പാർട്ടുമെന്റിൽ നിന്നും ഡ്രൈവറെ സസ്പെൻഷനിൽ നിറുത്തുന്നു. എന്നാൽ പ്രൈവററ് ബസ്സുകളിലാണെങ്കിൽ, ഈ ഏർപ്പാടില്ല. അപകടം ഉണ്ടാകുമ്പോൾതന്നെ വണ്ടിയെയും ഡ്രൈവറെയും പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും കസ്റ്റടിയിലാക്കുന്നു. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റിൽ നിന്നും വണ്ടി ജാമ്യത്തിൽ എടുക്കുന്നു. തൊഴിലാളിയെ കസ്റ്റടിയിലേയ്ക്കു വിട്ടേക്കുകയാണ്. ഒരു വണ്ടിയെപ്പോലെപോലും, ഒരു ഡ്രൈവറെയും അയാളുടെ സേവനത്തെയും മാനിക്കാത്ത ഡിപ്പാർട്ടുമെന്റ് ചുരുക്കി പറയുന്ന പക്ഷം ട്രാൻസ്പോർട്ടുതൊഴിലാളികളോടു ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരുന്ന നില വളരെ ദയനീയമാണ് സർ, ഞാൻ ഒരു ഉദാഹരണം പറയാം. കുറച്ചു മുമ്പു ഒരാക്സിഡന്റുണ്ടായി അതിൽ കണ്ടക്ടർ മരിച്ചുപോകയും, അയാളുടെ സാധു വിധവ ഡിപ്പാസിററിനു വേണ്ടി ഡിപ്പാർട്ടുമെന്റധികാരിയെ സമീപിക്കുകയും ചെയ്തു. ഡിപ്പാർട്ടുമെന്റധികാരി മരിച്ചുപോയ കണ്ടക്ടരുടെ ചുമതലയിലുണ്ടായിരുന്ന ടിക്കററുബുക്കിൽ ഒരു രൂപയിൽ ചില്വാനം കുറവുണ്ടെന്നുള്ള റിപ്പോർട്ടിനെ ആസ്പദമാക്കി, അയാളുടെ ഡിപ്പോസിററിൽ നിന്നും ആ തുക വസൂലാക്കിയതിനു ശേഷമേ തുക കൊടുത്തുള്ളു. മരിച്ചുപോയ കണ്ടക്ടരുടെ അത്രയും നാളത്തെ സേവനത്തിന്റെ ഫലമായി ചെറിയ പാരിതോഷികംപോലും നൽകുന്നതിനുള്ള സന്മനസ്സു അധികാരികൾക്കുണ്ടായില്ല.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): മരിച്ചുപോയ കണ്ടക്ടർ എവിടെയുള്ള ആളാണെന്നും, അയാളുടെ പേരെന്താണെന്നും പറയാമോ?

ശ്രീ. ടി. വി. തോമസ്സ്: അതും പറയാം, സർ, വാസ്തവത്തിൽ വളരെ ഹൃദയവേദനയോടുകൂടിയാണ് ഞാൻ ഈ സംഗതി പ്രസ്താവിക്കുന്നതു്

ശ്രീ. കളത്തിൽ വേലായുധൻനായർ: മെമ്പർക്കു ഹൃദയവേദനയുണ്ടാക്കിയ ഈ സംഭവത്തിനു വിധേയനായ വ്യക്തിയുടെ പേരാണ് ഞാൻ ചോദിച്ചതു്. ആ കണ്ടക്ടരുടെ പേരു ഈ സഭയിൽ പറയുന്നതുകൊണ്ടു എനിക്കു യാതൊരുവിധമായ അസ്വസ്ഥതയുമുണ്ടാകുമെന്നു വിചാരിക്കേണ്ട.

ശ്രീ. ടി. വി. തോമസ്സ്: എന്റെ പ്രതീക്ഷ വാസ്തവത്തിൽ നിരാശയിലാണു കലാശിച്ചിരിക്കുന്നതു്. ഞാൻ പറയുന്നതു കേൾക്കുമ്പോൾ എനിക്കുണ്ടായതുപോലെ ഹൃദയവേദന മന്ത്രിക്കും ഉണ്ടാകുമെന്നാണു ഞാൻ വിചാരിച്ചതു്. പക്ഷെ, അദ്ദേഹം പറയുന്നതു അദ്ദേഹത്തിനു ഇതിൽ യാതൊരു അസ്വാസ്ഥ്യവും ഇല്ലെന്നു്. ഏതായാലും ഫയൽനോക്കി ആളിന്റെ പേരു ഞാൻ കുറെ കഴിഞ്ഞു പറയാം.

സർ, മറെറാരു കാര്യം ഈ സഭയിൽ പറയാനുള്ളതു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റ് തൊഴിലാളികളുടെ ബോണസ്സു കാര്യത്തെപ്പററിയാണ്. ഏഴുശതമാനം ബോണസ്സു അവർക്കു കൊടുക്കാമെന്നു തീരുമാനിക്കുകയു

ണ്ടായി. ശ്രീ. താണുപിള്ള പറഞ്ഞതുപോലെ, ഒരു ഗവണ്മെന്റിനും ഒരു വിധത്തിലും ആദരിക്കാൻ അർഹതയില്ലാത്ത നടപടികളാണു ഈ ഡിപ്പാർട്ടുമെന്റ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നടത്തിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് ബോണസ്സിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾ ഗവണ്മെന്റിന്റെ ഈ നയത്തെ എതിർക്കുന്നതും, ബേസിക് പേ അടിസ്ഥാനത്തിൽ ബോണസ്സു കിട്ടണമെന്നുള്ള മുറവിളി കൂട്ടുന്നതും. ബോണസ്സുകാര്യത്തെപ്പററി കോളിൻസു റിപ്പോർട്ടിൽ പല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. ആ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനു് ഡിപ്പാർട്ടുമെന്റ് തയാറാകുന്നില്ല. കൂടാതെ ഡിപ്പാർട്ടുമെന്റു വർക്ക്ഷോപ്പുകൾ ഫാക്ടറി ആക്ടിനു വിധേയമാക്കാതെയാണു് പ്രവർത്തനം തുടരുന്നതു്. നേരെമറിച്ചു ഇതൊരു പ്രൈവററു ഏജൻസിയായിരുന്നെങ്കിൽ ക്രിമിനൽ ശിക്ഷക്കു വിധേയമാക്കാമായിരുന്നു. സർ, ഫാക്ടറി ആക്ടിന്റെ അടിസ്ഥാനത്തിൽ ഈ വർക്ക്ഷോപ്പുകളെ ഉൾപ്പെടുത്താത്തതു തികച്ചും കുററകരമാണു്. ഇങ്ങനെ പറയുകയാണെങ്കിൽ നിരവധി വസ്തുതകളുണ്ടു്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏററവും അടിയന്തിരവും ന്യായവുമായ നടപടികൾ ഗവണ്മെന്റ സ്വീകരിക്കുന്നില്ലെങ്കിൽ ഡിപ്പാർട്ടുമെന്റു വിജയപ്രദമാകാൻ പോകുന്നില്ല. പൊതുജനങ്ങളുടെ യാത്രാസൌകര്യത്തെ പുരസ്കരിച്ചു് പ്രവർത്തനം തുടങ്ങിയിട്ടുള്ള ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഞങ്ങൾക്കു ചില നിർദ്ദേശങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. അതായതു് ആദ്യമായി ഒരു എസ്റ്റാബ്ലിഷ്മെന്റ് ബോർഡു നടപ്പാക്കണം. കോളിൻസു റിപ്പോർട്ടിലും ഇതു പറഞ്ഞിട്ടുണ്ടു് ആ ബോർഡു [illegible] ഡിസംബർ ൩൧-ാംനു മുമ്പു തന്നെ ഉണ്ടാകണമെന്നാണു പറഞ്ഞിട്ടുള്ളതു്. രണ്ടാമതു് ഒരു കാൺടക്ട് കോഡു് രൂപീകരിക്കണം. മൂന്നാമതു, തൊഴിലാളിയും മാനേജ്മെന്റും തമ്മിലുണ്ടാകുന്ന തക്കങ്ങൾ പറഞ്ഞുതീർക്കുന്നതിനുവേണ്ടി ഒരു സമിതിയുണ്ടായിരിക്കണം. നാലാമതു്, തൊഴിലാളികൾക്കുണ്ടാകുന്ന സങ്കടങ്ങൾ പരിഹരിക്കുന്നതിനു് വേണ്ടി അവരോടു അനുഭാവമുള്ള ഒരു ഉദ്യോഗസ്ഥൻ ഡയറക്ടരായിരിക്കണം. ഇപ്പോഴത്തെ ഡയറക്ടരെപ്പററി എനിക്കു യാതൊരു വിധമായ ബഹുമാനക്കുറവുമില്ല. അദ്ദേഹം വളരെ നല്ല ഒരു വ്യക്തിയാണു്, പക്ഷെ തൊഴിലാളികളെപ്പററി അവരുടെ മൌലികാവകാശങ്ങളെപ്പററി അദ്ദേഹത്തിനു യാതൊരു ബഹുമാനവുമില്ലാതെയാണിരിക്കുന്നതു്. ആ കാരണത്താൽ ഈ ഉദ്യോഗസ്ഥൻ ഡിപ്പാർട്ടുമെന്റ മേധാവിയായിരിക്കുകയാണെങ്കിൽ, തൊഴിലാളികളുടെ സഹകരണമോ പിൻതുണയോ ഉണ്ടാകുകയില്ലാത്തതുമൂലം ഡിപ്പാർട്ടുമെന്റ പ്രവർത്തനം ഏറിയകൂറും പരാജയപ്പെടാനാണു് സാദ്ധ്യതയുള്ളതു്. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ഗവണ്മെന്റിന്റെ അവധാനമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ എം. സി. മാത്യു: സർ, ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിനെപ്പററി ശ്രീ. ടി. പി. തോമസിന്റെ പ്രസംഗമദ്ധ്യേ അദ്ദേഹം പറയുകയുണ്ടായി, ഡിപ്പാർട്ടുമെന്റ മേലധികാരി തൊഴിലാളികളോടു അനുവർത്തിക്കുന്ന നയം തീരെ തൃപ്തികരമല്ലെന്നും, ചിലപ്പോൾ അദ്ദേഹത്തിനു തന്നെ

[ശ്രീ. എം. സി. മാത്യു.]

ഏദയാഭാവനയുണ്ടാക്കിയിട്ടുണ്ടെന്നും, അതുകൊണ്ടു ഇന്നത്തെ ട്രാൻസ്പോർട്ടു ഡയറക്ടരെ ഡിപ്പാർട്ടുമെൻറിൽ വച്ചുകൊണ്ടിരിക്കുന്നതായാൽ പ്രവൃത്തനം വിജയപ്രദമാകുകയില്ലെന്നും മററും.

ട്രാൻസ്പോർട്ടു ഡയറക്ടരെപ്പററി അദ്ദേഹത്തിനു കിട്ടിയിട്ടുള്ള ഏതാനും തെററായ അറിവു മൂലമാണു ഇന്നത്തെ ഡയറക്ടരെ കുററപ്പെടുത്തുന്നതു്. സർ, എനിക്കു അറിയാൻ കഴിഞ്ഞിടത്തോളം ട്രാൻസ്പോർട്ടുഡയറക്ടർ സമർത്ഥനും ബുദ്ധിശാലിയും കളങ്കരഹിതനുമായ ഒരു ഉദ്യോഗസ്ഥനാണു്. ഇങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ ഡിപ്പാർട്ടുമെൻറു മേധാവിയായിരുന്നാൽ, തൊഴിലാളികളുടെ സഹകരണമുണ്ടാകുകയില്ലെന്നു പറയുന്നു എങ്കിൽ പിന്നെ ഏതൊരു വ്യക്തിയെയാണു ആ സ്ഥാനത്തു വയ്ക്കേണ്ടതെന്നു അറിയുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിനെപ്പററി അതു തുടങ്ങിയ കാലംമുതൽക്കേ ചില പരാതികളുണ്ടായിട്ടുണ്ടു്. പത്തു പതിനാറു കൊല്ലങ്ങൾക്കുമുമ്പു ആരംഭിച്ച ഈ ഡിപ്പാർട്ടുമെൻറു ഗവണ്മെൻറിൻെറ ദേശവൽക്കരണനയത്തിൽ ആദ്യത്തെ ഒരു പദ്ധതിയാണു്. ഈ സംസ്ഥാനത്തെ വൻസ്ഥാപനങ്ങളെല്ലാം ദേശവൽക്കരിക്കുന്ന നയം സ്വീകരിക്കുവാൻപോകുന്നുവെങ്കിൽ, അവയുടെ എല്ലാംഭാവി ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൃത്തനവിജയത്തെയാണു ആശ്രയിച്ചിരിക്കുന്നതു്. ഈ അവസരത്തിൽ എൻെറ സ്നേഹിതൻ ശ്രീ. ടി. വി. തോമസ്സിനോടു എനിക്കു പറയാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറു പ്രവൃത്തനം വിജയപ്രദമാക്കുന്നകാര്യത്തിൽ ഒരു പങ്കു് അദ്ദേഹവും വഹിക്കേണ്ടതുണ്ടെന്നാണു്. സർ, മറെറാരു കാര്യം ഓവർലോഡിനെപ്പററിയാണു്. യുദ്ധകാലത്തു് യാത്രക്കാർ അസാമാന്യമായ തരത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നു. അതേ സമയം കൂടുതൽ ബസ്സുകൾ വാങ്ങാൻ പ്രയാസവുമായി. ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ആ അവസരത്തിൽ അസഹനീയമായ തരത്തിൽ ഓവർലോഡുണ്ടായിരുന്നു. അന്നു ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെ ഓവർലോഡു കയററാൻ അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു, എന്നാൽ ഇന്നും കുറെയൊക്കെ ഓവർലോഡു കയററിക്കൊണ്ടുപോകുന്നുണ്ടു്. മുൻകാലങ്ങളെ അപേക്ഷിച്ചു ധാരാളം ബസ്സുകൾ ഇപ്പോൾ ലഭിക്കുവാനുണ്ടെങ്കിലും ഇങ്ങനെ ഓവർ ലോഡുണ്ടാകുന്നതു ഡിപ്പാർട്ടുമെൻറിൻെറ കഴപ്പം കൊണ്ടാണു്. പ്രൈവററു ബസ്സിനെ സംബന്ധിച്ചിടത്തോളം ഓവർലോഡിംഗ നിയമവിരുദ്ധമാണെങ്കിൽ ആ ഒരു വ്യവസ്ഥ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറും സ്വീകരിക്കേണ്ടതാണു്.

മറെറാരു കാര്യംകൂടി ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതായതു് ഒരു ബസ്സ് ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു എപ്പോഴാണു പുറപ്പെടുന്നതെന്നു കാണിക്കാൻ 'ബസ്സ്'സ്റ്റാൻറിൽ ഒരു ബോർഡു് എഴുതിവച്ചിട്ടുണ്ടു്. അതു പഴയ ഒരു സമയവിവരപ്പട്ടികയാണു്. ഇപ്പോൾ അതിൽനിന്നും പല മാററങ്ങളും സംഭവിച്ചിട്ടുണ്ടു് എന്നാൽ പുതിയ സമയവിവരപ്പട്ടിക കാണിക്കുന്ന ബോർഡുകൾ വച്ചിട്ടുമില്ല. യാത്രക്കാർക്കുശരിയായ സമയം അറിയുന്നതിനുവേണ്ടി യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ടു എല്ലാ ബസ്സ്'സ്റ്റാൻറിലും സമയവിവരം കാണിക്കുന്ന ബോർഡുകൾ എഴുതിവയ്ക്കേണ്ടതാണു്. കൃത്യസമയത്തു്

ബസ്സുകൾ പുറപ്പെടുന്നതിനും നിഷ്കർഷിക്കണം. കോട്ടയം ബസ്സ് സ്റ്റാൻഡിൽ വളരെ അധികം യാത്രക്കാർ വരാന്തയിലും പരിസരങ്ങളിലുമായി വെയിററു ചെയ്യുകയാണ്. വർഷകാലങ്ങളിലും വേനൽക്കാലങ്ങളിലും യാത്രക്കാർക്ക് വേണ്ടിടത്തോളം വെയിററിംഗ് ഷെഡ്ഡില്ലാത്തതുകൊണ്ടു വളരെ അസൗകര്യങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ കാര്യത്തിൽ ഗവണ്മെന്റ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറെറാരു കാര്യം ഡീസൽ എൻജിൻ ഉപയോഗിക്കുന്നതാണ്. ഡീസൽ വണ്ടികൾ ഉപയോഗിക്കുന്നതായാൽ കുറേക്കൂടി ഗവണ്മെന്റിനു ലാഭകരമാണ്. ഡിപ്പാർട്ടുമെന്റു വക ബസ്സുകൾക്കു ഐകരൂപ്യം ഉണ്ടായിരുന്നാൽ അതായത്തു ഒരേതരം ബസ്സുതന്നെ വാങ്ങുന്നതായിരുന്നാൽ അവയുടെ സ്പെയർ പാർട്സിനു വേണ്ടി ബുദ്ധിമുട്ടേണ്ട ആവശ്യം വരികയില്ല. നേരെമറിച്ചു വിവിധ കമ്പനികളിൽ നിന്നും വിവിധതരത്തിലുള്ള ബസ്സുകൾ വരുത്തുകയാണെങ്കിൽ അവയുടെ എല്ലാ സ്പെയർ പാർട്ടുകളും വാങ്ങി സൂക്ഷിക്കാൻ വളരെ വിഷമമായിരിക്കും. അതുകൂടാതെ ബ്രേക്കഡൗൺ ആയിട്ടുള്ള ബസ്സുകളെ എത്രയും വേഗത്തിൽ നന്നാക്കി യാത്രക്കാരുടെ അസൗകര്യത്തെ ഇല്ലാതാക്കേണ്ടതാണ്. ഈ പറഞ്ഞ അഭിപ്രായങ്ങൾ ഗവണ്മെന്റ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു ഈ സംഗതി കോളിൻസ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണെന്നാണ് അറിയുന്നതു്

Shri. E. P. Varghese: Sir, the Transport scheme is one with which our Government's reputation is staked. We have heard a lot of complaint from the public during the last four years about the working of this department. We expected the Minister in charge of the department to remedy those complaints. But the people have not yet got any relief. Now, the Minister for Transport may come forward and say that he is one of those who has travelled much in the bus. So I expect the honourable Member occupying the ministerial chair to see that most of the complaints from the public are remedied. As far as overloading is concerned, there is still great hardship for the travelling public. Of course an explanation may be that there is dearth of buses and if the number of buses is increased there may be less of overloading. Sir, I ask, when the number of buses is to be increased. That has been the excuse. We were told during the last session that more buses will be put on the line soon. Even after the last session, long after that, Government have not fulfilled that word. The travelling public are being put to untold hardship on that score. I have to say also about the difficulty of getting buses in time. My point is, even with the number of buses that are available, much of this difficulty can be avoided. I would in this connection make a suggestion. In some bus stands, the system of coupons is in force. Passengers are first given coupons. When the bus is brought to the stand passengers use these and get into the bus. There is also in some stands the system of giving tickets just before the bus starts. Here what is taking place is, just before a bus starts the conductor issues tickets, sometimes through windows of the waiting room. This is done after the bus is brought to the stand and about to start.

[Sri. E. P. Varghese.]

In this set up, a lot of suffering is experienced by passengers. Passengers who are waiting for hours together make a rush to secure tickets so much so they are caught up in the rush. Persons who are not strong enough to push themselves to the window to get tickets, have to wait long. The stronger easily get tickets. I am of the view that all this can be avoided if the ordinary tickets for passengers are sold at all times. Even before a bus starts, as the number of tickets is limited, arrangements may be made for the issue of tickets. Officers in the booking office know how many tickets can be given for a particular bus and they can issue them early enough, as soon as passengers go and ask for them. After that bus has left, tickets for the next bus can be sold in the same way. Some such system of issuing tickets may be adopted everywhere and one difficult situation can be thus remedied. If tickets are given at the entrance of bus, I have seen many passengers breaking their umbrellas, some tearing their clothes, some others being elbowed out in the rush and events of that kind occur. This is not a commendable thing for the Transport department of ours. Nor do I think that the department wants to put the public to so much inconvenience at every bus stand. I am sure that the officers of the department are fully aware of such said experience of passengers. But they are sometimes helpless. There are also the private agencies who run bus service. There, difficulties of another kind happen. It is a fact their buses are overcrowded, and difficulties are experienced. That too should be brought under control. Other things also happen with the rush of passengers for tickets at bus stands. Pick-pocketing occurs. To avoid all such inconven ence to the travelling public, I would request the department to find out whether the coupon system may not be availed of with advantage at all stands. I have heard that in certain places even this has not been working satisfactorily. If so that has to be examined. I want to repeat that very respectable men and women find it extremely difficult to rush for the tickets. So I would place this suggestion for the earnest consideration of the hon. Minister.

Another matter I would place for the consideration is the introduction of the system of issuing return tickets. In the beginning, of course, every reform will have some difficulties. Still a way has to be found out to adopt a suitable system and see that some of the inconveniences experienced by passengers who have to travel to & fro in 2 or 3 days, are removed. If return tickets are made available at starting places that would be a great convenience to the travelling public.

Overloading of buses is a general complaint. We have experienced much of that for a number of years. We do not know how to get tickets in certain stands on certain days. On account of overcrowding it has become very difficult to travel in buses. There might have been some exaggeration in the speeches of some members on this matter. I do not say that there is no

overloading in transport buses. That too has to be completely eliminated at once. Due to overloading some accidents occur. Then there is restriction in the number of passengers for a few days. After a few days that restriction slowly vanishes. Again the system is reversed and overloading is the result. This is a bare fact. I have experienced much trouble on this score. Once we get into the bus we cannot get out of it. We are virtually imprisoned so to say. These are things which cannot perhaps be easily checked. Still I am of the view that some definite way must be found out to put an end to such a situation. These are the difficulties which the public generally feel. Much of the criticism now being hurled on Government can be avoided. I trust my suggestions will receive the consideration they deserve and Government will do well to remedy the inconveniences. With these words I support the motions before the House.

ஸ்ரீ. ஸி. சங்கர்: ஸர், இந்த டிரான்ஸ்போர்ட் டிப்பார்ட்மென்டிலுள்ள ஊழலைப்பற்றி ஐந்து நாட்கள் சொன்னாலும்கூட வயிற்றெரிச்சல் தீராது. ஆனால் எனக்கு அனுமதிக்கப்பட்டிருக்கும் 5 நிமிடத்தில் இதைப்பற்றி என்ன சொல்ல முடியுமென்று எனக்குத் தெரியவில்லை. ஆகவே, இந்த டிரான்ஸ்போர்ட் இலாகாவில் நடக்கும் அட்டூழியங்களைப் பற்றியும், அங்குள்ள தொழிலாளர்களுக்கு இழைக்கப்படும் அநீதிகளைப் பற்றியும் நான் ஒன்றிரண்டு வார்த்தைகள் சொல்ல நினைக்கிறேன். இந்த டிரான்ஸ்போர்ட் சர்வீஸானது என்ன முறையில் நடத்தப்படுகிறது என்பது இப்பொழுது Treasury பெஞ்சில் வீற்றிருக்கும் டிரான்ஸ்போர்ட் வகுப்பு மந்திரிக்கு, கழிந்த காலங்களில் அவர் எதிர்கட்சியில் இருந்தபோதும், அதற்கு முன்பும் உள்ள அனுபவங்களிலிருந்தும் தெரியும். இந்த டிரான்ஸ்போர்ட் சர்வீஸிற்கு நான் இடி வண்டி சர்வீஸ், என்றுதான் பெயர்கொடுக்க விரும்புகிறேன். இந்த வண்டிகளில் ஏறவேண்டுமானால், முதலில் குஸ்தி பிடிக்கத் தெரிந்திருக்கவேண்டும். அடுத்தது, உதைபடத் தெரிந்திருக்கவேண்டும். இந்த பஸ்களில் ஏறினால், நமக்கு எங்கு போகவேண்டுமோ அந்த இடத்திற்கு சரியான சமயத்தில் போய் சேரமுடியுமா என்று கேட்டால், முடியாது. இன்றைக்கு இருப்பார் நாளைக்கு இருப்பார் என்று எண்ணவோ திடமில்லை என்று வேதாந்திகள் சொல்வார்கள். அதேபோல் இந்த டிரான்ஸ்போர்ட் பஸ்களும் இந்த மணிக்கூர் ஓடுகிற வண்டி அடுத்த மணிக்கூர் ஓடுமா என்று திடமாகக் கூறமுடியாது. ஒருவன், இந்த பஸ்களில் ஏறி இறங்கும்போது உதைகள்பட்டு, அவனது வேஷ்டி, உடுப்புகளெல்லாம் கிழிந்து, ஒரு குஸ்தி சண்டை போட்டுவிட்டு வந்தமாதிரியிருக்கும். இவ்விதம் இந்த டிப்பார்ட்மென்டின் நிர்வாகம் கேலிக்கூத்தாய் இருக்கிறது. இச்சர்க்கார் பொதுஜனங்களுக்கு, ஒரு சிறிய சௌகரியமும் செய்து கொடுப்பதில்லை என்பதற்கு ஒரு எடுத்துக்காட்டாக இருக்கிறது, இந்த டிரான்ஸ்போர்ட் இலாகா. எதற்கெடுத்தாலும் ஆலோசித்துக்கொண்டிருக்கிறோம், ஆலோசித்துக்கொண்டிருக்கிறோம் என்று சொல்கிறார்களே ஒழிய ஒரு அபிவிருத்தியும் செய்ததாகத் தெரிய

[Shri C. Sankar]

வில்லை. 1951-52-ல் இவ்விலாகாவிலிருந்து 19 1/4 லட்சம் ரூபாய் லாபம் கிடைத்தது. ஆனால் இவ்வருடம் அது ஏழு லட்சமாகக் குறைந்திருக்கிறது. ஏன் இந்தக் குறைவு. தொழிலாளிகளுக்குச் சம்பளம் கூட்டப்பட்டிருக்கிறதா? அல்லது ஓவர்லோடிங்கை நிறுத்தியிருக்கிறார்களா? அல்லது ஸ்பேர் பார்ட்களின் விலையாவது கூடிவிட்டதா அல்லது பெற்றோளின் விலை கூடுதலாகிவிட்டதா? அப்படி ஒன்றுமில்லை? பின் ஏன் இவ்விதம் நஷ்டம் வருகிறது. நிர்வாக ஊழல் தான் இதற்கெல்லாம் காரணம். ஒரு அங்கத்தினர், இப்பொழுதுள்ள டிரான்ஸ்போர்ட் டயரக்டருக்கு நிர்வாகத் திறமை உண்டென்று சொன்னார். இந்த இலாகா டயரக்டருக்கு இந்த இலாகாவை நடத்துவதற்குள்ள திறமை இல்லை என்று தான் நான் சொல்வேன். அதற்கு, டண் கணக்கில் ரிக்கார்ட் இருக்கிறது. இந்த டயரக்டர் கைக்கூலி வாங்குகிறார் என்று நான் சொல்லவில்லை. அவர் கைக்கூலி வாங்காதவராய் இருக்கலாம். ஆனால் நிர்வாகத் திறமை அவருக்கில்லை. ஓவர் லோடிங்கை நிறுத்தாமல் பிரயாணிகளை தலையணையில் பஞ்சடைப்பதுபோல் பஸ்களில் அடைத்த பின்னும், 20 லட்சம் ரூபாய் லாபம், ஏழு லட்சமாக குறைந்திருக்கிறது. பாப்பனங்கோட்டிலுள்ள இந்த டிரான்ஸ்போர்ட் ஒர்க் ஷாப்பிற்குச் சென்று பார்ப்போம். சர்ச்சில் (Church) உள்ள Burial grounds யைப் பார்த்தால் நிறைய கல்லறைகள் (Tombs) காணலாம். அதேபோல் இந்த பாப்பனங்கோடு ஒர்க்ஷாப்பில் சென்று பார்த்தால் காணலாம், நிறைய வண்டிகள் செத்த நிலையில் இருப்பதை. ஒன்றுக்கும் உபயோகப்படாத பஸ்களும், சிறிய சிறிய ரிப்பேர்கள் உள்ள சுமார் 132 பஸ்களும் அங்கு ஒதுக்கி நிறுத்தப்பட்டிருப்பதைக் காணலாம். நாகர் கோவில் க்ஷயரோக ஆஸ்பத்திரிக்குச் செல்லும் ஒரு நோயாளி எப்படி திரும்பி வாராமல் போகிறாரோ அதேபோல்தான், இந்த பாப்பனங்கோடு சுடுகாட்டுக்குப் போகும் இந்த பஸ்களும் திரும்பி வருகிறதில்லை. அங்கு நிறுத்தப்பட்டிருக்கும் வண்டிகளின் பட்டியல் வருமாறு. Ford 53, சவர்லெட் 44, ஸ்டுடிபேக்கர் 6, ஆஸ்டின் 7, டைஸல் ஆஸ்டின் 2, டாட்ஜ் 20 பஸ்கள், ஆக 132 பஸ்கள் அங்கு நிறுத்தப்பட்டிருக்கின்றன. இதுமாதிரி பொது ஜனங்கள் கொடுக்கும் லட்சக்கணக்கான ரூபாய் கொடுத்து வாங்கப்பட்டிருக்கும் பஸ்கள், மிகவும் மோசமான நிலையில் அங்கு அந்த பாப்பனங்கோட்டு சுடுகாட்டில் தள்ளப்பட்டிருக்கிறது. அது மட்டுமல்ல சுமார் ஆயிரம் ரூபாய் வீதம் விலைபிடிக்கும் 12Furnace கள் அங்கு துருப்பிடிக்கப்பட்டுக் கிடக்கின்றன. இதற்கெல்லாம் யார் பொறுப்பு? இம்மாதிரி லட்சக்கணக்கில் ரூபாய் விரயம் செய்கிறீர்களே? இதற்கு யார் பொறுப்பு? இந்த டிப்பார்ட்மென்ட் மேல் அதிகாரியில்லாமல் வேறு யார் பொறுப்பாளியாயிருக்க முடியும் என்று கேட்கிறேன். இதைப் பற்றி கேட்பார் யாருமில்லை. ஆனால் ஒரு தொழிலாளி வாஷரைத் திருடினான் என்று குற்றஞ்சாட்டி ஸஸ்பெண்ட் செய்தார்கள். இதே மாதிரி எத்தனை எத்தனையோ சம்பவங்கள் இருக்கின்றன. ஆ

ஞல் போதுமான சமயம் இல்லாததால் அவற்றைப் பற்றி கூற முடியாமலிருக்கின்றேன். அடுத்ததாக, பனிஷ்மென்று காரியத்தைப் பற்றி ஒரு வார்த்தை சொல்ல நினைக்கிறேன். இந்த டயரக்டருக்கு எப்படி, என்ன குற்றத்திற்கு என்ன தண்டனை கொடுப்பது என்று தெரியாது. உதாரணமாக ஒன்று குறிப்பிடுகிறேன். எங்களது தலைவர் ஸ்ரீமான் டி. வி. தாமஸ் அவர்கள், அவர்களது பேச்சின் மத்தியில் ஒரு சம்பவத்தைப்பற்றிக் கூறினுர்கள். போன வருடம், ஒரு கண்டக்டர் மீது ஒரு பராதி கொடுக்கப்பட்டது. அதாவது அவர் சரியாக ஒரு வருடத்திற்கு முன்ஞல் ஒருநாள் திருவனந்தபுரம் கோட்டயம் லைனில் பஸ் சர்வீஸ் நடத்திக்கொண்டிருந்த பொழுது ஒரு பிரயாணி வண்டியை நிறுத்தும்படி கையைக் காட்டியதாகவும், ஆஞல் கண்டக்டர் வண்டியை நிறுத்தாமல், இடமிருந்தும் ஓட்டிக் கொண்டு வந்துவிட்டதாகக் குற்றச்சாட்டு. இந்த குற்றத்திற்காக மேற்படி கண்டக்டரை பார்சல் அற்றெண்டராக (Parcel Attender) தரம் தாழ்த்தாமலிருக்க ஏதாவது சமாதானம் உண்டானல் நோட்டீஸ் கிடைத்த 24 மணிக்கூருக்ககம் டயரக்டருக்கு சமர்ப்பிக்கவேண்டுமென்று கண்டக்டர் கேட்கப்பட்டார். கண்டக்டர் நியாயமான சமாதானம் கூறியபிறகும், ஒரு மாதம் சஸ்பென்ஷனில் நிறுத்தப்பட்டு தண்டிக்கப்பட்டார். இந்த டயரக்டருக்கு, அந்த கண்டக்டரிடம் எக்ஸ்பிளனேஷன் கேட்க ஒரு வருட காலம் வேண்டி வந்தது. ஆஞல் அந்த கண்டக்டருக்கு சமாதானம் அளிப்பதற்கு, ஒரேஒரு நாள் தான் அனுமதிக்கப்பட்டது. உண்மையில் அந்த ஆள் கைகாட்டிஞரா? இல்லையா? அவர் புகாரில் கூறியிருப்பது உண்மைதாஞ? என்பதைப்; பற்றி ஒன்றும் விசாரிக்கவில்லை. இதேமாதிரி இன்ஞெரு சம்பவம் பத்மனுப பிள்ளை என்பவர், நாகர்கோவில்—அஞ்சுகிராமம் சர்வீசில் ஒருநாள் ஒரு கிழவிக்கு டிக்கட் கொடுக்க மறந்துவிட்டார்; அதை ஒரு செக்கிங் இன்ஸ்பெக்டர் கண்டுபிடித்து ரிப்போர்ட் செய்தார். டிஸ்ட்ரிக்ட் ஆப்பீசர் அந்த கண்டக்டருக்கு மூன்று ரூபாய் அபாரதம் விதிக்கவேண்டுமென்று டயரக்டருக்கு சிபார்சு செய்தார். ஆஞல் டயரக்டர் உடனே அந்த பத்மனுபபிள்ளை என்ற கண்டக்டரை டிஸ்மிஸ் செய்தார். மனுக்கொடுத்தபிறகு அதே ஆளை டயரக்டர் திரும்பவும் வேலையில் ரிஇன்ஸ்டேட் (Reinstate) செய்தார். மறுபடியும் அவர், ஒரு காரணமுமில்லாமல் சர்க்கார் உத்தரவின்பேரில் டிஸ்சார்ஜ் செய்யப்பட்டார். இதே மாதிரி பல பல கேஸ்கள் இருக்கின்றன. இன்னுமொரு ரசமான சம்பவம், சொல்கிறேன். 1950 டிசம்பர் 20-ம் தேதி கோளகௌமதியில் ஒரு ரிப்போர்ட் வந்திருந்தது.

Mr. Speaker: Instead of referring to reports in the Kerala Kaumudi the hon', Member may make statements on his own authority.

ஸ்ரீ. வி சங்கர்: அது, நடந்த காரியம் தான். நெடுவெட்டியிலிருந்து இரவு 8 மணிக்கு திருவனந்தபுரம் புறப்பட்ட ஒரு பஸ் வழியில் இடிச்சக்கபலாமூட்டில் வைத்து சறுக்கி மறிந்துவிட்டது.

[Shri C. Sankar]

ஸ்தலத்தில் வைத்தே கண்டக்டரும், ஒரு பிரயாணியும் இறந்துவிட்டார்கள். மற்றும் பதினேழு பேருக்கு காயம் ஏற்பட்டது. அந்த பஸ் டிறைவரின் கவனக்குறைவால் தான் அந்த ஆக்சிடெண்ட் ஏற்பட்டதென்று அந்த டிறைவர்மேல் கேஸ் தொடுக்கப்பட்டது. காயம் பட்டவர்களுக்கோ அல்லது இறந்துபோன அந்த பிரயாணிக்கோ நஷ்ட ஈடு ஒன்றும் கொடுக்கப்படவில்லை. ஆனால் அதில் ஒரு பிரயாணியாயிருந்த திருவனந்தபுரம் டிஸ்றிக்ட் காங்கிரஸ் கமிட்டி செக்ரெட்டரியாய் இருந்த துரைசாமி என்பவருக்கு மாத்திரம், அவரது கை எலும்பு ஒடிந்ததற்கு நஷ்ட ஈடாக 3000 ரூபாய் கொடுக்கப்பட்டது. ஆனால் இறந்துபோன அந்த கண்டக்டரின் குடும்பத்திற்கு, நஷ்ட ஈடாக தொழிலாளி யூனியன் மிகவும் வாதாடியபிறகு 1400 ரூபாய் தான் கொடுக்கப்பட்டது. தொழிலாளி இறந்துபோனதற்கு நஷ்ட ஈடாக 1400 ரூபாயும், காங்கிரஸ்காரன் கையெலும்பு ஒடிந்ததற்கு நஷ்ட ஈடாக 3000 ரூபாயும் கொடுத்தார்கள். இங்கு நடக்கிற அனியாயத்திற்கு, இதைவிட வேறொரு உதாரணம் வேண்டுமா? என்று நான் கேட்கிறேன் இதுமாதிரி எத்தனை எத்தனையோ பக்ஷபாதங்களும் அனியாயங்களும் இங்கு நடக்கின்றன. இது தானா இந்த காங்கிரஸ் சர்க்காரின் நியாயம்? இதுதானா இந்த காந்திய சர்க்காரின் நியாயம்? பின்னர், இனியொருவிஷயம் இவைகளைச் சம்பந்தித்து ரிப்போர்ட் செய்யும் ஸ்பெஷல் பிராஞ்ச் இன்ஸ்பெக்டர்களின் ரிப்போர்ட்டுகளோ, மிக விசேஷமானதாகும். நாகர்கோவிலில் ஒரு சம்பவம் நடந்தது. அதாவது, சமீபத்தில் ஒரு நாள் நாகர்கோவில்-அழகியபாண்டியபுரம் லைனில் ஒரு பெண் ஒரு டிரைவரை அடித்துவிட்டாள் அந்த டிரைவருக்கு அடி பட்டதோடல்லாமல் அவமானமும் பொறுக்கமுடியவில்லை. இப்படியிருக்க ஸ்பெஷல் பிராஞ்ச் இன்ஸ்பெக்டரின் ரிப்போர்ட்டோ அந்த டிரைவர் டிப்பார்ட்மென்றிற்கு அவமதிப்பு ஏற்படுத்திவிட்டார் என்பதாகும்.

ஸ்ரீ. எ. சிதம்பரநாத நாடார்: பெண்களுக்கும் ஆண்களைப் போல் சமத்துவம் கொடுக்கவேண்டுமென்று மெம்பரின் கட்சியினர் சொல்லும்போது, ஆண்கள் பெண்களை அடிக்கலாமென்றால் பெண்களுக்கு ஆண்களை அடிக்க சுதந்திரமில்லையா?

ஸ்ரீ. ஸி. சங்கர்: சமத்துவம், என்றால் இதுவல்ல. மந்திரி அவர்கள் அப்படி பெண்கள் கையால் அடிவாங்குவது சமத்துவம் என்று கருதலாம். ஆனால் நான், அவ்விதம் கருதவில்லை. இன்ஸ்பெக்டர் தன்னுடைய அவசர வேலைகளை எல்லாம் விட்டுவிட்டு அந்தப் பெண்ணின் வீடுதேடிச் சென்று, அவளிடம் ஒரு ஸ்டேட்மென்று எழுதிவாங்கி டயரக்டருக்கு நேரடியாக அனுப்பிவிட்டார் அந்த ஸ்டேட்மென்றில், அப்பெண்ணின் காலை வண்டியிலிருக்கும்பொழுது டிரைவர் பிடித்திழுத்ததாக குற்றஞ்சாட்டியிருந்தாள். பஸ்ஸில் வேறு பல பிரயாணிகளும் இருக்கும்போது டிரைவர் அவ்வாறு செ

ப்திருந்தால், பிரயாணிகள் கண்டிருக்கமாட்டார்களா? கண்டால், டிரைவரை சும்மா விட்டிருப்பார்களா? இவற்றைப் பற்றி ஒன்றும் ஆலோசிக்காமலும், டிரைவர் பேரிலுள்ள குற்றச்சாட்டுகள் உண்மைதானா என்று விசாரணை செய்து அறியாமலும், இன்ஸ்பெக்டருடைய ரிப்போர்ட்டை மட்டும் ஆதாரமாய் வைத்துக்கொண்டு, டைரக்டர் அவர்கள் உடனடியாக டிரைவரை மறு உத்தரவுவரை சஸ்பெண்ட் செய்தார்கள். ஆனால், மேற்படி இன்ஸ்பெக்டருடைய ரிப்போர்ட் நாகர்கோவில் டிஸ்ட்ரிக்ட் ஆபீசருக்கு அனுப்பப்பட்டு அவர் அதைப்பற்றி விசாரணை செய்தபோது, குற்றச்சாட்டுகள் பொய் என்று தெரியவந்தன. பின்னால் டிரைவருடைய ஸஸ்பென்ஷன் ரத்து செய்யப்பட்டு அவர் வேலையில் சேர்த்துக்கொள்ளப்பட்டார். ஆனால் கள்ள ரிப்போர்ட் அனுப்பிய இன்ஸ்பெக்டருக்கு ஒரு தண்டனையும் இல்லை. அந்த ஸஸ்பென்ஷன் பீரியட், லீவாக கணிக்கப்பட்டது. ஆனால் அந்த லீவ் சமயத்தில் உள்ள சம்பளத்தை யார் கொடுப்பார்கள்? இப்படியாக, இந்த டிரான்ஸ்போர்ட் டைரக்டரைப் பொறுத்தளவில் பல நிர்வாக ஊழல்களும் இருக்கின்றன. கடைசியாக ஒரு விஷயம் கூடச் சொல்ல நான் ஆசைப்படுகிறேன். நாகர்கோவில் டிஸ்ட்ரிக்டில் 40 ரூபாய் சம்பளம் வாங்கும் அனேக தொழிலாளிகள், இந்த டிப்பார்ட்மெண்டில் இருக்கிறார்கள். இவர்களைத் தூக்கி ஆல்வாய் போன்ற இடங்களுக்கு ஸ்தலம்மாற்றுகிறார்கள். இப்படி ஸ்தலம் மாற்றினால் இவர்கள் இந்த 40ரூபாய் சம்பளத்தில் பெண்டு பிள்ளைகளுடன் ஆல்வாய் சென்று எப்படி ஜீவிப்பார்கள்? மேலும், இவர்கள் தங்கள் பிள்ளைகளை பள்ளிக்கூடத்தில் சேர்க்கவேண்டுமென்றால், அங்கு மலையாளப் பள்ளிக்கூடங்கள் தான் உண்டு. ஆகவே தமிழ் படிக்கும் இப்பிள்ளைகளை எந்த பள்ளிக்கூடத்தில் கொண்டு சேர்ப்பது? இதைப்பற்றி எல்லாம் சர்க்கார் உடனடி கவனிக்க வேண்டுமென்றும் கேட்டுக்கொண்டு வெட்டுப் பிரேரணையை ஆதரிக்கிறேன்.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: സർ, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ ഭരണം സംബന്ധിച്ചു പൊതുവെ ഒരു അസംതൃപ്തിയുണ്ടെന്നുള്ള കാര്യം ആർക്കും നിഷേധിക്കാവുന്നതല്ല. എന്നാൽ പ്രതിപക്ഷങ്ങളിൽ നിന്നും അതിനുള്ള ഉത്തരവാദിത്വം മുഴുവൻ ഗവർമെൻറിൽ ആരോപിച്ചിട്ടുള്ളതു ശരിയാണെന്നു പറയാൻ നിവൃത്തിയില്ല. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഈ സംസ്ഥാനത്തു സ്ഥാപിച്ചതു് ൧൮ കൊല്ലങ്ങൾക്കു മുമ്പ് സർ. സി. പി. രാമസ്വാമിഅയ്യരുടെ കാലത്തായിരുന്നു. അന്നു ഡിപ്പാർട്ടുമെൻറിന്റെ ഭരണം മുഴുവനും ഒരു വ്യക്തിയായിരുന്നു നടത്തിയിരുന്നതു് വാഹനനിയന്ത്രണത്തിൽ സാമർത്ഥ്യ ബിരുദം സിദ്ധിച്ച സാൾട്ടർ സായ്പിന്റെ നിയന്ത്രണത്തിൽ ദിവാൻജിയുടെ മേൽനോട്ടത്തിൽ നടത്തിയിരുന്ന ആ ഡിപ്പാർട്ടുമെൻറ് കാര്യക്ഷമമായി അന്നു നടത്താൻ സാധിച്ചു. അതിനുശേഷം നിയമിക്കപ്പെട്ടിട്ടുള്ള ഡയറക്ടർമാർ അപ്രാപ്തന്മാരായിരുന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സാൾട്ടർ സായിപ്പ് പോയതിനുശേഷം ഭരണപദവിയിൽ വലിയ നിപുണത സിദ്ധിക്കാത്ത ഒരു രാമമൂർത്തിയെ ആയിരുന്നു ആ സ്ഥാ

[ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ]

നത്തു് അവരോധിക്കപ്പെട്ടതു്. ആ രാമമൂർത്തിയുടെ ഭരണം വളരെ കാര്യക്ഷമമായ ഒന്നല്ലായിരുന്നു എന്നും മററും പല ആക്ഷേപങ്ങളും ഉണ്ടായി. അതു സംബന്ധിച്ച് അചിരേണ ഒരു അന്വേഷണത്തിനു് ഇടയായി. അങ്ങനെയിരിക്കെ എന്തോ ചില അജ്ഞാതമായ കാരണങ്ങളാൽ രാമമൂർത്തിയെ സർവീസിൽനിന്നു പിരിച്ചുവിടുകയുംചെയ്തു എന്നുള്ളവസ്തുത നമുക്കറിയാം. അദ്ദേഹത്തിന്റെ കാലത്തു് വലിയ തുകകൾ ചിലവാക്കി ആർക്കും ആവശ്യമില്ലാത്ത നിരവധി ബസ്സുകൾ ഡിപ്പാർട്ടുമെന്റിലേക്കു വാങ്ങിച്ചു. ആ ബസ്സുകൾ ഇന്നും ഉപയോഗശൂന്യമായി ഇന്നത്തെ ഡയറക്ടരെ അലട്ടുന്ന ഒരു പ്രശ്നമായി പാപ്പനംകോട്ടു വർക്ക്ഷാപ്പിലും തിരുവനന്തപുരം ഗാരേജിലും കിടപ്പുണ്ടു്. രാമമൂർത്തിയുടെ കാലത്തിനുശേഷം വന്നിട്ടുള്ള ഡയറക്ടറന്മാർ നല്ലവരും മററു ഡിപ്പാർട്ടുമെന്റു ഭരിക്കുന്നതിനു പ്രാപ്തിയുള്ളവരും ആയിരുന്നു. അതിലൊന്നിലും ആർക്കും സംശയമില്ല. എങ്കിലും എന്റെ സ്നേഹിതൻ ശ്രീമാൻ ടി. വി. തോമസ്സ് പറഞ്ഞതുപോലെ സാങ്കേതികപരിജ്ഞാനം ആവശ്യമുള്ള ഈ ഡിപ്പാർട്ടുമെന്റു ഭരിയ്ക്കുന്നതിനു് അവർ അപ്രാപ്തന്മാരായിരുന്നു. അവരെ സംബന്ധിച്ചു ഫലിതരസമായ ചില കഥകളും കേട്ടിരുന്നു. ഒരു കണ്ടക്ടർ ബ്രേക്കില്ലെന്നു പറഞ്ഞപ്പോൾ അടുത്ത വണ്ടിയിൽ ബ്രേക്കയച്ചാൽ മതിയെന്നു് അന്നത്തെ ഡയറക്ടർ പറഞ്ഞതായും ഒരു ഡ്രൈവറോടു് എന്റെ അനുവാദംകൂടാതെ ഗിയർ മാററിയതു് എന്തിനെന്നു മറെറാരു ഡയറക്ടർ ചോദിച്ചതായും ചില കഥകൾ കേട്ടിരുന്നു. അതു് അവരുടെ സാങ്കേതികമായ അജ്ഞതയെയാണു് തെളിയിക്കുന്നതു്. ഇവർ ഇരുന്ന കാലത്തുവണ്ടികൾവാങ്ങിക്കുന്ന കാര്യത്തിൽ വളരെ അക്ഷന്തവ്യമായ അനാസ്ഥ ഡിപ്പാർട്ടുമെന്റിൽനിന്നുംകാണിച്ചിട്ടുണ്ടു്. സാങ്കേതികപരിജ്ഞാനമില്ലാത്ത ഈ ഡയറക്ടറന്മാർ പലവിധമായ വണ്ടികളുടെ ഉടമസ്ഥന്മാരുടെ പ്രലോഭനങ്ങൾക്കും സ്വാധീനശക്തിയ്ക്കും വിധേയരായി നിരവധി വണ്ടികൾ ഡിപ്പാർട്ടുമെന്റിലേക്കു വാങ്ങിച്ചിട്ടുണ്ടു്.

ശ്രീ. ടി. എ. മജീദ്: ഡയറക്ടരാണോ വണ്ടികൾ വാങ്ങിക്കുന്നതു്?

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ഡയറക്ടരല്ല. ട്രാൻസ്പോർട്ടിൽ രണ്ടു ബോർഡുകൾ ഉണ്ടു്. അഡ്വൈസറി ബോർഡും ട്രാൻസ്പോർട്ടുബോർഡും ഈ ബോർഡുകളിൽ ഡയറക്ടറും ഒരു അംഗമാണു്. ട്രാൻസ്പോർട്ടുബോർഡിൽ മിനിസ്റ്ററും, ഐ. ജി. യും, ഫിനാൻഷ്യൽ സിക്രട്ടറിയും, ചീഫ് ഇഞ്ചിനീയരും, അംഗങ്ങളാണെന്നാണു് എനിക്കു തോന്നുന്നതു്. ഇവരിൽ ആർക്കും ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റു നടത്തുന്നതിനോ ബസ്സു വാങ്ങുന്നതിനോ ഉള്ള സാങ്കേതികപരിജ്ഞാനമില്ല. ഇവർക്കു ബസ്സുകൾ വാങ്ങിക്കുന്നതിനും ഡിപ്പാർട്ടുമെന്റിന്റെ പോളിസി രൂപീകരിക്കുന്നതിനുമുള്ള അധികാരമല്ലാതെ മററു ചുമതലയൊന്നുമില്ല. ബസ്സുകൾ വേണ്ടുവോളം ഇല്ലെന്നുപരാതിപ്പെടുന്നതു ഡയറക്ടരോടാണു്. അതേ അവസരത്തിൽ ബസ്സുകൾ വാങ്ങാനുള്ള അധികാരം അദ്ദേഹത്തിനല്ല. ബസ്സുകളിൽ ഓവർലോഡു കയററിയാൽ പരാതിപ്പെടുന്നതു ഡയറക്ടരോടു്. ശിക്ഷിക്കാനുള്ള അധികാരം ഐ. ജി. ക്കാണു്. ബസ്സുകൾക്കു് ആവശ്യമുള്ള കൺട്രാക്ടറന്മാരെയും ഡ്രൈവറന്മാ

രേയും നിയമിക്കേണ്ടതു അത്യാവശ്യമാണ്. അല്ലാത്തപക്ഷം യാത്രക്കാർക്കു ക്ലേശത്തിനിടയാകും. വണ്ടിയിറങ്ങി യാത്രക്കാർ കയറി അരമണിക്കൂർ കഴിയുമ്പോൾ ഡ്രൈവർ വരും. ഡ്രൈവർ നേരത്തെ വന്നാൽ ചിലപ്പോൾ കണ്ടക്ടർ താമസിച്ചേ വരികയുള്ളു. ഇതിനു ഡയറക്ടരോടു പരാതിപ്പെട്ടാൽ അദ്ദേഹത്തിന് നിയമനാധികാരമില്ല. നിയമനം നടത്തുന്നതു് പബ്ളിക്കസർവ്വീസ് കമ്മീഷനാണ്. അങ്ങനെ പല പല യജമാനന്മാരെ സേവിക്കേണ്ട ഒരാളാണ് ട്രാൻസ്‌പോർട്ടു ഡയറക്ടർ. യാതൊരു അധികാരങ്ങളുമില്ലാതെ പരാതി കേൾക്കാൻമാത്രമുള്ള ഒരുദ്യോഗമാണ് ഡയറക്ടരുദ്യോഗം. പരാതികൾക്കു യാതൊരു പരിഹാരവും ചെയ്യാൻ അധികാരമില്ലാത്ത അപ്രാപ്തനാകുന്ന ഒരാളാണ് ഡയറക്ടർ. പിസ്റ്റൺ, റേഡിയേററർ എന്നെല്ലാം പറഞ്ഞാൽ യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്ത ഡയറക്ടർ അവ എന്താണെന്നു ചോദിക്കും. പോലീസ് ഡിപ്പാർട്ടുമെൻറിലൊ സെക്രട്ടറിയേററിലോ ഇരുന്നിരുന്ന ഒരു ഡയറക്ടർ ഇതു കേട്ടു് നിന്നു മിഴിക്കുകയായിരിക്കും ചെയ്യുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാൻ: അപ്പോൾ വെളിയിൽനിന്നും ഒരാളെ വരുത്തണമെന്നാണോ മെമ്പറുടെ അഭിപ്രായം.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: അല്ല. ഈ സംസ്ഥാനത്തുള്ള പ്രാപ്തരായ ആളുകളെ ഉൾപ്പെടുത്തി ഒരു ബോർഡു് ഉണ്ടാക്കി അതിൻെറ കീഴിൽ ഒരു എക്സിക്യൂട്ടീവ് ആഫീസറേയും നിയമിക്കണം. ഇപ്പോഴത്തെപ്പോലെ ചുമതലയില്ലാത്ത അധികാരം മാത്രം കൊടുത്താൽ ഭരണം അധഃപതിക്കുകതന്നെ ചെയ്യും. അല്ലാതെ ഇതിനു കാരണം കൺഗ്രസ് ഗവണ്മെൻറാണെന്നൊ ഇന്ന വ്യക്തിയാണെന്നോ പറയുന്നതു പരമാബദ്ധമാണ്. യാതൊരധികാരവുമില്ലാതെ ഒരു ഡയറക്ടരെ പിടിച്ചുവച്ചിട്ടു് ഡിപ്പാർട്ടുമെൻറിലുണ്ടാകുന്ന പരാതികൾക്കു് ആ മനുഷ്യനാണുത്തരവാദിത്വം വഹിക്കേണ്ടതു് എന്നു പറയുന്നതു തെററാണ്. ഡയറക്ടർക്കുണ്ടാകുന്ന വൈഷമ്യങ്ങൾ പലവിധത്തിലുള്ളതാണ്. ഒരു ദിവസത്തെ കണക്കുകൾ നോക്കിയാൽ ട്രാൻസ്‌പോർട്ടു് ബസ്സിൽ സമ്മതിക്കുന്ന വ്യക്തികളുടെ എണ്ണം ഒരു ലക്ഷമാണ്. ഒരു ദിവസം ഓടുന്നവണ്ടികളുടെ എണ്ണം മുന്നൂറാണ്.

Mr. Speaker: Order, order. The Member may continue his speech for a few minutes after lunch. The House will now rise for lunch to meet again at 2 p. m.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair. (2 p. m.)

Mr. Speaker: Mr. Kesavan Nair will continue.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: സർ, ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ട്രാൻസ്‌പോർട്ട് ഡയറക്ടർ എത്രതന്നെ ശ്രമിച്ചാലും എന്തു ഭഗീരഥപ്രയത്നം ചെയ്താലും ഡിപ്പാർട്ടുമെൻറ് ശരിയാക്കുന്നതിനുള്ള പരിതസ്ഥിതി ഇനിയും ഉണ്ടായിട്ടില്ലെന്നാണ്. ഞാൻ മുമ്പു പറഞ്ഞതനുസരിച്ചു് ഒരു ദിവസം ൧ ലക്ഷത്തോളം യാത്രക്കാരാണ് ഈ ട്രാൻസ്‌പോർട്ട് വണ്ടികളിൽ സഞ്ചരിക്കുന്നതു്. ട്രാൻസ്‌പോർട്ടു വണ്ടികളിൽ സഞ്ചരിക്കാനായി പോകുന്ന യാത്രക്കാരിൽ ൧ ൭ ശത

[ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ]

മാനത്തോളം ആളുകൾ നിരാശരായി തിരികെ പോരികയാണുചെയ്യുന്നതു്. ഇങ്ങനെ യാത്രചെയ്യുന്ന ഒരു ലക്ഷം യാത്രക്കാർ പലമാതിരി ക്ലേശങ്ങൾ സഹിച്ചാണു് നിർദ്ദിഷ്ടസ്ഥാനത്തു എത്തിച്ചേരുന്നതു്. ഇവരെല്ലാം ഡിപ്പാർട്ടുമെൻറിനെ ശപിക്കുന്നതിൽ അതിശയിക്കുന്നില്ല. തിരുവനന്തപുരം മുതൽ കന്യാകുമാരിവരെ സഞ്ചരിക്കുന്ന ഒരാൾക്കു കുറഞ്ഞതപക്ഷം നാലു ബസ്സുകളെങ്കിലും വഴിയിൽ ബ്രേക്കു് ഡൗണായി കിടന്നു പോകുന്നതു കാണാൻകഴിയും. യാതൊരു സർവിസ് ഏജൻസിയിലും ഇത്ര ബ്രേക്കു് ഡൗൺ ഉണ്ടാകാറില്ല. ഇതിൻെറ കാരണംഎന്താണെന്നു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഇതിനു മുമ്പു ഒരു അനുദ്യോഗസ്ഥകമ്മിററിയെ നിയമിച്ചിരുന്നു. ആ കമ്മിററിയുടെ റിപ്പോർട്ടു് എന്താണെന്നു അറിയാൻ കഴിയുന്നില്ല. അതു കഴിഞ്ഞിട്ടു ഹൈദ്രാബാദിൽനിന്നും കാളിൻസ് എന്ന ഒരു സായിപ്പിനെ ഇവിടെ വരുത്തി. അദ്ദേഹം ഈ സംസ്ഥാനത്തെ റോഡുകളേയും ബസ്സുകളേയും പരിശോധിച്ചതിനുശേഷം ഗവണ്മെൻറിലേക്കു് ഒരു റിപ്പോർട്ടു സമർപ്പിച്ചു. കാളിൻസു റിപ്പോർട്ടിൽ നിഷ്കർഷയായി പറഞ്ഞിരിക്കുന്നതു് ഫ ൻ ഒ വ-ൽ ഫോർഡും ഷവർലെററും ബസ്സുകൾ മാത്രമെ സ്റ്റാൻഡർഡൈസ് ചെയ്യാവൂ എന്നാണു്. അദ്ദേഹം ഇവിടെ വന്ന അവസരത്തിൽ ഇവിടെ ഫ വ. ആസ്റ്റിൻ, ഫ ഫ വ. ഷവർലെററ് ഒരു ബെററ്ഫോർഡു്, ൻ ൧ ഫോർഡു്, വ ൦ ഡാഡ്ജു്, വ ൦ സ്ററഡിബേക്കർ ഇത്രയും ബസ്സുകൾ ഉണ്ടായിരുന്നു. ഇതിൽ ഷവർലേററും ഫോർഡും ഒഴിച്ചു ബാക്കിയുള്ളവയെല്ലാം എലിമിനേററ ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിൻെറ റിപ്പോർട്ടു്. എന്നാൽ ചില പ്രത്യേക തൽപ്പര്യക്കാരുടെ പ്രേരണനിമിത്തം ൻ ൪ ആസ്റ്റിൻ ബസ്സുകൾ ൧ വ-ൽ വാങ്ങിയതായിട്ടാണു കാണുന്നതു്. അതു് ഉൾപ്പെടുത്താൻ പാടില്ലെന്നു കാളിൻസ് നിഷ്കർഷിച്ചിട്ടുള്ളതിനുപുറമെ ഇൻഡ്യയിൽ ട്രാൻസ്പോർട്ടു് നാഷണലൈസ് ചെയ്തിട്ടുള്ള യാതൊരുസ്ഥലത്തും ആസ്റ്റിൻവണ്ടി ഓടുന്നില്ലെന്നുള്ളകാര്യവും ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. എന്നാൽ ഇങ്ങനെ ഈ രണ്ടിനം ബസ്സുകൾമാത്രം ഒഴിച്ചു ബാക്കിയുള്ളവയെ എലിമിനേററ ചെയ്യുന്നതിനു പകരം ഈ ആസ്റ്റിൻ വണ്ടികൾക്കു പുറമെ ഇൻറർനാഷണൽ ബസ്സുകൾ വാങ്ങിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തതായിട്ടാണു് അറിയുന്നതു്. ഇതു എന്തടിസ്ഥാനത്തിലായിരുന്നുവെന്നു അറിയുന്നില്ല. ഈ സഭയിൽത്തന്നെ ഞാൻ ഇതിനെക്കുറിച്ചു പല ചോദ്യങ്ങളും ചോദിച്ചിട്ടുള്ളതിൽനിന്നും ഇതിൽ എന്തോ തകരാറു് ഉണ്ടെന്നുമനസ്സിലാക്കാവുന്നതാണു്. കാളിൻസിൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനു പ്രത്യക്ഷവിരുദ്ധമായിട്ടാണു് ഇതു ചെയ്തിട്ടുള്ളതു്. ഇൻറർനാഷണൽ ബസ്സുകൾ വാങ്ങിച്ചിട്ടുള്ളതു് ന്യായീകരിക്കത്തക്ക യാതൊരു കാരണവും ഇല്ലെന്നും മററും അന്നത്തെ ട്രാൻസ്പോർട്ടു മന്ത്രിയായിരുന്ന സത്യസന്ധനായ ശ്രീ. കൃഷ്ണൻകുട്ടിമേനോൻ ആർഡർ പാസാക്കിയിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ടു്. അങ്ങനെ അദ്ദേഹം ആർഡർപാസാക്കിയതിനുശേഷം അദ്ദേഹം ചാർജ്ജുവിടുന്നതിനു തലേദിവസമോ ചാർജ്ജു വിട്ടതിനു പിറേറദിവസമോ കുറെ ഇൻറർനാഷണൽ ബസ്സുകൾകൂടി ഗ്യാരേജിൽ പോയിട്ടുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ മന്ത്രിസഭ വന്നതിൽ പിന്നീട് അങ്ങിനെ യാതൊന്നും ചെയ്തിട്ടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ: അതാണ് ഞാൻ പറഞ്ഞത് ശ്രീ. കൃഷ്ണൻകുട്ടി മേനോൻ ചാർജ്ജുവിടുന്നതിനു തലേദിവസമോ ചാർജ്ജുവിട്ടതിനു പിറേറദിവസമോയെന്ന്. ഏതായാലും അങ്ങനെ കൂടുതൽ വണ്ടികൾ വാങ്ങിച്ചുവെന്നുള്ളതു വാസ്തവമാണ്. അതിന്റെ കാരണങ്ങളറിയണം. കോളിൻസ് റിപ്പോർട്ടിന്റെ പ്രത്യക്ഷവിരുദ്ധമായിട്ടാണ് ഇതു ചെയ്തിട്ടുള്ളത്. ഇങ്ങിനെയുള്ള വണ്ടികൾ എടുക്കുന്നതുകൊണ്ടു യാത്രക്കാർക്കും മററും വളരെവളരെ ക്ലേശങ്ങൾ ഉണ്ടാകാറുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇങ്ങനെ ഇൻറർനാഷണൽ ബസ്സു വാങ്ങിച്ചതിനു ആർക്കെങ്കിലും കാറ പ്രസൻറചെയ്തിട്ടുള്ളതായി അറിയാമോ?

നെടുമങ്ങാട് ആർ. കേശവൻനായർ: ഇങ്ങനെ ഞാനും കേട്ടിട്ടുണ്ട്. ടൗണിൽ റിനാൾട്ടു വണ്ടികളിൽ സഞ്ചരിക്കുന്നവരെ നോക്കിയാൽ മെമ്പർക്കും ആർക്കും ആരാണെന്നു മനസ്സിലാകും. ഇപ്പോൾ ഈ ട്രാൻസ്പോർട്ടുഗാരേജുനോക്കിയാൽ അതു വണ്ടികളുടെ ഒരു മ്യൂസിയം ആണെന്നു കാണാൻ സാധിക്കുന്നതാണ്. ഒരു വണ്ടി ഒരു മാസത്തിൽ ഏകദേശം ൨൦ ഡ്രൈവർമാരാണ് മാറി മാറി ഓടിക്കുന്നതു. അതുകൊണ്ട് ഒരു ഡ്രൈവർക്കും ഒരു വണ്ടിയുടേയും പ്രത്യേക ചുമതലയില്ല. വണ്ടികൾവളരെ അററകുററപ്പെട്ടുപോകുന്നു. ഇവയുടെ സ്പെയർ പാർട്ട്സ് കിട്ടുന്നതിനു യാതൊരുമാർഗ്ഗവും ഇല്ല. ക്ലിപ്തമായ കമ്മീഷൻ കൊടുത്തെങ്കിലേ അതു ലഭിക്കാനും സാധ്യതയുള്ളൂ. ഈ ഡിപ്പാർട്ടുമെൻറ ഭംഗിയായി നടന്ന പക്ഷം ഇപ്പോൾ കിട്ടുന്ന ഏഴു ലക്ഷം രൂപയല്ല അതിന്റെ നാലിരട്ടി ലാഭം നമുക്കു ലഭിക്കുന്നതാണ്. ഇതുമാതിരിതന്നെ അനാവശ്യമായ വേസ്ററ് ഈ ഡിപ്പാർട്ടുമെൻറിൽ ധാരാളം ഉണ്ടു. പ്രൈവററ ബസ്സ് ഉടമസ്ഥന്മാർ ഒരു ഗ്യാലൻ പെട്രോളിനു ൧൨-൦, ൧൫-൦ മൈൽ ഓടിക്കുമ്പോൾ ട്രാൻസ്പോർട്ടുവണ്ടികൾക്ക് ഒരു ഗ്യാലന് ൮ മൈൽ എന്നാണു കണക്കാക്കിയിരിക്കുന്നതു. ഇതു പറയുമ്പോൾ വേറൊരു സംഗതികൂടി പറയേണ്ടിവരുന്നുണ്ട്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ സിൽബന്ധികൾക്കു ശിക്ഷണരാഹിത്യം ഉണ്ട്. അവർക്കു ശമ്പളം, ബോണസ് ഇവ കൂട്ടികൊടുക്കണമെന്നു പ്രതിപക്ഷത്തിൽനിന്നും പല സ്നേഹിതന്മാരും പറയുകയുണ്ടായി. എന്നാൽ അവർ ഡിപ്പാർട്ടുമെൻറ മേലധികാരികളോട് അനുവർത്തിക്കുന്ന രീതി ആശാസ്യമായിട്ടുള്ളതല്ല. ഡിപ്പാർട്ടുമെൻറ മേലധ്യക്ഷന്റെ ആജ്ഞയെ ധിക്കരിച്ചു ട്രെയിഡ് യൂണിയൻ തൊഴിലാളികളെപ്പോലെ അവർ പ്രവർത്തിക്കുന്നതായിട്ടു കാണുന്നുണ്ട്. ഇതു ചില രാഷ്ട്രീയ പ്രവർത്തകരുടെ പ്രേരണകൾക്കു വിധേയമായിട്ടാണെന്നാണു ഞാൻ അറിയുന്നതു. ഉദാഹരണമായി മറെറാരു സർക്കാർ ഉദ്യോഗസ്ഥനും ജാഥയായി പോകാനുള്ള അവകാശമില്ല. അതു ഇവർക്ക് ഉണ്ടു.

ശ്രീ. ടി. വി. തോമസ്: ജാഥ പോകുന്നതു ശിക്ഷണരാഹിത്യമാണോ?

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: മററു ഗവണ്മെൻറ ഉദ്യോഗസ്ഥന്മാക്ക് അങ്ങനെ പോകാൻപാടില്ല. എന്നാൽ ഇവർ അങ്ങനെ പോകുന്നുവെന്നേ ഞാൻ പറഞ്ഞുള്ളു.

ശ്രീ. ടി. വി. താമസ്: റയിൽവെ തൊഴിലാളികഠം അങ്ങനെ പോകുന്നുണ്ടെന്നറിയാമോ?

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ഞാൻ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനെ സംബന്ധിച്ച കാര്യങ്ങളാണ് പറയുന്നതു്. ഞാൻ പറയുന്നതു് ഇവർ ഡയറക്ടരുടെ ആജ്ഞകഠംക്കു വിധേയരാകാതെ ഏതു സമയവും ഗവണ്മെൻറിനെതിരായി പ്രവൎത്തിക്കുന്ന ചില രാഷ്ട്രീയ കക്ഷികളുടെ പ്രേരണകഠംക്ക് വശംവദരായി ഇങ്ങനെ ചെയ്യുകയാണ് എന്നാണ്. ഈ പരിതഃസ്ഥിതിയിൽ ഡയറക്ടൎക്കു എന്തു ചെയ്യുവാൻ കഴിയും. ഇന്നാണെങ്കിൽ ആവശ്യമുള്ളത്ര വണ്ടികഠം ഇല്ലാ. സ്പെയർ പാർട്സ് ഇല്ല, ഓവർലോഡിങ്ങ് ഉണ്ടു്, ഇതിനെല്ലാററിനും പുറമെ സിൽബന്തികളുടെ ശിക്ഷണരാഹിത്യവും. ഇതു് എങ്ങനെയാണ് പരിഹരിക്കുക? എനിക്കു് ഇതിനു ചില നിർദ്ദേശങ്ങഠം തരാനുണ്ടു്. പക്ഷെ സമയം മതിയാകാത്തതിനാൽ ഞാൻ അതിലേക്കു കടക്കുന്നില്ല. ഈ ഡിപ്പാർട്ടുമെൻറു നല്ല ആദായമുണ്ടാകുന്ന ഒരു ഡിപ്പാർട്ടുമെൻറാണ്. കാര്യക്ഷമമായി നടത്തുകയാണെങ്കിൽ ഇന്നു കിട്ടുന്ന ലക്ഷത്തിനു പകരം അതിന്റെ നാലു ഇരട്ടി ലാഭം കിട്ടുന്നതാണ് എന്നു പറഞ്ഞുവല്ലോ. ഇപ്പോഠംതന്നെ ആകപ്പാടെ സംസ്ഥാനത്തിലെ നാലിൽ ഒരുഭാഗം ലയിൻ മാത്രമെ ഗവണ്മെൻറു എടുത്തിട്ടുള്ളു. മുഴുവൻ എടുക്കുന്നപക്ഷം ഗണ്യമായ ലാഭം കിട്ടുന്നതാണ്. മറെറാന്നു പറയുവാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറു ഒരു ബോർഡിന്റെ താഴെ ആയിരിക്കണമെന്നാണ്. ചീഫ് സെക്രട്ടറിയും, ഐ. ജി. യും മററുമുള്ള ഒരു ബോർഡു ഉണ്ടാക്കി അതിന്റെ താഴെ ഈ ഡിപ്പാർട്ടുമെൻറു പ്രവൎത്തിക്കുന്നതായാൽ വളരെ നന്നായിരിക്കും. അവൎക്കു ആവശ്യമുള്ള തുകയും കൊടുക്കണം. ഓവർലാപ്പിങ്ങ് നിറുത്തേണ്ടതും അത്യാവശ്യമാണ്. സിൽബന്തികഠംക്ക് മേലധികാരികളോട് സ്നേഹമുണ്ടാകത്തക്കവിധത്തിൽ അവരുടെ ശമ്പളവും മററും കൂട്ടണം. നാട്ടുകൂട്ടാകെയുള്ള റോഡുകഠം നാഷണലൈസ് ചെയ്യണം. ഇത്രമാത്രമെ എനിക്കു് ഇതിനെക്കുറിച്ചു പറയുവാനുള്ളു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, നൈസർഗികമായിട്ടുള്ള ഡയറക്ടരുടെ ശക്തിഹീനതകൊണ്ടാണോ അതോ വികേന്ദ്രീകരണം കൊണ്ടാണോ ഇങ്ങനെ ഇവരുടെയിടയിൽ ശിക്ഷണരാഹിത്യം ഉണ്ടാകുന്നതു്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ആ സംസ്കൃതം എനിക്കു മനസിലായില്ല. എങ്കിലും മനസ്സിലാക്കിയിടത്തോളം പറയാം. ഡയറക്ടർ ശക്തിഹീനനാണെന്നു് എനിക്കഭിപ്രായമില്ല. അദ്ദേഹത്തെക്കുറിച്ചു് എനിക്കു് യാതൊരു പരാതിയുമില്ല. എന്നാൽ അദ്ദേഹത്തിനു ഇപ്പോഠം ഒന്നുംചെയ്യാൻ നിവൃത്തിയില്ലാത്ത പരിതസ്ഥിതിയാണുള്ളതു്. ഗവണ്മെൻറും അതായതു് സെക്രട്ടറിയും ചീഫ് സെക്രട്ടറിയും മന്ത്രിയും എല്ലാം കൂടിയാണ് ഇതൊക്കെ ചെയ്യേണ്ടതു്. ശമ്പളം കൂട്ടുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. ബസ്സ് വരുത്തുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. ഇതൊക്കെ

ഗവണ്മെൻറാണ് ചെയ്യേണ്ടതു്. പിന്നെ വേറൊന്നുള്ളതു് അദ്ദേഹം വേറൊരു ഡിപ്പാർട്ടുമെൻറിൽ ഉള്ള ആളാണ്. അദ്ദേഹം ആ ഡിപ്പാർട്ടുമെൻറിൽ നല്ല ഒരു ഉദ്യോഗസ്ഥനായിരിക്കാം. എന്നാൽ ഞാൻ പറയുന്നതു് അദ്ദേഹത്തെ ഇവിടെ നിയമിച്ചപ്പോൾ ഒരു സബ് രജിസ്ട്രാരെ പിടിച്ചു് ഡാക്ടർ ആക്കിയതുപോലുള്ള അനുഭവം ഉണ്ടായി എന്നുകൂടിയാണ്. അതായതു് He is a "Square man in a round hole".

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, വളരെയധികം വിമർശനങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പിനെപ്പററി ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. ബഹു: മെമ്പറന്മാർ ഉന്നയിച്ച എല്ലാം സംഗതികളെ സംബന്ധിച്ചും പരിപൂർണ്ണമായ ഒരു മറുപടി നൽകാൻ എനിക്കു് അനുവദിച്ചിട്ടുള്ള പരിമിതമായ സമയം പോരാതെ വരുന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചു ഒന്നു പരിശോധിക്കുമ്പോൾ ഒന്നു രണ്ടു കാര്യങ്ങൾ ബഹു: മെമ്പറന്മാർ ശ്രദ്ധിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഈ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ നാഷണലൈസേഷൻ പാളിസി അനുസരിച്ചു് ആദ്യമായി ഏറെറടുത്തതു് തിരുവനന്തപുരം നാഗർകോവിൽ ലൈനാണ്. അന്നു് ഈ ഡിപ്പാർട്ടുമെൻറ ആരംഭിച്ചപ്പോൾ ഒരു ബസ്സു് വിലക്കു വാങ്ങിക്കുവാൻ ൨൭൦൦ രൂപ ആവശ്യമായിരുന്നു. അന്നു് ഒരു ഗ്യാലൻ പെട്രോളിൻെറ വില ൧ ൦ ണ. യായിരുന്നു. അന്നു് തിരുവനന്തപുരത്തുനിന്നും നാഗർകോവിലിലേക്കു് ൧ രൂ. ൨ ണ. യായിരുന്നു ചാർജ്. ഇന്നു് പെട്രോൾവില വളരെ വർദ്ധിച്ചിട്ടുണ്ട്. ബസ്സിൻെറ വിലയും അതുപോലെതന്നെ. തൊഴിലാളികൾക്കു് കൊടുക്കുന്നുള്ള ശമ്പളത്തോതു് വർദ്ധിച്ചിട്ടുണ്ട്. ഇതൊക്കെ ഈ സഭയിലുള്ള എല്ലാവക്കും അറിയാം. ഇന്നത്തെ തിരുവനന്തപുരം നാഗർകോവിൽ ലൈനിലെ ചാർജ് ൧ രൂ. ൬ ണ. യാണ്. ഈ പരിമിതമായ വരവു വെച്ചുകൊണ്ടാണ് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി പര്യാലോചിക്കേണ്ടതു്.

മറെറാരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് ഈ ഡിപ്പാർട്ടുമെൻറിനെപ്പററി വിമർശിക്കുമ്പോൾ ഒരു ബസ്സു് സർവീസു് നടത്തുന്ന പ്രൈവററ ഉടമസ്ഥൻ എന്നപോലെ വിചാരിച്ചു് ഇതിനെ വിമർശിക്കാൻ പാടില്ലായെന്നുള്ളതാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ലഭിക്കുന്ന ലാഭത്തിൻെറ ഒരു ഭാഗം എടുത്തു് നീക്കിവെച്ചു് തൊഴിലാളികളെ ദ്രോഷപ്പെടുത്താൻ ശ്രമിക്കുന്നു എന്നു് ഒരാരോപണം സഭയിൽ പലരും ഉന്നയിക്കുകയുണ്ടായി. ഏതെങ്കിലും ഒരുഭാഗം മാററിവച്ചിട്ടുണ്ടെങ്കിൽ അതു ആരുടെ കണ്ണിലും മണ്ണിടാൻവേണ്ടി ചെയ്യുതല്ല. എത്ര തുക മാററിവച്ചിട്ടുണ്ടെന്നും എന്തിനാണ് അങ്ങനെ മാററിവച്ചിട്ടുള്ളതെന്നും ബഡ്ജററിൽ പ്രസ്താവിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ടു ബസ്സുകൾ ഓടുന്ന റോഡുകൾ നന്നാക്കുന്നതിനുവേണ്ടി അതിൻെറ ആദായത്തിൽനിന്നും ഒരു ഭാഗം നീക്കിവച്ചിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളതു്.

ഇന്നു് അതിൽനിന്നു കിട്ടുന്ന ആദായം മുഴുവനും നേഷൻ ബിൽഡിംഗിനുവേണ്ടിയാണു ചെലവാക്കുന്നതു്. ഇതിൽ നീക്കിവച്ചിരിക്കുന്ന പത്തുലക്ഷം രൂപ ട്രാൻസ്പോർട്ടു തൊഴിലാളികൾക്കും ഈ രാജ്യത്തു കയ്യു

[Shri Kalathil Velayudhan Nair.]

പ്പെടുന്ന ആളുകളുടെ ഉന്നമനത്തിനും വേണ്ടിയാണു ചെലവു ചെയ്യുന്നതു്. ഈ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ കിട്ടുന്ന ലാഭമനുസരിച്ചു് അതിൽ പ്രവൃത്തിയെടുക്കുന്ന ആളുകൾക്കു കൂലി കൊടുക്കണമെന്നു പറയുകയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള ലാഭത്തിൻെറ ൩ ശതമാനം പലിശയെടുത്തു ബാക്കിയുള്ളതു് അതിൽ വേലചെയ്യുന്ന ആളുകൾക്കു വീതിക്കണമെന്നുള്ളതിനെപ്പററി ആലോചിക്കുകതന്നെ ആവശ്യമില്ലാത്തതാണു്. അതിലുള്ള ആദായം ഈ രാജ്യത്തുതന്നെ പൊതുജനങ്ങളുടെ ആവശ്യത്തിനായിട്ടു ചെലവാക്കുന്ന വിഷയത്തിൽ ഈ ഡിപ്പാർട്ടുമെൻറ ശ്രദ്ധിക്കുന്നതാണെന്നു ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ്സ്: ആ ഒരു വിഭാഗത്തിൽ നിന്നുമാത്രം സഫർ ചെയ്യണമെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: സഫർ ചെയ്യുന്നുവെന്നു പറയുന്നതാണു തെററു്. ശമ്പളം കൂട്ടികൊടുക്കണമെന്നാണു പറയുന്നതെങ്കിൽ എനിക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ലാഭത്തിൻെറ കൂടുതൽ ശതമാനം ബോണസ്സായി വീതിച്ചുതരണമെന്നു ആവശ്യപ്പെടുവാനും കിട്ടുന്ന ആദായത്തിൻെറ അംശം വീതിക്കുവാനും അവക്കു അർഹതയില്ലെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. ടി. വി. തോമസ്സ്: ഏതെങ്കിലും ഒരംശം കൊടുക്കാമെന്നു പറഞ്ഞു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബഹുമാനപ്പെട്ട മെമ്പർക്കറിയാം മൊത്തം തുകയിൽ ഒരു ഭാഗം ഈ ബസ്സുകൾ ഓടുന്ന റോഡുകളുടെ ആവശ്യത്തിനുവേണ്ടി മാററി വച്ചിട്ടുണ്ടെന്നു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഓരോ ബസ്സുകളും ഓരോ റൂട്ടിലാണു് നടത്തുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യങ്ങളെല്ലാം ഞാൻ പ്രസംഗിച്ചുകഴിഞ്ഞതിനുശേഷം ഒടുവിൽ ചോദിക്കയാണെങ്കിൽ മറുപടി പറയാൻ എളുപ്പമുണ്ടു്. പ്രതിപക്ഷത്തുനിന്നും ഇടക്കിടെ ചോദ്യങ്ങൾ വരുമ്പോൾ മറുപടി പറയുവാൻ പുറപ്പെട്ടാൽ അല്പസമയം മാത്രമുള്ളതുകൊണ്ടു് പറയേണ്ടതു മുഴുവനും പറയാൻ സമയം പോരാതെവരും.

ഇവിടെ മറെറാരു കാര്യം ചൂണ്ടിക്കാണിച്ചു. ഈ രാജ്യത്തെ തൊഴിലാളികൾക്കു വളരെ തുച്ഛമായ കൂലി കൊടുത്തുകൊണ്ടു അവരെ ചൂഷണം ചെയ്യുന്നുവെന്നു് പറയുകയുണ്ടായി. ശ്രീ. ടി. വി. തോമസ്സ് പറഞ്ഞു, ഏററവും കുറഞ്ഞ കൂലി കൊടുക്കുന്ന ഹൈദരാബാദിനേക്കാൾ കുറവായ കൂലിയാണു് ഈ രാജ്യത്തു കീഴുദ്യോഗസ്ഥന്മാക്കു കൊടുക്കുന്നതെന്നു്. ഇന്നു് ഏററവും കൂടുതൽ കൂലി കൊടുക്കുന്ന ഒരു രാജ്യമാണു് ഹൈദരാബാദ്.

എന്നാൽ ഇൻഡ്യയിൽ ട്രാൻസ്പോർട്ട നാഷണലൈസ് ചെയ്തിട്ടുള്ള രാജ്യങ്ങളായ ബോംബെ, മദ്രാസ്, മൈസൂർ എന്നിവിടങ്ങളിലെ നില നോക്കിയാൽ അതിനേക്കാൾ കൂടുതൽ കൂലി നിലവിലിരിക്കുന്ന ഒരു രാജ്യം ഹൈദരാബാദ് തന്നെയാണ്.

Shri M. M. Abdul Khader : No, Sir, I question it. Madras pays better salaries than Hyderabad.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെ സംബന്ധിച്ചുള്ള കണക്കുകൾ വെച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. വസ്തുതകളറിയാതെയാണ് കവസ്റ്റ്യൻ ചെയ്യുന്നത്. തിരു: കൊച്ചിയെ സംബന്ധിച്ചിടത്തോളം ഒന്നു രണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട മെംബറന്മാർ അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും. തിരു: കൊച്ചിയിലെ ഒരു കണ്ടക്ടരുടെ ശമ്പളം ൩൦–൪൫ രൂപയും, ബാംബെയിൽ അതു ൪൦–൬൦ രൂപയും ഹൈദരാബാദിൽ അതിനേക്കാൾ കൂടുതലുമാണ്. ഡ്രൈവരുടെ ശമ്പളം തിരു: കൊച്ചിയിൽ ൩൦–൧൫ രൂപയും ബോംബേയിൽ ൫൦–൭൦ രൂപയും മദ്രാസ്സിൽ ൪൦–൫൦ രൂപയുമാണ്. തിരു: കൊച്ചിയിൽ കിട്ടുന്നതിനേക്കാൾ അല്പം കൂടുതലായി ബോംബേയിലും, മദ്രാസിലും, ഹൈദരാബാദിലും കൊടുക്കുന്നുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഇവിടത്തെപ്പോലെ ബോണസ്സ് കൊടുക്കുന്ന ഏർപ്പാടു അവിടങ്ങളിൽ ഇല്ല. ഇവിടെ പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ച കാളിൻസ് റിപ്പോർട്ടിൽ ഹൈദരാബാദിനെ സംബന്ധിച്ചിടത്തോളം പറഞ്ഞിരിക്കുന്ന രണ്ടു മൂന്നു വാചകങ്ങൾ ഞാനിവിടെ വായിക്കാം. ഇതിലെ ൨൭-ാംവകുപ്പ് പറയുന്നതു,

"If salaries are compared with those received by similar staff employed in the Hyderabad Road Transport Department, they appear low if the nominal rates of pay are considered. But your dearness allowance rates are higher; and in Hyderabad no bonus is given and opearting staff only receive one day off in 21

൨൧ ദിവസം ജോലിചെയ്താൽ ഒരു ദിവസത്തെ ഒഴിവേ ഹൈദരാബാദിലുള്ളൂ. ഒഴിവുകൊടുക്കുന്നതു ഇവിടത്തേക്കാൾ വളരെ കുറവാണെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. ടി. വി. തോമസ്സ്: ഒഴിവ് കുറവായിട്ടാണ് കൊടുക്കുന്നതെങ്കിലും ടോട്ടൽ നോക്കിയാൽ ൧൪ രൂപാ അവക്ക് ശമ്പളം കിട്ടുന്നുണ്ടല്ലോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒരു വാരത്തിൽ ഹൈദരാബാദിലെ തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്യുന്നുവെന്നു കൂടി കണക്കാക്കി നോക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇനി മറ്റൊരു കാര്യം ഇവിടെ പറയുകയുണ്ടായി. ഫാക്ടറി ആക്ട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ വർക്ക്ഷാപ്പിൽ നടപ്പിൽ വരുത്താതിരിക്കുന്നതു് ക്രിമിനൽ ശിക്ഷയ്ക്ക് വിധേയമാകുന്ന പ്രവൃത്തിയാണെന്ന് എൻെറ സ്നേഹിതൻ എന്നെ അനുസ്മരിപ്പിക്കുകയുണ്ടായി. അതിനു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. ട്രാൻസ്പോർട്ട് വർക്ക്ഷാപ്പിനെ ഫാക്ടറി ആക്ടിനു വിധേയമാക്കുവാൻ വിഷമമുള്ളതു് അവിടെയുള്ള ജോലിക്കാരിൽ പകുതിയോളം ആളുകൾ സ്ഥിരം ഉദ്യോഗസ്ഥന്മാരായതുകൊണ്ടാണ്, സർവ്വീസിൽ സ്ഥിരമല്ലാത്ത ആളുകളേയും ദിവസ ശമ്പളക്കാരേയും

[Shri Kalathil Velayudhan Nair.]

ഒന്നുപോലെ ഫാക്ടറി ആക്ടിന്റെ പരിധിയിൽപ്പെടുത്തുന്നതു് വളരെ വിഷമമുള്ള ഒരു കാര്യമാണു്. അതുകൊണ്ടാണു് ഫാക്ടറി ആക്ട് നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നതു്. പെട്ടെന്നു് ഇതു ഫാക്ടറി ആക്ടിന്റെ പരിധിയിൽപ്പെടുത്തിയാൽ ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും പലക്കും ലഭിക്കാതെയാകും. അതു മനസ്സിലാക്കിയാണോ എന്റെ സ്നേഹിതൻ പറഞ്ഞതെന്നു എനിക്കു സംശയമുണ്ടു്. ഞാൻ തൊഴിലാളികൾക്കു ഗുണത്തിനുവേണ്ടിയാണു് ഇത്രയും പറയുന്നതു്. ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ ൨൦ ദിവസത്തെ കാഷ്വൽ ലീവു്, ഒരു മാസം മുഴുവൻ ശമ്പളത്തോടുകൂടിയുള്ള പ്രിവിലേജ് ലീവു്, മൂന്നു് കൊല്ലത്തെ സിക്ക് ലീവു്, ൬ കൊല്ലത്തെ എക്സ്ട്രാ ആർഡിനറി ലീവ് ഇതെല്ലാം ലഭിക്കുന്നതാണു്. ഫാക്ടറി ആക്ട്പ്രകാരമാണെങ്കിൽ ഈ അവധികളൊന്നും കിട്ടുകയില്ല. ഫാക്ടറി ആക്ട് അനുസരിച്ചുള്ള അവധികൾ മാത്രമെ കിട്ടുകയുള്ളു.

ശ്രീ. ടി. വി. തോമസ്സ്: ഇതിനേക്കാൾ (ബെററർ കണ്ടീഷൻ) നല്ല ഏർപ്പാടുകൾ ഉള്ളതുമാത്രം സ്വീകരിക്കരുതോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ഡിപ്പാർട്ടുമെന്റു ശരിയായി നടക്കണമെന്നുള്ളതല്ല അദ്ദേഹത്തിന്റെ ആലോചന. തൽക്കാലം തൊഴിലാളികൾക്കു കൂടുതൽ ഗുണം കിട്ടണമെന്നേ ആലോചനയുള്ളു. ഫാക്ടറി ആക്ട് നടപ്പിലാക്കിയാൽ സർവ്വീസനുസരിച്ചു് കിട്ടുന്ന ആനുകൂല്യങ്ങളും ഫാക്ടറി ആക്ടനുസരിച്ചുള്ള ആനുകൂല്യങ്ങളും കിട്ടുമെന്നാണു അദ്ദേഹം വിശ്വസിക്കുന്നതു് എന്നാൽ ഇതു് രണ്ടുംകൂടി ഒരുമിച്ചു് നടക്കുന്ന കാര്യം വിഷമമാണു്. ഇപ്പോൾ അവക്കു ശമ്പളം, ഡീയർനെസ്സ് അലവൻസ്, ശമ്പളത്തിന്റെ ഏഴരശതമാനം പ്രോവിഡന്റ് ഫണ്ടു്, ഇതെല്ലാം കൊടുക്കുന്നുണ്ടു്.

പിന്നെ ഒരു ആക്ഷേപം ഉണ്ടായതു ഇവിടെ ഒരു പണിഷ്മെന്റ കോടില്ല എന്നാണു്. ഈ ഡിപ്പാർട്ടുമെന്റിൽ എസ്റ്റാബ്ലിഷ്മെന്റ് കോഡുണ്ടു്. ഇന്നു് നിലവിലുള്ള കണ്ടക്ട് കോഡ് ഇപ്പോൾ പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണു്.

പിന്നെ മറ്റൊരു ആക്ഷേപം പറഞ്ഞുകേട്ടതു് താണ ശമ്പളക്കാരിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവൃത്തനം നടത്തുന്നവരെ അന്യസ്ഥലങ്ങളിലേക്കു് സ്ഥലംമാററുന്നുവെന്നാണു്. ചില കേന്ദ്രങ്ങളിൽ ആവശ്യത്തിലധികം ജോലിക്കാരുള്ളതുകൊണ്ടു് ചിലപ്പോൾ അവരെ മററു് സ്ഥലങ്ങളിലേക്കു സ്ഥലം മാറേറണ്ടിവരുന്നുണ്ടു്. അല്ലാത്തപക്ഷം ചിലരെ പിരിച്ചുവിടേണ്ടിവരും. അതു ശരിയല്ല, അവരെ അങ്ങിനെ പിരിച്ചുവിടുന്നതിനു പകരം സ്ഥലംമാററുന്നുവെന്നേയുള്ളു.

ஸ்ரீ. ஸி. சங்கர்: நாகர்கோவில் டிஸ்டிரிக்ட் காரேஜில் பிற்றர்கள் குறைவு என்று அங்கிருந்து எழுதியனுப்பியது மந்திரியவர்களுக்குத் தெரியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ പോർട്ടർമാരുടെ കാര്യം മാത്രം വച്ചുകൊണ്ടു് പറഞ്ഞതല്ല. ഒരു ശിക്ഷയെന്നുള്ള നിലയിൽ

ചില അവസരങ്ങളിൽ സ്ഥലംമാററം കൊടുക്കേണ്ടിവരും. ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് പബ്ലിക് സർവ്വീസ് കമ്മീഷനാണ്. ഉദ്യോഗസ്ഥന്മാരെ പബ്ലിക്‌സർവ്വീസ് കമ്മീഷൻെറമുൻകൂട്ടിയുള്ള അറിവോടുകൂടിയല്ലാതെ ശിക്ഷിക്കാറില്ല. ഒരു തൊഴിലാളിയുടെ പേരിൽ എന്തെങ്കിലും കുററംകണ്ടാൽ അതിനെസംബന്ധിച്ച് സമാധാനം ചോദിച്ച് തെളിവെടുത്തതിനുശേഷം പബ്ലിക്‌സർവ്വീസ് കമ്മീഷനു അയച്ചുകൊടുക്കുന്നതു വെച്ചുകൊണ്ടു് അവർ തീരുമാനിക്കുന്ന പ്രകാരമാണ് ശിക്ഷ നൽകുന്നതു്. അതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഈ നടപടിക്രമം അനുഷ്ഠിക്കേണ്ടിവരുന്നതുകൊണ്ടാണ് ശിക്ഷ നൽകുന്നതിനു കാലതാമസം വരുന്നതു്. കൺടക്ടർമാരുടേയും ഡ്രൈവർമാരുടേയും സാക്ഷികളുടേയും മററും തെളിവുകളെടുക്കുവാനുള്ള നടപടിക്കും കുറെ കാലതാമസം വരുന്നുണ്ടു്.

ഇത്രയും ഞാൻ തൊഴിലാളികളെപ്പററി പറഞ്ഞു. ഇനി ബസ്സ് സർവ്വീസ് നടത്തുന്നതിനെപ്പററിയും പൊതുജനങ്ങൾക്കു ദോഷകരമായി സർവ്വീസ് നടത്തുന്നുവെന്നുള്ള ആക്ഷേപങ്ങളെക്കുറിച്ചുമാണ് എനിക്കു രണ്ടുവാക്കു് പറയുവാനുള്ളതു്. ഓവർലോഡ് പരിപൂർണ്ണമായി നിറുത്തിയിട്ടുണ്ടെന്നു പറയുകയുണ്ടായി. അതു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ പരിപൂർണ്ണമായി നിറുത്തിയിട്ടില്ല. അതിനുള്ള നടപടികളാണു എടുത്തുകൊണ്ടിരിക്കുന്നതു്. അതിന് കൂടുതൽ ബസ്സുകൾമാത്രം ഉണ്ടായാൽ പോരാ. ഒരു ഉദാഹരണം പറയാം. ഈ തിരുവനന്തപുരം നഗരത്തിൽ ഏകദേശം ൧൭൦൦ വിദ്യാർത്ഥികൾക്കാണ് കൺസഷൻ ടിക്കററുള്ളതു്. ആ ൧൭൦൦ വിദ്യാർത്ഥികൾക്കും കാലത്തു് ൯ മണിക്കും പത്തു മണിക്കും ഇടയ്ക്കാണ് ബസ്സിൽ യാത്രചെയ്യേണ്ടിവരുന്നതു്. ആ സമയത്തിനിടയ്ക്കു വളരെയധികം ഡ്രൈവർമാരും കൺടക്ടർമാരും ബസ്സുകളും ഓടിക്കുവാൻ തയ്യാറായിരിക്കണം. ആ സമയംകഴിഞ്ഞാൽപിന്നെ എങ്ങിനെയാണ് കൂടുതൽ ആയി ഇടുന്ന ബസ്സുകളേയും ഡ്രൈവർമാരേയും കൺടക്ടർമാരേയും വേണമെന്നുള്ള പ്രശ്നത്തെ സ്വീകരിക്കേണ്ടതു് എന്നുള്ളതു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂൾ സമയത്തുമാത്രം ബസ്സ് പോരാ എന്നു് രാജ്യത്തിൻെറ മിക്കഭാഗങ്ങളിലുംനിന്നും പരാതിയുണ്ടു്. കിളിമാനൂർനിന്നും നെടുമങ്ങാട്ടേയ്ക്കും ആററിങ്ങൽനിന്നും കൊല്ലത്തേയ്ക്കും കൊല്ലത്തുനിന്നും ആററിങ്ങലേയ്ക്കും ആററിങ്ങൽനിന്നും തിരുവനന്തപുരത്തേയ്ക്കുമെല്ലാം വളരെയധികം ബസ്സുകൾ ഈ സമയത്തു വിട്ടാൽതന്നെയും ഇതുകാരണം അല്പം ഓവർലോഡില്ലാതെ നടത്തുവാൻ സാദ്ധ്യമല്ല. എന്തായാലും ഈ പ്രശ്നം എത്രയും വേഗം പരിഹരിച്ച് ഓവർ ലോഡില്ലാതെയാക്കുവാനാണ് ഡിപ്പാർട്ടുമെൻറ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

പിന്നെ ബ്രേക്ക്ഡൗൺ നമ്മുടെ രാജ്യത്തു വളരെയധികം ഉണ്ടാകുന്നുണ്ടെന്നു പറഞ്ഞു. ബോംബെയിലെ ട്രാൻസ്പോർട്ടിനെപ്പററി പറയുകയാണെങ്കിൽ ൧൪൩൫ വണ്ടികൾ ഉള്ളപ്പോൾ ൭൪൭ വണ്ടികൾ സർവ്വീസ് നടത്തുകയും ബാക്കിയുള്ളവ വർക്ക്ഷാപ്പിൽ ഇട്ടിരിക്കുകയുമാണ് ചെയ്യുന്നതു്. ഈ രാജ്യത്തു ൧൦൦ ബസ്സുകളിൽ ൫ ബസ്സുകൾ മാത്രമാണ് ബ്രേക്കഡൌൺ ആകുന്നതു്. അതായതു ഇവിടെ അഞ്ചു് ശതമാനമേ ബ്രേക്ക്ഡൗണാകുന്നുള്ളൂ. വണ്ടികളുടെ എണ്ണം കൂടിയപ്പോൾ അതു

[Shri Kalathil Velayudhan Nair]

എട്ട് ശതമാനമായിട്ടുണ്ട്. എന്നാൽ ബ്രേക്ക്ഡൗൺ കൂടാതെതന്നെ സർവീസ് നടത്തുവാൻ കഴിയുമെന്നാണ് തോന്നുന്നത്. ഈ രാജ്യത്ത് വളരെയധികം ബ്രേക്ക്ഡൗൺ ഉണ്ടാകുന്നുവെന്ന് പറഞ്ഞത് ശരിയല്ല. സാധാരണ ട്രാൻസ്പോർട്ട് ബസ്സിന്റെ കാര്യത്തിൽ വല്ലതും ഒരു കുഴപ്പം വന്നാൽ അതു ഉടനെ പത്രങ്ങളിൽ വരും. അതു കാണുമ്പോൾ തിരു-കൊച്ചി സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസ്സുകളിൽ ധാരാളം ബ്രേക്ക്ഡൗൺ ഉണ്ടാകുന്നുവെന്ന് ആളുകൾ പറഞ്ഞു പരത്തുന്നതാണ്. അതു കഴിയുന്നതും മേലാൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

Mr. Speaker: Shri T. S. Ramaswami is not in his seat to press his motion. His motion may, therefore, be considered as withdrawn, with the leave of the House.

The cut motions moved by Shri A. Thanu Pillai and Shri T. V. Thomas were also withdrawn with the leave of the House.

The question that Government be granted a sum of Rs. 96,88,400 under Demand XXXIII—Transport Schemes-was put and carried.

The grant was made.

DEMAND XXXI—MISCELLANEOUS.

Minister for Works and Transport **(Shri Kalathil Velayudhan Nair):** Sir, may I move Demand XXXI on behalf of Shri A. J. John?

Mr. Speaker: Yes.

Shri Kalathil Velayudhan Nair: Sir, I move for a grant of Rs. 14,86,900 under Demand XXXI—Miscellaneous.

Minister for Medicine and Public Health **(Shri V. Madhavan):** I second it.

Mr. Speaker: The following motions may be moved, namely, No. 12 (standing in the name of Shri Chengarappally P. Narayanan Potti), No. 20 (standing in the name of Shri A. Thanu Pillai) and No. 33 (standing in the name of Shri P. S. Nataraja Pillai). Shri Chengarappally P. Narayanan Potti.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഒരു പായിന്റ് ഓഫ് ആർഡർ. ഈ ഡിപ്പാർട്ടുമെന്റിന്റെ മന്ത്രിയില്ലാത്ത അവസരത്തിൽ ഉപക്ഷേപങ്ങൾ അവതരിപ്പിച്ചു ചർച്ച ചെയ്യുന്നതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ?

Mr. Speaker: The Cabinet is founded on the well-known principle of joint responsibility. Therefore, whether the Minister who is in charge of the particular Demand is present or not is not material. The House is concerned with getting satisfactory explanations and answers that may be given by any one of the Ministers as arranged between them.

Shri N. Rajagopalan Nair: Sir, I was raising the point whether the Minister should not be present.

Mr. Speaker: He is absent today as he is not doing well.

Shri Chengarappally P. Narayanan Potti: Sir, I move. To reduce the allotment of Rs. 1,10,300 for Publicity Board by Rs. 100.

സർ, മലയാളത്തിലേയ്ക്കു് തർജിമചെയ്താൽ 'പലവക' എന്നു പറയുന്ന ഒരു ഡിപ്പാർട്ടുമെൻറിൻെറ ഗ്രാൻറിനുവേണ്ടിയുള്ള ഒരു ഡിമാൻറിൽ ൧൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഒരു ഖണ്ഡനോപക്ഷേപമാണു് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. പ്രത്യേകിച്ചു് ഏതുവിധത്തിലാണു് ചിലവാക്കേണ്ടതെന്നും ആരുടെ പ്രയോജനത്തിനുവേണ്ടിയാണു് ഇതു് ഉപയോഗിക്കേണ്ടതെന്നും ഉള്ള നിശ്ചയമില്ലാതെ ഇങ്ങിനെ ഒരു ഭീമമായ സംഖ്യ വളരെക്കാലം മുമ്പുമുതൽക്കുതന്നെ നിയമസഭയിൽ അവതരിപ്പിക്കുകയും കുറെ അധികം ഡിപ്പാർട്ടുമെൻറുകളുടെപേരിൽ കുറെ അധികം സംഖ്യ എഴുതി നിയമസഭയുടെ അനുവാദം വാങ്ങുകയും ഒരു പതിവായിരുന്നു. ഇന്നും അതു് തുടൎന്നുവരികയാണു്. ബഡ്ജററിൽ പലവക ഇനങ്ങളിലായി ഇത്രയിത്രസംഖ്യ ഇന്നയിന്ന പ്രയോജനത്തെ ലക്ഷ്യമാക്കി ചെലവു ചെയ്യുന്നതാണു് എന്നു പറഞ്ഞിട്ടുണ്ടു്. ഞാൻ ഈ ഖണ്ഡനോപക്ഷേപം പ്രധാനമായി അവതരിപ്പിച്ചിരിക്കുന്നതു് ഇതിൽ പറഞ്ഞിരിക്കുന്ന പബ്ലിസിററി ബോർഡിൻെറ പ്രവൎത്തനത്തെപ്പററി വിമൎശിക്കുവാനാണു്.

സർ, ഈ ബഡ്ജററിൽ പബ്ലിസിററി ബോർഡിനു ൮൪,൩൦൦ രൂപാ ചിലവാക്കണമെന്നു ഉദ്ദേശിച്ചിട്ടുണ്ടു്. ഇവിടെ ഒരു പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ ഉണ്ടെന്ന കാൎയ്യം എല്ലാവൎക്കും അറിയാവുന്നതാണു്. ഈ പബ്ലിക്കു് റിലേഷൻസ് ഡിപ്പാർട്ടുമെൻറു് ഈ നാട്ടിനുവേണ്ടി, ഈ നാട്ടിൻെറ സമൃദ്ധിക്കുവേണ്ടി, ഈ നാട്ടിലെ സമ്പത്തഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, എന്താണു് ചെയ്യുന്നതെന്നു ആലോചിച്ചാൽ ഒരു തിരുവിതാംകൂർ–കൊച്ചി ഇൻഫർമേഷൻ പ്രസിദ്ധപ്പെടുത്തുന്നതിൽ കവിഞ്ഞു് ഒന്നും ചെയ്യുന്നതായി കാണുന്നില്ല. മാസംപ്രതി നമുക്കു കിട്ടുന്ന മാസികയാണു് പ്രധാനമായി ആ ഡിപ്പാർട്ടുമെൻറിൽനിന്നു് ചെയ്യുന്ന പബ്ലിസിററി. അതു് ആൎക്കൊക്കെയാണു് അയച്ചുകൊടുക്കുന്നതു് എന്നും അറിഞ്ഞുകൂടാ. ആ മാസിക മറിച്ചുനോക്കിയാൽ നമ്മുടെ രാജ്യത്തിനു് അഭിമാനിക്കത്തക്ക യാതൊരു തരത്തിലുള്ള ഉള്ളടക്കവും അതിൽ ഇല്ലെന്നു കാണാം. ഉള്ളടക്കംപോലെ തന്നെ അതിൻെറ കാൎയ്യവും വളരെ മോശമായിട്ടുള്ള രീതിയിലാണു്. അതിനു് അകത്തു് തീരെ മോശമായ ഭാഷാരീതിയും നമ്മുടെ നാട്ടിലെ പ്രവൎത്തനങ്ങൾ എന്തെല്ലാമാണെന്നു പുറത്തറിയാൻ കഴിയാത്ത വിധത്തിലുള്ള വാൎത്തയും അല്ലാതെ നമ്മുടെ നാട്ടിനു് അഭിമാനിക്കാവുന്ന ഒന്നുംഅതിൽ ഇല്ലെന്നു് പറയേണ്ടിയിരിക്കുന്നു. യാതൊരു മനുഷ്യൎക്കും പ്രയോജനമില്ലാത്ത കുറെ വാൎത്തകളും മന്ത്രിമാരുടെ കുറെ ഫോട്ടോവും മററും കൊണ്ടു് ഓരോ മാസത്തിലും രണ്ടു പ്രാവശ്യംവീതം,അതു് പ്രസിദ്ധപ്പെടുത്തുകയാണു് ചെയ്യുന്നതു്. മുമ്പൊരു പബ്ലിസിററി ആഫീസർ ഇവിടെ ഉണ്ടായിരുന്നപ്പോൾ അതിനെപ്പററി പല വിമർശനങ്ങളും ഇവിടെ ഉണ്ടായിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്. ആ പബ്ലിസിററി ആഫീസർ ഒരു

[Shri Chengarappally P. Narayanan Potti.]

ക്യാമറായുംകൊണ്ടു് മന്ത്രിമാർ പോകുന്ന സ്ഥലങ്ങളിലൊക്കെ ഓടിനടക്കുകയും മന്ത്രിയുടെ ഫോട്ടോകൾ പിടിച്ചു് പ്രസിദ്ധപ്പെടുത്തുകയുമായിരുന്നു പ്രധാനമായി ചെയ്തിരുന്നതു് എന്നും കേട്ടിട്ടുണ്ടു്. നമ്മുടെ നാട്ടിലേയ്ക്കു വിദേശികളെ ആകർഷിക്കുവാനും നമ്മുടെ രാജ്യത്തുള്ള സുഖവാസസ്ഥലങ്ങളെക്കുറിച്ചു് വെളിയിലുള്ള ജനങ്ങൾക്കു് അറിവു് ലഭിക്കുവാനും ഉള്ള ആകർഷകമായ പ്രചരണതന്ത്രങ്ങളൊന്നും അതിൽ ഇല്ലെന്നു എല്ലാവർക്കും അറിയാവുന്നതാണു്. ഓരോ ദേശീയഭാഷ സംസാരിക്കുന്ന ആളുകളെ പ്രീണിപ്പിക്കുവാനാണോ ഈ മാസിക പ്രസിദ്ധപ്പെടുത്തുന്നതെന്നു തോന്നും. മലയാളത്തിൽ പത്തുപേജു്, തമിഴിൽ പത്തുപേജു്, ഇംഗ്ലീഷിൽ പത്തുപേജു് ഇങ്ങിനെ വീതിച്ചാണു് അച്ചടിച്ചു് പ്രസിദ്ധം ചെയ്യുന്നതു്. ഈ പ്രസിദ്ധീകരണത്തിനു അത്രമേൽ പ്രാധാന്യം ഉണ്ടെങ്കിൽ നമ്മുടെ രാജ്യത്തു് ബുദ്ധികൊണ്ടും, ചിന്തകൊണ്ടും സമർത്ഥന്മാരായ ആളുകൾ ഉണ്ടെങ്കിൽ, നമ്മുടെ ഭാഷയേയും നാടിനേയും ജനങ്ങളേയും സ്നേഹിക്കുന്ന ആളുകൾ ഉണ്ടെങ്കിൽ, ശരിക്കു ഭാഷ എഴുതുവാനും സംസാരിക്കുവാനും അറിയാവുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ, ലോകത്തിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി അറിവുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ, നിശ്ചയമായും ഈ പ്രസിദ്ധീകരണത്തിന്റെ മാനദണ്ഡം വളരെ ഉയർത്തി എടുക്കാവുന്നതാണു്. ഗവണ്മെന്റു്, കാൺഗ്രസ്സ് ഗവണ്മെന്റു് ആണെന്നിരുന്നാലും അവരുടെ കാര്യങ്ങൾക്കുപോലും പ്രചരണം കൊടുക്കേണ്ടതായിട്ടില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഞങ്ങളുടെ വിമർശനങ്ങൾക്കു മറുപടി പറയേണ്ടതായ കാര്യങ്ങൾ പ്രചരിപ്പിക്കുവാൻപോലും ആവശ്യമില്ലേ എന്നു ഞാൻ ചോദിക്കുന്നു. അതിനു തന്നെ ഒട്ടും പര്യാപ്തമല്ലാത്തവിധത്തിൽ അച്ചടിച്ചുവിടുന്ന ഒരു പ്രസിദ്ധീകരണംകൊണ്ടു് അതിനു ചിലവാക്കുന്ന പണം നഷ്ടമെന്നല്ലാതെ യാതൊരു പ്രയോജനവുമില്ല. ശരിയായ ഒരു ഇൻഫർമേഷൻ ഡയറക്ടരോ പബ്ലിക്കു റിലേഷൻസ് ആഫീസറോ ഇല്ലാത്തതാണു്, ഈ പ്രസിദ്ധീകരണം ഇങ്ങിനെയാകാൻ കാരണം. എന്റെ അറിവു ശരിയാണെങ്കിൽ, നമ്മുടെ സംസ്കാരത്തിൽ, നമ്മുടെ ഭാഷയിൽ, സവ്യസാചിയായ ഒരാളെ, ഈ നാട്ടിനോടു സ്നേഹമുള്ള ഒരാളെ, ഈ ചുമതല ഏല്പിക്കുകയാണെങ്കിൽ അതു് ഈ രാജ്യത്തിലെ ജനങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ പ്രസിദ്ധപ്പെടുത്തുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഞാൻ ട്രാൻസ്ലേറ്റർ മി. കെ. ദാമോദരനെയാണു് സൂചിപ്പിക്കുന്നതു്. അദ്ദേഹം നമ്മുടെ ഭാഷയിൽ, നമ്മുടെ സംസ്കാരത്തിൽ, ഏററവും ഉത്തമനായ, സവ്യസാചിയായ ഒരാളാണെന്നുള്ള കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിനു ഒരു ഗുണം കൊടുക്കണമെന്നുള്ളതല്ല എന്റെ ഉദ്ദേശം. ഇതുകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് സമർത്ഥന്മാരായ ആളുകളെ, ഈ നാട്ടിനോടും, ഇവിടത്തെ ജനങ്ങളോടും സ്നേഹമുള്ള ആളുകളെ ആരെയെങ്കിലും പബ്ലിക്കു് റിലേഷൻ ഡയറക്ടരായി വെച്ചു് ഈ പ്രസിദ്ധീകരണം നാട്ടിലെ ജനങ്ങൾക്കു് പ്രയോജനകരമായ വിധത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നുള്ളതാണു്. ഇങ്ങിനെ ഈ പ്രസിദ്ധീകരണം അഭിമാനകരമായ വിധത്തിൽ പ്രസിദ്ധീകരിച്ചു് ഈ നാട്ടിലെ ജനങ്ങൾക്കു അതു ഉപകാരപ്രദമാക്കിത്തീർക്കുവാനുള്ള ആളെ ഈ രംഗത്തുനിന്നു മാററിനിർത്തി ഒരു അർദ്ധമാസിക നടത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

പിന്നെ പത്രങ്ങളിൽ ഓരോ പ്രാദേശികാവശ്യങ്ങളെക്കുറിച്ചു വരുന്ന ജനങ്ങളുടെ അഭിപ്രായങ്ങളും നിവേദനങ്ങളും, പ്രമേയങ്ങളും കട്ടു ചെയ്തു എടുത്തു് അതിനെ പ്രത്യേകം പ്രത്യേകം ചുമതലപ്പെട്ടിരിക്കുന്ന ഡിപ്പാർട്ടുമെൻറിലേക്ക് അയക്കുവാനുള്ള ജോലി ചുമതലപ്പെടുത്തിയിരിക്കുന്നതു പബ്ലിക്ക് റിലേഷൻസിനെയാണെന്നാണ് എൻെറ അറിവ്. എൻെറ അറിവു ശരിയാണെങ്കിൽ, കോൺഗ്രസ്സ് യോഗങ്ങളിൽ പാസ്സാക്കുന്ന പ്രമേയങ്ങളല്ലാതെ മററു പാർട്ടികൾ പാസ്സാക്കുന്ന പ്രമേയങ്ങൾ ഒന്നും പ്രസ്സ് കട്ടിംഗ് എടുത്തു് അയക്കാറില്ല. ഞങ്ങൾ ജനപ്രതിനിധികൾ അല്ലെന്നാണോ ഇതിൻെറ അർത്ഥം? നാട്ടുകാരുടെ ആവശ്യങ്ങൾ പ്രതിധ്വനിപ്പിക്കുവാൻ ഞങ്ങൾക്ക് അർഹതയില്ലെന്നാണോ ഇതിൻെറ അർത്ഥം? കുറെ അധികം തുക രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയാണെങ്കിലും ഇങ്ങനെ ഓരോന്നുണ്ടാക്കി തള്ളുന്ന ഏർപ്പാടു വളരെ ശോചനീയമായ ഒന്നാണ്. അതു് നിശ്ചയമായും മാറേറണ്ടതാണ്. ഇതുകൊണ്ടു് നാട്ടിനു് പ്രയോജനം കിട്ടണമെന്നുണ്ടെങ്കിൽ ഈ ഉദ്യോഗം ഭരിക്കാവുന്ന ആളെ, രാജ്യത്തോടു സ്നേഹമുള്ള ആളെ, ഭാഷയിലും, സംസ്കാരത്തിലും, സാഹിത്യത്തിലും സാമർത്ഥ്യമുള്ള ആളെ ഈ ഉദ്യോഗം ഏല്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്.

പിന്നെ, ഗ്രോമോർ ഫുഡ്ഡിനുവേണ്ടിട്ടും ൧൩, ൦ ൦ ൦ രൂപാ ചിലവാക്കുന്ന ഒരു കണക്കു കാണുന്നുണ്ടു്. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ചിലവാക്കിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണിതു. സർ, ഗ്രോമോർ ഫുഡ്ഡിനുവേണ്ടി ചിലവാക്കുന്നതു വളരെ നല്ലതാണ്. ഈക്കഴിഞ്ഞ മൂന്നു നാലു കൊല്ലക്കാലം ഈ പദ്ധതിക്കുവേണ്ടി പണം ചിലവാക്കുന്നു എന്നല്ലാതെ അതുകൊണ്ടു് നമ്മുടെ നാട്ടിൽ വിളയുന്ന നെല്ലിൻെറ അളവിൽ യാതൊന്നും വർദ്ധിച്ചിട്ടില്ല. ഓരോ ദിവസം ചെല്ലുന്തോറും നമ്മുടെ റേഷൻ കുറവായിട്ടാണ് വരുന്നതു്. നമുക്കു സപ്ലൈചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ദിവസവും കുറഞ്ഞു കുറഞ്ഞാണ് വരുന്നതു്.

അടുത്തതായി ഇതിൽ പബ്ലിസിററി വാൻ പ്രവർത്തനത്തിനുവേണ്ടി കുറെ രൂപാ നമ്മോടാവശ്യപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രശ്നത്തിൽ ഇപ്പോഴും എത്തുവാൻ സാധിച്ചിട്ടില്ല. പിന്നെ എന്തിനാണു ഇതു ഇവിടെ നടത്തുന്നതു്. പണ്ടു ചിലവാക്കിക്കൊണ്ടിരുന്ന രീതിയിൽ കുറെ അധികം സംഖ്യ ഓരോ ഇനങ്ങളിലേക്ക് നീക്കിവച്ചിരിക്കുന്നു. ഏതായാലും ൨,൨൩, ൪ ൦ ൦ രൂപാ ഈ പലവക ഇനത്തിലേക്ക് നീക്കിവച്ചിരിക്കുന്നതു് രാജ്യത്തിൻെറ സ്ഥിതിക്ക് അത്രകണ്ടു പ്രയോജനപ്രദമായിരിക്കുമോ എന്നുള്ളതിൽ ഞങ്ങൾക്ക് സംശയമുണ്ടു്. ഓരോ സംഖ്യകൊണ്ടും ചെയ്യുവാൻ ഉദ്ദേശിക്കുന്ന വേലകൾ വിശദമായി കാണിക്കാതെ, യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തവിധത്തിൽ പല പല ഇനങ്ങളിൽ ഒന്നായിട്ടു കുറെ അധികം സംഖ്യയാണ് ചിലവുചെയ്യാൻ സഭയോടു് അനുവാദം ആവശ്യപ്പെടുന്നതു്.

ഇവയെല്ലാക്കെ ഒരു ദിവസം ഉത്തരം പറയേണ്ടിവരും. യാതൊരു കണക്കും ഇല്ലാതെയും ഉള്ളതുതന്നെ എന്താവശ്യങ്ങൾക്കാണെന്നു വിശദമായി പറയാതെയുമാണ് പല കാര്യങ്ങൾക്കുവേണ്ടിയും ബഡ്ജററിൽ പണം കൊള്ളിച്ചിരിക്കുന്നതു്. അതുപോലെതന്നെപേപ്പട്ടിവിഷചികിത്സാസംബ

[Shri Chengarappally P. Narayanan Potti.]

സധിച്ച് കുറെയധികം പണം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. സർ, ഈ പേപ്പട്ടി കടിക്കുന്ന സമ്പ്രദായം ഞങ്ങളുടെ നാട്ടിലുമുണ്ട്. കടിയേററ ആളുകൾ തിരുവനന്തപുരം ആശുപത്രിയിലേക്കു പോകുന്നുവെന്നു പറഞ്ഞു ചക്രവും ചെലവാക്കി ഇവിടെ വന്നിട്ട് യാതൊരു ചികിത്സയും കിട്ടാതെ മടങ്ങുകയാണ് പതിവ്. അതുകൊണ്ട് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതുക വേണ്ടതരത്തിൽ ഉപയോഗിക്കണമെന്നാണ് എനിക്കു ഈയവസരത്തിൽ പറയാനുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Shri A. Thanu Pillai: Sir, I move: To reduce the allotment of Rs. 7,17,000 for expenditure on houseless and disabled persons by rupee one,

The one point that strikes me is this. There is a provision for Rs. 7,00,000 under "Colonisation, Settlement and Housing" and that money is to be spent by the Joint Registrar of Co-operative Societies, an accountant, two clerks, one stenographer and one typist. I should like to know how this amount of seven lakhs is going to be spent and who is to spend this large amount. I think the major portion must be accounted for by housing. If it is the construction of houses, what is the agency for that? I do not find any agency mentioned in this Budget. Of course, the Joint Registrar of Co-operative Societies with a few clerks, cannot satisfactorily look after the construction of houses.

Shri Kalathil Velayudhan Nair: The houses are being constrcted by the Public Works Department. The Joint Registrar fixes the house-sites and requests the Public Works Department to construct the houses.

Shri A. Thanu Pillai: So this officer has only to point out the sites. Anyway this officer is responsible for building the houses. It appears that the Public Works Department is doing the work at the request of this department. I do not know whether these houses are put up with sufficient care. I myself had occasion, about a year ago, to see some of the houses put up for the backward classes in the Kottarakara Taluk. They are very very flimsily built. The Harijan lives in a small hut. It is not a big house. The walls are low but they are strong. He uses strong material for the roof. It may not be artistic. But in the case of these houses I find the walls are too high for the entire structure and the materials used. The doors are made up of very flimsy material. The roofs are also of the same type. I was told that a house will cost only 200 to 300 rupees. It is conceded that a house cannot be safely built on this amount. If we are making houses, strong ones, should be built. They may not be very luxurious. Nobody expects that. In fact some Harijans told me that they were asked to live in these houses but they did not want such houses. I mention this just to bring to the notice of the Minister that more care should be taken as to the durability and strength of the houses they are proposing to build.

Now Sir, one more word about another aspect of the matter. That is in regard to beggar relief. I find that an amount of Rs. 1,37,900 is provided in the Budget for this purpose. I should like to know what exactly are the methods for spending this money. From the Budget I understand that [there is some institution where this money is being spent. The important point is this. We should take a more comprehensive view of this matter. Now we see large number of beggars moving about in cities, particularly in the Trivandrum town. I remember, Sir, some years ago an attempt was made to prevent beggary in the Trivandrum town. I do not know what became of it afterwards. Now we find beggars roaming about in this town. Government should see that beggary as far as possible is prevented. Of course it is not enough merely to prevent people from begging and at the same time allow them to starve. Suitable provision should be made for their accommodation, food and clothing. At the same time they should be made to work. Such of them as are able to work should be provided with work. Some such arrangement is very urgently necessary. Persons suffering from contagious diseases are roaming about, causing great inconveniences to those who travel in buses and trains and even to those who walk along the streets. That state of affairs should be put an end to as soon as possible not only in this town but in all towns.

I should like to be enlightened on one other point. I find a provision of two lakhs of rupees for compensation for loss to Air India. I should like to know whether Government have any idea of the actual loss sustained by Air India. An amount was provided for this purpose at the time when they began their services. I want to know whether they are still sustaining any loss, whether this amount is nececssary and whether our Government have any information on this matter.

With these words, I conclude.

Shri P. S. Nataraja Pillai: I move: To reduce the total allotment of Rs. 14,86,900 under Demand XXXI by rupee one.

Sir, most of the points which I wanted to bring to the notice of this House have already been placed before this House. Sir, under Publicity Board—Grow More Food Scheme (ii) Propaganda Section, a sum of Rs. 16,000 is provided. This will not serve any useful purpose and I think it is better to abolish that section, and the permanent civil servants in that department may be asked to do some useful work in some other department. Another factor which ought to engage the attention of Government is the question of beggar relief measures and the expenditure for homeless and disabled persons. That has been placed before the House and I do not want to say anything more on that.

Sir, there is a provision of Rs. 5,600 under the sub-head "Special Commissions of Enquiry". I want to suggest that if any enquiry commission is going to be appointed, Government should see that something useful to the country is served by such

[Shri P. S. Nataraja Pillai.]

appointments. For example a committee to go into the question of land tenure or about the difference in tax-rates in existence and over-taxation would be useful. If a commission is appointed the Government must be prepared to implement the report it submits.

I do not want to speak more on this.

Shri M. William: Sir, I want to bring to the notice of Government certain irregularities that are found in the Publicity Department. Sir, this department is not working satisfactorily. The pamphlets and periodicals published by this department show that those who are responsible for such publications are not well-versed in publicity work.

3 P. M.]

The post of the Director of Public Relations has become vacant. A suitable person has not yet been posted. Though there is a person on the scale of Rs. 175-225, well-versed in publicity work, well-versed both in Malayalam and Tamil, and well-experienced, he is not put in charge of this office. On the other hand, a clerk in the Public Health Department is put in charge of this office. Sir, it is high time that this Government thought of these things, especially in these vital matters, and did the right thing.

With regard to the Tamilians, I have one word. At the time when this Department was reorganized, there were two persons in charge of publicity and editorial sections. One of them was in charge of Tamil publications and the other in charge of Malayalam publications. Both were on the scale of Rs. 80-120. Within a few days, the person who was put in charge of Malayalam publications was put on the scale of Rs. 175-225, whereas the other person in charge of Tamil publications is still rotting on Rs. 80-120. The same question was raked up in the previous session when Shri T. K. Narayana Pillai was the Minister in charge, and he assured us that he would go into the matter. But nothing has been done yet. I request the hon. Minister in charge to consider the question at least now.

Coming to the question of publications in Tamil, Sir, I wish to say that several publications including pamphlets and periodicals on public health, agriculture, etc., are published in Malayalam. Except a few columns in Tamil, in the Travancore-Cochin News, all the other publications of Government are in Malayalam. So much so, the Tamilian section is ignored completely. They are not in a position to know the activities of the Government. Of course we get some pamphlets on grow more food activities, on agriculture and on health, but all these are in Malayalam. These pamphlets being in Malayalam do not serve the Tamilian-Section of the public in any way. Some of the pamphlets and leaflets are much informative, but because they are not published in Tamil also, the Tamilians are not in a position to know the activities of Government in those spheres. So, I

request the Hon. Minister concerned to make arrangements to publish periodicals and pamphlets relating to these subjects in Tamil also. With these words, I resume my seat.

ശ്രീ. പി. രവീന്ദ്രൻ: സർ, മിസിലേനിയസ് വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള പബ്ലിസിററി ബോർഡിനെപ്പററി ഒന്നു രണ്ടു പ്രധാനസംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. പബ്ലിസിററി ബോർഡിൻെറ കീഴിൽ പബ്ലിക് റിലേഷൻസ് വകുപ്പിനുവേണ്ടി ൮,൩൦൦ രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി പല ആക്ഷേപങ്ങളും ഇതിനകം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻെറ മേലുള്ള ഒരു പ്രധാനമായ ആരോപണം ഈ ഡിപ്പാർട്ടുമെൻറു് പൊതുജനങ്ങൾക്കു് ആവശ്യമുള്ള വിവരങ്ങൾ നൽകുകയോ ജനങ്ങളുടെ ആവശ്യങ്ങൾ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുകയോ ചെയ്യുന്നില്ലായെന്നുള്ളതാണ്. ഗവണ്മെൻറിൻെറ പ്രവർത്തനങ്ങൾ എന്താണെന്നു് പൊതുജനങ്ങൾക്കു് അറിയേണ്ടതുണ്ടു്. അതിനുള്ള ഒരു ഉപകരണമായിട്ടാണ് ഈ ഡിപ്പാർട്ടുമെൻറു് പ്രവർത്തനം നടത്തേണ്ടതു്. അതുപോലെതന്നെ ജനങ്ങളുടെ ആവശ്യങ്ങളും താല്പര്യങ്ങളും എന്താണെന്നു് അറിഞ്ഞു് അവരെ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തേണ്ടതും ഈ ഡിപ്പാർട്ടുമെൻറിൻെറ ചുമതലയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമാണ് ഗവണ്മെൻറു നിറവേററുന്നതെന്നും ജനങ്ങളെ അറിയിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറു തൽസംബന്ധമായ കാര്യങ്ങളിൽ യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. കാൺഗ്രസ്സുകാർ അല്ലാത്ത രാഷ്ട്രീയ പാർട്ടികളുടേയും വ്യക്തികളുടേയും പ്രവർത്തനങ്ങളെപ്പററി രണ്ടാഴ്ചയിൽ ഒരിക്കൽ ഈ ഡിപ്പാർട്ടുമെൻറു് കേന്ദ്രഗവണ്മെൻറിലേക്കു ഒരു രഹസ്യറിപ്പോർട്ടു അയക്കുന്നതായി ഒരു വാർത്ത ജനതാമദ്ധ്യത്തിൽ പരന്നിട്ടുണ്ടു്. അതു ശരിയാണോ തെററാണോ എന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും അതു് ഔദ്യോഗികമായി നിഷേധിക്കപ്പെടുന്നതുവരെ ഇപ്രകാരം ഒരു റിപ്പോർട്ടു കേന്ദ്രഗവണ്മെൻറിലേക്കു അയയ്ക്കുന്നുണ്ടെന്നു വിശ്വസിക്കാം. അങ്ങനെയൊരു റിപ്പോർട്ടു അയയ്ക്കുന്നതിനുള്ള ചുമതല സി. ഐ. ഡി. വകുപ്പിനുള്ളതാണ്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു് അന്വേഷിച്ചു് ഗവണ്മെൻറിനെ ധരിപ്പിക്കുകയും ഗവണ്മെൻറിൻെറ പ്രവർത്തനങ്ങൾ ഇന്നതെല്ലാമാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കുകയും ചെയ്യേണ്ട ഒരു ഡിപ്പാർട്ടുമെൻറു സി. ഐ. ഡി. ജോലികൾ ചെയ്യുവാൻ തുടങ്ങിയാൽ അതേപ്പററി എന്താണ് പറയുവാനുള്ളതു്. അങ്ങനെ ചെയ്യുന്നപക്ഷം ഈ വകുപ്പു് സി. ഐ. ഡി. വകുപ്പിലേക്കു ലയിപ്പിക്കുകയല്ലേ നല്ലതെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. അതുപോലെതന്നെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന ട്രാവൻകൂർ-കൊച്ചിൻ ന്യൂസിനെപ്പററി ഇവിടെ മുമ്പു പ്രസംഗിച്ചവർ പല ആക്ഷേപങ്ങളും പുറപ്പെടുവിക്കയുണ്ടായി. അതു് ആവർത്തിക്കണമെന്നു് എനിക്കാഗ്രഹമില്ല. മന്ത്രിമാരുടെ ഉൽഘാടനപ്രസംഗങ്ങളും പത്രങ്ങളിലും മാസികകളിലും ഗസററിലും പ്രസിദ്ധംചെയ്തു കഴിഞ്ഞിട്ടുള്ള പ്രസ്സ് നോട്ടുകളുമാണ് ഇതിൽ അധികമായി കാണാറുള്ളതു്. ഒരൊററ നല്ല ലേഖനംപോലും സ്ഥലംപിടിക്കാറില്ല. അതിലുള്ള എല്ലാ

[ശ്രീ. പി. രവീന്ദ്രൻ]

ലേഖനങ്ങളും അത്യന്തം വിരസങ്ങളും അനാകർഷകങ്ങളുമാണെന്ന് എനിക്കു അനുഭവത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്ര മോശമായ രീതിയിൽ ഇവിടത്തെ ഗവണ്മെന്റിന്റെ നാവെന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്ന ഈ ഡിപ്പാർട്ടുമെന്റിൽനിന്നു ഒരു മാസിക പ്രസിദ്ധപ്പെടുത്തുന്നതു് ഒരിക്കലും ശരിയല്ല. മറെറാരാക്ഷേപം എനിക്കു പറയുവാനുള്ളതു് ഈ മാസികയിൽ ഒരു കാര്യംതന്നെ മൂന്നു ഭാഷയിൽ അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്നു എന്നുള്ളതിനെപ്പററിയാണു്. ഒരു കാര്യം തന്നെ മൂന്നു ഭാഷയിൽ അച്ചടിച്ചു് ഒന്നായി പ്രസിദ്ധപ്പെടുത്തണമെന്നു വായനക്കാർ ആഗ്രഹിക്കാറില്ല. വരിക്കാരുടെ ലിസ്റ്റെടുത്തു ഓരോരുത്തർക്കും ഏതു ഭാഷയിലുള്ള കാപ്പിവേണമെന്നുള്ളതു തിട്ടപ്പെടുത്തണം. ഓരോ ഭാഷയിലും ഇത്ര കാപ്പികൾവീതം വേണമെന്നു നിശ്ചയിച്ചു് ഭാഷയുടെ അടിസ്ഥാനത്തിൽ മാത്രം കാപ്പികൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു് കൂടുതൽ ലാഭകരവും പ്രയോജനകരവും ആയിരിക്കും. അങ്ങനെ ചെയ്യുന്നപക്ഷം അനാവശ്യമായ വിധത്തിൽ ഗവണ്മെന്റിന്റെ പണവും കടലാസും ദുർവ്യയം ചെയ്യാതിരിക്കുവാൻ സാധിക്കും. ഇപ്രകാരം ഭാഷയുടെ അടിസ്ഥാനത്തിൽ കാപ്പികൾ എടുത്തു വിതരണം ചെയ്യുന്നപക്ഷം ഒരു വലിയ തുക ഗവണ്മെന്റിലേക്കു ലാഭപ്പെടുത്തുവാൻ സാധിക്കും. അതുപോലെതന്നെ പബ്ളിസിററി ബോർഡിന്റെ കീഴിലുള്ള പ്രോപ്പഗൻറാ സെക്ഷനെപ്പററി എനിക്കു ചിലതു പറയുവാനുണ്ടു്. ഗ്രോമോർഫുഡ് ക്യാമ്പയിന്റെ പ്രചരണത്തിനായി ൨൨൫ മുതൽ ൨൭൫ രൂപാവരെ ശമ്പളമുള്ള ഒരു ആഫീസറെ നിയമിച്ചിട്ടുള്ളതായി കാണാം. ഈ ഉദ്യോഗസ്ഥന്റെ പ്രചരണങ്ങൾ എന്താണെന്നു് ഈ നാട്ടുകാർക്കു് അറിഞ്ഞുകൂടാ. ഗ്രോമോർഫുഡ് ക്യാമ്പയിനുവേണ്ടി പ്രചരണം നടത്തുന്നുവെന്നു് അവകാശപ്പെടുന്നുവെങ്കിലും ആ പ്രചരണം കൊണ്ടു് അല്പമെങ്കിലും വിളവു വർദ്ധിച്ചിട്ടുള്ളതായി കണക്കാക്കുവാൻ നിവൃത്തിയില്ല. ഇന്നു് ഇതേസംബന്ധിച്ചു് ഉണ്ടായ ചോദ്യോത്തരങ്ങളിൽ കൂടുതൽ വർദ്ധിപ്പിച്ചിട്ടുള്ള വിളവിനെപ്പററി കണക്കെടുത്തിട്ടില്ലെന്നു് പ്രസ്താവിക്കയുണ്ടായി. ഏററവും സംശയാസ്പദമായ ഒരു ഫലമാണു് ഈ ക്യാമ്പെയിൻകൊണ്ടു ഉണ്ടായിരിക്കുന്നതെന്നു് മനസ്സിലാക്കാവുന്നതാണു്. അതുകൊണ്ടു ഇത്ര വലിയ ശമ്പളത്തിൽ ഒരു പ്രചരണ ഉദ്യോഗസ്ഥനെ അതിനുവേണ്ടി നിയമിക്കേണ്ട ആവശ്യമില്ല. കൃഷി വർദ്ധനവിനും മററും വേണ്ടിയുള്ള ഫിലിമുകൾ പ്രദർശിപ്പിക്കുന്നതിനും അതിനു ആവശ്യമുള്ള വാഹനത്തിന്റെ ചിലവിനും വലിയ ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഈ പ്രദർശനങ്ങൾ അധികവും നടത്തുന്നതു് പട്ടണങ്ങളിലാണു്. കൃഷിയെ സംബന്ധിച്ച വിവരങ്ങൾ അറിയേണ്ട സാധാരണ ജനങ്ങൾ താമസിക്കുന്നതു് ഗ്രാമങ്ങളിലാണു്. അവർക്കു് ഈ പ്രചരണവകുപ്പുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ഇപ്രകാരമുള്ള ഫിലിം പ്രദർശനങ്ങൾകൊണ്ടും യഥാർത്ഥ കർഷകർക്കു് യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഇതിനു ചിലവാക്കുന്ന പണംകൊണ്ടു് മററു ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്തിരുന്നെങ്കിൽ അല്പമെങ്കിലും വിളവു വർദ്ധിപ്പിക്കുവാൻ സാധിക്കുമായിരുന്നു. ഈ വകുപ്പിന്റെ ആവശ്യത്തിനു ഉപയോഗിക്കുന്ന വാഹനങ്ങൾ കർഷകരുടെ

ആവശ്യത്തിനു ചാരമൊ വളമൊ അടിക്കുവാൻ ഉപയോഗിച്ചുവെങ്കിൽ കൂടുതൽ വിളവുണ്ടാകുമായിരുന്നു. അതുകൊണ്ടു ഈ ചെലവു് അനാവശ്യമാണു്.

അതുപോലെ ഈ മിസലേനിയസ് വകുപ്പിൽതന്നെ മറ്റു പല ഇനങ്ങൾക്കായി ൨,൨൩,൪൦൦ രൂപായോളം ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. ഈ തുക യാതൊരു വ്യക്തമായ കാരണങ്ങൾക്കും വേണ്ടിയാണെന്നു ബഡ്ജററിൽ പറഞ്ഞിട്ടില്ല. അതു പലവിധ ശങ്കകൾക്കും കാരണമാക്കുന്നു. ആവശ്യമില്ലാത്ത പല കാര്യങ്ങൾക്കുമായി ഈ പണം ചെലവാക്കുവാൻ ഇടയുണ്ടു്. അതുകൊണ്ടു പലവക ഇനത്തിൽ ഇപ്രകാരം വലിയൊരു തുക ഉൾക്കൊള്ളിച്ചിരിക്കുന്നതിൽ എനിക്കു ചില സംശയങ്ങളുണ്ടു്. ആവശ്യമില്ലാതെ പൊതുമുതൽ ദുർവിനിയോഗം ചെയ്യാതിരിക്കുവാൻ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇതിൽകൂടുതലായി ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു എനിക്കൊന്നും സംസാരിക്കുവാനില്ല.

ശ്രീ. കെ. ഭാനു: സർ, മിസലേനിയസ് വകുപ്പിൽ ഉള്ള പ്രചരണവകുപ്പിൻെറ പ്രവൎത്തനങ്ങളെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ പറയുവാനാണു ഞാൻ ഈ ഖണ്ഡനോപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇവിടത്തെ ഗവണ്മെൻറിൻെറ ചെയ്തികളെ സംബന്ധിച്ചു് സാമാന്യജനങ്ങൾക്കു് അറിവുണ്ടാക്കികൊടുക്കുകയെന്നുള്ളതാണല്ലോ ഈ വകുപ്പിൻെറ ഉദ്ദേശം. ഈ വകുപ്പു ട്രാവൻകൂർ-കൊച്ചിൻ ന്യൂസ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണം നടത്തുന്നുണ്ടല്ലോ. ഈ പ്രസിദ്ധീകരണം അതു കൊണ്ടു ഉദ്ദേശിക്കപ്പെടുന്ന രീതിയിൽ ഇന്നു സാമാന്യജനങ്ങളുടെ ഇടയിൽ എത്തിച്ചേരുന്നില്ല. അതുകൊണ്ടു ഉദ്ദേശിക്കുന്ന പ്രയോജനം തൽക്കാലം ഇല്ല എന്നാണു് എനിക്കു മുഖ്യമായി പറയുവാനുള്ളതു്.

ഇവിടെ സർ സി. പി. രാമസ്വാമിഅയ്യർ ഭരിച്ചുകൊണ്ടിരുന്ന കാലത്തു് ഇൻഫർമേഷൻ വകുപ്പിനു അദ്ദേഹം പ്രത്യേക പരിഗണന നൽകിയിരുന്നു. അന്നു് എ. പി. ഐ. യ്ക്കും ഇവിടത്തെ പത്രക്കാർക്കും അവരുടെ റിപ്പോർട്ടറന്മാർക്കും അദ്ദേഹം പ്രത്യേക പരിഗണന നൽകിയിരുന്നു. അവർക്കു് ഉദാരമായ ധനസഹായംപോലും അദ്ദേഹം നൽകിവന്നിരുന്നു എന്നു് നമുക്കെല്ലാപേർക്കും അറിവുള്ള ഒരു വസ്തുതയാണു്. ജനകീയഭരണം ആരംഭിച്ചിരിക്കുന്ന ഇക്കാലത്തു് പബ്ളിസിററി വകുപ്പിനു കൂടുതൽ പ്രോത്സാഹനം കൊടുക്കേണ്ടതാണു്. ഈ കാലഘട്ടത്തിൽ അതിനു ശരിയായ പ്രോത്സാഹനം നൽകാതെയിരിക്കുന്നതു് നമ്മുടെ ഒരു വലിയ പരാജയമായിട്ടുവേണം കണക്കാക്കുവാൻ. ഇന്നു പത്രക്കാർക്കോ അവരുടെ റിപ്പോർട്ടറന്മാർക്കോ പ്രോത്സാഹജനകമായിട്ടു് യാതൊന്നും ഗവണ്മെൻറു ചെയ്യാത്തതുകൊണ്ടു അവർ ഗവണ്മെൻറിൻെറ പ്രവൎത്തനങ്ങളെ സംബന്ധിച്ചു് കാര്യമായ പ്രചരണമൊന്നും നടത്തുന്നില്ല. ഇന്നു് തിരുവിതാംകൂർ-കൊച്ചിൻ ന്യൂസിൻെറ വളരെ കുറച്ചു പ്രതികൾമാത്രമേ ചിലവാകുന്നുള്ളു എന്നാണു് ഞാൻ അറിയുന്നതു്. അസംബ്ളി മെംബർമാർക്കെല്ലാം ഇതിൻെറ ഓരോ പ്രതികൾ നല്കപ്പെടുന്നുണ്ടു്. അതുകൂടാതെ അപൂൎവ്വം ചില വായനശാലകൾക്കും ആഫീസുകൾക്കും ഇതിൻെറ കോപ്പികൾ കൊടുക്കുന്നുണ്ടായിരിക്കാം. എന്നാൽ സാമാന്യ ജനങ്ങൾക്കു

[ശ്രീ. കെ. ഓനു]

ഇതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ഇവിടെ ഒരു ബഹുമാനപ്പെട്ട മെംബർ മുമ്പു ചൂണ്ടിക്കാണിച്ചതുപോലെ പല പത്രങ്ങളിലും വായിച്ചിട്ടുള്ള ചില പ്രസംഗങ്ങളോ അതുപോലെയുള്ള പഴക്കം ചെന്ന മററു വാർത്തകളോ മാത്രമേ ഈ പ്രസിദ്ധീകരണത്തിൽ കാണാറുള്ളു. അതുകൊണ്ടു ഉദ്ദേശിക്കുന്ന യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല അതുകൊണ്ടു ഈ പ്രസിദ്ധീകരണം കൂടുതൽ ഉപയോഗപ്രദമാകത്തക്കവിധത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എൻെറ അപേക്ഷ.

അതുപോലെതന്നെ പത്രക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൾകേണ്ടതു് അത്യന്താപേക്ഷിതമാണ്. നമ്മുടെ ഗവണ്മെൻറിൻെറ ചെയ്തികളെ സംബന്ധിച്ച് ശരിയായ പ്രചരണം രാജ്യത്തിനകത്തും പുറത്തും കൊടുക്കേണ്ടതാണ്. മുൻപ് സർ, സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് വെളിയിലുള്ള ഇംഗ്ലീഷ് പത്രങ്ങൾക്കുപോലും ശരിയായ പ്രോത്സാഹനം നൽകിവന്നിരുന്നു. ഇപ്പോൾ അങ്ങിനെയൊന്നും ചെയ്യുന്നില്ല. നമ്മുടെ അസംബ്ളി നടപടികളെ സംബന്ധിച്ചുതന്നെ ഉള്ള റിപ്പോർട്ടുകൾ വെളിയിലുള്ള പത്രങ്ങൾവേണ്ടത്രപ്രാധാന്യംനൽകി പ്രസിദ്ധംചെയ്യുന്നില്ലെന്നുള്ളതു് നമ്മുടെ ഗവണ്മെൻറിനു മോശമായ ഒരു കാര്യമാണ്.

അടുത്തതായി ഗ്രോമോർ ഫുഡ്ക്യാമ്പയിനുവേണ്ടി പ്രചരണം നടത്തുവാൻ ഒരു വകുപ്പു ഇവിടെ പ്രത്യേകം സൃഷ്ടിച്ചിട്ടുണ്ടു്. അതു സംബന്ധിച്ചുള്ള സിനിമാപ്രദർശനത്തിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെങ്കിലും ആ ഉദ്യോഗസ്ഥൻ ഈ പട്ടണംവിട്ടു ഗ്രാമപ്രദേശങ്ങളിൽസഞ്ചരിച്ചു പ്രചരണം നടത്തിയിട്ടുള്ളതായി യാതൊരു അറിവുമില്ല. അക്കാരണത്താൽ കൃഷിസംബന്ധമായി യാതൊരു പരിജ്ഞാനവും ഗ്രാമീണരായ കർഷകർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്.

അടുത്തതായി എനിക്കു പറയാനുള്ളതു് പേപ്പട്ടി ചികിത്സയ്ക്കുവേണ്ടി ഇതിനകത്തു് ഒരു തുക കൊള്ളിച്ചിട്ടുള്ളതിനെപ്പററിയാണ്. ഈ ചികിത്സയ്ക്കു തിരുവനന്തപുരത്തു് ഒരു പ്രധാന കേന്ദ്രം ഉണ്ടു്. അവിടെ ചികിത്സയ്ക്കു വരുന്നവർക്ക് വേണ്ടവിധം താമസസൌകര്യമില്ല. സംസ്ഥാനത്തു് ഒട്ടാകെയുള്ള ജനങ്ങൾ ഈ തിരുവനന്തപുരം പട്ടണത്തിൽ മാത്രം വന്നു് പേപ്പട്ടിചികിത്സയ്ക്കു് താമസിക്കുകയെന്നുള്ളതു് വളരെ പ്രയാസമാണ്. അതുകൊണ്ടു മററു ചികിത്സാകേന്ദ്രങ്ങളുംസ്ഥാപിക്കണമെന്നാണ് എനിക്കു് ഈ അവസരത്തിൽ പ്രത്യേകമായി പറയാനുള്ളതു്.

വിഷവൈദ്യത്തിനു ഒരു തുക നീക്കിവച്ചിട്ടുണ്ടു്. വിഷവൈദ്യം പ്രത്യേകം പഠിപ്പിക്കുന്നതിനു് ഒരു സ്കൂൾതന്നെ ആരംഭിക്കുകയൊ, യൂണിവേഴ്സിററിയുടെകീഴിൽ ഒരു പ്രത്യേകവകുപ്പു സൃഷ്ടിക്കുകയോ ചെയ്യുന്നതു പ്രയോജനകരമായിരിക്കുമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. വിഷവൈദ്യത്തിനു കൂടുതൽ പ്രാധാന്യം നൽകണമെന്നു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. കൂടുതലായി എനിക്കു ഈ അവസരത്തിൽ ഒന്നും പറയാനില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, പല പാഴ്ചെലവുകളുടെയും ഒരു നീണ്ട പട്ടികയായ ഈ വകുപ്പ് പല കൊള്ളരുതായ്മകളുടെയും ഒരു അവിയലാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഈ ബഡ്ജററ്റു പരിശോധിച്ചാൽതന്നെ അതിൻെറ കൊള്ളരുതായ്മകൾ മനസ്സിലാക്കാൻ സാധിക്കും. കാരണം ഇതു സംബന്ധമായി പരിപൂർണ്ണമായ ഒരു അറിവ് ഇവിടത്തെ മെമ്പറന്മാർക്ക് കൊടുക്കണമെന്ന് യാതൊരുദ്ദേശവുമുള്ളതായി അതിൽനിന്നു മനസ്സിലാകുന്നില്ല. യാതൊരു കാര്യത്തിനും വിശദമായ വിവരണം നല്കിയിട്ടില്ല.

ആദ്യമായി യാചകപ്രശ്നം എടുക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഇവിടത്തെ യാചകപ്രശ്നം പരിഹരിക്കുന്നതിനുള്ള യാതൊരു പദ്ധതിയും ഗവണ്മെൻറ് ആവിഷ്കരിച്ചിട്ടില്ല. കുറച്ചു ദിവസങ്ങൾക്കു മുമ്പു ചോദ്യോത്തരവേളയിൽ ഇവിടെ എത്ര യാചകരുണ്ടെന്ന് ഒരു ചോദ്യമുന്നയിച്ചപ്പോൾ അതിനു ശരിയായ ഒരു മറുപടി പറയാൻ ഈ ഗവണ്മെൻറിനു സാധിച്ചില്ല. അതുസംബന്ധമായ ശരിയായ സ്ഥിതിവിവരക്കണക്കുകൾ ഇല്ലാതെ എങ്ങനെയാണ് ഒരു പരിഹാരം ഉണ്ടാകുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ യാചകപ്രശ്നം നമ്മുടെ ഇന്നത്തെ സാമ്പത്തികവ്യവസ്ഥയുടെ ഒരു അവിഭാജ്യഘടകമാണ്. ഈ വ്യവസ്ഥ അവസാനിച്ചാൽ മാത്രമേ യാചകർ അപ്രത്യക്ഷമാകയുള്ളു. എങ്കിലും മററു പല മുതലാളിത്ത രാജ്യങ്ങളിലും എങ്ങനെയാണ് ഈ പ്രശ്നം പരിഹരിച്ചിരിക്കുന്നതെന്നു നാം പഠിക്കേണ്ടതാണ്. വാസ്തവത്തിൽ ഇവിടെയുള്ള യാചകരെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു ചെയ്യുന്ന ചില സഹായങ്ങൾ വളരെ രസാവഹമാണ്. ചാരിററി ഇനത്തിൽ ൩൧,൪൦൦ രൂപായാണ് കാണുന്നത്. അതേ അവസരത്തിൽ ജനങ്ങൾക്ക് യാതൊരു ഉപകാരവുമില്ലാത്ത പാഴ്ചെലവുകൾക്കായി ധാരാളംപണം ചെലവുചെയ്യുന്നുണ്ട്. ഉദാഹരണമായി പാലസ്സ് ഗാർഡ്സ് എന്ന ഇനത്തിൽ ഇടിഞ്ഞു പൊളിഞ്ഞ നാടുവാഴിത്തത്തിൻെറ പഴകി ദ്രവിച്ച കൊട്ടാരങ്ങളുടെ ദ്വാരപാലകന്മാർക്കായി ൯൧,൩൦൦ രൂപാ ചെലവു ചെയ്യുമ്പോൾ യാചകപ്രശ്നത്തിനു ചാരിററിയിനത്തിൽ ൩൧,൪൦൦ രൂപാ മാത്രമേ കൊള്ളിച്ചിട്ടുള്ളു. അതുപോലെതന്നെ യാചകരുടെ ഭക്ഷണത്തിനും വൈദ്യസഹായത്തിനും വെറും ൮൮,൦൦൦ രൂപാ ചെലവു ചെയ്യുമ്പോൾ പാലസ്സ് ഗാർഡിലെ കുതിരകൾക്കും കാളകൾക്കും തീററിച്ചെലവിനായി ൨൫,൦൦൦ രൂപായിൽ ചില്വാനം ചെലവാക്കുന്നുണ്ട്. ഈ വസ്തുതകൾ വളരെ പ്രധാനമായ കാര്യങ്ങളാണ്. ദ്വാരപാലകന്മാരുടെ കുതിരകൾക്കും കാളകൾക്കും വേണ്ടി ൨൫,൦൦൦ത്തിൽ ചില്വാനം ചെലവു ചെയ്യുമ്പോൾ ഇവിടെയുള്ള യാചകർക്കു വെറും ൮൮,൦൦൦ രൂപാ ചെലവാക്കുന്നതിൽനിന്നും ഗവണ്മെൻറിന് ഇവരോടുള്ള സ്നേഹവും ദാക്ഷിണ്യവും മനസ്സിലാക്കാവുന്നതാണ്. ഒരുപക്ഷെ ഈ മന്ത്രിമാർ പറയുമായിരിക്കും ബഗ്ഗർ റിലീഫ് എന്ന ഇനത്തിൽ ൧൩൧,൦൦൦ രൂപാ നീക്കിവെച്ചിട്ടുണ്ടെന്ന്. പക്ഷെ ഈ ഇനത്തിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും ആയി ചെലവാകുന്ന ൪൧,൪൦൦ രൂപാകഴിച്ചു യാചകർക്കു ലഭിയ്ക്കുന്നതു ൯൮,൩൦൦ രൂപാ മാത്രമാണ്. ഈ സംഖ്യ കുതിരകൾക്കും കാളകൾക്കും ചെലവാക്കുന്നതിനേക്കാൾ ൧൧,൦൦൦ രൂപാ മാത്രമേ കൂടുതലായുള്ളു. അതിൽനിന്നും ഈ ഗവണ്മെൻറിനു യാചകപ്രശ്നം പരിഹരിക്കുന്ന

[ശ്രീ ടി. കെ. കൃഷ്ണൻ]

തിനുള്ള സന്നദ്ധത എത്രമാത്രമുണ്ടെന്നു കാണാൻ കഴിയും. കഴിഞ്ഞ കൊല്ലം തുണിക്കും പായ്ക്കുമായി ൩,൦൦൦ രൂപാ നീക്കിവച്ചിരുന്നതു് ഈ കൊല്ലം ൫,൦൦൦ രൂപയായി കുറച്ചിരിക്കയാണു്. പാപ്പരായവരുടെ ശവസംസ്കാരച്ചെലവിലേയ്ക്കായി ൫൦൦ രൂപായാണു് കൊള്ളിച്ചിട്ടുള്ളതു്. ഈ അവസരത്തിൽ ൫൦൦ രൂപാമാത്രം ആ കാര്യത്തിനു നീക്കിവച്ചിട്ടുള്ളതു തീരെ തുച്ഛമായ ഒരു സംഖ്യയാണു്. ഇതേ അവസരത്തിൽ പാലസ്സ് ഗാർഡ്സിന്റെ കുതിരാലയത്തിൽ വെള്ളമടിക്കാൻ വേണ്ടി ൩൦൦ രൂപാ നീക്കിവെച്ചിരിക്കുന്നുവെന്ന വിവരം ഈ സഭയുടെമുമ്പിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഇവിടത്തെ യാചകപ്രശ്നം പരിഹരിക്കുന്നതിനു യാതൊരു പദ്ധതിയും ഗവണ്മെന്റിനില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ ഗവണ്മെന്റിന്റെ യാചകരോടുള്ള നയം കാണുമ്പോൾ ചാറത്സ് ഡിക്കൻസിന്റെ ഓലിവർ ട്വിസ്റ്റ് എന്ന നോവലിലെ ബമ്പിൾ എന്ന കഥാപാത്രത്തെയാണു് എനിക്കു് ഓർമ്മവരുന്നതു്.

ഇവിടത്തെ പബ്ലിസിറ്റി ഡിപ്പാർട്ടുമെന്റിനെപ്പറ്റിയാണു് എനിക്കു് അടുത്തതായി പറയാനുള്ളതു്. നമ്മുടെ നാട്ടിന്റെ സ്ഥിതിക്കു് ഒട്ടും അധികമല്ല ആ ഡിപ്പാർട്ടുമെന്റിലേക്കു നീക്കിവെച്ചിട്ടുള്ള സംഖ്യയെന്നു ഞാൻ സമ്മതിക്കുന്നുണ്ടു്. പക്ഷെ ആ സംഖ്യ വെറും നിഷ്പ്രയോജനമായി പോകുന്നു എന്നതാണു് എന്റെ ആക്ഷേപം. നമ്മുടെ നാട്ടിലെ പ്രകൃതിസമ്പത്തിനേയും കലാസമ്പത്തിനേയും ഇവിടത്തെ ജീവൽചിത്രങ്ങളേയും പ്രതിഫലിപ്പിക്കുന്നതിനു പകരം വെറും മന്ത്രിമാരുടെ മൈതാനപ്രസംഗങ്ങളും മൂന്നാംതരം ലേഖനങ്ങളുമാണു് ആ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന മാസികയിൽനിന്നും കിട്ടുന്നതു്. നാം ഉദ്ദേശിക്കുന്ന യാതൊന്നുംതന്നെ കിട്ടുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതിനകത്താണു് മന്ത്രിയുടെ മൈതാനപ്രസംഗം കണ്ടതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ട്രാവൻകൂർ-കൊച്ചിൻ ന്യൂസിൽ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതു വാല്യത്തിലാണെന്നു് പറയാമോ?

ശ്രീ. ടി. കെ. കൃഷ്ണൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. നോട്ടീസു വേണം.

ഈ പബ്ലിസിറ്റിയുടെ ഒരുദ്ദേശം ടൂറിസ്റ്റ് ട്രെയിഡിനെ (Tourist Trade) പ്രോത്സാഹിപ്പിക്കണമെന്നാണു്. ട്രാവൻകൂർ-കൊച്ചിൻ ന്യൂസു വായിച്ചുനോക്കിയാൽ Travancore-Cochin എന്നു പേരുകേട്ടാൽ അവർ ഓടിപ്പോകും.

ഗ്രോമോർ ഫുഡ് കാമ്പയിൻ ഒരു പാഴ്ചെലവാണു്. അതിന്റെ പ്രചരണത്തിനുവേണ്ടി പണം ചെലവിടുന്നതു ചത്തകുട്ടിയുടെ ജാതകമെഴുതുന്നതുപോലെയാണു്.

ടൌൺ ഹാളിനു് ൭൦൦൦ രൂപായാണു ചെലവുചെയ്യുന്നതു്. അവിടെപ്പോയി നോക്കിയാൽ കസേരകൾ മുഴുവൻ ഒടിഞ്ഞു പൊളിഞ്ഞു

നാശമായിക്കിടക്കുന്നതു കാണാൻ കഴിയും. ആരും ലജ്ജിച്ചുപോകുന്ന തരത്തിലാണ് അവിടത്തെ ഇരിപ്പിടങ്ങൾ. വൃത്തികെട്ട ഒരു ചന്തപോലല്ലാതെ ഒരു തലസ്ഥാനനഗരിയിലെ ടൌൺ ഹാളിന്റെ യാതൊരു അന്തസ്സും അതിൽ പാലിക്കുന്നില്ല. ഒരുപക്ഷെ ഇതു് ഭരണകക്ഷിയുടെ അന്തസ്സിനു യോജിച്ചതായിരിക്കാം. എന്നാൽ ഈ നാട്ടിന്റെ അന്തസ്സിനു് ഒട്ടും യോജിച്ചതല്ല എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മറ്റൊരു കാര്യം പറയാനുള്ളതു് എയർ ഇൻഡ്യക്കു് ൨ ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നു എന്നുള്ളതിനെപ്പറ്റിയാണ്. ഇതു വളരെ തമാശയുള്ള ഒരു കാര്യമാണ്. കാരണം നമ്മുടെ പാവപ്പെട്ട നികുതിദായകന്റെ ചില്ലിക്കാശെടുത്താണ് ഇന്ത്യയിലെ ഒരു കൂറ്റൻ മുതലാളിയായ ടാറ്റയെ സംരക്ഷിക്കുന്നതിനു ചെലവുചെയ്യുന്നതു്. ഇങ്ങനെ ഒരു സഹായധനം കൊടുക്കുന്നതിന്റെ അർത്ഥം എനിക്കു് അറിയാൻകഴിയുന്നില്ല ഇന്നു് ഇവിടെയുള്ള സാമ്പത്തികത്തകർച്ചയ്ക്കു് ഒരു കാരണക്കാർ ടാറ്റാക്കമ്പനിയാണ്. നാളികേരത്തിന്റെ വിലയ്ക്കുണ്ടായ അധഃപതനത്തെയാണു ഞാൻ സ്പർശിക്കുന്നതു്. സിലോണിൽനിന്നും എത്ര നാളികേരോല്പന്നം വേണമെങ്കിലും ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദം വാങ്ങി അവിടെ നിന്നും കൊപ്ര മുതലായവ വരുത്തി നമ്മുടെ നാടിനേയും നാട്ടുകാരേയും ഒരു സാമ്പത്തികത്തകർച്ചയിലേക്കു് ആഴ്ത്തിയ ടാറ്റാക്കു് ൨ ലക്ഷം രൂപാ സഹായധനം കൊടുക്കണമെന്നു പറയുന്നതു വെറും തോന്ന്യവാസമാണ്.

അളവും തൂക്കവും പരിശോധിക്കുന്നതിലേയ്ക്കു് ൫,൦൦൦ രൂപ നീക്കിവച്ചിട്ടുണ്ടു്. ഇവിടെ പല സ്ഥലങ്ങളിലും കള്ളപ്പറയും കള്ള അളവുകളുമാണുള്ളതു്. അക്കാര്യം ഗവണ്മെന്റ വളരെ കാര്യമായി ശ്രദ്ധിക്കണം.

എല്ലാററിലുമവസാനമായി എനിക്കു പറയാനുള്ളതു് മിസ്സലേനിയസ്സിനകത്തു കിടക്കുന്ന മിസ്സലേനിയസ്സിനെപ്പറ്റിയാണ്. അതു കാൺഗ്രസ്സിനുള്ളിലുള്ള തമിഴ്നാടുകാൺഗ്രസ്സിനെപ്പോലെയാണ്. വാസ്തവത്തിൽ അതാർക്കും മനസ്സിലാക്കാൻ കഴിയാത്ത ഒന്നായിട്ടാണിരിക്കുന്നതു്. സഖാവു രവീന്ദ്രൻ പറഞ്ഞതുപോലെ പല കുംഭകോണങ്ങളും അതിൽ നടന്നതായി അറിയുന്നു. അതിനെപ്പറ്റി അന്വേഷിച്ചു ഞാൻ സഭയുടെ മുമ്പിൽ വയ്ക്കാം. ആ വക സംഗതികൾ വെളിച്ചത്തു കൊണ്ടുവരേണ്ടതു് ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു

വിഷവൈദ്യത്തിനെപ്പറ്റിക്കൂടി എനിക്കു് ഒരു വാക്കു പറയാനുണ്ടു്. എന്റെ നിയോജകമണ്ഡലമായ കുന്നംകുളത്തു പേരെടുത്ത വിഷവൈദ്യന്മാർ തീരെയില്ല. അവിടെ അടുത്ത കാലത്തു വിഷം തീണ്ടി മൂന്നു നാലു് മരണങ്ങളും സംഭവിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ കാര്യത്തെപ്പറ്റിക്കൂടി ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി. ചാക്കോ: സർ, ഗവണ്മെന്റിന്റെ അന്തസ്സിനേയും അഭിമാനത്തേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ചില പ്രത്യേകചെലവുകൾ കൊള്ളിച്ചിട്ടുള്ള ഒരു വകുപ്പാണ് മിസ്സലേനിയസ്സ് വകുപ്പ്. ഇതിൽ പ്രധാനമായിട്ടുള്ളതു് ഈ ഗവണ്മെന്റിന്റെ പ്രവർത്തനത്തെപ്പറ്റി ഈ നാട്ടിലെ ജനങ്ങൾക്കു് അറിവു കൊടുക്കുന്നതിനുള്ള ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റാണ്. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും

[ശ്രീ. പി. ചാക്കോ]

സൂചിപ്പിച്ചതുപോലെ ഇന്നത്തെ പബ്ലിക്ക റിലേഷൻസ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വളരെ മോശമാണെന്നുള്ളതിനോട് ഞാനും യോജിക്കുന്നു. ഈ കാൺഗ്രസ്സ് ഭരണം കയ്യേററതിനുശേഷം ഈ രാജ്യത്തു നിർമ്മാണപരമായ കാര്യങ്ങൾക്കു വളരെയധികം രൂപാ ചെലവു ചെയ്തിട്ടും ആ മാതിരി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു ശരിയായി അറിയുന്നവർ വളരെ ചുരുക്കമാണ്. ആവക പ്രവർത്തനങ്ങൾ പബ്ലിക്ക റിലേഷൻസ ഡിപ്പാർട്ടുമെൻറു മുഖേനയും വർത്തമാനപ്പത്രങ്ങൾവഴിയായും മാസികകൾവഴിയായും ജനങ്ങളെ അറിയിക്കേണ്ടതാണ്.

ഇങ്ങനെയുള്ള പ്രസിദ്ധീകരണംമൂലം ഗവണ്മെൻറിന്റെ നാലഞ്ചു കൊല്ലങ്ങളിലെ പ്രവർത്തനങ്ങൾ എന്താണെന്ന് ജനങ്ങളെ മനസ്സിലാക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറ് ഉപയോഗിച്ചിരുന്നുവെങ്കിൽ എന്റെ വലത്തുഭാഗത്ത് ഇത്രയധികം മെമ്പറന്മാർ കാണുകയില്ലായിരുന്നു എന്നാണു ഞാൻ സംശയിക്കുന്നത്. കാൺഗ്രസ്സ് ഗവണ്മെൻറ് ഇവിടെ വരുന്നതിനുമുമ്പ് ഈ കാര്യത്തിൽ ഗവണ്മെൻറു വളരെ ശ്രദ്ധിച്ചിരുന്നു. ഈ നാട്ടിൽ എന്തെല്ലാമാണ് നടക്കുന്നതെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാൻ യാതൊരുമാർഗ്ഗവുമില്ലാതെയാണിരിക്കുന്നത്. ഇന്നു വളരെപണം ചെലവുചെയ്തു ഗവണ്മെൻറു പലകൃഷിവികസനപദ്ധതികൾ നടത്തുന്നുണ്ട്. വടക്കൻ താലൂക്കുകളുടെ അങ്ങേഅററത്തുള്ള ചാലക്കുടിയാററിൽ രണ്ടു പദ്ധതികൾ നടത്തുന്നുണ്ട്. പെരിങ്ങൽകുത്ത് എന്ന സ്ഥലത്ത് ഒരു ടണൽ ഉണ്ടാക്കി ചാലക്കുടിയാററിലെ വെള്ളം അതിൽക്കൂടി വിട്ടിട്ട് അതിൽനിന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന ഒരു പദ്ധതിയാണ് പെരിങ്ങൽകുത്തു പദ്ധതി. ഏതാനും മൈൽ താഴെ വരുമ്പോൾ ടിയാററിലെ വെള്ളം ചിറകെട്ടി നിർത്തി കൊച്ചിയിലും തിരുവിതാംകൂറിലും ജലസേചനം നടത്തുന്ന വേറൊരു പദ്ധതിയാണ് ചാലക്കുടി പദ്ധതി. ഇതുപോലെതന്നെ പമ്പയാററിലും പെരിയാററിലും ഉള്ള വെള്ളംഉപയോഗിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പ്രദേശങ്ങളെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുന്നതിന് അനേകം പദ്ധതികളുണ്ട്. ഇതൊന്നും നാട്ടിലെ ജനങ്ങൾ അറിഞ്ഞിട്ടില്ല. ഇതെല്ലാം ഈ മാതിരി പബ്ലിക്കേഷൻ മുഖാന്തിരം ജനങ്ങളെ അറിയിക്കുന്നത് നന്നായിരിക്കും.

വേറൊരു കാര്യം ഇവിടുത്തെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന മാസികയെ സംബന്ധിച്ചാണ് പറയാനുള്ളത്. ഒരേ പുസ്തകത്തിൽ ഇതു് ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ മൂന്നു ഭാഷകളിലായിട്ടാണ് പ്രസിദ്ധപ്പെടുത്തുന്നത്. ഒരേ കാര്യം തന്നെ മൂന്നു ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഔചിത്യം എന്താണെന്നു മനസ്സിലാകുന്നില്ല. ഒരു കാര്യം പറയാനുള്ളതു് ന് പ്രത്യേക വാല്യങ്ങളായി അതാതു ഭാഷകളറിയാവുന്നവർക്ക് അതാതു ഭാഷകളിലുള്ളവ അയച്ചുകൊടുക്കുന്നതു് നന്നായിരിക്കും.

ശ്രീ ടി. ടി. കേശവൻശാസ്ത്രി: തമിഴ്, ഇംഗ്ലീഷ്, മലയാളം ഈ മൂന്നു ഭാഷകളും അറിയാവുന്നവർക്ക് ഇതിലേതെങ്കിലും അയച്ചുകൊടുത്താൽപോരേ?

ശ്രീ. പി. ചാക്കോ: ഏതായാലും ഒരേ ആശയംതന്നെ മൂന്നു ഭാഷകളിലും ഒരേപുസ്തകത്തിൽ പ്രസിദ്ധംചെയ്യേണ്ട ആവശ്യംഇല്ലെന്നേ ഞാൻ പറയുന്നുള്ളു. ഇനിയും, ഈ ഡിപ്പാർട്ടുമെൻറിൽ ഗ്രോമോർ ഫുഡ്ക്യാംപെയിനുവേണ്ടി ൨൫൦൦ രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. കൃഷി വികസനപദ്ധതിയെ സംബന്ധിച്ച് പ്രചരണം നടത്തുന്നതിനു വേണ്ടിയാണ് ഈ തുക കൊള്ളിച്ചിരിക്കുന്നത്. ഈ തുക ജനങ്ങൾക്കു കൃഷി സംബന്ധമായ അറിവുകൾ നൽകുന്നതിനായുള്ള പ്രസംഗപരമ്പരകൾക്കു വേണ്ടിയാണ് കൊള്ളിച്ചിട്ടുള്ളത് എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ നാട്ടിൻപുറങ്ങളിലുള്ള ആളുകൾക്ക് ഇതിനെസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഈ ഡിപ്പാർട്ടുമെൻറു മുഖേന നൽകുന്നുണ്ടോ എന്ന് സംശയമാണ്. കൃഷി വികസനങ്ങളെ സംബന്ധിച്ചും, വളം ശാസ്ത്രീയമായി നിർമ്മിക്കുന്നതിനെ സംബന്ധിച്ചും മററുമെല്ലാം നാട്ടിൻപുറങ്ങളിലുള്ളവർക്കാണ് നിർദ്ദേശങ്ങൾ നൽകേണ്ടത്. ടൗണിലുള്ളവർക്കു ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം അറിയാവുന്നതാണ്. അതുകൊണ്ട് ആ കാര്യത്തിൽ അധികാരികൾ ശ്രദ്ധിക്കുന്നതു് നന്നായിരിക്കും. വേറൊരുകാര്യം പറയാനുള്ളതു് ഇതിൽ വൈദ്യസഹായത്തിനായി ൧൪,൦൦൦ രൂപ കൊള്ളിച്ചിട്ടുണ്ട്. എനിക്കു് തോന്നുന്നതു് ഇതു് വിഷവൈദ്യശാലകൾക്കു് ഗ്രാൻറിനായിട്ടും മററുമായി നീക്കിവച്ചിരിക്കുകയാണെന്നാണ്. ഈ നാട്ടിലെ മിക്കഭാഗങ്ങളിലും വിഷഭയം ഉണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് വടക്കൻ താലൂക്കുകളിൽ അവിടെയെങ്ങും സാധാരണ വിഷവൈദ്യശാലകൾ സുലഭമല്ല. ആർക്കെങ്കിലും വിഷംതീണ്ടിയാൽ പത്തും പതിനഞ്ചും മൈൽദൂരെയുള്ള ഏതെങ്കിലും ഒരു വൈദ്യൻെറ അടുക്കലാണ് കൊണ്ടുപോകേണ്ടിയിരിക്കുന്നതു്. എന്നാൽ മിക്കപ്പോഴും ഇങ്ങനെ വളരെദൂരം കൊണ്ടുപോകുന്നതിനു മുൻപ് രോഗി മരിക്കുന്നതായിട്ടാണ് കാണുന്നതു്. അതുകൊണ്ട് ഓരോഗ്രാമത്തിലും ധനസഹായം ചെയ്തു് വിഷവൈദ്യന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ പേപ്പട്ടിചികിത്സക്കുവേണ്ടി ൩൦൦ രൂപ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. പേപ്പട്ടി ചികിത്സക്ക് ഒരു കേന്ദ്രം ഇപ്പോഴുള്ളതു് തിരുവനന്തപുരത്തുമാത്രമാണ്. മാവേലിക്കരയും ഒന്നുണ്ടെന്നുപറയുന്നു. പക്ഷെ അവിടെ ചികിത്സക്ക് പോയിട്ടുള്ള ആളുകൾ വളരെ നിരാശരായി മടങ്ങുന്നതായിട്ടാണ് കാണാറുള്ളതു്. പേപ്പട്ടി തിരുവനന്തപുരത്തുമാത്രമല്ല ഉള്ളതു്. എല്ലായിടത്തും ഉണ്ട്. അതു പലരേയും കടിക്കുകയും ചെയ്യും. അതുകൊണ്ട് കുറഞ്ഞതു് ഓരോഡിസ്ത്രിക്ടു് ആശുപത്രികളിലെങ്കിലും പേപ്പട്ടി വിഷംചികിത്സിക്കുന്നതിനായി ഏർപ്പാടു ചെയ്യേണ്ടതാണ്. അതിനു് ഈ ൩൦൦ രൂപ പോരാതെയാണിരിക്കുന്നതു്. അതു വർദ്ധിപ്പിക്കേണ്ടതാണ്.

ഇനി ഒന്നു പറയാനുള്ളതു് ഇവിടെ വീടില്ലാതിരിക്കുന്നവർക്ക് വീടുണ്ടാക്കികൊടുക്കുന്നതിനു് ൧,൧൫,൦൦൦ രൂപ കൊള്ളിച്ചിരിക്കുന്നതു് സന്തോഷകരമാണ്. അതു് ഈ ബഡ്ജററുവർഷത്തിൽതന്നെ വിനിയോഗിക്കുന്നതായാൽ അതിനുത്തരവാദിത്വമുള്ള ആളുകളോടു് ജനങ്ങൾ കൃതജ്ഞതയുള്ളവരായിരിക്കുന്നതാണ്. തുക ലാപ്സാകാനിടവരരുതു്. വീടില്ലാത്തവരും കുടിയിറക്കപ്പെട്ടവരുമായ അനേകം പേർ ഈ നാട്ടിലുണ്ട്. കുട്ടനാടൻ പ്രദേശങ്ങളിലും മററും നെൽകൃഷി വിളവെടുപ്പിനായിട്ടും

[ശ്രീ. പി. ചാക്കോ]

മററും പോയിട്ടു തിരിച്ചുവരുന്ന തൊഴിലാളികൾ അവർ നിവസിച്ചിരുന്ന വീടുകളുടെ സ്ഥാനത്തു കാണുന്നതു് കപ്പയോ ചേനയോ ആയിരിക്കും. കുടിയിറക്കു നിരോധനബില്ലും മററും ഉണ്ടെങ്കിലും അതനുസരിച്ചു് ഒന്നും നടക്കുന്നില്ല. കുടിയിറക്കിയതായിട്ടുള്ള പല അപേക്ഷകളും ഗവണ്മെൻറിനു ചെന്നിട്ടും ഇവയെപ്പററി ഒരന്വേഷണംപോലും നടത്താത്ത പല കേസുകളും ഉള്ളതായിട്ടാണറിയുന്നതു്. വല്ല സ്ഥലത്തും നീതിമാന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർ ചിലപ്പോൾ ഇതിൽ ഇടപെട്ടു നിവൃത്തിയുണ്ടാക്കി എന്നു വന്നേയ്ക്കാം. ഇങ്ങനെയുള്ള കേസുകളിൽ പോലീസുകാർ അനുകൂലമായൊ പ്രതികൂലമായോ ഇടപെടരുതു് എന്നു് ആർഡർ ഉള്ളതായിപോലും കേൾക്കുന്നുണ്ടു്. ഏതായാലും ഈ ൧,൫൭,൦൦൦ രൂപയും ഈ വർഷത്തിൽതന്നെ ഉദ്ദേശിച്ചിട്ടുള്ള കാര്യത്തിനു വിനിയോഗിക്കണമെന്നു് അപേക്ഷിക്കുന്നു. ഇനി ഒരു കാര്യംകൂടി പറയാനുണ്ടു്. മുനിസിപ്പാലിററികൾക്കുവേണ്ടി ൨,൨൭,൦൦൦ രൂപ നീക്കിവച്ചിട്ടുള്ളതായി കാണുന്നു. മുനിസിപ്പാലിററിയുടെ പ്രവർത്തനങ്ങളെപ്പററിയും മററും വളരെ ആക്ഷേപങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ടു്. ജനായത്തതന്ത്രമാണു് എങ്കിലും പരമാർത്ഥത്തിൽ കമ്മീഷണർമാരുടെ ഭരണമാണു് ഈ മുനിസിപ്പാലിററികളിൽ നടക്കുന്നതു്. കൗൺസിൽ പാസാക്കുന്നതു് വകവയ്ക്കാതെ കമ്മീഷണർ സ്വന്ത അധികാരം പ്രയോഗിക്കുന്നതായി ധാരാളം ഉദാഹരണങ്ങൾ ഉണ്ടു്. അതുകൊണ്ടു് അവയ്ക്കു ഗ്രാൻറു നൽകുന്ന അവസരത്തിൽ അവയിൽ നടന്നുവരുന്ന ദൂഷ്യങ്ങൾ ഇല്ലാതാക്കുന്നതിനും കൂടി ശ്രമിക്കേണ്ടതാണു്.

യാചകദുരിതനിവാരണത്തിനുവേണ്ടി ൫,൩൧,൦൦൦ രൂപാ നീക്കിവച്ചിരിക്കുന്നതായി കാണുന്നുണ്ടു്. ഇതു് വഞ്ചിപൂവർഫണ്ടിനു് ഗ്രാൻറായികൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നാണു് തോന്നുന്നതു്. പട്ടിണിപ്പാവങ്ങൾ റോഡു് സൈഡിലും കടകളുടെ വരാന്തകളിലും കിടക്കുന്നതായി കാണാവുന്നതാണു്. തണുപ്പും മഴയും സഹിച്ചു് കിടക്കുന്നതിനുപോലും യാതൊരു സൗകര്യവുമില്ലാതെ കിടന്നു കഷ്ടപ്പെടുന്ന യാചകർ നാട്ടിൻെറ നാനാഭാഗങ്ങളിലും ധാരാളം ഉണ്ടു്. അതുകൊണ്ടു് അവരും മനുഷ്യരാണെന്നു വിചാരിച്ചു് അവർക്കു് പട്ടണങ്ങളിലെങ്കിലും യാചകമന്ദിരം പണിയിക്കുന്നതിനു ഈ തുക ചെലവാക്കുന്നതു് നന്നായിരിക്കും. ഇതിൽ കൂടുതൽ എന്തെങ്കിലും പറയണമെന്നു് വിചാരിക്കുന്നില്ല. ഗവണ്മെൻറു് ഭവനരഹിതർക്കു് ഭവനം നിർമ്മിക്കുന്നതിനുള്ള തുക ലാപ്സായിപ്പോകാതിരിക്കാൻ ശ്രദ്ധിച്ചു് വേണ്ടവിധത്തിൽ പ്രവർത്തിക്കണമെന്നു് ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ഒ. സി. നൈനാൻ: സർ, ഈ മിസലേനിയസ് ഡിപ്പാർട്ടുമെൻറിലേക്കു് മാററിവച്ചിരിക്കുന്ന തുകയെ സംബന്ധിച്ചു് പല വിമർശനങ്ങളും ഇവിടെയുണ്ടായി. ഇതിൽ പ്രധാനമായി പറഞ്ഞിട്ടുള്ളതു് പബ്ലിക്കു് റിലേഷൻസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണു് അതു് ഇപ്പോൾ അത്ര ശരിയായിട്ടു നടക്കുന്നുവെന്നു തോന്നുന്നില്ല. എന്നിരുന്നാലും നാട്ടിൻെറ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും ഇതു് ശരിയായ രീതിയിൽ കൊണ്ടുവരാവുന്നതാണു്. നമ്മുടെ രാജ്യത്തു് ഇന്നു് മഹാപാനം

ഇല്ലാതാക്കണം. അതായതു് നാടുമുഴുവൻ പ്രോഹിബിഷൻ ഏർപ്പെടുത്തണം. ഈ കാര്യം നാം വളരെനാൾ മുമ്പുതന്നെ നിശ്ചയിച്ചിട്ടുള്ളതാണ്, അതിനുവേണ്ടി ചില താലൂക്കുകളിൽ നാം മദ്യവർജ്ജനം ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്. പക്ഷെ, അതു തുടർന്നുകൊണ്ടുപോകുന്നതിനു നിവൃത്തിയില്ലാതെവന്നു. മദ്യവർജ്ജനം സംബന്ധിച്ച് പബ്ലിക്കേഷൻസ് മുഖാന്തിരം പ്രചരണം നടത്തുകയാണെങ്കിൽ അതു് വളരെ പ്രയോജനകരമായി ഭവിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അതിനു ആവശ്യമുള്ള പ്രസിദ്ധീകരണങ്ങൾ നൽകേണ്ടതാണ്. മദ്യപാനത്തിന്റെ ദോഷവും മററും ആളുകളെ പറഞ്ഞു മനസ്സിലാക്കുന്ന വിധത്തിലുള്ള പ്രചരണം ഉണ്ടെങ്കിൽ നിർബന്ധം ഉപയോഗിക്കാതെ തന്നെ ഇതു് പ്രയോഗത്തിൽ വരുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള: പക്ഷെ, വലിയ തുകകൾക്ക് കണ്ട്രാക്ടർമാർ കള്ളുഷാപ്പുകൾ ലേലത്തിൽ വിളിക്കുമ്പോൾ ഇങ്ങനെ മദ്യപാനം പാടില്ലെന്നു പ്രചരണം നടത്തുകയാണെങ്കിൽ കണ്ട്രാക്ടർമാർക്ക് വലിയ നഷ്ടം ഉണ്ടാകയില്ലേ?

ശ്രീ. ഒ സി. നൈനാൻ: ഞാൻ പറയുന്നതു് കണ്ട്രാക്ടർമാരുടെ കാര്യത്തെ ഉദ്ദേശിച്ചല്ല പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞതു്. അവരുടെ ജീവിതത്തിനുതന്നെ ഒരു പരിവർത്തനം വരത്തക്കവിധത്തിൽ മാതൃകായോഗ്യമായ ഉപദേശങ്ങൾ നൽകാൻ ഈ പബ്ലിക്കേഷൻസ് ഉപയോഗിക്കണം. അങ്ങനെയാണെങ്കിൽ നിർബന്ധം ചെലുത്തേണ്ട ആവശ്യംതന്നെ ഉണ്ടാവുകയില്ല. ഈ രാജ്യത്തു് ഇപ്പോൾ എട്ടു താലൂക്കുകളിലാണ് മദ്യവർജ്ജനം ഏർപ്പെടുത്തിയിട്ടുള്ളതു്. എല്ലാ പ്രദേശങ്ങളിലും ഇതു നടപ്പാക്കണമെന്നാണ് എന്റെ അഭിപ്രായം. നിയമം മുഖേന മദ്യപാനം തടയുകയും ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ മുഖേന മദ്യപാനത്തിന്റെ ദോഷങ്ങളെ ചൂണ്ടിക്കാണിക്കയും ചെയ്യുകയാണെങ്കിൽ അതു് സ്ഥായിയായ ഫലം ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ഈ തിരുവനന്തപുരത്തുതന്നെ പ്രോഹിബിഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്നയിന്ന സ്ഥലത്തു് പോയാൽ മദ്യംകിട്ടുമെന്നും മററും ഈ സഭയിൽതന്നെ ഒന്നു രണ്ടു മെമ്പറന്മാർ പ്രസ്താവിച്ചതായി നാം കേട്ടു.

ശ്രീ. ആർ. കേശവപിള്ള: കുടി ദോഷമാണെന്നു മനസ്സിലാക്കിയിട്ടും കുടിക്കുന്നവർ ഉണ്ടല്ലോ?

ശ്രീ ഒ. സി നൈനാൻ: അങ്ങനെ സ്വയം ആത്മഹത്യയ്ക്കു് ഇനിയുകയാണെങ്കിൽ അതിനെക്കുറിച്ച് ഒന്നും പറയുവാനില്ല. മനുഷ്യർ ആ വിധത്തിലാണ് പഠിച്ചിട്ടുള്ളതു്. അങ്ങനെ കുടിച്ചു ബോധമില്ലാതെ പല നീചപ്രവൃത്തികളും ചെയ്യുന്ന മനുഷ്യരെ അതിന്റെ ദോഷവശങ്ങൾ മനസ്സിലാക്കി ശരിക്കുകൊണ്ടുപോകാൻ ഈ പബ്ലിക്കേഷൻസ് ഉപകരിക്കും.

ശ്രീ ആന്തോനി ആൻഡ്, ഡാനിയൽലൂയിസ്: കുടിക്കാത്തവർക്കും ചിലപ്പോൾ ബോധം ഇല്ലാതായി തീരുന്നുണ്ടല്ലോ?

ശ്രീ. ഒ. സി. നൈനാൻ: ചിലപ്പോൾ കണ്ടേയ്ക്കും. അതു് മററതെങ്കിലും ആഴ്ചപ്പത്രികകളിൽ കൊണ്ടുപോയി മാറേറണ്ടതാണു്.

നമ്മുടെരാജ്യം ഒരുകർഷകരാജ്യമാണു്. കൃഷി അഭിവൃദ്ധിപ്പെട്ടാൽ മാത്രമെ രാജ്യം അഭിവൃദ്ധിപ്പെടുകയുള്ളു. അതിലേക്കാവശ്യമുള്ള ഉപദേശങ്ങളും മററും ഈ ഡിപ്പാർട്ടുമെൻറിൽനിന്നും പുറപ്പെടുവിക്കുന്ന മാസികകൾ മുഖാന്തിരം കൊടുക്കുന്നതു് നന്നായിരിക്കും.

പബ്ലിസിററി ഡിപ്പാർട്ടുമെൻറു് ഇതിനോടുകൂടി സഹകരിച്ചു പ്രവർത്തിക്കുമെങ്കിൽ അതു കൂടുതൽ പ്രയോജനകരമായി ഭവിക്കും. പബ്ലിസിററി കൊണ്ടു പ്രോഹിബിഷൻ മാത്രമല്ല, കൃഷി മുതലായ കാര്യങ്ങളും കൂടി നടത്തുവാൻ പര്യാപ്തമാകുമെന്നാണു ഞാൻ പറയുന്നതു്. കൃഷി മാത്രമല്ല, നമ്മുടെ രാജ്യത്തെ ഉല്പാദനങ്ങളിൽ പല സാധനങ്ങളും വളരെ കുറവാണു്. ആ കൂട്ടത്തിൽ പബ്ലിസിററി ആവശ്യമുള്ള ഒന്നാണു ഗ്രോമോർ ഫുഡ് കാംപെയിൻ. അതുകൊണ്ടു ഗ്രോമോർ ഫുഡ് കാംപെയിൻ ഡിപ്പാർട്ടുമെൻറും പബ്ലിസിററി ഡിപ്പാർട്ടുമെൻറും ഒന്നിച്ചു ചേർന്നു പ്രവർത്തിച്ചാൽ കൂടുതൽ ഫലപ്രദമായിരിക്കും. ഇങ്ങനെ ഏതു ഡിപ്പാർട്ടുമെൻറുകളും തമ്മിൽ തമ്മിൽ സഹകരിച്ചു മുന്നോട്ടു പോയാൽ രാജ്യത്തിനു അഭിവൃദ്ധിയുണ്ടാകും. പരസ്പരം കാര്യങ്ങൾ മനസ്സിലാക്കി പ്രയോജനകരമായ വിധത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ പബ്ലിസിററി വളരെ ഉപകാരപ്രദമായിരിക്കും. ബഡ്ജററിൽ ഡൊണേഷൻ ഫോർ ചാരിററബിൾ പർപ്പസ്സ് എന്ന ഇനത്തിലേയ്ക്കു ൧൦൦൦൦ രൂപ നീക്കിവച്ചിട്ടുണ്ടു്. ചാരിററബിൾ പർപ്പസ്സ് ഒരു സ്ഥലത്തു മാത്രമല്ല, രാജ്യത്തിന്റെ പലഭാഗങ്ങളിലും ഉണ്ടു്. ആവക സ്ഥാപനങ്ങൾക്കെല്ലാം ഗവൺമെൻറിൽനിന്നും ഗ്രാൻറുകൾ കൊടുക്കണം. ഇവിടെ ബെഗ്ഗർ റിലീഫിനെപ്പററി പറഞ്ഞു. ബെഗ്ഗർ റിലീഫിനുവേണ്ടി ഗവൺമെൻറു ചെയ്യുന്ന പ്രവൃത്തികൾ മാത്രമല്ല, പ്രൈവററ് ഏജൻസികളും കൂടി ഇതിലേയ്ക്കു വേണ്ടി പ്രവർത്തിക്കുന്നുണ്ടെന്നാണ് എന്റെ അറിവു്. അവർ ഈ ഭിക്ഷയ്ക്കു വരുന്ന സാധുക്കളായ കുട്ടികളെ ഒരു പ്രത്യേകകെട്ടിടത്തിൽ താമസിപ്പിച്ചു് അവർക്കു ജോലി കൊടുക്കുകയും ആഹാരം കൊടുക്കുകയും വിദ്യാഭ്യാസമില്ലാത്തവരെ എഴുത്തു പഠിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ധാരാളമുണ്ടു്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ അതിലേയ്ക്കു ഒരു സ്ഥാപനമുണ്ടു്. അതു പൊതുവെ പണം പിരിച്ചു നടത്തുന്ന ഒരു സ്ഥാപനമാണു്. അങ്ങനെയുള്ള സ്ഥാപനങ്ങളെ കണ്ടുപിടിച്ചു് അതു പ്രയോജനകരമാണെന്നുകണ്ടാൽ അതിനൊക്കെ ഗവൺമെൻറു് ഗ്രാൻറു കൊടുക്കണം. ഇതിനു നീക്കിവച്ചിരിക്കുന്ന തുക ഒരിക്കലും മതിയായിട്ടുള്ളതല്ല. കൊടുക്കുന്ന സംഖ്യ ശരിക്കു വിനിയോഗിക്കുമെന്നുണ്ടെങ്കിൽ അങ്ങിനെയുള്ള സ്ഥാപനങ്ങൾക്കു കൂടുതൽ സഹായം ചെയ്യണം. ഗവൺമെൻറിൽനിന്നും ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നടത്തിയാൽ ഏതായാലും വ്യയഹേതുകമായിരിക്കും. അതിനു് ഒരു സ്റ്റാഫ് ആവശ്യമാണു്. അതിൽ സൂപ്രണ്ടു വേണം, ഉദ്യോഗസ്ഥന്മാരെല്ലാം വേണം, ആവശ്യമായ മററു് ഇടപാടുകളെല്ലാം വേണം. ഇതു് ഒഴിക്കപ്പെടാവുന്നതല്ല. നേരെ മറിച്ചു് ഇതെല്ലാം പ്രൈവററ് ഏജൻസികൾ നടത്തിയാൽ വളരെ പ്രയോജനകരമായിരിക്കും. ചെലവും വളരെ കുറവായിരിക്കും. അങ്ങിനെയുള്ള സ്ഥാപനങ്ങൾ ഗ്രാൻറിനു് അപേക്ഷിച്ചില്ലെങ്കിലും ഗവൺമെൻറുതന്നെ അന്വേ-

ഷിച്ചു കണ്ടുപിടിച്ച്, യഥാർത്ഥത്തിൽ ജോലി ചെയ്യുന്നവയാണെന്നു കണ്ടാൽ അവയെ എല്ലാം സഹായിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണെന്നാണു ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. അതിലേയ്ക്കു നീക്കിവച്ചിരിക്കുന്ന സംഖ്യ പര്യാപ്തമല്ലെന്നുള്ളതാണു് എന്റെ അഭിപ്രായം.

പിന്നെ പാലസ് ഫണ്ടിനു കൊല്ലംതോറും ൪൯൭൦൦ രൂപ ചെലവിനത്തിൽ നീക്കിവച്ചിട്ടുണ്ടു്. അതു് അനാവശ്യമായ ഒരു ചെലവാണു്. നമുക്കു വഹിക്കാവുന്നതിൽ കൂടുതൽ ചെലവുള്ള വലിയ വലിയ കെട്ടിടങ്ങൾ ഗവണ്മെന്റിന്റെ അധീനതയിൽ വന്നുചേർന്നിട്ടുണ്ടു്. അതെല്ലാം ഏതുവിധത്തിൽ പ്രയോജനപ്പെടുത്തണമെന്നു ഗവണ്മെന്റു് നോക്കണം. വൈസ്രായിമന്ദിരം ആശുപത്രിയാക്കണമെന്നു പറഞ്ഞതു നാം കേട്ടിട്ടുണ്ടു്. നമ്മുടെ കയ്യിൽ വന്നിട്ടുള്ള കെട്ടിടങ്ങൾ നിരുപയോഗമായി കിടക്കുകയാണു്. വല്ല യാത്രക്കാരോ വിസിറ്റേഴ്സോ ഇവിടെ വന്നാൽ രണ്ടു ദിവസം താമസിക്കുവാൻ ഉപയോഗിക്കുന്നുണ്ടു്. വലിയ ആളുകൾ വന്നാൽ താമസിക്കുന്നതിനു് അത്യാവശ്യമുള്ള കെട്ടിടങ്ങൾ മാത്രം നീക്കിവെച്ച് ബാക്കിയുള്ള കെട്ടിടങ്ങൾ ആശുപത്രിയോ മറ്റു പ്രയോജനകരമായ സ്ഥാപനങ്ങളോ ആയി ഉപയോഗിക്കുകയും ഇങ്ങനെ ചെലവുകളെ അതിൽനിന്നും കുറയ്ക്കുകയും ചെയ്യണമെന്നാണു എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

പിന്നെ **Pay of Establishment** എന്ന ഇനത്തിൽ ഇതിനു മുമ്പുള്ള തുകതന്നെയാണു് ഇപ്പോഴും ചേർത്തിരിക്കുന്നതു്. മുമ്പ് ഈവക സ്ഥാപനങ്ങൾ സൂക്ഷിക്കുന്നതിനു കൊടുത്തുകൊണ്ടിരുന്ന ചെലവുകൾതന്നെയാണു് ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നതു്. ആ കാലത്തു് അവർക്കു തക്കതായ ജോലി ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങിനെയുള്ള ജോലിയില്ല. അതുകൊണ്ടു് ആവശ്യമില്ലാത്ത ആളുകളെ കുറച്ചു് അത്യാവശ്യം വേണ്ട ആളുകളെ മാത്രം എടുക്കുകയും, പഴയ കാലത്തെ അവരുടെ ശമ്പളം വളരെ തുഛമായതുകൊണ്ടു യഥാർത്ഥത്തിൽ ജോലി ചെയ്യുന്നവർക്കു് ശമ്പളം കൊടുക്കുകയും ചെയ്യണമെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊണ്ടു വിരമിക്കുന്നു.

ശ്രീ. എൻ. പി. വർക്കീസ്: മിസലേനിയസിന്റെ പല ഭാഗങ്ങളെപ്പറ്റിയും പല പ്രസ്താവനകളും ഇവിടെ ചെയ്തുകഴിഞ്ഞു. ഇതിൽ ഒരു ഐറ്റത്തെ പരാമർശിച്ചു മാത്രം രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏഴു ലക്ഷം രൂപാ കോളനൈസേഷനുവേണ്ടി നീക്കിവച്ചിരിക്കുന്നതു തിരുവിതാംകൂറിനു പുറത്തുള്ള കോളനൈസേഷൻ സ്കീമിനുകൂടി ഉദ്ദേശിച്ചാണെന്നാണു് എനിക്കു തോന്നുന്നതു്. തിരുവിതാംകൂറിൽ മാത്രമല്ല, ഇൻഡ്യയിലോ ഇൻഡ്യയ്ക്കു പുറത്തോ ഉള്ള രാജ്യങ്ങളിലും കോളനൈസേഷനെ സംബന്ധിച്ച് അതു അർഹിക്കുന്ന ഗൌരവത്തിൽ ഗവണ്മെന്റുകൾ വീക്ഷിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണു. ഈ രാജ്യത്തുള്ള തൊഴിലില്ലായ്മയ്ക്കു പരിഹാരമായിട്ട് എനിക്കു തോന്നുന്നതു്, ഒന്നാമതായി, വിപുലമായി ഇൻഡസ്ട്രിയലൈസ് ചെയ്യുക, രണ്ടാമതായി കോളനൈസേഷനുള്ള സൗകര്യങ്ങളും സഹായസഹകരണങ്ങളും ചെയ്യുക, ഇതു രണ്ടും ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. ഇവിടത്തെ ജനങ്ങൾക്കു് എത്രയധികം കുടിയേറിപ്പാർക്കാനുള്ള സൌകര്യം കൊടുക്കാമോ

[Shri N. P. Varghese.]

അത്രയും കൊടുക്കണം. ൯൫൦൦ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ രാജ്യത്ത് ൯൩,൧൦൦൦൦ ജനങ്ങൾ എങ്ങിനെ കഴിഞ്ഞുകൂടുന്നുവെന്നു എനിക്ക് മനസ്സിലാക്കുവാൻ പ്രയാസമുണ്ട്.

__ശ്രീ. പി. താണുപിള്ള:__ വിസ്തീർണ്ണം ൯൦൦൦ ചതുരശ്രമൈലാണ്.

__ശ്രീ. എൻ. പി. വർഗ്ഗീസ്:__ താമസിക്കുവാൻ കൊള്ളാവുന്ന സ്ഥലങ്ങൾ ൯൫൦൦ ചതുരശ്ര മൈലിൽ കൂടുതലില്ല. ഇത്രയും സ്ഥലത്തിനുള്ളിൽ ഈ ൯൩,൦൦൦൦൦ ജനങ്ങൾക്കു കഴിഞ്ഞുകൂടുവാൻ വിഷമമാണ്. അതുകൊണ്ടു വളരെ വിപുലമായ തോതിൽ ഒരു കോളനൈസേഷൻ നടപ്പാക്കുന്നതോടുകൂടിതന്നെ കഴിയുന്നതും അധികമാളുകളും പുറത്തേയ്ക്കു പോകുന്നതിനും ഗവണ്മെൻറിൽനിന്നും വേണ്ട സൗകര്യങ്ങൾ ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണ്. അതിനെ സംബന്ധിച്ച് ഒരു പ്രത്യേകപദ്ധതി ഉടനെ ആവിഷ്കരിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഇൻഡ്യയിൽ മദ്ധ്യപ്രദേശ്, ഒറീസ്സാ, ബീഹാർ, ഉത്തരപ്രദേശ് മുതലായ രാജ്യങ്ങളിൽ വളരെ അധികം സ്ഥലങ്ങൾ കുടിപാർപ്പിനു സൗകര്യമുള്ളവയാണ്. ആ സ്റ്റേറ്റുകളുമായി ഗവണ്മെൻറ് ഗവണ്മെൻറ ലവലിൽ ഉള്ള സമ്പർക്കം പുലർത്തി അവിടെ പോകുവാൻ കഴിവുള്ളവർക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണം. അങ്ങിനെ ഇവിടെനിന്നും ആളുകൾ പോകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർക്ക് ഒരു വർഷത്തേയ്ക്കു ജീവിക്കുവാനുള്ള ചെലവും സൌകര്യവും ചെയ്തുകൊടുക്കുന്നതായാൽ ഒരു തവണ അഞ്ചോ പത്തോ ലക്ഷം ആളുകൾക്കു പോകുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. ഇന്ന് ഇവിടെനിന്നും വളരെ അധികം ആളുകൾ മലബാറിൽ പോയി കുടിയേറിപ്പാർക്കുന്നുണ്ട്. അവർക്കു ഈ ഗവണ്മെൻറ് വേണ്ടത്ര യാതൊരു സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നില്ല. അവർക്ക് ആലുവാ റെയിൽവേസ്റ്റേഷനിൽനിന്നു വണ്ടി കയറുവാനുള്ള സൌകര്യവും കൂടി ഗവണ്മെൻറ് കൊടുക്കുന്നില്ലെന്നുള്ളതുകൊണ്ട് കുടിയേറിപ്പാർക്കുന്നതിന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് സ്ഥാപിച്ച്, ആ ഡിപ്പാർട്ടുമെൻറ മുഖേന ഇൻഡ്യയിലെ മററു ഭാഗങ്ങളിലേയ്ക്കു കുടിയേറിപ്പാർക്കുന്നതിനു ആഗ്രഹമുള്ളവർക്കു വേണ്ട സഹായം ചെയ്യുവാൻ ഗവണ്മെൻറ് ഉത്സാഹിക്കണം. അതിന് ഈ സംഖ്യ പോരാ എങ്കിൽ കൂടുതൽ സംഖ്യ ഉൾപ്പെടുത്തി നമ്മുടെ വിഷമപ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

__ശ്രീ. സി. സി. അയ്യപ്പൻ:__ സർ, എനിക്ക് പബ്ലിസിററി ഡിപ്പാർട്ടുമെൻറിനെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പായി തിരുവിതാംകൂർ കൊച്ചിയിലെ പബ്ലിക്കേഷനെപ്പററി അതായതു "Travancore-Cochin News"-നെപ്പററി ഒരു കാര്യം പറയുവാനുണ്ട്. ആരോ കരിമ്പു ചവച്ചുതുപ്പിയ പിണ്ടിയെടുത്തു് വീണ്ടും ചവച്ചുതുപ്പുന്നതുപോലെയാണ് ഇതിനെക്കുറിച്ച് എനിക്കു കാണുവാൻ കഴിയുന്നതു്. വാസ്തവത്തിൽ ഇതിൽ കുറെ മലയാളത്തിലൊ ഇംഗ്ലീഷിലോ തമിഴിലൊ ഏതെങ്കിലും ഒരു ഭാഷയിൽമാത്രം അച്ചടിച്ചു ബാക്കിയുള്ളതെല്ലാം അച്ചടിക്കാതെ തന്നെ ഞങ്ങൾക്കു തന്നാൽ ഈ കടലാസ് വേറെ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാമായിരുന്നുവെന്നാണ് ഞാൻ പറയുന്നതു്.

ഇതിൽ കാണുന്നതു് ഒക്കെ മനസ്സിലാകുമെന്നു് തോന്നുന്നില്ല. ഇതിൽ "മണ്ണിലെ വളക്കൂറുകൾ" എന്ന ലേഖനത്തിൽ ചെടികളുടെ ആരോഗ്യത്തിനും കാലാനുസൃതമായ വളർച്ചക്കും ഫലസമൃദ്ധിക്കും പാക്യജനകം, പൊട്ടാഷ്യം, ഭാവക്ലാമം മുതലായ ധാതുദ്രവ്യങ്ങൾ എന്നെല്ലാം പറഞ്ഞിരിക്കുന്നു. ഇതു ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ ഒന്നും മനസ്സിലായിട്ടുണ്ടാകുകയില്ലെന്നാണു് എന്റെ വിശ്വാസം. (ചിരി) സാധുകൃഷിക്കാർക്കു് എന്തെങ്കിലും മനസ്സിലാകണമെന്നും ഉപയോഗപ്രദമാകണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇതു് എഴുതിയിട്ടുള്ളതെങ്കിൽ ഇതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

ശ്രീ. ആർ. കേശവപിള്ള: ഈ മൂന്നു ഭാഷകളും അറിയാവുന്ന ആളുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. സി. സി. അയ്യപ്പൻ: അതിനു് മൂന്നു പുസ്തകങ്ങളായിട്ടു് അച്ചടിച്ചു കൊടുക്കണം. നമ്മുടെ നാട്ടിനെക്കുറിച്ചു് നമുക്കു ധാരാളം അറിയേണ്ടതായിട്ടുണ്ടു്. ആ വക കാര്യങ്ങളെക്കുറിച്ചു് യാതൊന്നുംതന്നെ നമുക്കു അറിയുവാൻ സാധിക്കുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ അസംബ്ലിയിൽ തന്നെ ഇത്രവളരെ ചോദ്യങ്ങൾ ചോദിക്കുവാൻ ഇടയാകുമായിരുന്നില്ല. പോലീസ്ഡിപ്പാർട്ടുമെന്റിൽ നിന്നു കുറെ ആളുകളെ ഡിസ്മിസ് ചെയ്തുവെന്നു് ഇതിൽ പറയുന്നു. എന്തിനുവേണ്ടി ഡിസ്മിസ് ചെയ്തുവെന്നു് ഇതിൽ എന്തുകൊണ്ടു പറയുന്നില്ല. അതു് ഇവിടെ പറയേണ്ട കാര്യമില്ലെന്നാണോ പറയുന്നതു്. ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഇവിടെ വേണ്ടത്ര പ്രസിദ്ധീകരണമുണ്ടായിരുന്നുവെങ്കിൽ ഈ ഭാഗത്തു് ഇത്രയധികം ആളുകളെ കാണുമായിരുന്നില്ലെന്നു്. അതിനെക്കുറിച്ചു് എനിക്കു് ഒരു കാര്യം പറയുവാനുണ്ടു. വേണ്ടത്ര പ്രസിദ്ധീകരണം ഉണ്ടായിരുന്നുവെങ്കിൽ ആ ഭാഗത്തിരിക്കുന്നവരെല്ലാം ഈ ഭാഗത്തു ഇരിക്കേണ്ടിവരുമായിരുന്നു. വേറെ ഒരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇവിടത്തെ ഗ്രോമോർഫുഡ് സ്കീമിനെപ്പറ്റിയാണു്. നമ്മുടെ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റു് ഗ്രോമോർഫുഡ് കാംപയിൻ ആണു്. സ്കീമിനും കാംപെയിനും തമ്മിൽ എന്താണു് വ്യത്യാസം. ഇവിടെ കാംപെയിൻ എന്നും അവിടെ സ്കീമെന്നും എഴുതേണ്ടതായിരുന്നു. വാസ്തവത്തിൽ ഇതൊരു സ്കീമല്ല, കാംപെയിൻ ആണു്. കൃഷിയെസംബന്ധിച്ചു്, വളം കൊടുക്കുക, വെള്ളം കൊടുക്കുക മുതലായ കാര്യങ്ങൾ ഇവിടെ അഗ്രിക്കൾച്ചർ ഡിമാന്റു വരുമ്പോൾ സമയമുണ്ടെങ്കിൽ പറയാമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു.

[4 P. M.]

ഈമാതിരി പടം കാണിച്ചതുകൊണ്ടൊന്നും നമ്മുടെ നാട്ടിൽ നെല്ലുണ്ടാകാൻ പോകുന്നില്ല. ശാസ്ത്രീയമായ വിധത്തിൽ കൃഷിചെയ്യേണ്ടതു് എങ്ങിനെയാണെന്നുള്ളതു് സാധാരണക്കാരായ കൃഷിക്കാരുടെ ഇടയിൽ പോയിതന്നെ കാണിച്ചുകൊടുക്കണം. അവരുടെയിടയിൽ പോയി സിനിമ കാണിച്ചതുകൊണ്ടോ വാനിൽപോയി മൈക്രോഫോണിൽ വിളിച്ചുപറഞ്ഞതുകൊണ്ടോ നമ്മുടെനാട്ടിൽ നെല്ലുണ്ടാകുവാൻ പോകുന്നില്ല.

പിന്നെ വിഷത്തിന്റെ കാര്യത്തെപ്പറ്റി പറഞ്ഞ നായ് കടിച്ചാലുള്ള വിഷചികിത്സ മാത്രമല്ല മറ്റെല്ലാ വിഷത്തിനും ചികിൽ

[Shri C. C. Aiyappan.]

സയ്യുള്ള സംഖ്യ ഇതിൽ കൊള്ളിച്ചിട്ടുണ്ടെന്നാണ് എന്റെ ധാരണ. അങ്ങിനെയാണെങ്കിൽ ഞങ്ങളുടെ നാട്ടിൽ വിഷവൈദ്യശാല വളരെ അപര്യാപ്തമായിട്ടാണിരിക്കുന്നതു്. ബഹു: മെഡിക്കൽമന്ത്രി കുറെ ആഴ്ചകൾക്കു മുമ്പു് വടക്കാഞ്ചേരി സന്ദർശിച്ച അവസരത്തിൽതന്നെ അവിടെ ഒരു പാമ്പിനെ കുറെപേർ തല്ലിക്കൊല്ലുകയുണ്ടായി. പാമ്പു് കടിച്ചു് വളരെ ആളുകൾ അവിടെ മരിക്കേണ്ടിവന്നിട്ടുണ്ടു്. പാമ്പുകടിക്കുന്നവരെ വിഷവൈദ്യശാലയിൽ കൊണ്ടുപോയാൽ അവരെ അവിടെ കിടത്തി ചികിൽസിക്കുന്നതിനു സൌകര്യമില്ല. ചില വിഷംകൂടിയ പാമ്പുകൾ കടിച്ചാൽ വിഷം ഇറക്കുന്നതിനു രണ്ടോ മൂന്നോ ദിവസം അവിടെ താമസിക്കേണ്ടിവരും. അങ്ങിനെ വന്നാൽ താമസിക്കുന്നതിനുള്ള സ്ഥലമില്ലാതെ ആളുകൾ വിഷമിക്കുകയാണ്. ഈ കാര്യത്തിലും മന്ത്രിയുടെ ശ്രദ്ധ പതിയണം എന്നുമാത്രമേ എനിക്കു പറയാനുള്ളു.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, മിസലേനിയസ് വകുപ്പിൽ ഗ്രോമോർഫുഡ് പ്രോപ്പഗൻറയെപ്പററി ഒരു അയിററം കാണുന്നുണ്ടു്. അതിനെപ്പററിയാണ് പ്രധാനമായി എനിക്കു പറയുവാനുള്ളതു്. നമ്മുടെ രാജ്യത്തു് ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയാണ് ആഹാരപ്രശ്നം. ഈ ആഹാരപ്രശ്നം നമ്മുടെ ഗവണ്മെൻറ് നേരിടുന്നതു് പരസ്പരം ബന്ധമില്ലാത്ത ഏഴെട്ടു ഡിപ്പാർട്ടുമെൻറുകൾ വഴിയാണ്. ഇവിടെ ഒരു അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറുണ്ടു്. അതിനു അഗ്രികൾച്ചറുമായി യാതൊരു ബന്ധമില്ല. വളവും വിത്തും വിതരണംഉണ്ടു്. അതിനു ഫുഡ് പ്രൊഡക്ഷനുമായി ബന്ധമില്ല. ഇവിടെ ഒരു ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുണ്ടു്. അതിനു കൃഷിഡിപ്പാർട്ടുമെൻറുമായി ബന്ധമില്ല. അതിനു പ്രോപ്പഗാൻറാ ഉണ്ടു്. പ്രോപ്പഗാൻറയ്ക്കു ആരുമായിട്ടും ബന്ധമില്ല. എനിക്കു പറയുവാനുള്ളതു് കൃഷി ഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായി വികസിപ്പിച്ചു് ഇറിഗേഷൻ, ഗ്രോമോർഫുഡ് കാമ്പെയിൻ, ഫുഡ്പ്രൊഡക്ഷൻ, വളം വിതരണം ഇവയെല്ലാം ഏകനിയന്ത്രണത്തിൻകീഴിൽ ചുമതലയിൻ കീഴിൽ കൊണ്ടുവരണമെന്നാണ്. ഒരേ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇരിക്കേണ്ട പല ഡിപ്പാർട്ട്മെൻറുകളും ഇന്നു പലവകയായിട്ടാണ് നടന്നുപോരുന്നതു്. ഈ രാജ്യത്തിന്റെ സ്ഥിതിക്കു ഒരു പക്ഷേ ഇതു യോജിച്ചതായിരിക്കാം. അവിടെയിരിക്കുന്ന ഗവണ്മെൻറുഭാഗവും മിസലേനിയസാണ്. ഇപ്പുറത്തിരിക്കുന്ന ഓപ്പോസിഷനും മിസലേനിയസാണ്. ആകപ്പാടെ തിരുവിതാംകൂർ-കൊച്ചി ഇന്നു നടന്നുപോകുന്നതു് മിസലേനിയസ് 'മാസ്റ്റ്' ത്തിലാണ് എന്നു പറയാം. ഏററവും പ്രധാനമായിട്ടുള്ള ഈ ഗ്രോമോർഫുഡ് പ്രോപ്പഗൻറാ, പബ്ലിസിററി ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചു നടത്തുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. അതു നിറുത്തൽ ചെയ്യുന്നതായിരിക്കും ഭേദം.

രണ്ടാമതായി എനിക്കുപറയുവാനുള്ളതു് റീസെററിൽമെൻറ ആൻറ എംപ്ലോയിമെൻറ് ആഫീസിനെപ്പററിയാണ്. ഇവിടെ ഒരു റീസെററിൽമെൻറ ആൻറ് എംപ്ലോയിമെൻറ് ആഫീസുണ്ടു്. അതിൽ കുറെ ഉദ്യോഗസ്ഥന്മാരുണ്ടു്. അതിന്റെ ചിലവിനുള്ള തുക ഈ ഗവണ്മെൻറ ൪൦ ശതമാനവും ബാക്കിയുള്ളതു ഇൻഡ്യാഗവണ്മെൻറും കൊടുക്കുക

യാണ് ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു കാര്യമായ യാതൊരു സംഗതിയും ഇവിടെ നടക്കുന്നില്ല. റീസെററിൽമെൻറ് ആൻറ് എംപ്ളോയിമെൻറ ആഫീസു മററ സംസ്ഥാനങ്ങളിൽ നടക്കുന്നതു് പബ്ലിക്കസർവീസ് കമ്മീഷനെ പോലെയുള്ള ഒരു ചുമതലയോടുകൂടിയാണ്. ഒരു ഗവണ്മെൻറിനു ടെമ്പററി വേക്കൻസികൾ ഏതെങ്കിലും ആഫീസുകളിൽ വരികയാണെങ്കിൽ ഇന്നയിന്നതരത്തിലുള്ള ഉദ്യോഗങ്ങിൽ, അതായതു് ക്ലാർക്കന്മാരെ ഇന്നതരത്തിലുള്ളതു് ഇത്രവേണം, ടൈപ്പിസ്ററുകളെ ഇന്നതരത്തിലുള്ളതു് ഇത്രവേണം എന്നു് അവർ റീസെററിൽമെൻറ് ആൻറ് എംപ്ളോയിമെൻറ ആഫീസിൽ അറിയിക്കും. അവർ ഉടനെതന്നെ അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളെ ഇൻറർവ്യൂ നടത്തി അതിനുപററിയവരെ നിയമിച്ചയയ്ക്കുകയാണു് ചെയ്യുന്നതു് അവിടെ വേറെ ഒന്നുകൂടി ചെയ്യുന്നുണ്ടു്. എക്സൈസ്, പോസ്ററ്, റെയിൽവെ മുതലായവയിലേക്കും ഗവണ്മെൻറിനു താല്പര്യമുള്ള വ്യവസായങ്ങളിലേയ്ക്കും വേണ്ട ഉദ്യോഗങ്ങൾക്കു് ആളുകളെ നിയമിക്കുന്നതിനുള്ള അധികാരം കേന്ദ്രഗവണ്മെൻറ റീസെററിൽമെൻറ ആൻറ എംപ്ളോയിമെൻറ ആഫീസർക്കാണു് കൊടുത്തിട്ടുള്ളതു്. അതായതു് കേന്ദ്രഗവണ്മെൻറിനുവേണ്ടി റിക്രൂട്ടുമെൻറ നടത്തുന്നതു് റീസെററിൽമെൻറ ആൻറ എംപ്ളോയിമെൻറ് ആഫീസറാണ്. ഇവിടെയാണെങ്കിൽ കുറഞ്ഞ ഗ്രേഡിലേക്കുള്ള റിക്രൂട്ടുമെൻറ ഇപ്രകാരം നടക്കുന്നില്ല. ഒരു താൽക്കാലിക നടപടിയായി കുറഞ്ഞ ഗ്രേഡിലേക്കുള്ള ആളുകളെ റിക്രൂട്ടുചെയ്യുന്നതിനുള്ള അധികാരം ഇപ്പോൾ അതാതു വകുപ്പിൻെറ മേലദ്ധ്യക്ഷന്മാർക്കാണു് ഇപ്രകാരം കൊടുത്തിട്ടുള്ളതു്. ഇവിടെയുള്ള മേലുദ്യോഗസ്ഥന്മാർക്കു് കുറേനാളായി ജാതിഭ്രാന്തു് ഇല്ലായിരുന്നു. ഇപ്പോൾ അതും ഉണ്ടായിട്ടുണ്ടു്. ഓരോ ഡിപ്പാർട്ടുമെൻറിലേയും കുറഞ്ഞ ഗ്രേഡിലേക്കുള്ള റിക്രൂട്ടുമെൻറ് നോക്കിയാൽ ആ ഡിപ്പാർട്ടുമെൻറ് മേലുദ്യോഗസ്ഥൻെറ ജാതിക്കാരെമാത്രമേ എടുത്തിട്ടുള്ളതായി കാണുകയുള്ളു. ടെമ്പററി ആയിട്ടു് ഡിപ്പാർട്ടുമെൻറ് മേലുദ്യോഗസ്ഥൻ നിയമിക്കുന്ന ആളെ, ആ സ്ഥാനത്തു പബ്ലിക്ക സർവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്ത ആൾ വരുമ്പോൾ, തിരിച്ചയക്കുമെന്നാണിതിനു മറുപടി പറയുന്നതു്. എന്നിരുന്നാലും നീതിചെയ്യണം. മററുസംസ്ഥാനങ്ങളിൽചെയ്യുന്നപോലെ ഇവിടെയുള്ള കുറഞ്ഞഗ്രേഡിലേക്കുള്ള താല്ക്കാലിക നിയമനങ്ങൾ റീസെററിൽമെൻറ ആൻറ് എംപ്ളോയിമെൻറ ആഫീസർക്കു് കൊടുക്കണമെന്നാണു് എനിക്കു അപേക്ഷിക്കുവാനുള്ളതു്. ദേവസ്വം ഫണ്ടു് എന്ന ഒരു അയിററം ഇതിൽ കാണുന്നുണ്ടു്.

Mr. Speaker: Is it not untouchable ?

ശ്രീ. എ. കുഞ്ഞൻനാടാർ: ബഡ്ജററിൽ അതു് ടച്ചുചെയ്തിരിക്കുന്നതുകൊണ്ടു് അതിനെ ടച്ചു ചെയ്യുവാൻ അധികാരമുണ്ടു്.

Mr. Speaker: Votable item in the Budget amounts to Rs. 70,53,000 and odd rupees. But the amount Rs. 51 lakhs is non-votable.

ശ്രീ. എ. കുഞ്ഞൻനാടാർ: ദേവനെപ്പററിയോ അതിൻെറ മതപരമായ വശത്തെപ്പററിയോ യാതൊന്നും ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല

Mr. Speaker: I don't know what is exactly in the mind of the hon. Member!

ശ്രീ. എ. കുഞ്ഞൻനാടാർ: അതായത് ദേവസ്വവും ദൈവവും കുറെ മുമ്പ് സവർണ്ണർ എന്നു പറയുന്ന കുറെ ആളുകളുടെ കൈയിൽ ഇരിക്കുകയായിരുന്നു. മഹാരാജാവു തിരുമനസ്സിലെ കാരുണ്യംനിമിത്തം ദൈവത്തെ ഇപ്പോൾ എല്ലാവർക്കുമായിട്ട് വിട്ടുകൊടുത്തു. പക്ഷെ ഈ വക പണത്തിന്റെ വിനിയോഗം അതിനവകാശമുള്ള എല്ലാവർക്കുമായി വിട്ടുകൊടുത്തിട്ടില്ല. തെക്കൻ തിരുവിതാംകൂറിൽ പോയാൽ ദേവസ്വത്തിൽ തമിഴർക്ക് കാര്യമില്ല എന്ന നിലയിൽ വീക്ഷിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. വളരെ വളരെ പരാതികൾ അവിടെയുണ്ട്. മററുസ്ഥലങ്ങളിലും പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക ദേവസ്വത്തിൽ യാതൊരു പരിഗണനയും ഇല്ല. ഈ ൫൦ ലക്ഷത്തിൽ അവർക്കും പരിഗണന കൊടുക്കുന്നതിനും ഗവണ്മെന്റിനു അതിൽ അധികാരമില്ലെങ്കിലും, ഗവണ്മെന്റിന്റെ മോറൽ ഇൻഫ്ളുവൻസ് ദേവസ്വത്തിൽ ചെലുത്തണമെന്നാണ് അപേക്ഷിക്കുന്നത്.

ഇനി പബ്ളിസിററി ഡിപ്പാർട്ടുമെന്റിനെപ്പററി ഒരു സംഗതി എനിക്കു പറയുവാനുണ്ട്. ഞാൻ പേപ്പർനടത്തുന്ന ഒരാളാണ്. പൊതുജനങ്ങൾക്ക് പ്രയോജനകരമായ വളരെയധികം ബ്ലോക്കുകൾ അവർക്കുണ്ട്. ജനങ്ങൾക്കുവേണ്ടി നടത്തിവരുന്ന പത്രങ്ങൾക്ക് അവ കടം കൊടുക്കുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ അവ നിറുത്തിയിരിക്കുകയാണ്. ഇതു തെററായ നടപടിയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മെമ്പർ നടത്തുന്ന പേപ്പറിന്റെ പേർ എന്താണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: 'Thenkural'. ഈ ബ്ലോക്കുകൾ ഇവിടത്തെ പത്രങ്ങൾക്കും മാസികകൾക്കും ലെൻറ ചെയ്യുകയാണെങ്കിൽ ഒരേ സമയത്തുതന്നെ അതിനെല്ലാം പ്രസിദ്ധീകരണം കൊടുക്കുവാൻ സാധിക്കും.

ശ്രീ. ആർ. പൊന്നപ്പനാടാർ: മെമ്പറുടെ പത്രം ഇപ്പോൾ നടക്കുന്നുണ്ടോ?

ശ്രീ. എ. കുഞ്ഞൻനാടാർ: പത്രം നടക്കുന്നുണ്ടോ എന്നു സാധാരണ പത്രം വായിക്കാറുള്ളവർക്കറിയാം. പത്രങ്ങളിൽ ഉപയോഗിക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റിലുള്ള ബ്ലോക്കുകളെല്ലാം ലെൻറ ചെയ്യുകയാണെങ്കിൽ അതും ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രചരണത്തിനുവേണ്ടിയാണു ചെയ്യുന്നത്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഈ ഡിമാൻറിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളെപ്പററി ഗ്രഹിക്കാതെ പല വിമർശനങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഒന്നുരണ്ടു ബഹു: മെമ്പറന്മാർ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക ഇന്നയിന്ന കാര്യങ്ങൾക്കു വേണ്ടിയാണെന്നു വ്യക്തമായി കാണിക്കാത്തതുകൊണ്ട് ഏതു തരത്തിലുള്ള കാര്യങ്ങൾക്കും അതു ഉപയോഗിക്കുവാൻ മാർഗ്ഗമുണ്ടെന്നു സംസാരിക്കുകയുണ്ടായി. അതൊന്നും

ശരിയല്ല. അതു് അവസാനം കണക്കുപറഞ്ഞു ചിലവാക്കേണ്ട ഒരു തുകയാണു്. മിസലേനിയസ് അയിററങ്ങൾ ഇന്നയിന്നതാണെന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. ഈ ഹെഡ് "മിസലേനിയസ്സ്" ആണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ നടക്കുന്നതു് മിസലേനിസ് ഏർപ്പാടുകളല്ല. ഈ ഹെഡിൽ പല കാര്യങ്ങളും ഒന്നിച്ചു വരുന്നതുകൊണ്ടു് അതിൽ മിസലേനീസ് എന്നു പറഞ്ഞു എന്നേയുള്ളു. ഇതിൽ പറഞ്ഞിട്ടുള്ള പല ഇനങ്ങളെപ്പററിയും ബഹു മെമ്പറന്മാരിൽ ചിലർ പറഞ്ഞതായി കാണുന്നു. അതിനു ഓരോന്നിനും ഞാൻ മറുപടി പറയാമെന്നും വിചാരിക്കുന്നു.

ആദ്യമായി തിരു-കൊച്ചി ഇൻഫർമേഷനെപ്പററിയും പ്രൊപ്പഗാൻറ, ജോലി ചെയ്യുന്നതിനെപ്പററിയും നടന്ന വിമർശനങ്ങൾക്കു ഞാൻ മറുപടി പറയാം. തിരു-കൊച്ചി ഇൻഫർമേഷൻ ആർക്കാണു് അയച്ചു കൊടുക്കുന്നതു്, ആരാണു് അതു് വായിക്കുന്നതു് എന്നുള്ള ഒരു സംശയവും ബഹു: മെമ്പർ ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി ഇവിടെ പറയുകയുണ്ടായി. അതു സൌജന്യമായി ഈ രാജ്യത്തെ ഗ്രന്ഥശാലകൾക്കും നിയമസഭാസാമാജികന്മാർക്കും, എല്ലാ വില്ലേജുപഞ്ചായത്തുകൾക്കും അയച്ചുകൊടുക്കാറുണ്ടു്. അതിനും പുറമെ സൌജന്യനിരക്കിൽ അതു വില്ക്കുകയും ചെയ്യും.

ശ്രീ. എം. താണുപിള്ള: അതു് എത്ര കാപ്പി അടിക്കുന്നുണ്ടു് എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിപ്പോൾ ഞാൻ പറയാം.

ശ്രീ. ഒ. സി. നൈനാൻ. സൌജന്യനിരക്കു് എന്താണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: കേവലം രണ്ടു് അണയാണു്. ൨൫൦൦ കാപ്പി അടിക്കുന്നുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ഇൻഡ്യയിലുള്ള മററു ഗവണ്മെൻറുകൾക്കു് ഇതു് അയച്ചുകൊടുക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ചില ഗവണ്മെൻറുകൾക്കു് അയച്ചുകൊടുക്കുന്നുണ്ടു്. ബാക്കിയുള്ളവർക്കും അയച്ചുകൊടുക്കാം. ഇതിൻെറ ഉപയോഗത്തെപ്പററിയാണു് പിന്നീടു് ഇവിടെ പറഞ്ഞതു്. ഇതിൽ വളരെ പഴയ ന്യൂസ് ആണു് ഉള്ളതെന്നും നല്ല സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ ഒന്നും ഇതിൽ ഇല്ലെന്നും പറയുകയുണ്ടായി. നല്ല സാഹിത്യകാരന്മാരെക്കൊണ്ടു് സാഹിത്യകാരന്മാർക്കു് വായിക്കാൻ കൊള്ളാവുന്ന സാഹിത്യലേഖനങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകയല്ലാ ഇതിൻെറ ഉദ്ദേശം. ഇതിനെതിരായി പ്രസംഗിച്ച ചില മെമ്പറന്മാർ ഇതിലെ ലേഖനത്തെപ്പററിയും ഭാഷാരീതിയെപ്പററിയും ചില തെററുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു ബഹുമാനപ്പെട്ട മെമ്പർ അതിനു ഉദാഹരണമായി 'മണ്ണിൻെറ വളക്കൂറു്', എന്ന ലേഖനത്തിലെ ഒരു വാചകം ഇവിടെ ചൂണ്ടിക്കാണിച്ചു. ആ ഒരു വാചകംവച്ചു് അതിൻെറ അർത്ഥം അറിയുവാൻ എനിക്കും നിവൃത്തിയില്ല. ഏതെങ്കിലും ഒരു ലേഖനം എടുത്തുവച്ചു് അതിലെ ഒരു വാചകം മാത്രം വായിച്ചാൽ അതിൻെറ അർത്ഥം അ

[Shri Kalathil Velayudhan Nair.]

റിഞ്ഞു എന്ന വരികയില്ല. ഈ ലേഖനം മുഴുവനും വായിച്ചുനോക്കിയാൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

ശ്രീ. സി. സി. അയ്യപ്പൻ: എനിക്കു മനസ്സിലായില്ലാ എന്നല്ലാ ഞാൻ പറഞ്ഞതു്. സാധാരണ കൃഷിക്കാർക്കു വായിച്ചാൽ മനസിലാകുകയില്ല എന്നാണു് ഞാൻ പറഞ്ഞതു്.

Mr. Speaker: Now, the hon. Member has been kind enough to exclude me (Laughter).

ശ്രീ. കളത്തിൽ വേലായുധൻനായർ: മറ്റൊരു മെമ്പർ സൂചിപ്പിക്കുകയുണ്ടായി, ഈ പ്രസിദ്ധീകരണംകൊണ്ടു് ഈ രാജ്യത്തിലെ സാമാന്യജനങ്ങൾക്കും, ഈ നാട്ടിലെ കൃഷിക്കാർക്കും എന്തു പ്രയോജനമാണുണ്ടാകുന്നതു് എന്നു്. ഇതുകൊണ്ടു് കൂടുതൽ വിളവു ഉണ്ടാകുമോ എന്നു് ചോദിച്ചാൽ വിളവു ധാരാളം ഉണ്ടാക്കുവാനുള്ള ഉപദേശങ്ങളാണു് ഇതിൽ ഉള്ളതു് എന്നാണു് എനിക്കു അതിനു സമാധാനം പറയുവാനുള്ളതു്. അതു് ലഭിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി വായിച്ചാൽ മാത്രമേ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മനസിലാകുകയുള്ളൂ. കൃഷിക്കാർക്കു് അവരുടെ വിളവു വർദ്ധിപ്പിക്കുവാനുള്ള ഉപദേശങ്ങൾ കൊടുക്കുന്നതിനുള്ള ഒരു പരിശ്രമം ഗവണ്മെൻറു നടത്തുന്നു എന്നെ ഉള്ളൂ.

ശ്രീ. ചെങ്ങാരപ്പള്ളി പി നാരായണൻ പോററി: ഭഗവൽഗീതയിൽ ഇതിനെക്കാൾ നല്ല ഉപദേശങ്ങളില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുകൊണ്ടാണു് അതു് പലരും വായിക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: സാധാരണ ജനങ്ങളെ ഉദ്ദേശിച്ചാണു് ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതെങ്കിൽ രണ്ടായിരം കാപ്പി മാത്രം അടിക്കുവാൻ കാരണമെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂടുതൽ കാപ്പി വേണമെങ്കിൽ അടിക്കാം. ഈ രാജ്യത്തെ വായനശാലകൾക്കു് കൊടുക്കുന്നതുകൊണ്ടു് ധാരാളം ആളുകൾ അതു് വായിച്ചിരിക്കുമെന്നാണു് ഗവണ്മെൻറു മനസിലാക്കുന്നതു്.

ஸ்ரீ. கணபதி. தமிழில் மொழிபெயர்ப்பு சரியாக இல்லாததினால் அதற்கு ஒரு தேர்ந்த தமிழனை வைத்து மொழி பெயர்க்கக்கூடாதா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശരിയായ തമിഴ് ആണെന്നാണു് ഞാൻ ധരിച്ചതു്.

ஸ்ரீ. கணபதி. மதராஸிலிருந்து யாராவது ஒருவரை வரவழைத்து தமிழில் மொழிபெயர்க்க ஏற்பாடு செய்யலாமே.

ശ്രീ കളത്തിൽ വേലായുധൻ നായർ: അതു ഈ രാജ്യത്തുള്ള തമിഴരെ ആക്ഷേപിക്കുകയാണു്. ഒന്നാം തരം തമിഴർ ഈ രാജ്യത്തുണ്ടു്, അവരെക്കൊണ്ടു ചെയ്യാം.

പിന്നെ ഇവിടെ കോൺഗ്രസ്സ് യോഗങ്ങളിൽ പാസ്സാക്കിയ പ്രമേയങ്ങൾ മാത്രമേ പ്രസ്സ് കട്ടിംഗ് എടുത്തു ഗവണ്മെന്റിലേക്കു അയക്കുകയുള്ളു എന്ന് ഒരു ബഹു: മെംബർ പറയുകയുണ്ടായി. ആ പ്രമേയങ്ങൾ ഒന്നും പ്രസ്സ് കട്ടിംഗ് എടുത്തു അയക്കാറില്ല. കാൺഗ്രസ്സ് യോഗങ്ങളിൽ മന്ത്രിമാരും സംബന്ധിക്കുന്നതുകൊണ്ടു ഗവണ്മെന്റിനുള്ള മറുപടി ആ യോഗങ്ങളിൽ തന്നെ പറയാറുണ്ട്. പത്രങ്ങൾ പ്രസിദ്ധം ചെയ്യുന്ന പൊതുയോഗങ്ങളിലെ പ്രമേയങ്ങളും നിവേദനങ്ങളും ഈ ഡിപ്പാർട്ടുമെന്റ് ഗവണ്മെന്റിനു അയക്കാറുണ്ട്. അതുകൊണ്ട് ഒരു വിഭാഗത്തെ മാററിനിർത്തിക്കൊണ്ട് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നു എന്നു ധരിക്കുന്നതു ശരിയല്ല.

ശ്രീ ചെങ്ങാരപ്പള്ളി പി നാരായണൻ പോററി: അങ്ങിനെ ഒരു വാർത്ത കേട്ടു. അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണു ചെയ്തതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു ശരിയല്ല.

പിന്നെ ബഹു: തിരുവനന്തപുരം മെംബർ ഹൌസിംഗ് സ്കീമിനെപ്പററി പറഞ്ഞു. അദ്ദേഹം കൊട്ടാരക്കര സന്ദർശിച്ചപ്പോൾ അവിടെകണ്ട ചില വീടുകളെപ്പററി പറഞ്ഞു. ൨൫൦ രൂപയിൽ അധികം ആ ഓരോവീട്ടിനും മതിപ്പുകാണുകയില്ല എന്ന് അദ്ദേഹം പറഞ്ഞു. അതിന് ൨൫൦ രൂപാ വീതമേ ഗവണ്മെന്റിന്റെ കണക്കുപ്രകാരവും ചിലവായിട്ടുള്ളു. ഗവണ്മെന്റ് ചിലവാക്കിയ സംഖ്യ അനുസരിച്ചുള്ള വീട് അവിടെ ഉണ്ടാക്കിട്ടുണ്ട് എന്ന് ബഹു: മെംബർ സമ്മതിച്ചതിൽ ഗവണ്മെന്റിന്റെ പണം ശരിക്കു അവിടെ ചിലവുചെയ്തു എന്നു ഗവണ്മെന്റ് കരുതുന്നു.

ശ്രീ. എ. താണുപിള്ള: ഏഴ് ലക്ഷം രൂപാ ഹൌസിംഗിനു കൊള്ളിച്ചിട്ടുള്ളതു് പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റാണ് ചിലവ് ചെയ്യുന്നതു് എന്ന് പറഞ്ഞു. ബിൽ പാസ്സാക്കുന്നതു ഏതു് ഡിപ്പാർട്ടുമെന്റാണ്?

ശ്രീ കളത്തിൽ വേലായുധൻ നായർ: ഈ ഹൌസിംഗ് സ്കീമിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ജായിന്റ് രജിസ്ട്രാർ ഓഫ് കോവാപ്പറേറ്റീവ് സൊസൈററീസാണ്. വീടുകളുടെ പ്ലാൻ ഉണ്ടാക്കി പി. ഡബ്ലിയു. ഡി-ൽ നിന്നു ഈ ഉദ്യോഗസ്ഥനെ ഏല്പിക്കും. അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിലാണ് കെട്ടിടം പണി നടക്കുന്നതു്. ബിൽ പാസ്സാക്കുന്നതു് ഗവണ്മെന്റാണ്.

ശ്രീ. എ. താണുപിള്ള: പ്ലാൻ തയ്യാറാക്കുന്നതു് ആരാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പി. ഡബ്ലിയു. ഡി-യിലെ ഉദ്യോഗസ്ഥന്മാരാണ്. ഈ കെട്ടിടങ്ങൾ പി. ഡബ്ലിയു. ഡി-യുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളല്ല.

ഫെയർ റിലീഫിന് നീക്കിവച്ചിട്ടുള്ള സംഖ്യകൊണ്ടു എന്തുചെയ്യുന്നു എന്ന് ചോദിക്കുകയുണ്ടായി. ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, കൊച്ചി, ഈ സ്ഥലങ്ങളിൽ ഗവണ്മെന്റിൽനിന്നു നടത്തുന്ന

[Shri Kalathil Velayudhan Nair.]

യാചക കേന്ദ്രങ്ങളും ഉണ്ട്. അതിനുള്ള എല്ലാ ചിലവുകളും ഗവണ്മെൻറാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ആ ഇനത്തിൽ ചിലവുചെയ്യാനാണ് ബെഗർ റിലീഫിനുവേണ്ടി സംഖ്യ നീക്കിവച്ചിരിക്കുന്നത്.

പിന്നെ എയർ ഇൻഡ്യായ്ക്കു കാമ്പൻസേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. ഈ കാമ്പൻസേഷൻ കൊടുക്കേണ്ട എന്നാണ് ഗവണ്മെൻറിന്റെ നിശ്ചയം. മദിരാശിയിൽനിന്ന് എയറിൽ ഈ നാട്ടിലേയ്ക്കു വരുമ്പോഴും നഷ്ടം സംഭവിച്ചാൽ കാമ്പൻസേഷൻ കൊടുക്കാമെന്ന് ഈ ഗവണ്മെൻറ് പറഞ്ഞിരുന്നു. എന്നാൽ ൧൨-൨-൧൧൨൦ മുതൽ കാമ്പൻസേഷൻ കൊടുക്കുന്നതല്ല എന്ന് ഈ ഗവണ്മെൻറിൽനിന്ന് കേന്ദ്രഗവണ്മെൻറിനേയും എയർ ഇൻഡ്യാസർവ്വീസുകാരേയും അറിയിച്ചിട്ടുണ്ട് അതിനിടയ്ക്കുള്ള കാലത്തിന് അവർക്ക് കുറെ സംഖ്യ കിട്ടുവാനുണ്ടെന്നു അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സംഗതിയിൽ ഈ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും തമ്മിലുള്ള കരാറ് അനുസരിച്ച് ഇപ്പോഴും നഷ്ടം സംഭവിക്കുന്നുണ്ടെങ്കിൽ ഈ ഗവണ്മെൻറിന് അതു് കൊടുക്കുവാൻ ബാദ്ധ്യതയില്ല.

ശ്രീ. എ. താണുപിള്ള: ൧൧൨൬-൨൭-ൽ ഈ രണ്ടു് ലക്ഷം രൂപാ കൊടുത്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൧൨൦-൨൧-ൽ കൊടുത്തിട്ടില്ല എന്നാണ് തോന്നുന്നത്.

ശ്രീ എ. താണുപിള്ള: ബഡ്ജറ്റ് പേജ് ൨൪൯-ൽ ൧൧൨൦-൨൧-ൽ ൨,൨൧,൦൦൦ രൂപാ കൊടുത്തതായി കാണുന്നുണ്ടല്ലോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് കൊടുത്തിട്ടില്ല. കൊടുക്കേണ്ടിവന്നാൽ കൊടുക്കുന്നതിനാണ് അതു കൊള്ളിച്ചതു എന്നാണ് ഇപ്പോഴും എനിക്കു തോന്നുന്നത്. സൂക്ഷ്മമായി റിക്കാർട്ട് പരിശോധിച്ചാലെ പറയാൻ നിവൃത്തിയുള്ളൂ.

Shri P. S. Nataraja Pillai: May I know from the hon. Member whether it is the policy of the Government not to give compensation even if there is any fall in the revenues of Air India?

Shri Kalathil Velayudhan Nair: That is the policy of this Government. And this matter has been taken up with the Central Government.

Shri P. S. Nataraja Pillai: Then, if Air India is going to suspend the air services to Trivandrum, what will be the effect on this country?

Shri Kalathil Velayudhan Nair: We will engage other companies and try to get their services in this part. There is a service operating from Bombay. There is another service from Ceylon.

പിന്നീട് ശ്രീ. നടരാജപിള്ള ഗ്രോമോർ ഫുഡ് പ്രൊപ്പഗാൻഡാ വിജയപ്രദമായി നടത്താത്തപക്ഷം അതിനു് ചിലവുചെയ്യുന്ന പണം

ചെലവു ചെയ്യാതിരുന്നാൽ കൊള്ളാമെന്നു പറഞ്ഞു. വിഷയപ്രദമായി ഈ പ്രൊപ്പോസൽ നടത്തുവാൻ സാധിക്കുന്നില്ലെങ്കിൽ ആ സംഖ്യ ചിലവുചെയ്യുവാൻ ഗവണ്മെൻറിന് ആഗ്രഹമില്ല.

പിന്നീട് ബഹുമാനപ്പെട്ട മെംബർ ശ്രീ. വില്യം തമിഴ് പ്രസിദ്ധീകരണത്തിന്റെ ആവശ്യത്തെപ്പററി പറഞ്ഞു. അതു ഗവണ്മെൻറ് ശ്രദ്ധിക്കാം. പബ്ലിസിററി ഡയറക്ടറെപ്പററി ശ്രീ. നാരായണൻപോററി പറയുകയുണ്ടായി, വളരെ വിദഗ്ദ്ധനായ ഒരാളെ ആ സ്ഥാനത്തു നിയമിക്കണമെന്ന് മറെറാരു മെംബർ പറഞ്ഞു, നല്ലൊരു ഉദ്യോഗസ്ഥനാണ് ഇപ്പോൾ അവിടെ ഇരിക്കുന്നതു്, പിന്നെ എന്തിനാണ് വേറെ ഒരാളെ നിയമിക്കുന്നതു എന്നു്. ഏതായാലും ഈ കാര്യത്തെപ്പററി ആലോചിച്ചു് ശരിയായ ഒരു ഉദ്യോഗസ്ഥനെ ഗവണ്മെൻറ് അവിടെ നിയമിക്കുന്നതാണ്.

പിന്നെ ബഹുമാനപ്പെട്ട കുന്നംകുളം മെംബർ അദ്ദേഹത്തിന്റെ ദീർഘമായ ബഡ്ജററ് പ്രസംഗത്തിൽ കാളയ്ക്കും, കുതിരയ്ക്കും കൊള്ളിച്ചിട്ടുള്ള സംഖ്യ കുറെ കൂടുതൽ അധികമായിരുന്നു എന്നു് പറഞ്ഞു. അതു അദ്ദേഹം ഫലിതമായി പറഞ്ഞതാണെന്നു ഞാൻ വിചാരിക്കുന്നു. കുതിരയ്ക്കും കാളയ്ക്കും ഒരു തുക ഈ ബഡ്ജററിൽ ഇല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: പോലീസ് ബഡ്ജററിൽ ഉള്ളതിനെപ്പററിയാണ് പറഞ്ഞതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പോലീസ് ബഡ്ജററിൽ കാളയ്ക്കും കുതിരയ്ക്കും സംഖ്യ അനുവദിച്ചുകൊടുത്തപ്പോൾ അതു് പറഞ്ഞു കണ്ടില്ല. ഇപ്പോൾ പറയുന്നതു ഇത്രയും അധികം ഭിക്ഷക്കാർ ഇവിടെ ഉള്ളപ്പോൾ കുതിരയ്ക്കും, കാളയ്ക്കും എന്തിനു് ഇത്രയധികം ചിലവഴിക്കുന്നു എന്നാണ്. കുതിരയെക്കൊണ്ടും കാളയെക്കൊണ്ടും ചെയ്യാവുന്ന ജോലി ഭിക്ഷക്കാരെക്കൊണ്ടു സാദ്ധ്യമല്ല. പിന്നെ കുതിരയും കാളയും ജീവജാലങ്ങളാണ്, അവയ്ക്കും ജീവിക്കേണ്ടേ?

ശ്രീ. ടി. കെ. കൃഷ്ണൻ: കുതിരയേയും കാളയേയും എന്താവശ്യത്തിനാണ് ഉപയോഗിച്ചു പോരുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുതിരയെ വണ്ടിക്കു കെട്ടുവാൻ ആവശ്യമുണ്ടു്. നല്ലയിനം ബ്രീഡ് ഉണ്ടാക്കുന്നതിനു വേണ്ടി ചില ഇനം കാളയെ ആവശ്യമുണ്ടു്. അതിനുവേണ്ടി കാളകളെ വളർത്തണം.

പിന്നെ ബറിയൽ ചാർജസ് ഓഫ് പാപ്പേഴ്സ് എന്നുള്ള ഇനത്തിൽ കൊള്ളിച്ചിട്ടുള്ള തുകയുടെ ആവശ്യമെന്താണെന്നു ചോദിക്കുകയുണ്ടായി. ഈ രാജ്യത്തുള്ള ആളുകളിൽ ആരെങ്കിലും പാപ്പരാവുകയാണെങ്കിൽ അവരുടെ ആരുടെയെങ്കിലും അനാഥപ്രേതങ്ങളുണ്ടാകുകയാണെങ്കിൽ അതിനുവേണ്ടി ചിലവാക്കാനാണ് ഈ സംഖ്യ കൊള്ളിച്ചിട്ടുള്ളതു്. ഈ തുക വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മെംബർമാർ പറയുന്നതു് ശരിയല്ല. വളരെ കുറച്ചു് സംഖ്യയെ ഇതിലേയ്ക്കു ചിലവുണ്ടാകുകയുള്ളു.

[Shri Kalathil Velayudhan Nair.]

പിന്നീട്, അദ്ദേഹം എന്തോ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വിവരം അറിയുന്നതിനുവേണ്ടി ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതിനു നോട്ടീസ് വേണമെന്നാണ് അദ്ദേഹം പറഞ്ഞ മറുപടി. ഗവണ്മെൻറിനെ ആക്ഷേപിക്കുവാൻവേണ്ടി നോട്ടീസ് വേണമെന്ന് അദ്ദേഹം പറഞ്ഞതായിരിക്കാം. എങ്കിലും ഞാൻ ചോദിച്ച സംഗതിയെക്കുറിച്ച് അദ്ദേഹത്തിനു യാതൊരു വിവരവുമില്ലെന്നു അദ്ദേഹത്തിൻെറ മറുപടിയിൽനിന്നും സാമാന്യം ബോദ്ധ്യമായി.

മറ്റൊരു കാര്യത്തിൽ അദ്ദേഹം ഗവണ്മെൻറിനു അനുകൂലമായ വിമർശനം നടത്തിയിട്ടുണ്ട്. വിഷവൈദ്യത്തിൻെറ കാര്യത്തിൽ വളരെ വളരെയധികം പണം ചെലവുചെയ്യാൻ ഉദ്ദേശിക്കുന്നതു സ്വാഗതാർഹമാണെന്നും അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിൽ ഒരു വിഷചികിത്സാകേന്ദ്രം സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. വിഷജന്തുക്കളുടെ ഉപദ്രവം ആ നിയോജകമണ്ഡലത്തിൽ ഉണ്ടായിരുന്നുവെന്ന് നേരത്തെ അറിയിച്ചിരുന്നുവെങ്കിൽ അതിനു വേണ്ട നടപടികൾ ഗവണ്മെൻറ് ഇതിനകംതന്നെ ചെയ്യുമായിരുന്നു.

പ്രൊഹിബിഷനുവേണ്ടിയുള്ള ശക്തിയായ പ്രചരണം സംസ്ഥാനത്തിൻെറ എല്ലാഭാഗത്തും നടത്തണമെന്ന് ബഹുമാനപ്പെട്ട കല്ലൂപ്പാറ മെംബർ സൂചിപ്പിക്കുകയുണ്ടായി. ഗവണ്മെൻറിൻെറയും ഉദ്ദേശം അതുതന്നെയാണ്. പ്രൊഹിബിഷൻ ഫലപ്രദമാകത്തക്കവണ്ണം ശരിയായ പ്രചരണം നടത്തണമെന്നുതന്നെയാണ് ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്.

ഈ സഭയിൽ നടന്ന പ്രധാനമായ വിമർശനങ്ങൾക്കെല്ലാം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

The cut-motions moved by Shri Chengarappally P. Narayanan Potti, Shri A. Thanu Pillai and Shri P. S. Nataraja Pillai were withdrawn with the leave of the House.

The question that the Government be granted a sum of Rs. 14,86,900 under Demand XXXI—Miscellaneous was put and carried.

The grant was made.

DEMAND XXI—AGRICULTURE.

Minister for Works and Transport (**Shri Kalathil Velayudhan Nair**): Sir, I move for a grant of Rs. 11,49,700 under Demand XXI—Agriculture.

Minister for Local Self-Government (**Shri K. Kochukuttan**): I second it.

Mr. Speaker: The following motions may be moved, namely No. 11 (Standing in the name of Shri R. Gangadharan), No. 30 (Standing in the name of Shri P. S. Nataraja Pillai) and No. 46 (Standing in the name of Shri C. Sankar). Mr. Gangadharan.

(Mr. Deputy Speaker in the Chair).

Shri R. Gangadharan : I move to reduce the allotment of Rs. 2,36,500 for Direction by rupees ten.

സർ, കൃഷി ഡിപ്പാർട്ടുമെന്റു സാധാരണ നിയമസഭയുടെ വിമർശനങ്ങൾക്കു വിധേയമാകാതെയാണു് ഇരുന്നിട്ടുള്ളതു്. ആ പഴയ പതിവിനു വിപരീതമായിട്ടാണു് ഇപ്പോൾ ഈ ഡിപ്പാർട്ടുമെന്റു നിയമസഭയുടെ വിമർശനങ്ങൾക്കും ചർച്ചകൾക്കും വിധേയമായി തീർന്നിരിക്കുന്നതു്.

ഈ ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചുള്ള തുക ൨ ൨, ൫ ൮, ൬ ൦ ൦ രൂപയാണു്. എന്നാൽ ഈ ബഡ്ജററു വർഷത്തിൽ ൨ ൧, ൨ ൩, ൯ ൦ ൦ രൂപയുടെ ഒരു ചെലവാണു് ആവശ്യപ്പെട്ടിരുന്നതു്. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിനു വേണ്ടി ഏകദേശം ആറുലക്ഷം രൂപ കൂടുതൽ ആവശ്യപ്പെട്ടിരിക്കുന്നു. കാര്യക്ഷമമായ വിധത്തിൽ പ്രവർത്തനം നടത്തുന്ന ഒരു ഡിപ്പാർട്ടുമെന്റാണെങ്കിൽ അതിന്റെ ചെലവിലേക്കായി കൂടുതൽ തുക ആവശ്യപ്പെടുന്നതു് അസംഗതമല്ലെന്നു വിശ്വസിക്കാം. എന്നാൽ നമ്മുടെ കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെപ്പററി പരിശോധിക്കുന്നപക്ഷം അതിനകത്തു വളരെയധികം കുഴപ്പങ്ങൾ ഉണ്ടെന്നു വ്യക്തമായി കാണാവുന്നതാണു്. കൃഷി ഡിപ്പാർട്ടുമെന്റിൽ ഡയറക്ഷനും സൂപ്രിൻറൻഡൻസിനുമായി വലിയ തുകകൾ കൊള്ളിച്ചിട്ടുണ്ടു്. ഇതിൽ ഡയറക്ഷനു വേണ്ടി ഒരു ലക്ഷത്തിൽപരവും (൨, ൩ ൬, ൫ ൦ ൦) സൂപ്രിൻറൻഡൻസിനു വേണ്ടി ൩ ൭, ൩ ൦ ൦ രൂപയും ചിലവുവരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടു്. ഇതു കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേററിൽ നിന്നും കൂടുതലാണു്. ഒരു ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിനു് ഒരു ചെലവുണ്ടാകുമെന്നുള്ളതിൽ പക്ഷാന്തരത്തിനിടയില്ല. എന്നാൽ ആ ഇനത്തിൽ ഈ വർഷത്തിൽ കൂടുതൽ ചെലവുചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സംഖ്യയുടെ ആവശ്യം എന്താണെന്നു നോക്കുന്നപക്ഷം അതിൽ ന്യായീകരിക്കത്തക്ക യാതൊന്നുമില്ലെന്നു കാണാവുന്നതാണു്.

കൃഷി ഡിപ്പാർട്ടുമെന്റിൽ പല ഇനങ്ങളിലേക്കായി ചിലവുകൾ ആവശ്യപ്പെട്ടിട്ടുണ്ടു്. Experimental farms നു വേണ്ടി ൨, ൬ ൨, ൩ ൦ ൦ രൂപ ആവശ്യപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ ബഡ്ജററു വർഷത്തെ ഇതിന്റെ പ്രവർത്തനം നോക്കിയാൽ ഫാറം മാനേജർക്കും അദ്ദേഹത്തിന്റെ സിൽബന്തികൾക്കുംകൂടി ശമ്പളം വകയിൽ കൊടുത്തിട്ടുള്ള തുകയല്ലാതെ എക്സ്പെരിമെന്റു നടത്തുവാൻ വേണ്ടി ഒരു കാശുപോലും ചെലവാക്കിയിട്ടില്ലെന്നു കാണാവുന്നതാണു്. ഇങ്ങനെയുള്ള ഫാംസ് നടത്തുവാൻ വേണ്ടി ആവശ്യമുള്ള വിത്തു്, വളം, കന്നുകാലികൾ, കൂലിക്കാർ ഇവയ്ക്കെല്ലാംവേണ്ടി പണം കഴിഞ്ഞയാണ്ടിൽ അനുവദിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ കഴിഞ്ഞയാണ്ടിൽ ഒരുകാശും ചെലവാക്കിയിട്ടില്ല. മാനേജരുടെയും സിൽബന്തികളുടെയും ശമ്പളം വകയിൽ ഒരു തുക ചെലവാക്കിയിട്ടുള്ളതായി മാത്രമാണു് കാണുന്നതു്. അക്കാരണത്താൽ Experimental farms നു വേണ്ടിയുള്ള യാതൊരു പ്രവർത്തനങ്ങളും കഴിഞ്ഞകൊല്ലത്തിൽ നടത്തിയിട്ടില്ലെന്നു ന്യായമായി അനുമാനിക്കാവുന്നതാണു്.

പിന്നീടു് സിന്തററിക്കു് ഗ്രെയിൻസ് നിർമ്മാണത്തെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. ഇതു സംബന്ധിച്ചു ചില ചോദ്യോത്തര

[Shri R. Gangadharan.]

ങ്ങൾ ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. ആ അവസരത്തിൽ കൂട്ടരി നിർമ്മാണം അത്ര അധികം പ്രയോജനകരമായ വിധത്തിൽ ആയിരുന്നില്ലെന്നും പറയുകയുണ്ടായി. അതിന്റെ പ്രയോജനത്തിൽനിന്നും ഈ വസ്തുത മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. അതിലേക്കു കഴിഞ്ഞ വർഷം ഇരുപതിനായിരം രൂപ അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അൻപതിനായിരം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. കൂട്ടരിനിർമ്മാണം ഇന്നത്തെ ഭക്ഷ്യപ്രശ്നത്തെ പരിഹരിക്കുവാൻ ഒരു വിധത്തിലും സഹായകരമല്ലെന്നു വ്യക്തമായിരിക്കെ ആ ഇനത്തിൽ ഇപ്പോൾ കൂടുതൽ പണം ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശം എന്താണെന്നു മനസിലാകുന്നില്ല.

അടുത്തതായി "Demonstration on private lands" എന്ന ഒരു ഇനത്തിൽ നാലായിരം രൂപ മാററിവച്ചിരിക്കുന്നതായി കാണാം. കൃഷിയുടെ പ്രായോഗികവശങ്ങൾ മനസിലാക്കി കൊടുക്കുവാൻ ഇതു് പര്യാപ്തമാണെന്നു സമ്മതിക്കാം. അതായതു് കൃഷിയെ സംബന്ധിച്ചുള്ള പ്രായോഗിക പരിജ്ഞാനം ഉണ്ടാകുന്നതിനും അതുകണ്ടു മനസിലാക്കുവാനുള്ള സൌകര്യം കൃഷിക്കാരനു ലഭിക്കുന്നതിനും പ്രൈവററ ലാൻഡ്സിലുള്ള കൃഷി ഉപകരിക്കപ്പെടും. പക്ഷെ അതിനുവേണ്ടി വളരെ ചെറിയ ഒരു തുക മാത്രമേ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളു.

അതുപോലെതന്നെ, Scheme for establishment of Cocoanut Nurseries എന്ന ഇനത്തിലേക്കായി ഒരുലക്ഷത്തി നാല്പത്തിമൂവായിരത്തി എണ്ണൂറ രൂപാ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. ഇതിൽ ൨൧,൮൦൦ രൂപ ഈ സ്കീമിന്റെ പ്രവർത്തനത്തിനു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടിയുള്ളതാണ്. ഈ പദ്ധതിയനുസരിച്ചു് നടത്തിയിട്ടുള്ളതു് ൧,൩൦൦ രൂപ ചെലവുചെയ്തു ഒരു ഷെഡ് കെട്ടുക എന്നുള്ളതു മാത്രമാണ്. അല്ലാതെ ഈ സ്കീമിന്റെ മററു പ്രവർത്തനങ്ങൾക്കായി അതായതു് സീഡ്സ്, വാട്ടറിംഗ് മുതലായ ഇനത്തിൽ ഒരുകാശുപോലും ചെലവുചെയ്തിട്ടുള്ളതായി കാണുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടിയും ഇതിൽനിന്നും തുക ചെലവാക്കിയിട്ടുണ്ട്. അതുകൊണ്ടു് Scheme for establishment of Cocoanut Nurseries എന്നു പറയുന്നതു്, ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുവാൻവേണ്ടി മാത്രം ഉണ്ടാക്കിയിട്ടുള്ള ഒരു സ്ഥാപനമാണെന്നു വിചാരിക്കുവാനേ തരമുള്ളു.

അടുത്തതായി റീജനൽ കോക്കനട്ട് റിസേർച്ചു സ്റ്റേഷനുവേണ്ടി ൪൩,൧൦൦ രൂപാ കൊള്ളിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഈ സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്ന സൂപ്രണ്ടിന്റെയും മററു സിൽബന്തികളുടെയും ശമ്പളം വകയിൽ ൨൩,൦൦൦ രൂപാ ചെലവായിട്ടുണ്ട്. ഇതിന്റെ വർക്കിംഗ് എക്സ്പെൻസിനുവേണ്ടി ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിൽ ഒരു കാശും ചെലവു ചെയ്തിട്ടില്ല. പ്ലാൻറ്സിനും മററുമായി പതിനാറായിരത്തിനാനൂറു രൂപാ കഴിഞ്ഞ വർഷം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഈ വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടി പതിനേഴായിരത്തിൽപരം രൂപാ കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ നടത്തിപ്പിലേക്കു ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുവേണ്ടി മറെറാരു തുകയും കൊള്ളിച്ചിരുന്നു, എന്നാൽ ഈ സാധനങ്ങൾ വാങ്ങുന്നതിനു

ഒരു കാശും ചെലവാക്കിയില്ല. ഈ വകുപ്പ് ചെലവാക്കിയിട്ടുള്ള തുക ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടി മാത്രമാണ്. ഇങ്ങനെ നോക്കുന്നപക്ഷം ഈ വകുപ്പ് അശേഷം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെന്നു കാണാവുന്നതാണ്.

Cocoanut Propaganda ഓഫീസർക്കുവേണ്ടി ൩,൮൦൦ രൂപാ കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു. ഈ തുകയിൽ അയ്യായിരം രൂപാ ഈ ഉദ്യോഗസ്ഥൻ ശമ്പളമായി വാങ്ങിയിട്ടുണ്ട്. ഈ ശമ്പളം വാങ്ങിയതൊഴിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി യാതൊരു തുകയും ചെലവുചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ സഞ്ചാരപ്പടി വകയിൽ ആയിരം രൂപയാണ് കൊള്ളിച്ചിരുന്നതു. ഈ ആയിരം രൂപയിൽ ഒരു കാശും എടുക്കാതിരുന്നതുകൊണ്ട് അദ്ദേഹം വീട്ടിൽ ഇരുന്നു പ്രചരണം നടത്തിയെന്നു മാത്രമേ വിചാരിക്കുവാൻ ന്യായം കാണുന്നുള്ളു.

പിന്നീട്, Scheme for improvement of Cashewnuts എന്ന ഇനത്തിലേക്കു ൯൫൦൦ രൂപാ അനുവദിച്ചിരുന്നു. ഇതിൽ ശമ്പളം വകയിൽ ഉദ്യോഗസ്ഥന്മാർ ൧,൩൦൦ രൂപായോളം പറ്റിയിട്ടുണ്ട്. ഇംപ്രൂവ്മെന്റിനുവേണ്ടി ചെലവാക്കാൻ പണം കൊള്ളിച്ചിരുന്നുവെങ്കിലും ഒരു കാശും അതിനുവേണ്ടി ചെലവുചെയ്തിട്ടില്ല. ശമ്പളം കൊടുക്കുന്നതിനുവേണ്ടി മാത്രമേ ഇതിൽ നിന്നും പണം ചെലവുചെയ്തിട്ടുള്ളു.

പളഞ്ഞിയിൽ അടയ്ക്കു കൃഷിക്കുവേണ്ടി ൧൮,൭൦൦ രൂപയുടെ ഒരു പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ൧,൫൦൦ രൂപ ഉദ്യോഗസ്ഥന്മാർ പറ്റിയിട്ടുണ്ട്.

ഇതിന്റെ പ്രവർത്തനങ്ങൾക്കായി ലാബറട്ടറിക്കും, ഫർണിച്ചറിനും വർക്കിംഗ് എക്സ്പെൻസസിനുമെല്ലാം കഴിഞ്ഞ ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നു. എന്നാൽ ആ ഇനത്തിൽ നിന്നു ശമ്പളം പറ്റിയിട്ടുള്ളതല്ലാതെ വേറെ ഒരു കാശുപോലും ചിലവാക്കിയിട്ടില്ല. ഇതിൽ നിന്നും ആ പ്രവർത്തനം ഒട്ടും കാര്യക്ഷമമായിട്ടല്ല നടന്നതെന്നു ഊഹിക്കാൻ കഴിയും. ഇങ്ങനെ നോക്കിയാൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ലെന്നു കാണാം. ഒരു രാജ്യത്തു കൃഷിഡിപ്പാർട്ടുമെന്റ് ശരിയായി പ്രവർത്തനം നടത്തേണ്ടതു ഒരു ആവശ്യം തന്നെയാണ്. വിശേഷിച്ചും ഒരു കർഷകരാജ്യമായ ഈ രാജ്യത്ത് ഒരു കൃഷിഡിപ്പാർട്ടുമെന്റ് അവശ്യം ഉണ്ടായിരിക്കേണ്ടതുണ്ട്. ഭക്ഷ്യകാര്യത്തിൽ വളരെ താണനിലയിൽ നിൽക്കുന്ന ഈ രാജ്യത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു കൃഷിഡിപ്പാർട്ടുമെന്റ് എത്രയോ പ്രയോജനപ്രദമാണ്. എന്നാൽ ഇവിടത്തെ കൃഷിഡിപ്പാർട്ടുമെന്റ് വളരെ മോശമായ നിലയിലാണ് പ്രവർത്തിക്കുന്നതു. കൃഷിഡിപ്പാർട്ടുമെന്റ് എന്നൊന്നു ഇവിടെയുള്ളതു വളം വിൽപ്പന എന്നുള്ള സംഗതിയിൽ നിന്നാണ് അറിയാൻ കഴിയുന്നതു. അതിനാൽ ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായനിലയിൽ നടത്തണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai : Sir, I move to reduce the allotment of Rs. 9,07,600 for Agricultural Demonstration etc., by Re. 1.

There is no doubt that agriculture is the most important profession of our people and as such the Government have organized

[Shri P. S. Nataraja Pillai.]

a department to improve the agricultural activities in the country. To keep up that objective, Sir, the total expenditure is also increasing; from the last two years, it has increased to an extent of from Rs. 11 lakhs to Rs. 17 lakhs. At the same time, when we spend that amount, we will have to see whether it is affording the benefit we expect out of a scientific department of this nature. The activity of the Agricultural Department ought to be, and is recognized by the sub-heads even in the budget, one of concentration on experiment and demonstration. We can say so even in the absence of an Administration Report on the Department. These are the two aspects of the work which such a department is expected to do. As far as research and experiment are concerned, we have got some experimental farms for which we are spending something like Rs. 2 lakhs. I can understand that the results of scientific research and experiments cannot be had in a short time. It requires a number of years to achieve any successful results out of research and experiment, and for that result to be propagated throughcut the country so that people may adopt them. The history of this Department is nearly a quarter of a century old, and I would seriously ask the Treasury Benches to go through the activities, review the activities of this department, and assess whether the experiments conducted by the Department have really benefited the country, or whether the Department has able to introduce any new methods of cultivation in this country. Apart from that, I want them to look back and assess the past achievements so that they may judge the present set-up and assess how far the experimental work should be carried on by the department as it is today. I know of one or two experimental farms conducted by this department. There is an experimental farm not far from the City Corporation limits. I may even go to the extent of saying that it is situated next to my residence. That is, the very next property to my house is an experimental farm. In this budget, certain sums are provided for officers to be in charge of this experimental farm, and I would seriously ask the Treasury Benches whether they, or their officers have ever visited that farm and seen what is being done there by way of agricultural experiment. Absolutely nothing is being done. Not only that. They are committing waste on the properties. They are cutting down as fuel, trees which were planted and watered by the previous owners of that property. Fruit-bearing trees were auctioned away by the people in charge of that farm to show a receipt from the property. In spite of the allotment made by this Government to carry on agricultural activities — even ordinary agricultural activities—that money was wasted away and to show a receipt, they cut down fruit-trees and auctioned them as fuel trees. Such kinds of vandalism, no one can expect. That is done under the very nose of the Government. That is the sense of responsibility—if I may be excused for using that term—this Government are showing in this regard. That is being developed by the Administration we have today.

I shall take the other experimental farms. There was a farm started at Konni with nearly 200 acres of pepper-vine. May I ask the hon. Member in charge of that department today to tell me the receipt they had from that farm during the last two years? We know the price at which pepper was selling; let them say what was the lease amount that was realised by the Department from that experimental farm. In the same way, the other farms are managed or mismanaged. You provide for the officers in charge of the farms, but as my friend Mr. Gangadharan was saying, nothing is being done. They acquire land in the vicinity of Trivandrum city to an extent of 15 or 16 acres for doing research work, but they do not implement their scheme. The officers are getting their pay and they are sleeping well. Does the Treasury Bench feel a sense of duty to see, to scrutinize, whether proper activities are being carried on? They do not do it.

We find a catalogue of experiments being done here and there, and my friend Mr. Gangadharan was kind enough to note down from the budget and place those items before the House. That is the activity you see in the experimental farms. This morning I tabled a question on the statistics. I may be excused if I point out to this House the provision in the budget for agricultural statistics—the actuals for 1950-51 Rs. 61,474. The budget estimate was Rs. 95,900. The revised estimate says it is Rs. 1,00,800, and the department has now budgeted for an expenditure of Rs. 2,03,200 this year. I put this specific question this morning to the Treasury Benches to tell me what is the statistics that are being collected, whether they have been studied, whether there is any agency to collate statistics and make a report on them. Sir, they were not able to say whether the statistics department is collecting the data to assess the total production of agricultural crops in our State. They were not able to tell us whether they were collecting statistics on the average holding in the country or whether they were taking statistics on the average production of paddy land. Nothing is known, Sir. They have no idea about these things. Why is this provision for statistics made here then? They have spent nearly two lakhs of rupees already. What does it show, Sir? They want to provide some places for some young men. I am glad at least that some educated young men of our country would get these posts, and it may to a certain extent solve the unemployment problem. But is it the way in which a responsible Government should approach this problem—a fundamental, really essential problem that faces this country? In answer to certain questions in this House, the Treasury Benches have admitted that they have spent more than Rs. 2 to 3 crores on Grow More Food Campaign in the country during the last three years. What is the result of it? Is there any increase in productivity? Have the Government conducted a production audit? We see that in the neighbouring State of Madras, they have conducted two production audit schemes on the Grow

[Shri P. S. Nataraja Pillai.]

More Food Campaign. Have they assessed the extent of land that has come under the grow more food scheme, and assessed the greater yield and productivity of the old lands under cultivation? Has that kind of activity been envisaged by this Government or by this Department? What is the purpose of having an ornamental department and spending nearly Rs. 17 lakhs on it? Sir, I know we cannot expect from research quick results that could be immediately implemented on a large scale. Pure science cannot produce such results quickly at anybody's dictation. But have we not a right to ask: have you applied your knowledge and produced results? Have we done it? Is this department, as it is constituted today, capable of doing it? That is the question. I pose this question for the Treasury Benches to answer. We do not find even an earnest attempt on the part of any officer in the Agricultural Department to work for the regeneration of our agriculture in this country. Sir, to take the case of compost manure. We are providing to a tune of nearly Rs. 10 lakhs. That was in 1950-51, under Intensive Manuring and Chemical and Organized manures. The budget estimate for 1951-52 was Rs. 4·26 lakhs. In the revised estimate, it dwindled down to Rs. 2·26 lakhs. In the budget estimate for the current year, we are providing Rs. 2·74 lakhs. Sir, we take so much of agricultural production in the country. How are we going to increase our production? The only reasonable common sense or valid method which we can understand is intensive manuring or intensive cultivation. We must provide more manure. We must make manure more cheap. We must make manure available to the actual cultivator. The Agricultural Department, with its experience and knowledge, should demonstrate new methods of increasing the quantity and quality of manure and demonstrate the methods to the actual cultivator to get higher production. But has this all been done? Inspite of providing large amounts year after year, it is being demonstrated that the Department is not able to spend the full amount allotted to it. Take the case of subsidies to municipalities for compost manure. The Government have thought it fit to reduce the subsidies to Rs. 1 lakh:

Mr. Deputy Speaker: Order, Order. The House will now adjourn and meet again at 11 o' Clock tomorrow.

The Assembly adjourned at 5 P. M. to meet again at 11 A. M. on Thursday, the 17th July, 1952.

V. KRISHNAMOORTHI,
Secretary, Legislative Assembly.

APPENDIX I.

[Please see answer to Question No. ✱ 768 (23)]

൧, ൨ ഫാറങ്ങളിലേക്ക് പ്രതിവർഷം.—

	തിരുവിതാംകൂർ	കൊച്ചി
	൧൨ രൂപ	൨൪ രൂപ
൩-ാം ഫാറത്തിലേക്ക് പ്രതിവർഷം	൨൪ രൂപ	൨൪ രൂപ
൪, ൫, ൬ ഫാറങ്ങളിലേക്ക്	൪൮ രൂപ	൪൨ രൂപ

സ്പെഷ്യൽഫീസ്

൧, ൨, ൩ എന്നീ ഫാറങ്ങളിലേക്ക്	൧൨ ണ.	൧രു. ൮ണ.
൪, ൫, ൬ ഫാറങ്ങളിലേക്ക്	൧രു.	൩രു.

അഡ്മിഷൻ ഫീസ്

മിഡിൽസ്കൂൾ, ഇല്ല		൧രു.

ഹൈസ്കൂളിലേക്ക്

	ഇല്ല	൨രു.

റീ അഡ്മിഷൻഫീസ്

മിഡിൽസ്കൂളിലേക്ക് ഇല്ല]		൧രു.
ഹൈസ്കൂളിലേക്ക് ഇല്ല		൨രു.

APPENDIX II.

[Please see answer to Question No. ✱ 776 (32)]

Restrictions on the grant of leave to Government Servants for higher studies—Removal of.

Read again :—(1) Circular No. M3. 6338|49|CS dated 16-9-1949.

(2) Circular No. M3. 19680|49|CS dated 22-12-1949

(3) Circular No. D. Dis. 19583|50|CS dated 14-9-1950.

and (4) Government Proceedings S2. 18868|51|CS dated 30-7-1951.

ORDER No. D. DIS. 18868|51|CS DATED 28TH JUNE 1952.

